ചരകസംഹിതാ

നിദാനസ്ഥാനം.

വൈദ്യരത്നം

തൃപ്രങ്ങോട്ട് കിഴക്കെപ്പുല്ലത്ത് പരമേശ്വരൻ മൂസ്സതവർകളു

ടേയും, വിദ്വാൻ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ

അവർകളുടേയും ഉപദേശസഹായത്തോടെ

വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സത്

2. പണ്ഡിത സി. കെ. വി. ശർമ്മാ ഇവരെഴുതിയ

വാചസ്പത്യം

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

പ്രസാധകൻ

ഭാരതവിലാസം അച്ചുകൂടം ഉടമസ്ഥൻ. എം. ജെ. ചാണ്ടി

All Righs Reserved.

തൃശ്ശിവപേരൂർ

'ഭാരതവിലാസം' അച്ചുക്കൂടത്തിൽ അച്ചടിച്ചത്.

വില അണ പത്ത്.

1092 തുലാമാസം.

പകർപ്പവകാശം പ്രസാധകന്നുള്ളതാകുന്നു.

ചരകസംഹിതാ

നിദാനസ്ഥാനം.

വൈദ്യരത്നം

തൃപ്രങ്ങോട്ട് കിഴക്കെപ്പുല്ലന്ത് പരമേശ്വരൻ മൂസ്സതവർകളു

ടേയും, വിദ്വാൻ പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ

അവർകളുടെയും ഉപദേശസഹായത്തോടെ

വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സത്

ഉം. പണ്ഡിത സി. കെ. വി. ശർമ്മാ ഇവരെഴുതിയ

വാചസ്പത്യം

എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയത്.

പ്രസിദ്ധകൻ

ഭാരതവിലാസം അച്ചുക്കൂടം ഉടമസ്ഥൻ. എം. കെ. ചാമു

All Righs Reserv.d.

തൃശ്ശിവപേരൂർ

'ഭാരതവിലാസം' അച്ചുക്കൂടത്തിൽ അച്ചടിച്ചത്.

വില അണ പത്ത്.

1092 തുലാമാസം.

പകർപ്പവകാശം പ്രസിദ്ധകനുള്ളതാകുന്നു.

അവതാരിക.

വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽവെച്ചു ചരകം ഒരു പ്രധാനഗ്രന്ഥമാണെന്നു സൎവ്വസമ്മതമാണ്. ഇതിന്റെ പ്രാധാന്യത്തെപ്പറ്റി സൂത്രസ്ഥാനത്തിന്റെ അവതാരികയിൽ പ്രതിപാദിച്ചിട്ടുണ്ട്. വാഗ്ഭടാചാൎയ്യർ (വാഹടാചാൎയ്യർ) തന്റെ അഷ്ടാംഗഹൃദയഗ്രന്ഥത്തിൽ ഇതിനെ സമ്മതിച്ചിരിക്കുന്നു. ആ ഹൃദയവചനവും ആ അവതാരികയിൽതന്നെ എടുത്തു കാണിച്ചിട്ടുണ്ട്. എന്നാൽ നിദാനവിഷയത്തിൽ ചരകഗ്രന്ഥം അപരിപൂൎണ്ണമായിരിക്കുന്നു എന്ന് വാഹടാചാൎയ്യൻ പ്രതിപാദിക്കുന്നു. 'യദി ചരകമധീതേ സ ധ്രുവം സുശ്രുതാദിപ്രണിഗദിതഗദാനാം നാമമാത്രേപി ബാഹ്യഃ' എന്നാകുന്നു അദ്ദേഹത്തിന്റെ വചനം. ചരകഗ്രന്ഥം പഠിച്ചവൻ സുശ്രുതംമുതലായ വൈദ്യഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യാധികളുടെ പേരുകളെക്കൂടെ അറിയുവാൻ കഴികയില്ല. കാരണങ്ങളും പൂൎവ്വരൂപങ്ങളും രൂപങ്ങളും മുതലായവയെ ഒട്ടും അറിയുവാൻ കഴികയില്ലെന്ന് അൎത്ഥാപത്തികൊണ്ടു സിദ്ധമാകുന്നു എന്നാണ് ആ വചനത്തിന്റെ സാരം. സ്വഗ്രന്ഥത്തിന്ന് ഉൽകൎഷം സാധിപ്പാനുള്ള മോഹം പ്രായേണ എല്ലാ ഗ്രന്ഥകാരന്മാൎക്കും കണ്ടുവരുന്നതാണ്. ഒരുവിധം വിചാരിക്കുമ്പോൾ ആ മോഹം ഉചിതവുമാകുന്നു. ആ മോഹത്തിന്റെ പരിണാമവിശേഷമാകുന്നു ഈ വചനമെന്നു സൂക്ഷ്മാലോചനയിൽ തോന്നിപ്പോകാനിടയുണ്ട്. സൎവ്വരോഗനിദാനത്തിൽ എന്നുവേണ്ട പല ഘട്ടങ്ങളിലും വാഹടാചാൎയ്യർതന്നെ ചരകഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തികൊണ്ടാണ് പോകുന്നത്. രോഗങ്ങളുടെ നിദാനലക്ഷണാദികളിൽ മാത്രമല്ല ചരകഗ്രന്ഥത്തെ അദ്ദേഹം അടിസ്ഥാനപ്പെടുത്തുന്നുള്ളൂ. പ്രമാണവചനങ്ങളെക്കൊണ്ടോ ഐതിഹ്യംകൊണ്ടോ അറിയേണ്ടുന്ന മറ്റു വിഷയങ്ങളിൽകൂ

ടി ചരകഗ്രന്ഥത്തെ അനുസരിച്ചുകാണുന്നു. 'ക്രോധോ ദക്ഷാദ്ധ്വരധ്വംസീ രുദ്രോൎദ്ധ്വനയനോത്ഭവഃ' എന്നു വാഗ്ഭടാചാൎയ്യൻ പറയുന്നു. ജ്വരം എന്നു പറയുന്ന വ്യാധി ദക്ഷയാഗത്തെ നശിപ്പിപ്പാൻ ആരംഭിക്കുന്നസമയം ശിവൻ പരമേശ്വരന്റെ മൂന്നാംതൃക്കണ്ണിൽ നിന്നു പ്രത്യക്ഷപ്പെട്ട ക്രോധത്തിന്റെ പരിണാമമാകുന്നു എന്ന് അതിന്റെ സാരം. ഈ വചനം 'തസ്മിൻ ഹി ദക്ഷാദ്ധ്വരധ്വംസേ' എന്നതുമുതൽക്കുള്ള ചരകഗ്രന്ഥത്തിലെ 'ജ്വരസ്തു മഹേശ്വരലലാടപ്രഭവഃ' എന്ന വചനത്തോടു യോജിച്ചിരിക്കുന്നു.

എന്നുമാത്രമല്ല, ഈ വാഗ്ഭടാചാൎയ്യരുടെ ഗ്രന്ഥംതന്നെ രോഗങ്ങളുടെ അന്യോന്യമുള്ള കാൎയ്യകാരണഭാവത്തെ പ്രതിപാദിക്കുന്ന വിഷയത്തിലും അതുപോലെ മറ്റുചില വിഷയങ്ങളിലും ചരകഗ്രന്ഥത്തേക്കാൾ ന്യൂനമായിരിക്കുന്നുവോ എന്നും സംശയിക്കുവാനിടയുണ്ട്. കാൎയ്യകാരണവിചാരംചെയ്യുതിൽ ചരകഗ്രന്ഥം കുറച്ചധികം മനസ്സിരുത്തിക്കാണുന്നു. എന്നാൽ വാഗ്ഭടാചാൎയ്യർ ഗ്രന്ഥസംക്ഷേപത്തിന് മനസ്സിരുത്തുന്ന ആളാകയാൽ ഇത് വലിയൊരു ന്യൂനതയായി കരുതേണ്ടതില്ല. ചരകഗ്രന്ഥം, നിദാനസ്ഥാനത്തിൽ എട്ടദ്ധ്യായമായി വിഭാഗിച്ചിരിക്കുന്നു. അതിൽ പ്രധാനമായി എട്ടുവ്യാധികളെ മാത്രം കാണിക്കുന്നു. അതുകൾ താഴെ പറയുന്നവയുമാണ്. ൧. ജ്വരം, ൨. രക്തപിത്തം, ൩. ഗുന്മൻ, ൪. പ്രമേഹം, ൫. കുഷ്ഠം, ൬. രാജയക്ഷ്മാവ്, ൭. ഉന്മാദം, ൮. അപസ്മാരം ഇതുകളാകുന്നു. എന്നാൽ ഈ വ്യാധികളെ മാത്രമേ ചരകഗ്രന്ഥം പ്രതിപാദിക്കുന്നുള്ളു എന്നു വിചാരിക്കരുത്. മറ്റുവ്യാധികളെയും പ്രതിപാദിച്ചിട്ടുണ്ട്. ആയത് സൂത്രസ്ഥാനം ചികിത്സിതസ്ഥാനംമുതലായ സ്ഥാനങ്ങളിലാകുന്നു. അങ്ങിനെ ചെയ്യുന്ന സമ്പ്രദായം എല്ലാ വൈദ്യഗ്രന്ഥങ്ങളിലും സാധാരണമാണ്. വിഷൂചിക മുതലായ വ്യാധികളെ അഷ്ടാംഗഹൃദയത്തിലും നിദാനസ്ഥാനത്തിലല്ല വിവരിച്ചുകാണുന്നത്. മേല്പറഞ്ഞ എട്ടു വ്യാധികളെ നിദാനസ്ഥാനത്തിൽ പ്രത്യേകിച്ചു പറയുവാൻ ചരകഗ്രന്ഥം ഒരു ന്യായത്തെയും കാണിക്കുന്നു. ഈ എട്ടു വ്യാധികൾ ഓരോ കാരണങ്ങൾനിമിത്തം

രോഗങ്ങൾക്കൂടി മനുഷ്യരിലായിട്ടുണ്ട് എന്നാകുന്നു ആ കാരണം. ഇതുകൾ ഇതംപ്രഥമമായി രോഗങ്ങൾ ഉണ്ടായിട്ടുള്ളത് ദക്ഷയാഗത്തെ നശിപ്പിച്ചസമയം ജ്വരത്തിന്റെ ഉല്പത്തി മുമ്പു പറഞ്ഞുവല്ലോ. ആ ജ്വരത്തിന്റെ സന്താപംനിമിത്തം പല ദിക്കുകളിലേക്കും ഓടിപ്പോവുകയാൽ ഉഷ്ണജന്യമായ രക്തപിത്തവും, ശരീരത്തിന് അധികം ക്ഷോഭംവരികനിമിത്തം ഗുന്മം, പരമേശ്വരന് ഹവിർഭാഗം കൊടുക്കാത്ത ഹവിസ്സു ഭക്ഷിക്കകനിമിത്തം പ്രമേഹവും കുഷ്ഠവും, ഭയം ദുഃഖം മുതലായ മനഃക്ഷോഭംകൊണ്ടും അശുദ്ധവസ്തുക്കളെ സ്പർശിക്കകകൊണ്ടും മനോവികാരജന്യമായ ഉന്മാദവും അപസ്മാരവും, ദ്വിജരാജനായ ചന്ദ്രന് അതി സ്ത്രീസേവനിമിത്തം രാജയക്ഷ്മാവും ഉണ്ടായി എന്നു വിവരിക്കുന്നു.

ഇങ്ങിനെ കാരണവശാൽ കാലാന്തരത്തിൽ ഉണ്ടായ വ്യാധികളെ സംബന്ധിച്ച് അനാദി എന്നോ സൃഷ്ട്യാരംഭപ്രണീതമെന്നോ വിചാരിച്ചുവരുന്ന ആയുർവ്വേദത്തിൽ പ്രതിപാദിച്ചത് എങ്ങിനെ എന്ന് ഒരു ആക്ഷേപത്തിന് അവകാശമുണ്ട്. ത്രികാലജ്ഞാനമുള്ള ബ്രഹ്മാവിന്റെ കൃതിയായാലോ അനാദിയായാലോ ഇത് അസംഭാവ്യമല്ലെന്നസൂക്ഷ്മാലോചനയിൽ തെളിയുന്നതാണ്. ദധീച്യുപാഖ്യാനം വൃത്രാസുരവധം മുതലായവ പ്രധാനവേദങ്ങളിൽ കാണുന്നതിനെപ്പറ്റിയും ഈ സമാധാനംതന്നെ സ്വീകരിക്കേണ്ടിവരും. അതിനാൽ ഈ എട്ടു വ്യാധികളെമാത്രം നിദാനസ്ഥാനത്തിൽ എടുത്തു കാണിച്ചതിന് അനൗചിത്യമില്ലെന്നു സിദ്ധമാകുന്നു. ഈ നിദാനസ്ഥാനത്തിൽ പ്രകൃതവശാൽ ചില ദിക്കിൽ ചികിത്സകളുംകൂടി പറഞ്ഞുകാണുന്നത് അതതുവിധമുള്ള രോഗവിജ്ഞാനങ്ങളിൽ ഒന്നായ ഉപശമനത്തിന്റെ വിവരണമെന്നമാത്രമേ വിചാരിക്കേണ്ടതുള്ളൂ. വ്യാധികളുടെ സാദ്ധ്യാസാദ്ധ്യവിഭാഗത്തിലും സാദ്ധ്യങ്ങളായ രോഗങ്ങൾതന്നെ അസാദ്ധ്യങ്ങളായിത്തീരുന്ന കാര്യത്തിലും അധികം ശ്രദ്ധിക്കയും അതുനിമിത്തം രോഗാരംഭകാലത്തിൽ തന്നെ ചികിത്സിക്കേണമെന്ന് ഈ സ്ഥാനം പ്രബലമായി പ്രതിപാദിക്കുകയും

ചെയ്യുന്നുണ്ട്. ഇത് എല്ലാവരും പ്രത്യേകം മനസ്സിരുത്തേണ്ട താണ്.

ഈ ചരകഗ്രന്ഥത്തെ പ്രസിദ്ധപ്പെടുത്തുന്ന കാൎയ്യത്തെ സംബന്ധിച്ചു കഴിഞ്ഞ കൎക്കടകം ൧൦൮൮- സൂത്രസ്ഥാനത്തിന്റെ അവതാരികയിൽ കാണിച്ച സംഗതികളെ വായനക്കാർ ഇവിടെയും ഓൎമ്മവെക്കുമെന്ന വിചാരിച്ച് അവയെ ഇവിടെ ആവൎത്തിക്കുന്നില്ല. എന്നാൽ ഇപ്പോൾ ഈ മലയാളത്തിൽ ആയുൎവ്വേദസമാജം വകയായും കേരളീയായുൎവ്വേദസമാജം വകയായും ആയുൎവ്വേദത്തിന്റെ ഉൽകൎഷത്തിന്നും പ്രചാരത്തിന്നും പല ഏൎപ്പാടുകളും ആരംഭിച്ചിട്ടുള്ളതും ആരംഭിക്കുവാൻ പോകുന്നതും ആയിക്കാണുന്ന ഈ അവസരത്തിൽ ചരകഗ്രന്ഥത്തിൽ, തെളിയാറാവുന്ന സ്ഥാനങ്ങളെ അപ്പപ്പോൾതന്നെ പ്രസിദ്ധപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് ഓൎക്കേണ്ടതാകുന്നു. സൂത്രസ്ഥാനത്തിന്റെ അവതാരികയിൽ കാണിച്ചതുപോലെതന്നെ ബാക്കി കാൎയ്യങ്ങളെ ബാക്കി സ്ഥാനങ്ങളുടെ അവതാരികയിലേക്ക നിൎത്തിക്കൊണ്ട് ഇത്രമാത്രത്തിൽ സമാപിക്കുന്നു.

൧൦൯൨ തുലാം ൨൯
14-11-1916
പട്ടാമ്പി.

പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മാ
സംസ്കൃതസമുദായവിധേയഃ
ആയുൎവ്വേദപ്രചാരകസമിതി ച.

വിഷയാനുക്രമണിക.

നിദാനസ്ഥാനം.

വിഷയം	ഭാഗം
അദ്ധ്യായം 1.	
ജ്വരനിദാനം	1-25
നിദാനത്തിന്റെ പൎയ്യായനാമങ്ങൾ	1
മൂന്നുതരത്തിലുള്ള രോഗകാരണങ്ങൾ	2
പ്രജ്ഞാപരാധസ്വഭാവം	,,
ശാരീരവ്യാധിയുടെ മൂന്നു വ്യത്യാസങ്ങൾ	,,
മാനസവ്യാധിയുടെ രണ്ടുതരം വ്യത്യാസങ്ങൾ	,,
രോഗത്തിന്റെ പൎയ്യായനാമങ്ങൾ	,,
രോഗോപലബ്ധിമാൎഗ്ഗങ്ങൾ	,,
നിദാനലക്ഷണം	3
പൂൎവ്വരൂപലക്ഷണം	,,
രോഗസ്വരൂപത്തിന്റെ പൎയ്യായങ്ങളും ലക്ഷണങ്ങളും	,,
ഉപശയലക്ഷണം	,,
സമ്പ്രാപ്തിയുടെ പൎയ്യായങ്ങളും ലക്ഷണങ്ങളും	4
സമ്പ്രാപ്തിയുടെ അഞ്ചു ഭേദങ്ങൾ	,,
അതിലെ വ്യത്യാസങ്ങൾ	5
വികല്പലക്ഷണം	,,
ബലകാലവിശേഷലക്ഷണം	,,
ഈ സ്ഥാനത്തിൽ വിവരിക്കുന്നതായ എട്ടു രോഗങ്ങളുടെ സ്വഭാവം	6
ജ്വരത്തിന്റെ പ്രാധാന്യം	,,
ജ്വരം ഉണ്ടാവാനുള്ള കാരണങ്ങൾ	,,
വാതജ്വരനിദാനം	,,
വാതജ്വരത്തിന്റെ സമ്പ്രാപ്തി	7
വാതജ്വരലക്ഷണങ്ങൾ	,,
പിത്തജ്വരനിദാനം	10
പിത്തജ്വരത്തിന്റെ സമ്പ്രാപ്തി	,,
പിത്തജ്വരലക്ഷണങ്ങൾ	11
കഫജ്വരനിദാനം	12
കഫജ്വരസമ്പ്രാപ്തി	,,
കഫജ്വരലക്ഷണങ്ങൾ	13
സംസൃഷ്ടസന്നിപാതജ്വരലക്ഷണങ്ങൾ	14
ആഗന്തുജ്വരസ്വഭാവം	15
ആഗന്തുജ്വരത്തിൽ ഏതെങ്കിലും കാരണത്തിനിന്നും സംഭവിച്ചുവരിൽ പ്രത്യേകം ഏതെങ്കിലും ദോഷം കോപിക്കുന്നത്	16
ആഗന്തുജ്വരത്തിന്റെ വൈശിഷ്ട്യം	,,
ജ്വരത്തിന്റെ വിഭാഗങ്ങൾ	,,
ആഗന്തുജ്വരത്തിനു പൂൎവ്വരൂപമില്ല	17
ജ്വരത്തിന്റെ പൂൎവ്വരൂപങ്ങൾ	,,
പൂൎവ്വരൂപലക്ഷണം ദോഷഭേദേന പൂൎത്തിയായാലും കാണുമെന്ന്	18
ജ്വരത്തിന്റെ ഉല്പത്തിയും പ്രഭാവവും	19
ജ്വരത്തിന്റെ നിരുക്തി (ശബ്ദാൎത്ഥം)	20
ജ്വരം സകല പ്രാണികളിലുമുണ്ടാകും	,,
ജ്വരോപായങ്ങൾ	21
തരുണജ്വരത്തിൽ ലംഘനമോ അപതൎപ്പണമോ ശീലിപ്പിക്കണം	22

വിഷയം. ഭാഗം.

ജ്വരാവസ്ഥയെ വിട്ടാൽ കഴിയാ
 ദികളെ ശീലിക്കണം 22
ജീർണ്ണജ്വരത്തിൽ ഘൃതപാനം പ്രശ
 സ്തമാകുന്നു ,,
ഘൃതപാനം വിധിക്കുന്നുള്ള ജ്വരം ,,
രോഗിയുടെ വിശേഷജ്ഞാനങ്ങൾ 23
അദ്ധ്യായവിവരണം 24

അദ്ധ്യായം 2.

രക്തപിത്തനിദാനം 25-36
പിത്തം കോപിക്കുവാനുള്ള കാര
 ണം 25
പിത്തം കോപിക്കുമ്പോൾ രക്തം
 വർദ്ധിക്കും 27
കോപിച്ച പിത്തം വർദ്ധിച്ച രക്ത
 ത്തെ ദുഷിപ്പിക്കും ,,
പിത്തത്തിനു രക്തമെന്നു പേരു
 ണ്ടാകും ,,
രക്തപിത്തത്തിന്റെ പൂർവ്വരൂപ
 ങ്ങൾ 28
 ടി ഉപദ്രവങ്ങൾ 29
 ടി ആകൃതി ,,
 ടി സാദ്ധ്യയാപ്യപ്രത്യാഖ്യേയ
 വിഭാഗം 30
രക്തപിത്തത്തിന്റെ ഉൽപത്തിസ്ഥ
 ാനങ്ങൾ 31
രക്തപിത്തത്തിന്റെ ഉപായം ,,
ഊർദ്ധ്വഗാദികളിലെ ചികിത്സാ
 യുക്തി 32
അസാദ്ധ്യരക്തപിത്തലക്ഷണം 34
അദ്ധ്യായവിവരണം 36

അദ്ധ്യായം 3.

ഗുല്മനിദാനം 37-50
ഗുല്മത്തിന്റെ വ്യത്യാസങ്ങൾ 37
വാതകോപകാരണം 39
വാതഗുല്മത്തിന്റെ സംപ്രാപ്തി 40
 ടി ലക്ഷണങ്ങൾ ,,
വായുവിനോടുകൂടെ പിത്തം കോ
 പിക്കുവാനുള്ള കാരണങ്ങൾ 41
പിത്തഗുല്മസംപ്രാപ്തി 42
വായുവിനോടുകൂടെ കഫം കോപി
 ക്കുവാനുള്ള കാരണങ്ങൾ 43
കഫഗുല്മത്തിന്റെ സംപ്രാപ്തി 44
കഫഗുല്മലക്ഷണം ,,
സന്നിപാതഗുല്മലക്ഷണം ,,
രക്തഗുല്മം സ്ത്രീകൾക്കു മാത്രമേ ഉ
 ണ്ടാകയുള്ളു എന്നതിന്റെ കാ
 രണം 45
രക്തഗുല്മനിദാനം 46
രക്തഗുല്മത്തിന്റെ ആകൃതി ,,
 ടി ലക്ഷണം 47
ഗുല്മരോഗത്തിന്റെ പൂർവ്വരൂപം ,,
ഗുല്മത്തിന്റെ സാദ്ധ്യാസാദ്ധ്യവിഭാഗം 48
ഗുല്മരോഗചികിത്സാസൂത്രങ്ങൾ ,,
വാതകോപം ശമിച്ചാൽ ഗുല്മവും
 ശമിക്കും 49
അദ്ധ്യായവിവരണം ,,

അദ്ധ്യായം 4.

പ്രമേഹനിദാനം 50-68
ത്രിദോഷകോപനിമിത്തം പ്രമേ
 ഹം ഇരുപതുവിധമായിരിക്കും 50

വിഷയം.	ഭാഗം.
നിദാനദോഷദൂഷ്യങ്ങൾ നിമിത്തം പ്രമേഹങ്ങൾ ഭിന്നഭിന്നങ്ങളാവുന്നതു	51
കഫപ്രമേഹങ്ങൾ കഫത്തിൽ പ്രത്യക്ഷപ്പെടും	52
കഫപ്രമേഹനിദാനങ്ങൾ	,,
കഫമേഹസംപ്രാപ്തി	53
കഫപ്രമേഹനാമങ്ങൾ	56
കഫപ്രമേഹങ്ങളും സാദ്ധ്യങ്ങളെന്നു പറയുന്നതിന്റെ യുക്തി	,,
ഉദകമേഹാദി പത്തുതരം കഫപ്രമേഹങ്ങളുടേയും പ്രത്യേക ലക്ഷണങ്ങൾ	57
പിത്തപ്രമേഹനിദാനം	59
പിത്തപ്രമേഹസംപ്രാപ്തി	,,
പിത്തപ്രമേഹങ്ങളുടെ ആറുവിഭാഗം	,,
പിത്തപ്രമേഹങ്ങൾ യാപ്യങ്ങളാവാനുള്ള സംഗതി	60
ക്ഷാരമേഹാദി ആറുതരം പിത്തപ്രമേഹങ്ങളുടെ പ്രത്യേകലക്ഷണങ്ങൾ	61
വാതപ്രമേഹനിദാനം	,,
വാതമേഹങ്ങളും അസാദ്ധ്യങ്ങൾ എന്ന്	62
വാതമേഹസംപ്രാപ്തി	,,
വാതമേഹങ്ങളുടെ നാലുവിഭാഗം	63
വസാമേഹാദി നാലുതരം വാതമേഹങ്ങളുടേയും ലക്ഷണങ്ങൾ	,,
പ്രമേഹപൂർവ്വരൂപങ്ങൾ	65
പ്രമേഹോപദ്രവങ്ങൾ	66
പ്രമേഹചികിത്സാസമ്പ്രദായം	67
പ്രമേഹം ബാധിക്കാതിരിക്കുവാനുള്ള മാർഗ്ഗം	,,
അദ്ധ്യായവിവരണം	68

—:*:—

അദ്ധ്യായം 5.

വിഷയം.	ഭാഗം.
കുഷ്ഠനിദാനം	**69-82**
വാതാദി ഏഴുദ്രവ്യം തകരാറാവുകകൊണ്ടാണ് കുഷ്ഠമുണ്ടാവുക	69
ആ വാതാദികളുടെ വിവരണം	,,
സകലകുഷ്ഠവും സന്നിപാതജമാകുന്നു	70
കുഷ്ഠത്തിന്റെ തരവിഭാഗവും	,,
സന്നിപാതത്തിൽ വാതാദികളുടെ പ്രാധാന്യം നിമിത്തം സംഭവിക്കുന്ന കുഷ്ഠങ്ങളുടെ ഏഴുവിഭാഗങ്ങൾ	71
കുഷ്ഠനിദാനം	72
കുഷ്ഠത്തിന്റെ സംപ്രാപ്തി	73
,, പൂർവ്വരൂപങ്ങൾ	74
കപാലകുഷ്ഠലക്ഷണം	75
ഉദുംബരകുഷ്ഠലക്ഷണം	76
മണ്ഡലകുഷ്ഠലക്ഷണം	,,
ഋഷ്യജിഹ്വകുഷ്ഠലക്ഷണം	77
പുണ്ഡരീകകുഷ്ഠലക്ഷണം	,,
സിദ്ധ്മകുഷ്ഠലക്ഷണം	78
കാകണകകുഷ്ഠലക്ഷണം	,,
കുഷ്ഠങ്ങളുടെ സാദ്ധ്യാസാദ്ധ്യലക്ഷണം	79
കുഷ്ഠത്തിൽ കൃമിയുണ്ടാവാനുള്ള കാരണം	,,
കുഷ്ഠരോഗോപദ്രവങ്ങൾ	80
കുഷ്ഠരോഗികൾക്കുള്ള ഉപദേശങ്ങൾ	81
അദ്ധ്യായവിവരണം	82

അദ്ധ്യായം 6.

വിഷയം.	ഭാഗം.
ശോഷരോഗനിദാനം	**83-99**
ശോഷക്ഷയം ഉണ്ടാവാനുള്ള സാഹസാദി നാലു പ്രത്യേക കാരണങ്ങൾ	83

വിഷയം.	ഭാഗം.
ശോഷണം നിമിത്തം സംഭവിക്കുന്ന മോഹത്തിന്റെ പ്രത്യേകതകൾ ണങ്ങൾ	83
രോഗസന്ധാനം നിമിത്തം	,, 86
ശുക്ലക്ഷയം നിമിത്തം	,, 88
രക്തക്ഷയം നിമിത്തം ,,	,, ,,
വിഷപാനം നിമിത്തം	,, 91
ഈ രോഗങ്ങൾ ശമിക്കുമ്പോൾ ഉണ്ടാകുന്ന പാരവശ്യത്തിന്റെ കാരണം	92
ദോഷങ്ങളുടെ വർദ്ധനയിലെ പൂർവ്വരൂപങ്ങൾ	95
,, വ്യത്യാസരൂപങ്ങൾ	97
കഫത്തിലെ സാദ്ധ്യാസാദ്ധ്യവിഭാഗങ്ങൾ	,,
അസാദ്ധ്യലക്ഷണം	98

—:*:—

അദ്ധ്യായം 7.

ഉന്മാദനിദാനം.	99-117
ഉന്മാദത്തിന്റെ സാമാന്യ വിശേഷങ്ങൾ	99
ഉന്മാദം ഏതിനെ ഉള്ളവാക്കുന്ന രോഗത്തിൽ ഉണ്ടാകുന്നു എന്ന്	100
ഉന്മാദവ്യുത്പത്തി	101
ഉന്മാദങ്ങളുടെ പൂർവ്വരൂപങ്ങൾ	,,
വാതോന്മാദലക്ഷണം	103
പിത്തോന്മാദലക്ഷണം	104
കഫോന്മാദലക്ഷണം	105
സന്നിപാതോന്മാദലക്ഷണം	,,
ഉന്മാദചികിത്സാസംഗ്രഹം	,,
ആഗന്തുജോന്മാദലക്ഷണം	106
ആഗന്തുജോന്മാദം ഉണ്ടാവാനുള്ള കാരണം	107
ആഗന്തൂന്മാദത്തിന്റെ പൂർവ്വരൂപം	,,
ഗ്രഹാവേശസംഭവം	108
ഗ്രഹാവേശലക്ഷണം	109
ഗ്രഹാവേശസമയം	110
ദേവാദിഗ്രഹങ്ങൾ ബാധിച്ചാലുള്ള ഗ്രഹങ്ങളുടെയും ലക്ഷണം	112
ഗ്രഹങ്ങൾ ബാധിച്ചവരുടെ ചികിത്സാസംഗ്രഹം	113
ഉന്മാദത്തിലെ അസാദ്ധ്യലക്ഷണം	114
ഉന്മാദം ബാധിച്ചാലും ഭേദമാകുന്നത് എപ്പോൾ	115
അവനവന്റെ പ്രവൃത്തിയെപ്പറ്റി സ്വബോധമില്ലാതെ ചെയ്യുക	116
അസാദ്ധ്യലക്ഷണം	117

—:*:—

അദ്ധ്യായം 8.

അപസ്മാരനിദാനം	117-131
അപസ്മാരത്തിലെ ദോഷവിഭാഗം	117
അപസ്മാരം എങ്ങിനെ ഉള്ളവർക്ക് രോഗത്തിൽ ഉണ്ടാകുന്നു എന്ന്	118
അപസ്മാരനിദാനം	,,
അപസ്മാരലക്ഷണം	119
അപസ്മാരപൂർവ്വരൂപം	,,
വാതാപസ്മാരലക്ഷണം	120
പിത്താപസ്മാരലക്ഷണം	121
കഫാപസ്മാരലക്ഷണം	,,
സന്നിപാതാപസ്മാരലക്ഷണം	122
ഇവ സംബന്ധമായി വേറെ ചില ശ്രുതികൾ	,,
അപസ്മാരോൽപത്തി	123
ചികിത്സാ ഗുണങ്ങൾ	,,
സാദ്ധ്യാസാദ്ധ്യവിഭാഗം	124
ഒരു രോഗം മറ്റു രോഗങ്ങൾക്കു കാരണമായിത്തീരും	125
അതിന് ഉദാഹരണം	,,
ചികിത്സയുടെ പരിശുദ്ധതാപരിശുദ്ധതാനിരൂപണം	,, 126
വ്യാധ്യുൽപത്തിനിരൂപണം	127
അസാദ്ധ്യവിവരണം	130

ചരകസംഹിതാ

നിദാനസ്ഥാനം.

അദ്ധ്യായം 1. ജ്വരനിദാനം.

അഥാതോ ജ്വരനിദാനം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ഇഹ ഖലു ഹേതുർന്നിമിത്തമായതനം കർത്താ കാരണം പ്രത്യയഃ സമുത്ഥാനം നിദാനമിത്യനർത്ഥാന്തരം. തത്ത്രിവിധം, തദ്യഥാ

വൈദ്യരത്നം ഉപ്പോട്ട് കിഴക്കെപ്പുള്ളത്ത് പരമേശ്വരൻ
മൂസ്സതവർകളുടെയും, വിദ്വാൻ പുന്നശ്ശേരിനമ്പി
നീലകണ്ഠശർമ്മാവവർകളുടെയും ഉപദേശ
സാഹായ്യത്തോടെ എഴുതിയ
വാചസ്പത്യം എന്ന
ഭാഷാവ്യാഖ്യാനം.

അദ്ധ്യായം 1.

നത്വാ ഗുരൂണാം ചരണാരവിന്ദം
സ്മൃത്വാ വചോ മംഗളസംപ്രയുക്തം
ധൃത്വാന്തരംഗേ മുനിവര്യവാക്യം
കർത്തും പ്രവൃത്തോസ്മി നിദാനഭാഷ്യം

ഇനി ജ്വരനിദാനമെന്ന അദ്ധ്യായത്തെ പറയുന്നു:—

1—ഇവിടെ സൂത്രസ്ഥാനാനന്തരം വിവരിക്കുന്നതായ നിദാനത്തെപ്പറയുന്നേടത്ത് ഹേതു, നിമിത്തം, ആയതനം, കർത്താവ്, കാരണം, പ്രത്യയം, സമുത്ഥാനം, നിദാനം എന്ന ശബ്ദങ്ങളെല്ലാം ഒരു അർത്ഥത്തെ പറയുന്നവകളാകുന്നു—നിദാനം (രോഗകാരണം)

ർത്ഥേന്ദ്രിയാത്മസംയോഗഃ പ്രജ്ഞാപരാധഃ പരിണാമശ്ചേതി. അതസ്ത്രിവിധവികല്പാ വ്യാധയഃ പ്രാദുർഭവന്ത്യാഗ്നേയസൌമ്യവായവ്യാഃ. ദ്വിവിധാശ്ചാപരേ രാജസതാമസാശ്ച. തത്ര വ്യാധിരാമയോ ഗദ ആതങ്കോ യക്ഷ്മാ ജ്വരോ വികാരോ രോഗ ഇത്യനർത്ഥാന്തരം. തസ്യോപലബ്ധിർന്നിദാനപൂർവ്വരൂപലിംഗോപശയസമ്പ്രാപ്തിതശ്ച. തത്ര നിദാനം കാരണമിത്യുക്തമഗ്രേ പൂർവ്വരൂപം പ്രാഗുത്പത്തിലക്ഷണം വ്യാ

എന്നതിന്റെ പര്യായമാകുന്നു. ആ രോഗകാരണം മൂന്നുതരത്തിലാകുന്നു. അതെങ്ങിനെയെന്നാൽ, ശീലിച്ചു പരിചയമില്ലാത്ത എന്തെങ്കിലും പദാർത്ഥത്തെ കാണുകയോ കേൾക്കുകയോ ഭക്ഷിക്കുകയോ ഘ്രാണിക്കുകയോ സ്പർശിക്കുകയോ ചെയ്യുക, പ്രജ്ഞാപരാധം ശീലിക്കുക—'ധീധൃതിസ്മൃതിവിഭ്രംശഃ കർമ്മ യത് കുരുതേഽശുഭം । പ്രജ്ഞാപരാധം തം വിദ്യാത്സർവ്വദോഷപ്രകോപനം'=പൂർവ്വാപരങ്ങളെ ആലോചിക്കാതെയും ഇതിന്റെ ഫലം ഇന്നതായിരിക്കുമെന്നറിയാതെയും ധർമ്മശാസ്ത്രവിരുദ്ധമായ ആചാരത്തോടുകൂടെ യാതൊരു കുത്സിതകർമ്മത്തെ ചെയ്യുന്നത് അതാണ് പ്രജ്ഞാപരാധം. ഈ പ്രവൃത്തി സകലദോഷങ്ങളെയും കോപിപ്പിക്കുന്നതുമാണ്. പരിണാമമെന്നത് അവനവൻ ചെയ്യുന്നതായ കർമ്മഫലത്തിന്റെ പരിപാകം തന്നെ. ഇതുകളാകുന്നു രോഗകാരണങ്ങൾ. രോഗകാരണം മൂന്നു പ്രകാരത്തിലാകയാൽ രോഗവും ആഗ്നേയം, സൌമ്യം, വായവ്യം എന്നു മൂന്നുതരത്തിലാണ് സംഭവിക്കുക. മറ്റുചിലരുടെ പക്ഷത്തിൽ വ്യാധി രാജസം, താമസം എന്നു രണ്ടുപ്രകാരത്തിലാണെന്നും പറയപ്പെടുന്നു. വ്യാധിക്കു പറയുന്നതായ് വ്യാധി, ആമയം, ഗദം, ആതങ്കം, യക്ഷ്മാവ്, ജ്വരം, വികാരം എന്നു ശബ്ദങ്ങളെല്ലാം അർത്ഥാന്തരമില്ലാത്തവയാകുന്നു—വ്യാധിപര്യായങ്ങളാകുന്നു. ഇതിൽ യക്ഷ്മാവ് എന്നതു ക്ഷയത്തിന്റെയും ജ്വരമെന്നത് പനിയുടെയും പ്രത്യേകനാമങ്ങളായി പറയുമെങ്കിലും ആ പദങ്ങൾ രോഗസാമാന്യവാചികളുമാണ്. 'ജ്വരസ്തമോ വികാര ആതങ്കഃ പാപ്മാ ഗദോ വ്യാധിരബാധാ ദുഃഖമാമയോ യക്ഷ്മാ രോഗ ഇത്യനർത്ഥാന്തരം' എന്നു വാഗ്ഭടൻ. വ്യാധിയുടെ ഉപലബ്ധി—ഇത് ഇന്നരോഗമാണെന്നുള്ള സത്യജ്ഞാനം ഉണ്ടാവുക നിദാനം, പൂർവ്വരൂപം, ലിംഗം, ഉ

ധേഃ. പ്രാദുർഭൂതലക്ഷണം പുനർല്ലിംഗം, തത്ര ലിംഗമാകൃതിർല്ലക്ഷണം ചിഹ്നം സംസ്ഥാനം വ്യഞ്ജനം രൂപമിത്യനർത്ഥാന്തരമസ്മിന്നർത്ഥേ. ഉപശയഃ പുനർഹേതുവ്യാധിവിപരീതാനാം വിപരീതാർത്ഥകാരിണാഞ്ചൌഷധാഹാരവിഹാരാണാം ഉപയോഗസ്സുഖാനുബന്ധഃ. സമ്പ്രാപ്തിർജ്ജാതിരാഗതിരിത്യനർത്ഥാന്തരം. വ്യാധേഃ സാ സംഖ്യാ പ്ര

പശയം, സംപ്രാപ്തി ഇതുകളെക്കൊണ്ടാകുന്നു. 'നിദാനം പൂർവ്വരൂപാണി രൂപാണ്യുപശയസ്തഥാ । സംപ്രാപ്തിശ്ചേതി വിജ്ഞാനം രോഗാണാം പഞ്ചധാ സ്മൃതം' എന്നു വാഗ്ഭടൻ. ഇതിൽ നിദാനമെന്നത് രോഗകാരണമാണെന്നു മുമ്പുതന്നെ പറഞ്ഞുവെല്ലൊ. ഇനി പൂർവ്വരൂപാദിയെ വിവരിക്കാം: പൂർവ്വരൂപമെന്നത്, ഒരു വ്യാധി പൂർണ്ണാവസ്ഥയിലെത്തുന്നതിന്നുമുമ്പ അതിന്നുള്ള ലക്ഷണമാകുന്നു. അതെങ്ങിനെയെന്നാൽ, മുഖവൈരസ്യം ഗുരുഗാത്രത്വം മുതലായ ലക്ഷണംകണ്ടാൽ ഇവന്നു പനി തുടങ്ങുമെന്നു നിശ്ചയിക്കാം. അതുപോലെ മററുലക്ഷണങ്ങളെക്കൊണ്ടു മററുള്ള രോഗങ്ങളെയും അനുമാനിക്കാം. അവിടെ ദോഷകോപം അറിയപ്പെടുകയുമില്ല. അതാണ് പൂർവ്വരൂപം. 'പ്രാഗ്രൂപം യേന ലക്ഷ്യതേ । ഉൽപിത്സുരാമയോ ദോഷവിശേഷേണാനധിഷ്ഠിതഃ' എന്നു വാഗ്ഭടൻ. ലിംഗമെന്നത്, അതാതുവ്യാധികൾക്കു പറയുന്ന ലക്ഷണം പൂർത്തിയായി കാണുന്നതാകുന്നു. പുനർല്ലിംഗം—പൂർവ്വരൂപങ്ങളായി പറഞ്ഞ ലക്ഷണങ്ങൾ വിട്ടുപിരിയാതിരിക്കുകയും ദോഷകോപലക്ഷണങ്ങൾ പ്രകാശിക്കുകയും ചെയ്യും. അതാണ് പുനഃ എന്നു പറഞ്ഞിരിക്കുന്നത്. ഈ അർത്ഥത്തെ 'പ്രാക്സന്താപാദപി' ഇത്യാദിഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഈ ലിംഗത്തെ പറയുന്നേടത്ത് ലിംഗം, ആകൃതി, ലക്ഷണം, ചിഹ്നം, സംസ്ഥാനം, വ്യഞ്ജനം, രൂപം എന്ന ശബ്ദങ്ങളെല്ലാം അർത്ഥവ്യത്യാസമില്ലാത്തതുകളാകുന്നു—പര്യായവാചികളാകുന്നു. ഈ ലിംഗാദിപര്യായങ്ങളിൽ പൂർവ്വശബ്ദംചേർത്തു പൂർവ്വലിംഗം, പൂർവ്വാകൃതി ഇത്യാദിയാക്കി പൂർവ്വരൂപപര്യായമായും പറയാമെന്നാണ് അരുണദത്തൻ പറയുന്നത്. ഉപശയമെന്നത്, ബാഹ്യമായും ആഭ്യന്തരമായുമുള്ള വ്യാധികാരണങ്ങൾക്കും ജ്വരാദിരോഗങ്ങൾക്കും—ഹേതുവ്യാധികൾക്കോ അഥവാ ഹേതുവിന്നോ വ്യാധിക്കോ വിപരീതങ്ങ

ധാന്യവിധിവികല്പബലകാലവിശേഷൈർഭിദ്യതേ. സംഖ്യാ യഥാ ഷ്ടൌ ജ്വരാഃ പഞ്ച ഗുല്മാഃ സപ്ത കുഷ്ഠാന്യേവമാദിഃ. പ്രാധാന്യം പുനർദ്ദോഷാണാം തരതമയോഗേനോപലഭ്യതേ തത്ര ദ്വയോസ്തരസ്ത്രിഷു തമ ഇതി. വിധിർന്നാമ ദ്വിവിധാ വ്യാധയോ നിജാഗന്തുഭേദേന ത്രിവിധാസ്ത്രിദോഷഭേദേന ചതുർവ്വിധാഃ സാധ്യാസാധ്യമൃദുദാരുണ

ളായിട്ടുള്ളവയോ, അല്ലെങ്കിൽ ഹേതുവിപരീതത്തിന്നോ വ്യാധിവിപരീതത്തിന്നോ ഹേതുവ്യാധിവിപരീതത്തിന്നോ വിപരീതമായിട്ടുള്ളവയോ—നിദാനതുല്യങ്ങളോ (പ്രഭാവനിമിത്തം രോഗത്തെ നശിപ്പിക്കുന്നതുകളോ) ആയ ഹരീതക്യാദി ഔഷധങ്ങളുടെയും ശാല്യന്നാദി ഭക്ഷണപാനാദികളുടെയും വാക്കുകൊണ്ടും ശരീരംകൊണ്ടും മനസ്സുകൊണ്ടുമുള്ള പ്രവൃത്തിയുടെയും തൽകാലാനുബന്ധമായി സുഖകരമായ ഉപയോഗം യാതൊന്നോ അതാകുന്നു ഉപശയമെന്നു പറയുന്നത്. സുഖാനുബന്ധഃ—ഉപശയത്തിലുണ്ടാകുന്ന സുഖം അനുവർത്തിച്ചിരിക്കണം. ചുട്ടുനീറ്റലും ദാഹവുമുള്ള ജ്വരിതന്ന് പച്ചവെള്ളം കുടിക്കുന്നതു തൽകാലം കുറെ സുഖമായി തോന്നുമെങ്കിലും അതു രോഗവൃദ്ധികരമാകയാൽ ഒരിക്കലും ഉപശയമാകയില്ല. 'സുഖാനുബന്ധോ യോ ഹേതുവ്യാധ്യാദിവിപരീതകഃ। ഔഷധാദികഃ സുഖോപശയമുണ്ടയേനോപശയോസ്യസൗ' എന്നു പറഞ്ഞ സുദാന്തസേനാചാര്യന്റെ അഭിപ്രായം 'ഔഷധാഹാരവിഹാരാണാ'മെന്നു പറഞ്ഞതുകൊണ്ടു ദേശകാലങ്ങളെക്കൂടി ഗ്രഹിക്കണമെന്നാകുന്നു. ഔഷധാദിജനിതസുഖമാണ് ഉപശയമെന്നു പറയുകയാൽ സ്രക്ചന്ദനവനിതാദിജനിതസുഖം ഉപശയമാകയില്ല എന്നാണ് ഗ്രന്ഥകാരന്റെ മതം. ഈ ഉപശയത്തെ സാത്മ്യമെന്നും പറയും. ഇനി സംപ്രാപ്തിയെ വിവരിക്കുന്നു. സംപ്രാപ്തി, ജാതി, ആഗതിയെന്നുള്ളതുകൾ പര്യായങ്ങളാകുന്നു. 'യഥാ ദുഷ്ടേന ദോഷേണ യഥാ ചാനുവിസർപ്പതാ। നിർവൃത്തിരാമയസ്യാസൗ സംപ്രാപ്തിർജ്ജാതിരാഗതിഃ' എന്നു വാഗ്ഭടൻ സംപ്രാപ്തിലക്ഷണത്തെ വിവരിച്ചിരിക്കുന്നു. വ്യാധിയുടെ സംപ്രാപ്തി സംഖ്യ, പ്രാധാന്യം, വിധി, വികല്പം, ബലകാലവിശേഷം ഇതുകളെക്കൊണ്ടു പലപ്രകാരത്തിലായിത്തീരുകയും ചെയ്യും. ആ സംഖ്യാദികളെ വിവരിക്കുന്നു: പനി എട്ടുതരം, ഗുന്മൻ അഞ്ചു

ണാമേതേന പൃഥക് വികല്പോ നാമ സമവേതാനാം പുനർദ്ദോഷാണാമംശാംശബലവികല്പോസ്മിന്നർത്ഥേ. ബലകാലവിശേഷഃ പുനർവ്വ്യാധീനാമൃത്വഹോരാത്രാഹാരകാലവിധിനിയതോ ഭവതി തസ്മാദ്വ്യാധീൻ ഭിഷഗനുപഹതസത്വബുദ്ധിർഹേത്വാദിഭിർഭാവൈര്യഥാവദനുബുദ്ധ്യേത. ഇത്യർത്ഥസംഗ്രഹോ നിദാനസ്യോദ്ദിഷ്ടോ ഭവതി സ ച വിസ്തരേണ ഭൂയഃ പരമതോനുവ്യാഖ്യാസ്യതേ. തത്ര പ്രഥമ ഏവ താവദാദ്യാല്ലോഭാഭിദ്രോഹകോപപ്രഭവാനഷ്ടൗ

തരം, കനിഷ്ഠം എന്നിങ്ങനെ ഇത്യാദി വിധിയാകുന്നു സംഖ്യ. പ്രാധാന്യമെന്നതു് അതാതുരോഗത്തിൽ കോപിച്ച ദോഷങ്ങളുടെ തരതമ്യവ്യത്യാസമാകുന്നു. രണ്ടുദോഷങ്ങൾ കോപിച്ചാൽ തരമെന്നും സന്നിപാതത്തിൽ തമമെന്നും പറയും. വിധിയെന്നതു്, നിജം എന്നും ആഗന്തുവെന്നുമുള്ള ഭേദേന വ്യാധി രണ്ടുപ്രകാരമാകുന്നു. വാതജം പിത്തജം കഫജമെന്ന ഭേദേന രോഗം മൂന്നുതരമാകുന്നു. സാദ്ധ്യം അസാദ്ധ്യം മൃദു ദാരുണം എന്ന ഭേദനിമിത്തം വ്യാധി വെവ്വേറെ നാലുതരത്തിലുമായിരിക്കും. ഇവകളാകുന്നു വിധി. വികല്പമെന്നതു്, ഒന്നിച്ചു കോപിച്ച ദോഷങ്ങൾ നിമിത്തമുണ്ടായ വ്യാധിയിൽ കോപലക്ഷണങ്ങളെക്കൊണ്ടു് ആ ദോഷങ്ങളുടെ അംശാംശനിർണ്ണയം ചെയ്യുന്നതാകുന്നു. രോഗം ഇന്ന ഋതുവിലും ഇന്ന മാസത്തിലും പകൽ ഇന്നസമയത്തും രാത്രി ഇന്നസമയത്തും ഭക്ഷണംകഴിച്ചാൽ അതിന്റെ ഇന്ന അവസ്ഥയിലും ഉണ്ടാകുകയും വർദ്ധിക്കുകയും ക്ഷയിക്കുകയും ചെയ്യുന്ന പതിവു യാതൊന്നാണോ അതാണ് ബലകാലവിശേഷം. സൂക്ഷ്മസൂക്ഷ്മങ്ങളായ പ്രകൃതിവ്യത്യാസങ്ങളെക്കൂടെ അറിയുവാൻ തക്ക ബുദ്ധിസാമർത്ഥ്യമുള്ള വൈദ്യൻ ഹേത്വാദിഭാവങ്ങളെ നല്ലവണ്ണം അറിഞ്ഞ് അതുകൊണ്ട് ഈ വ്യാധി ഇന്നതാണെന്നും ഇന്നപ്രകാരത്തിലുള്ളതാണെന്നും വ്യക്തമായറിയുകയും വേണം. ഈ പറഞ്ഞതുകൾതന്നെയാണ് നിദാനസ്ഥാനത്തിന്റെ ചുരുക്കമായ അർത്ഥസംഗ്രഹം—താല്പര്യം. ഈ അർത്ഥംതന്നെ ഇനിയുള്ള (നിദാനസ്ഥാനത്തിലെ) ഗ്രന്ഥംകൊണ്ട് ക്രമത്തിൽ വിസ്തരിച്ചുപറകയും ചെയ്യും. ഈ നിദാനസ്ഥാനത്തിൽ സകലരോഗങ്ങൾക്കും ആദ്യങ്ങളായും ലോഭം അഭിദ്രോഹം കോപം ഇതു

വ്യാധീൻ നിദാനപൂർവ്വേണ ക്രമേണാനുവ്യാഖ്യാസ്യാമഃ തഥാ സൂത്രസംഗ്രഹാർത്ഥം ചികിത്സായാം. ചികിത്സിതേഷു ചോത്തരകാലം യഥോദ്ദേശം വികാരാനനുവ്യാഖ്യാസ്യാമഃ. 1

ഇഹ ഖലു ജ്വര ഏവാദൗ വികാരാണാമുപദിശ്യതേ. തൽ പ്രകൃതിത്വാച്ഛരീരാണാം. അഥ ഖലു അഷ്ടാഭ്യഃ കാരണേഭ്യോ ജ്വരഃ സംജായതേ മനുഷ്യാണാം. തദ്യഥാ—വാതാൽ പിത്താൽ ക

കഫം നിമിത്തമുണ്ടാവുന്നവയുമായ (ജ്വരം രക്തപിത്തം ഗുന്മൻ പ്രമേഹം കുഷ്ഠം ക്ഷയം ഉന്മാദം അപസ്മാരം എന്ന) എട്ടുരോഗങ്ങളെ നിദാനപൂർവ്വരൂപലിംഗാദിക്രമത്തിൽ പറഞ്ഞുതരികയും ചെയ്യാം. ഇങ്ങിനെ പറയുന്നതു ചികിത്സാശാസ്ത്രത്തിന്റെ ക്രമത്തെ അനുസരിച്ചു മാത്രമാകുന്നു. ചികിത്സിതസ്ഥാനത്തിൽ, ഈ സ്ഥാനത്തിൽ പറയുന്ന വ്യാധികളുടെ അവാന്തരഭേദങ്ങളും മററുരോഗങ്ങളുടെ നിദാനങ്ങളും നല്ലവണ്ണം വിസ്തരിച്ചുപറയുകയും ചെയ്യും *

2—ഇപ്രകാരം രോഗസാമാന്യലക്ഷണത്തെ വിവരിച്ചതിനു ശേഷം ശാരീരങ്ങളായ സകല രോഗങ്ങൾക്കും ആദികാരണമാകുന്ന ജ്വരത്തെത്തന്നെയാണ് ഒന്നാമതായി ഇവിടെ വിവരിക്കുന്നത്. മനുഷ്യർക്കുണ്ടാകുന്നപനി ഈ പറയുന്ന എട്ടു കാരണങ്ങൾകൊണ്ടുതന്നെയാണുണ്ടാവുക. അതെന്തെല്ലാമെന്നാൽ, വാതം പിത്തം കഫം വാതപിത്തങ്ങൾ പിത്തകഫങ്ങൾ വാതകഫങ്ങൾ വാതപിത്തകഫങ്ങൾ ഇവകളുടെ കോപം നിമിത്തവും ആഗന്തുകാരണത്താലും ജ്വരമുണ്ടാകും. ജ്വരത്തിന്റെ നിദാനവും പൂർവ്വരൂപവും ലിംഗവും ഉപശയവും വിശേഷവും—ആഗതിയും ഉപദേശിച്ചുതരാം. അതെങ്ങിനെയെന്നാൽ, രൂക്ഷമായും ലഘുവായും ശീതമായുമുള്ള ആഹാരവിഹാരങ്ങളെ ശീലിക്കുക കണക്കിലധികം വ്യായാമം ചെയ്യുക വമനവും വിരേചനവും കഷായവസ്തിയും ശിരോവിരേചനവും ശീലിച്ചതിൽ അതിയോഗം സംഭവിച്ചുപോവുക മൂത്രാദിവേഗങ്ങളെ വിസർജ്ജിക്കാതെ ധരിക്കുക ശരീരശക്തിയിൽ കവിഞ്ഞു പട്ടിണികിടക്കുക അടിവീഴു മുതലായ കാരണങ്ങളാൽ ച

ഛാദ്യാതപിത്താദ്ധ്യം പിത്തശ്ലേഷ്മാദ്ധ്യം വാതശ്ലേഷ്മാദ്ധ്യം വാതപിത്ത ശ്ലേഷ്മാദ്ധ്യഃ ആഗന്തൊരഷ്ടമാൽ കാരണാൽ, തസ്യ, നിദാനപൂർവ്വരൂപലിംഗോപശയവിശേഷാനപരേക്ഷ്യാതഃ. തദ്യഥാ— രൂക്ഷലഘുശീതവ്യായാമവമനവിരേചനാസ്ഥാപനശിരോവിരേചനാതിയോഗവേഗസന്ധാരണാനശനാഭി ഘാതവ്യവായോദ്വേഗശോകശോണി

തശുപാരക വേണ്ടതിലധികം സ്ത്രീസേവചെയ്യുക കലശലായി ഭയപ്പെടുക ദുഃഖിക്കുക നെരമ്പരക്കുക മുതലായതു ചെയ്യാ വെട്ടാ മുറിവേറ്റാ പാറുകയാലോ ശരീരത്തിലെ രക്തം കണക്കിലധികം പോവുക ഉറക്കമൊഴിക്കുക ശരീരം വിഷമസ്ഥിതിയിൽ വെയ്ക്കുക ഇവകളെ കണക്കിലധികം ശീലിച്ചാൽ വായു കോപിക്കും. ഇതിൽ അനശനവും ജാഗരണവും വേഗസന്ധാരണത്തിലും അതിരക്തമോക്ഷം വ്യായാമാദിരണ്ടിലും പെട്ടതാകുന്നു. ഇതുകൾ വേഗസന്ധാരണമെന്നു പറഞ്ഞതുകൊണ്ടു ഗതാർത്ഥപ്രായമായിരിക്കുന്നു. മറവേഗങ്ങളുടെയും ഇതുകളുടെ ജ്വരകാരിത്വം അധികമുണ്ടെന്നു താല്പര്യം. മേൽപറഞ്ഞ കാരണങ്ങൾ നിമിത്തം കോപിച്ച വായു ജഠരാഗ്നിയുടെ സ്ഥാനമായ ആമാശയത്തെ പ്രാപിക്കുകയും അവിടെ വെച്ച ജഠരാഗ്നിയോടുകൂടെ മിശ്രീഭവിക്കുകയും ചെയ്തിട്ടനന്തരം ഭക്ഷിച്ച ആഹാരപദാർത്ഥത്തിന്റെ രസം ഒന്നാമതായി പ്രവേശിക്കുന്നതായ രസധാതുവിൽ കടന്നുകൂടി രസത്തെയും സ്വേദത്തെയും ശരീരമാസകലം വ്യാപിപ്പിക്കുന്ന സിരകളുടെ ദ്വാരങ്ങളെല്ലാം അടച്ച് (ആ രസസ്വേദങ്ങളെ തടഞ്ഞ്) ജഠരാഗ്നിയെ കെടുത്തി സ്വതേ അതിരുന്നിരുന്ന സ്ഥലത്തിൽനിന്നു ജഠരാഗ്നിയെ പുറത്തെ ധാതുവിൽ—രസധാതുവിൽ കൊണ്ടുവിട്ട് ആ ഉഷ്ണാവിനെ ധരിച്ചുകൊണ്ടു ശരീരമാസകലം സഞ്ചരിക്കും. ഇങ്ങിനെയാണ് ജ്വരത്തെ ഉണ്ടാക്കിത്തീർക്കുന്നത്. ഇങ്ങിനെയുള്ള വാതകോപജ്വരത്തിന്നു താഴെപറയുന്ന ലക്ഷണങ്ങൾ കൂടെയുണ്ടാകും. ദന്തങ്ങളെന്നെല്ലാമെന്നാൽ, അതു തുടങ്ങുന്നതിന്നും മാറുന്നതിന്നും സമയനിശ്ചയവും ഉണ്ടാകയില്ല. ശരീരത്തിൽ തൊട്ടാൽ ചില സമയം ചൂട് അധികം

നാതിസേവകഷായാശനാദിവിഷമശരീരന്യാസോല്ലേഖനാതിസേവിതേഭ്യോ വാ
യുഃ പ്രകോപമാപദ്യതേ. സ യദാ പ്രകുപിതഃ പ്രവിശ്യാമാശയ
മൂഷ്മണഃ സ്ഥാനമൂഷ്മണാ സഹ മിശ്രീഭൂത ആദ്യമാഹാരപരിണാമ
ധാതും രസനാമാനമന്വവേത്യ രസസ്വേദവഹാനി ച സ്രോതാംസി
പിധായാഗ്നിമുപഹത്യ പക്തിസ്ഥാനാദൂഷ്മാണം ബഹിർനി

യിരിക്കും. ചിലപ്പോൾ കുറഞ്ഞുമിരിക്കും. ജ്വരവേഗം കലശലാവുന്നതിന്നും കുറയുന്നതിന്നും വ്യവസ്ഥയുണ്ടായിരിക്കയില്ല. എന്നാൽ പനി തുടങ്ങുകയും അതു കലശലാവുകയും പ്രായേണ ഭക്ഷിച്ച അന്നം ദഹിക്കുന്ന സമയത്തും ദിവസാന്തത്തിലും പത്തുനാഴിക പകലെ മുതൽക്കും (ഇതു രാത്രിയുടേയും ഉപലക്ഷണവുമാണ്) ഘർമ്മകാലത്തിന്റെ അവസാനത്തിലുമായിരിക്കും. ജ്വരിതന്റെ ഹസ്തപാദനഖങ്ങളും കണ്ണും മുഖമാസകലവും മൂത്രവും മലവും തോലും വിശേഷിച്ചും പരുപരുപ്പും അരുണവർണ്ണവും ഉള്ളതായിരിക്കും. അതാത് അംഗാവയവങ്ങളിലെല്ലാം പലപ്രകാരത്തിലുള്ളതും ചില സമയത്തുണ്ടാകുന്നതും ചില സമയത്തില്ലാത്തതുമായ— അറിയത്തക്കസ്വഭാവമായ പല വേദനയുമുണ്ടാകും. അതു ചലാചലമാണെങ്കിലും ഏതേതവയവത്തിൽ ഏതേതുമാതിരിയായിരിക്കുമെന്നും പറയാം: കാലിന്നു തരിപ്പും കാൽവണ്ണ ഉരുണ്ടുകേറുകയും മുട്ടും മററു സന്ധികളും അഴിഞ്ഞു വീഴുന്നതായി തോന്നുകയും ചെയ്യും. തുടകൾക്കു തളർച്ചയും—ശരീരത്തെ താങ്ങി നില്പാനുള്ള ശക്തിയില്ലാതാവുകയും അരക്കെട്ട് വാരിഭാഗം പുറം കഴുത്ത് കഴ്ത് ചുമല് നെഞ്ച് ഇവിടങ്ങളിൽ മുറിയുന്നതുപോലെയും പൊളിക്കുംപോലെയും മർദ്ദിക്കുംപോലെയും കലക്കുംപോലെയും തെറിക്കുംപോലെയും പിടിച്ചു ഞെക്കുംപോലെയും പിടിച്ചു നീക്കുംപോലെയും തോന്നും. ഹനുക്കൾക്കു ശക്തിയില്ലാതാകും—വായ പൊളിക്കുവാനും കൂട്ടുവാനും പ്രയാസമായിരിക്കും. ചെകിട്ടിലും ശംഖപ്രദേശത്തിൽ പിളർന്ന നോവുണ്ടാകും (തലവേദനയുണ്ടാകും) വായക്കു ചവർപ്പരസം തോന്നും. യഥാർത്ഥ രസത്തിന്റെയും ജ്ഞാനമില്ലാതായിത്തീർ

ർസ്യ കേവലം ശരീരസംപൃക്തഃ തദാ ജ്വരമഭിനിർവ്വർത്തയതി. തസ്യേമാനി ലിംഗാനി ഭവന്തി. തദ്യഥാ— വിഷമാരംഭവിസർഗ്ഗിത്വമൂഷ്മണോ വൈഷമ്യം തീവ്രതാമാന്ദ്യാവസ്ഥാനാനി ജ്വരസ്യ ജരണാന്തേ ദിവസാന്തേ ഏകാന്തേ വാ ജ്വരോദ്ഗമനമഭിവൃദ്ധിശ്ച ജ്വരസ്യ വിശേഷേണ പരുഷാരുണത്വം നഖനയനവദന മൂത്രപുരീഷത്വചാമത്യർത്ഥം ക്ലിപ്തീഭാവശ്ചാനേകവിധോപമാശ്ച ചലാചലാശ്ച വേദനാസ്തേഷാം തേഷാമംഗാവയവാനാം തദ്യഥാ— പാദയോഃ സുപ്തതാ പിണ്ഡികയോരുദ്വേഷ്ടനം ജാന്വോഃ കേവലാനാഞ്ച സന്ധീനാം വിശ്ലേഷണമൂർവ്വോസ്സാദഃ കടീപാർശ്വപൃഷ്ഠസ്കന്ധബാഹ്വംസോരസാഞ്ച ഭഗ്നരുഗ്ണമഥിതചടിതാവപീഡി

എന്നും വരാം. വായിലും അണ്ണാക്കിലും കണ്ഠത്തിലും വരൾച്ചയുണ്ടാകും. ദാഹവും ഹൃദയഗ്രഹവും ശുഷ്കച്ഛർദ്ദിയും (കൂടെക്കൂടെ ഛർദ്ദിക്കം ഛർദ്ദിച്ചാൽ യാതൊന്നും പോവുകയുമില്ല) ഉണ്ടാകും. കാറിക്കാറിക്കളയും. ഇവയും തേട്ടുപുളിപ്പുണ്ടാവുമെങ്കിലും അതുകൂടി വേണ്ടതുപോലെ പുറപ്പെടുകയില്ല. അന്നസംബന്ധ് എന്തെങ്കിലും പദാർത്ഥം കഴിക്കുന്നതു വളരെ സങ്കടമായിത്തീരും. വായിൽ വെള്ളം വരികയും അരുചിക്ഷയവും ഗന്ധക്ഷയവും ഉണ്ടാകും. സകലസമയത്തും മനസ്സിന്നു ദുഃഖമായിരിക്കും. കോട്ടുവായയിടുകയും ശരീരം കുനകയും വിറയ്ക്കുകയും തളരുകയും തലതിരിയുകയും പെയ്പ്പായുകയും എല്ലാസമയത്തും ഉറങ്ങാതിരിക്കുകയും രോമാഞ്ചമുണ്ടാവുകയും പല്ലുതരിക്കുകയും ശരീരം തൊട്ടുനോക്കിയാൽ (പനിയില്ലാത്ത സമയത്തും) ചുട്ടിരിക്കുകയും ചെയ്യും. വാതപ്രകോപകാരണങ്ങളായ ആഹാരവിഹാരങ്ങളെ ശീലിച്ചാൽ അനുപശയവും—വ്യാധി വർദ്ധിക്കുകയും അതിവിപരീതങ്ങളായതുകളെ ശീലിച്ചാൽ സുഖം കിട്ടുകയും ചെയ്യും. ഈ പറഞ്ഞതുകളാണ് വാതജ്വരത്തിന്റെ ലക്ഷണങ്ങൾ—ഈ ലക്ഷണങ്ങൾ കണ്ടാൽ തന്നെ വാതകോപംകൊണ്ടുണ്ടായ പനിയാണെന്ന് അറിയുകയും വേണം.

ത്വാവനുന്നത്വമിവ ഹന്വോശ്ചാപ്രസിദ്ധിഃ സ്വനശ്ച കർണ്ണയോശ്ശംഖയോർന്നിസ്തോദഃ കഷായാസ്യത്വമാസ്യവൈരസ്യം വാ മുഖതാലുകണ്ഠശോഷഃ പിപാസാ ഹൃദയഗ്രഹഃ ശുഷ്കച്ഛർദ്ദിഃ ശുഷ്കകാസഃ ക്ഷവഥൂദ്ഗാരവിനിഗ്രഹോന്നരസഖേദഃ പ്രസേകാരോചകാവിപാകാഃ വിഷാദജൃംഭാവിനാമവേപഥുശ്രമഭ്രമപ്രലാപപ്രജാഗരണരോമഹർഷദന്തഹർഷാ ഉഷ്ണാഭിപ്രായതാ നിദാനോക്താനാമനുപശയോ വിപരീതോപശയതാ ചേതി വാതജ്വരലിംഗാനി സ്യുഃ. ഉഷ്ണാമ്ലലവണക്ഷാരകടുകാജീർണ്ണഭോജനേഭ്യോതിസേവിതേഭ്യസ്തഥാ തീക്ഷ്ണാത

പിത്തജ്വരനിദാനത്തെ വിവരിക്കുന്നു:— ഉഷ്ണമായും അമ്ലരസമോ ലവണരസമോ ക്ഷാരരസമോ (ഇത് ഒരു രസമല്ലായ്കയാൽ ക്ഷാരദ്രവ്യം അധികം ചേർന്നതോ) എരിവുരസത്തോടുകൂടിയതോ ആയ ഭക്ഷണദ്രവ്യങ്ങളെ ശീലിക്കുകയോ ദഹിക്കാതിരിക്കുമ്പോൾ ഭക്ഷിക്കുന്നതിന്നു മുമ്പ് പിന്നെയും ഭക്ഷിക്കുകയോ തീക്ഷ്ണങ്ങളായ പദാർത്ഥങ്ങളെ ശീലിക്കുകയോ വെയിൽകൊള്ളുകയോ തീ കായുകയോ തളരുകയോ ദ്വേഷ്യപ്പെടുകയോ വിഷമാശനം ശീലിക്കുകയോ— ഇവയെല്ലാം ശരീരപ്രകൃതിക്കും കാലസ്വഭാവത്തിന്നും വിപരീതമായവിധം വേണ്ടതിലധികം പരിശീലിക്കുകയാൽ പിത്തം കോപിക്കും. മേൽപറഞ്ഞ കാരണങ്ങളാൽ കോപിച്ച പിത്തം ജ്വരത്തെ ഉണ്ടാക്കിത്തീർക്കും. അതിന്റെ സമ്പ്രദായമെങ്ങിനെയെന്നാൽ, ഈ കാരണങ്ങളാൽ ദുഷിതം കോപിച്ച പിത്തം ആമാശയത്തിൽവെച്ചു തന്നെ ജഠരാഗ്നിയുമായി കൂടിക്കലർന്നു രസധാതുവെന്നുപറയപ്പെടുന്നതായ ആഹാരദ്രവ്യങ്ങളുടെ പരിണാമരസസ്വരൂപമായ ആദ്യധാതുവിനെ പ്രാപിച്ച് രസസ്ഥാനങ്ങളെ ദേഹമാസകലം കൊണ്ടുനടക്കുന്ന സ്രോതസ്സുകളെ അടച്ച് സ്വതേ ദ്രവസ്വരൂപമാകയാൽ ജഠരാഗ്നിയുടെ സ്ഥാനത്തിൽ ചെന്ന് അതിനെ കെടുക്കുകയും ആ ശക്തിയെ അവിടെനിന്നു പുറത്തുകൊണ്ടുവന്നു അവിടെവെച്ച് അതിനെ ചിന്നിച്ചിതറിച്ച ദേഹമാസകലം വ്യാപിപ്പിക്കുകയും അപ്പോൾ ജ്വരമുണ്ടാക്കിത്തീർക്കുകയും ചെയ്യും. അങ്ങിനെയുണ്ടാ

പാഗ്നിസന്താപശ്രമക്രോധവിഷമാഹാരേഭ്യശ്ച പിത്തം പ്രകോപമാപദ്യതേ. തദ്യഥാ—പ്രകുപിതമാമാശയാദൂഷ്മാണമുപസൃജ്യാദ്യമാഹാരപരിണാമധാതും രസനാമാനമന്വവേത്യ രസസ്വേദവഹാനി ച സ്രോതാംസി പിധായ ദ്രവത്വാദഗ്നിമുപഹത്യ പക്തിസ്ഥാനാദൂഷ്മാണം ബഹിർദ്ധാ നിരസ്യ പ്രപീഡയൻ കേവലം ശരീരമുപപദ്യതേ യദാ തദാ ജ്വരമഭിനിർവ്വർത്തയതി. തസ്യേമാനി ലിംഗാനി ഭവന്തി. തദ്യഥാ— യുഗപദേവ കേവലേ ശരീരേ ജ്വരസ്യാഗമനമഭിനിവൃത്തിർവ്വാ. ഭുക്തസ്യ വിദാഹകാലേ മദ്ധ്യന്ദിനേഽർദ്ധരാ

വുന്നതായ പിത്തജ്വരത്തിന്നു താഴെ പറയുന്ന ലക്ഷണങ്ങളുണ്ടായിരിക്കുകയും ചെയ്യും. അതെന്തെല്ലാമെന്നാൽ, ശരീരത്തിലാസകലം (നഖശിഖാന്തം) ഒരുസമയത്തു പനി തുടങ്ങുകയും വൎദ്ധിക്കുകയും ചെയ്യും. ഇങ്ങിനെ വൎദ്ധിക്കുക വിശേഷിച്ചും ഭക്ഷിച്ച അന്നത്തിന്നു വിദാഹം വരുന്ന സമയത്തും മദ്ധ്യാഹ്നത്തിങ്കലും (൧൫ നാഴിക പുലൎന്നതിന്നുശേഷം ൧൫ നാഴിക പകൽ വരെ) അൎദ്ധരാത്രിയിലും ശരൽക്കാലത്തിലുമായിരിക്കും. പനിയുള്ളവന്ന് വായക്ക് എരിവും ഘ്രാണം വായ കണ്ഠം ചുണ്ട് അണ്ണാക്ക് ഇവിടങ്ങളിൽ പഴുപ്പും ദാഹവും തലതിരിച്ചിലും മദോന്മത്തസ്വഭാവവും മോഹാലസ്യവും മഞ്ഞപ്പിത്തം ഛൎദ്ദിക്കുകയും അതിസാരവും ഭക്ഷണത്തിൽ വെറുപ്പും തളൎച്ചയും വിയൎക്കുകയും പെയ്പറയുകയും രക്തവൎണ്ണങ്ങളായ വട്ടപ്പുണ്ണുണ്ടാവുകയും സംഭവിക്കും. ശരീരത്തിലാസകലം പച്ചനിറമോ മഞ്ഞനിറമോ വരും. ഇങ്ങിനെയുള്ള നിറപ്പകൎച്ച നഖം കണ്ണ് വദനം മൂത്രം മലം തോല് ഇതുകളിൽ പ്രത്യേകിച്ചും കാണാം. പനിക്കുന്ന സമയത്തെ ചൂട് അതികലശലായിരിക്കും. ദേഹമാസകലം ചുട്ടുനീറും. തണുപ്പുള്ള ആഹാരങ്ങളിലും ശീതോപചാരത്തിലും താല്പൎയ്യമുണ്ടായിരിക്കും. പിത്തകോപത്തിന്ന കാരണങ്ങളായ ഉഷ്ണാമ്ലലവണാദികളെ ശീലിച്ചാൽ അനുപശയവും തദ്വിപരീതങ്ങളെ ശീലിച്ചാൽ രോഗശമനവുമുണ്ടാകും.

൧൮

ത്രേ ശരദി വാ വിശേഷേണ കടുകാസ്യതാ ഘ്രാണമുഖകണ്ഠൗഷ്ഠതാലുപാകസ്തൃഷ്ണാ ഭ്രമോ മദോ മൂർച്ഛാ പിത്തച്ഛർദ്ദനമതിസാരോഽന്നദ്വേഷഃ സദനം സ്വേദഃ പ്രലാപോ രക്തകോഠാഭിനിർവൃത്തിഃ ശരീരേ ഹരിതഹാരിദ്രത്വം നഖനയനവദനമൂത്രപുരീഷത്വചാമത്യർത്ഥമൗഷ്ണ്യസ്യ തീവ്രഭാവോഽതിമാത്രം ദാഹഃ ശീതാഭിപ്രായതാ നിർവ്വാപകാനാമുപശയോ വിപരീതാനുപശയശ്ചേതി പിത്തജ്വരലിംഗാനി ഭവന്തി. സ്നിഗ്ധമധുരഗുരുശീതപിച്ഛിലാമ്ലലവണദിവാസ്വപ്നഹർഷാ

ഇതെല്ലാമാണ് പിത്തജ്വരത്തിന്റെ ലക്ഷണം. 'യുഗപദ്വ്യാപ്തിരംഗാനാം പ്രലാപഃ കടുവക്ത്രതാ। നാസാസ്യപാകഃ ശീതേച്ഛാ ഭ്രമോ മൂർച്ഛാ മദോഽരതിഃ। വിട്സ്രംസഃ പിത്തവമനം രക്തഷ്ഠീവനമമ്ലകഃ। രക്തകോഠോദ്ഗമഃ പീതഹരിതത്വം ത്വഗാദിഷു। സ്വേദോ നിശ്വാസവൈഗന്ധ്യമതിതൃഷ്ണാ ച പിത്തജേ' എന്നു സംഗ്രഹം *

കഫജ്വരലക്ഷണത്തെ വിവരിക്കുന്നു— സ്നിഗ്ധമായും മധുരരസപ്രധാനമായും ഗുരുത്വമുള്ളതായും ശീതവും കൊഴുപ്പുള്ളതും പുളിരസപ്രധാനമോ ലവണരസപ്രധാനമോ ആയതുമായ ഭക്ഷണാദിപദാർത്ഥങ്ങളും പകലുറക്കം അതിയായ സന്തോഷം വ്യായാമപരിത്യാഗം ഇവക വസ്തുക്കളേയും ദേഹപ്രകൃതിക്കും കാലാവസ്ഥാവത്തിന്നനുസരിച്ച വിധത്തിലധികം ശീലിക്കുകനിമിത്തം കഫം കോപിക്കും. 'സ്വാദ്വമ്ലലവണസ്നിഗ്ധഗുരുവൃഷ്യാതിശീതളൈഃ। ആസ്യാസ്വപ്നസുഖാജീർണ്ണദിവാസ്വപ്നാതിബൃംഹണൈഃ। പ്രച്ഛർദ്ദനാദ്യയോഗേന ഭുക്തമാത്രവസന്തയോഃ। പൂർവ്വാഹ്ണേ പൂർവ്വരാത്രേ ച ശ്ലേഷ്മാ' എന്നു വാഗ്ഭടൻ. ഇവിടെ 'കപ്യതി' എന്നത് അനുവർത്തിക്കുകയും ചെയ്യും. മേൽപറഞ്ഞ കാരണങ്ങളാൽ കോപിച്ച കഫം ആമാശയത്തിൽ ചെന്ന ജഠരാഗ്നിയോടുകൂടി കലരുകയും അവിടെനിന്ന് അതേനിലയിൽ ആഹാരപരിണാമധാതുവായ രസധാതുവെന്ന ആദ്യധാതുവിനെ പ്രാപിച്ച് ആ ധാതുവിലിരുന്നു

വ്യായാമമദ്യാതിസേവിതൈസ്തൈര്‍ ദുഷ്ടാ പ്രകോപാപാപ്ലുതാഃ സ്വയം
പ്രകുപിതാഃ പ്രവിശ്യാമാശയം ദുഷ്ടാ സഹ ശ്ലേഷ്മാണമാമ്രാഹാരം
ദിനമധ്യേ രസനാമാനമനുഗമ്യ രസസ്യ വാഹിനീഃ സ്രോ
താംസി പിധായാഗ്നിമുപഹത്യ പക്തിസ്ഥാനാദൂഷ്മാണം വാ ബഹി
ർന്നിരസ്യ പ്രപീഡയൻ കേവലം ശരീരമുപതപ്യന്ത അഥ ജ്വരമഭി
നിർവ്വർത്തയന്തി. തസ്യ രൂപാണി ലിംഗാനി ഭവന്തി. തത്ര ശ്ലേഷ്മ—യുഗപ
ദേവ കേവലേ ശരീരേ ജ്വരസ്യാഗമനമഭിവൃദ്ധിർവ്വാ. ഭുക്തമാത്രേ പൂ

കൊണ്ട് ദേഹമാസകലം രസസഞ്ചാരങ്ങളെ കൊണ്ടുനടത്തുന്നവയായ സിരകളുടെ മുഖങ്ങളെ അടച്ച്, വീണ്ടും ജഠരാഗ്നിയെ പ്രാപിച്ച് അതിനെ ബാധിച്ച് അഗ്നിയെ അവിടെ നിന്ന് പുറത്തേക്ക (രസധാതുവിലേക്ക്) തള്ളി വീണ്ടും രസധാതുവിൽ വന്ന് അഗ്നിയെ കീഴടക്കി ദേഹമാസകലം വ്യാപിപ്പിക്കുന്നതെപ്പോഴാണോ അപ്പോൾ ജ്വരത്തെയുണ്ടാക്കിത്തീർക്കും. അങ്ങിനെയുള്ള കഫജ്വരത്തിന്റെ ലക്ഷണങ്ങളെന്തെല്ലാമെന്നും വിവരിക്കാം: ശരീരത്തിലാസകലം ജ്വരം ഒരേസമയത്തുതന്നെ തുടങ്ങും. ഈ ജ്വരം വിശേഷിച്ചും ഭക്ഷണം കഴിഞ്ഞ ഉടനെയും രാവിലെയും അസ്തമനാനന്തരവും വസന്തകാലത്തിലുമായിരിക്കും. ഇതുണ്ടായാൽ അംഗങ്ങൾക്ക് കനത്തതോന്നുകയും ഭക്ഷണത്തിൽ തീരെ ആഗ്രഹമില്ലാതാവുകയും വായിൽ കൊഴുത്ത (കഫത്തോടുകൂടിയ) വെള്ളം വരികയും വായ്ക്കു മധുരരസംതോന്നുകയും നെഞ്ഞുകലിക്കുകയും ഹൃദയത്തിൽ എന്തോ അരച്ചുതേച്ചതുപോലെ തോന്നുകയും നിശ്ചലതസംഭവിക്കുകയും ചെയ്യും. ഛർദ്ദിയുണ്ടാകും. ജഠരാഗ്നിക്കു പചനശക്തി കുറയും. ഉറക്കക്കൂടുതലായിരിക്കും. ശരീരത്തിന്ന് സ്തംഭം വ്യാപാരങ്ങളിൽ മടി ശ്വാസംമുട്ടൽ കാസം പീനസം കുളിര് ഇതുകളുണ്ടാകും. കണ്ണ് നഖം മുഖം മൂത്രം മലം തൊക്ക് ഇതുകൾക്ക് വിശേഷിച്ചും വിളർച്ചയുണ്ടാകും. അത്യർത്ഥം— സകല അവയവങ്ങളിലും രോമാദികളിൽ കുളിരും വിളർച്ചയുണ്ടാകും. എന്നാൽ നയനാദികളിൽ വിശേഷിച്ചുമെന്നാ

ൎവ്വാഹ്ണേ പൂൎവ്വരാത്രേ വസന്തകാലേ വാ വിശേഷേണ ഗുരുഗാത്രതാ ഽനന്നാഭിലാഷഃ ശ്ലേഷ്മപ്രസേകോ മുഖസ്യ ച മാധുൎയ്യം ഹൃല്ലാസോ ഹൃദയോപലേപസ്തിമിതത്വം ഛൎദ്ദിൎമ്മൃദ്വഗ്നിതാ നിദ്രായാ ആധിക്യം സ്തംഭസ്തന്ദ്രാ ശ്വാസഃ കാസഃ പ്രതിശ്യായഃ ശൈത്യം ശ്വൈത്യഞ്ച നയനവദനമൂത്രപുരീഷത്വചാമത്യൎത്ഥം ശീതപിടികാ ഭൂയിഷ്ഠ്യ ഉഷ്ണാഭിപ്രായതാ നിദാനോക്താനാമനുപശയോ വിപരീതോപശയതാ ചേതി ശ്ലേഷ്മജ്വരലിംഗാനി ഭവന്തി. വിഷമാശനാനശനാഭ്യാമന്നസ്യ പരിവൎത്തനാദൃതുവ്യാപത്തേഃ അസാത്മ്യ

കരമെന്ന സാരം. ശരീരത്തിൽ അവിടവിടെ ചുട്ടുനീറലില്ലാത്തതായ കുരുവുണ്ടാകും. ഉഷ്ണസ്പൎശങ്ങളായ ആഹാരോപചാരങ്ങളിൽ അത്യന്തം താല്പൎയ്യമുണ്ടാകും. കഫകോപത്തിന്നു കാരണങ്ങളായ സ്നിഗ്ദ്ധമധുരാദികൾ പ്രയോഗിച്ചാൽ ജ്വരം വൎദ്ധിക്കുകയും തദ്വിപരീതങ്ങളായ രൂക്ഷാദികഫഹരദ്രവ്യങ്ങൾ ശീലിച്ചാൽ രോഗശാന്തിയുണ്ടാവുകയും ചെയ്യും. ഇതെല്ലാമാണ് കഫജ്വരത്തിന്റെ ലക്ഷണം. *

സംസൎഗ്ഗസന്നിപാതജ്വരലക്ഷണങ്ങളെ വിവരിക്കുന്നു:— വിഷമാശനം (അകാലത്തിൽ ഭക്ഷണം കഴിക്കുകയോ കഴിക്കുന്നതു സ്വതെ കഴിക്കുന്നതിലും ഏറ്റവോ അധികമായമാത്രയിലോ നന്നെകുറച്ചോ ആയിരിക്കുകയോ ചെയ്ക) ശീലിക്കുകയോ പട്ടിണികിടക്കുകയോ കഴിച്ചുപരിചയമുള്ളതിനെ പൊരുത്തം തീരെ വൎജ്ജിച്ചു ശീലിക്കാത്തതിനെ സ്വീകരിക്കുകയോ ഋതുവ്യാപത്തി (കാലവിപൎയ്യയം) വരികയോ ആഘ്രാണിച്ചു ശീലമില്ലാത്തതായ ഗന്ധത്തെ ഘ്രാണിക്കുകയോ വിഷസംമിശ്രമായ ജലം ഉപയോഗിക്കുകയോ ഗരവിഷം പറ്റുകയോ അത്യുന്നതമായ പൎവ്വതത്തിൽ കയറുകയോ സ്നേഹപാനമോ സ്വേദനമോ വമനമോ വിരേചനമോ ആസ്ഥാപനമോ സ്നേഹവസ്തിയോ ശിരോവിരേചനമോ ശീലിച്ചതിൽ മിഥ്യായോഗം വരികയോ സ്ത്രീകൾക്കു പ്രസവാവൎത്തിച്ചുവരികയോ ചെ

ഗന്ധാഘ്രാണാദ്വിഷോപഹതസ്യോദകസ്യോപയോഗാദ്ഗര
ണാം ഗിരീണാമുപശ്ലേഷാൽ സ്നേഹസ്വേദവമനവിരേചനാസ്ഥാപനാ
നുവാസനശിരോവിരേചനാനാമയഥാവൽ പ്രയോഗാൽ സ്ത്രീ
ണാഞ്ച വിഷമപ്രജനനാൽ പ്രജാതാനാഞ്ച മിഥ്യോപചാരാദ്യ
ഥോക്താനാഞ്ച ഹേതൂനാം മിശ്രീഭാവാദ്യഥാനിദാനം ദ്വന്ദ്വാനാമ
ന്യതമഃ സർവ്വേ വാ ത്രയോ ദോഷാ യുഗപൽ പ്രകോപമാപദ്യന്തേ.
തേ പ്രകുപിതാസ്തയൈവാനുപൂർവ്യാ ജ്വരമഭിനിർവ്വർത്തയന്തി. തത്ര
യഥോക്താനാം ജ്വരലിംഗാനാം മിശ്രീഭാവവിശേഷദർശനാൽ ദ്വ
ന്ദ്വജമന്യതമം ജ്വരം സാന്നിപാതികം വാ വിദ്യാൽ. അഭിഘാതാ

റകിടക്കുന്നവരെ വേണ്ടതുപോലെ ശുശ്രൂഷിക്കാതിരിക്കുകയോ ചെയ്യുമ്പോഴും മുമ്പറയപ്പെട്ടതായ വാതാദികോപകാരണങ്ങളും ഇടകലരുകയാലും വാതപിത്തങ്ങളോ പിത്തശ്ലേഷ്മങ്ങളോ വാതകഫങ്ങളോ ആയ സംസൃഷ്ടദോഷങ്ങളിൽ ഏതെങ്കിലുമോ വാതപിത്തകഫങ്ങൾ എല്ലാംകൂടിയോ—സന്നിപാതരൂപമായോ ഒന്നിച്ചു കോപിക്കുന്നു. അങ്ങിനെ കോപിച്ച സംസൃഷ്ടസന്നിപാതരൂപദോഷങ്ങൾ ഏതു ദോഷങ്ങളാണോ കോപിക്കുന്നത് അതാതുമാതിരിയിലുള്ള ജ്വരത്തെ ഉണ്ടാക്കുകയും ചെയ്യും. അങ്ങിനെയുള്ള ജ്വരങ്ങളിൽ മുൻ വിവരിച്ച വാതപിത്തകഫജ്വരങ്ങളുടെ മിശ്രലക്ഷണം കാണുന്നതായാൽ അതിലെ വിശേഷം നിമിത്തം അതുകളെ സംസൃഷ്ടജ്വരമെന്നോ സന്നിപാതജ്വരമെന്നോ നിർണ്ണയിക്കണം. (ഈ സംസൃഷ്ടസന്നിപാതജ്വരലക്ഷണങ്ങളെയും സന്തതാദിവിഷമജ്വരവ്യത്യാസങ്ങളെയും ചികിത്സിതത്തിൽ വിവരിക്കുന്നുള്ളതാണ്).

ആഗന്തുജ്വരത്തെ വിവരിക്കുന്നു:—ചതവുപറ്റുകയാലും അഭിഷംഗത്താലും (ഭയപ്പെടുകമുതലായ പരാഭവം) ആഭിചാരനിമിത്തവും ശാപനിമിത്തവും ജ്വരമുണ്ടാകും. ഇതാണ് എട്ടാമത്തെ ജ്വരം. ഈ ജ്വരത്തിൽ ദോഷകോപത്തിനേക്കാൾ മുമ്പുതന്നെ പലപ്രകാരത്തിലുമുള്ള അസഹ്യതകളുണ്ടായിക്കണ്ടിരിക്കും. അതാ

16

ഭിഷങ്ഗാഭിചാരാഭിശാപേഭ്യ ആഗന്തുർവ്യപദിശ്യതേ ജ്വരോഽഷ്ടമോ ഭ
വതി. സ കഞ്ചിത്കാലമാഗന്തുഃ കേവലോ ഭൂത്വാ പശ്ചാദ്ദോഷൈ
ർന്നുബധ്യതേ. തത്രാഭിഘാതജോ വായുനാ ദുഷ്ടശോണിതാധിഷ്ഠാനേ
ന, അഭിഷങ്ഗജഃ പുനർവ്വാതപിത്താഭ്യാം അഭിചാരാഭിശാപജൌ തു
സന്നിപാതേന ഉപനിബധ്യതേ സപ്തവിധാജ്ജ്വരാദ്വിശിഷ്ടലി

ണ്ട് മുൻവിവരിച്ച ഏഴുതരത്തിൽനിന്നും ഇതിനെ വിശേഷിപ്പിച്ച് എട്ടാമത് ഒരു തരമാക്കി തിരിച്ചിരിക്കുന്നത്. ഈ ആഗന്തുജ്വരം കുറച്ചുദിവസം ആഗന്തുജലക്ഷണത്തോടുമാത്രം പ്രകാശപ്പെടുത്തിക്കൊണ്ടിരിക്കും. പിന്നെ ആഗന്തുകാരണത്തിന്നനുസരിച്ച ദോഷത്തിന്റെ ലക്ഷണങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യും. അങ്ങിനെയുള്ള ആഗന്തുകാരണങ്ങളിൽ അഭിഘാതംനിമിത്തമുണ്ടായ ജ്വരം പിന്നീട് വാതകോപജജ്വരലക്ഷണങ്ങളെയാണ് പ്രകാശിപ്പിക്കുക. അതിന്നുള്ള കാരണം അഭിഘാതംനിമിത്തം രക്തദുഷ്ട്യം (ചതവു മുതലായത്) സംഭവിക്കുന്നതാകുന്നു. അഭിഷംഗജം വാതപിത്തങ്ങളോടും അഭിചാരംനിമിത്തവും ശാപംനിമിത്തവും ഉണ്ടായ ആഗന്തുജ്വരം സന്നിപാതജ്വരത്തോടുമാണ് ചേരുക. ഈ ആഗന്തുജ്വരം ആകൃതികൊണ്ടും ചികിത്സകൊണ്ടും നിദാനംകൊണ്ടും മുൻവിവരിച്ച 'വാതകോപജാദി ഏഴുതരം ജ്വരങ്ങളിൽനിന്നു വിശിഷ്ടമാകയാൽ തന്നെയാണ് ഇതിനെ എട്ടാമത് വേറെ ഒരു തരമാക്കിപ്പറഞ്ഞിരിക്കുന്നത് എന്നറിയുകയും വേണം. ഇതിന്നുള്ള ചികിത്സ സാധാരണ വിധിയെ അനുസരിച്ചിരിക്കുകയും ചെയ്യും. ഇപ്രകാരം എട്ടുതരം ജ്വരഭേദങ്ങളെയും വിവരിച്ചു. ശരീരം തൊട്ടുനോക്കിയാൽ എല്ലാതരം പനിയിലും ചൂടുണ്ടായിരിക്കും. അപ്പോൾ ശരീരം തൊട്ടുനോക്കിയാൽ ചൂടുള്ളതിനെ പനിയെന്നു പൊതുവിൽ പറയാം. അതിനാൽ പനി ഏകവിധംതന്നെയാകുന്നു. അതിനെക്കുറെക്കൂടി ആലോചിച്ചുനോക്കുന്നതായാൽ നിജാഗന്തുക്കളെന്നു രണ്ടുതരത്തിലാണെന്നറിയാം. അതിൽ നിജമായ ജ്വരം ഏകദോഷകോപജമെന്നും അനേകദോഷകോപജമെന്നുള്ള ഭേദേന രണ്ടുപ്രകാരമെന്നും വാതകോപജം പിത്തകോപജം കഫകോപജമെന്ന

ദ്ധ്യാല്പബലസമുത്ഥിതത്വാദിഭിർവിശേഷോ വേദിതവ്യഃ. കർമ്മണാ സാധാരണേന ചോപക്രമ്യേതി അഷ്ടവിധാ ജ്വരപ്രകൃതിരുക്താ. ജ്വരസ്ത്വേക ഏവ സന്താപലക്ഷണസ്തമേവാഭിപ്രായവിശേഷാൽ ദ്വിവിധമാചക്ഷതേ നിജാഗന്തുവിശേഷാച്ച. തത്ര നിജം ദ്വിവിധം ത്രിവിധം ചതുർവ്വിധം സപ്തവിധഞ്ചാഹുർവ്വാതാദിവികല്പാത്. തസ്യേമാനി പൂർവ്വരൂപാണി. തദ്യഥാ—മുഖവൈരസ്യം ഗുരുഗാത്രത്വമന

വ്യത്യാസത്താൽ മൂന്നുപ്രകാരമെന്നും മൂന്നുതരം ഏകദോഷകോപജ്വരങ്ങളും എന്നും സംസൃഷ്ടജ്വരമെന്നുള്ള മൂന്നെണ്ണം നാലുതരമെന്നും, ത്രിദോഷകോപജ്വരങ്ങളും മൂന്ന് ഈരണ്ടുദോഷങ്ങളും കൂടി കോപിച്ചുണ്ടാവുന്ന ജ്വരങ്ങളും മൂന്ന് സന്നിപാതജ്വരം ഒന്ന് എന്നിങ്ങിനെ ഏഴുതരത്തിലാണെന്നും പറയും. ഈ വക വ്യത്യാസങ്ങളെല്ലാം സംഭവിക്കുന്നതു വാതാദിദോഷങ്ങളുടെ വികല്പംനിമിത്തവുമാണ്. ഈ നിജജ്വരത്തിന്റെ പൂർവ്വരൂപങ്ങളേയും വിവരിക്കാം. ആഗന്തുജ്വരത്തിന്ന് പൂർവ്വരൂപം സംഭവിക്കുകയില്ല. അതാണ് 'തസ്യേമാനി പൂർവ്വരൂപാണി' എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. 'നിദാനപൂർവ്വരൂപലിംഗോപശയസംപ്രാപ്തിതഃ' എന്ന് ആദ്യത്തിൽ ൫ രോഗജ്ഞാനലക്ഷണങ്ങളെ പറയുകയും അടുത്തു വിവരിച്ചതായ ജ്വരത്തെക്കുറിച്ച് ആ പരിപാടിയെ തെറ്റിക്കുകയും ചെയ്യാനുള്ള കാരണം 'പ്രാക് സന്താപാദപി ചൈനം സന്താപാത്തമനുബധ്നന്തി' എന്നു വിധിക്കുന്നതായ പൂർവ്വരൂപലക്ഷണം ആഗന്തുജ്വരത്തിന്നുകൂടി സംബന്ധിക്കുമെന്നുവെച്ചാകുന്നു.

ജ്വരപൂർവ്വരൂപങ്ങളെന്തെല്ലാമെന്നാൽ, മുഖവൈരസ്യം—മധുരാദിരസങ്ങളെ തിരിച്ചറിയാതാവുക ശിരസ്സുമുതലായ അംഗങ്ങൾക്കു കനംതോന്നുക ഭക്ഷണം കഴിക്കുവാനാഗ്രഹം കുറയുക കണ്ണിന്നു കലക്കവും കണ്ണീരൊലിക്കുകയും ചെയ്യുക ഉറക്കമധികരിക്കുക അരതി—ഒരു കാര്യത്തിലും ദൃഢമായി മനസ്സിരുത്തുവാൻ കഴിയാതാവുക കോട്ടുവായ അധികമാവുക ശരീരം ക്ഷീണിച്ചുപോവുക വിറയ്ക്കുക തളർച്ചയും തലതിരിച്ചിലുമുണ്ടാവുക പേപറയുക ഉറങ്ങേണ്ടതായ സമയത്ത് ഉറക്കംവരാതിരിക്കുക രോമാഞ്ചമുണ്ടാവുക എന്തെങ്കിലും

ന്നാഭിലാഷശ്ചക്ഷുഷോരാകുലതാഽശ്രുഗമനം നിദ്രായാ ആധിക്യ മരതിർജൃംഭാ വിനാമോ വേപഥുഃ ശ്രമഭ്രമപ്രലാപജാഗരണരോമഹർഷദന്തഹർഷാഃ ശബ്ദശീതവാതാതപാസഹത്വമരോചകാവിപാകൌ ദൌർബ്ബല്യമംഗമർദ്ദഃ സദനമല്പപ്രാണതാ ദീർഘസൂത്രതാ ആലസ്യമുചിതസ്യ കർമ്മണോ ഹാനിഃ പ്രതീപതാ സ്വകാര്യേഷു ഗുരൂണാം വാക്യേഷ്വഭ്യസൂയാ ബാലേഷു പ്രദ്വേഷഃ സ്വധർമ്മേഷ്വചിന്താ മാല്യാനുലേപനഭോജനപരിക്ലേശനം മധുരേഷു ഭക്ഷ്യേഷു പ്രദ്വേഷോമ്ലലവണകടുകപ്രിയതാ ചേതി ജ്വരപൂർവ്വരൂപാണി. പ്രാക് സന്താപാ

ശബ്ദങ്ങൾകേൾക്കുന്നതും കുളിരുണ്ടാക്കുന്നവയായ പാട്ടുകൾകേൾക്കുന്നതും കാറ്റുകൊള്ളുന്നതും വെയിൽകൊള്ളുന്നതും ദുസ്സഹമായി തോന്നുക അരുചിയും ദഹനവും കുറയുക ക്ഷീണമായി അവയവങ്ങൾക്ക ശക്തി കുറയുക അംഗങ്ങൾ മർദ്ദിക്കുംപോലെ വേദനതോന്നുക ശക്തിക്ഷയംവരിക പ്രാണബലം കുറയുക ഏതുകാര്യവും വളരെ കാലതാമസത്തോടുകൂടെ ചെയ്യുക ആലസ്യമുണ്ടാവുക (സുശ്രുതാചാര്യൻ ആലസ്യത്തെ ഇങ്ങിനെ വിവരിച്ചിരിക്കുന്നു. 'സുഖസ്പർശപ്രസംഗിത്വം ദുഃഖദ്വേഷണലോലതാ ശക്തസ്യ ചാപ്യനുത്സാഹഃ കർമ്മണ്യാലസ്യമുച്യതേ') ഫലപ്രാപ്തിയിലിരിക്കുന്ന കർമ്മംകൂടി ചെയ്യാതിരിക്കുക ആത്മാർത്ഥങ്ങളായ കാര്യങ്ങളിൽ വെറുപ്പുതോന്നുക. ഗുരുജനങ്ങളുടെ ഉപദേശവാക്കുകളിൽ അസൂയതോന്നുക ലാളിക്കേണ്ടുന്നവരായ കുട്ടികളിൽ ദ്വേഷംസംഭവിക്കുക അവനവൻ ചെയ്യേണ്ടതായ നിത്യകർമ്മാദികളിൽ ശ്രദ്ധയില്ലാതാവുക മാല കുറിക്കൂട്ട് ഇതുകളെ ധരിക്കുന്നതും ഭക്ഷണംകഴിക്കുന്നതും വളരെ ക്ലേശമായി തോന്നുക മധുരപദാർത്ഥങ്ങളിൽ വെറുപ്പും പുളി ഉപ്പ് എരിവ് ഈ രസം ചേർന്ന പദാർത്ഥത്തിൽ കൊതി സംഭവിക്കുക ഇതുകളാകുന്നു ജ്വരത്തിന്റെ പൂർവ്വരൂപങ്ങൾ. ഈ പറഞ്ഞ ലക്ഷണങ്ങൾ സന്താപത്തിന് [illegible] ജ്വരലക്ഷണങ്ങൾ പൂർത്തിയാവുന്നതിന്നു [illegible] ജ്വരലക്ഷണം പൂർത്തിയായതിന്നുശേഷം അ[illegible]കയും ചെയ്യും. വാതാദിജ്വരങ്ങൾക്ക പറഞ്ഞ ലക്ഷണങ്ങൾക്ക പുറമെ എല്ലാ ജ്വരങ്ങളിലും ഈ ലക്ഷണങ്ങൾ കൂടെ

ഭേദി രൈപനം സന്താപാത്മനോബന്ധനീത്യേതാനി ഏവ്രകൈകണ്ഡ ലിംഗാനി വിസ്തരസമാസാഭ്യാം ജ്വരസ്യ ഖലു മഹേശ്വരകോപ

ഉണ്ടായിരിക്കുകയും ചെയ്യുമെന്നു സാരം. ഈ പറഞ്ഞ പ്രകാരമാണ് ഓരോജ്വരങ്ങളുടെ വിസ്തരമായും സമാസമായുമുള്ള ലക്ഷണങ്ങൾ. *

ഇനി ജ്വരപ്രഭാവത്തെ വിവരിക്കുന്നു:— ഈ ജ്വരമെന്ന രോഗം ദക്ഷപ്രജാപതിയുടെ നേരെ കോപിച്ച മഹേശ്വരന്റെ കോപത്തിൽനിന്നുണ്ടായതാകുന്നു. ഈ ഐതിഹ്യത്തെപ്പറ്റിയുള്ള അധികവിവരം ചികിത്സിതം ൧-ാം അദ്ധ്യായത്തിൽ വിവരിക്കുകയും ചെയ്യും. സകല പ്രാണികളുടെയും പ്രാണഹരവും— മരണകാരണവും ഈ ജ്വരം തന്നെയാകുന്നു. ഇതു ദേഹത്തിന്നാസകലവും ചക്ഷുശ്ശ്രോത്രാദി ഇന്ദ്രിയങ്ങൾക്കും താപത്തെ—ചൂടിനേയും പീഡയേയും ഉണ്ടാക്കിത്തീൎക്കുന്നതാകുന്നു. ബുദ്ധി ബലം ശരീരവൎണ്ണം സന്തോഷം ഉത്സാഹം ഇതുകളെ ഇല്ലാതാക്കുകയും ശരീരപീഡയും ശ്രമവും തളൎച്ചയും മോഹാലസ്യവും ഭക്ഷണം കഴിക്കുന്നതിന്നു തടസ്ഥവും ഉണ്ടാക്കിത്തീൎക്കുകയും ചെയ്യും. ശരീരത്തെ ജ്വരിപ്പിക്കുന്നത്— പലതരത്തിലുള്ള രോഗങ്ങളോടുകൂടിയതുകളാക്കിച്ചെയ്യുന്നതാകയാൽ ഇതു സകല രോഗങ്ങൾക്കും കാരണഭൂതമാകയാൽ ഇതിനെ ജ്വരമെന്നു പറയുന്നു. 'ജ്വര രോഗേ' എന്നു ധാതു. മറ്റു യാതൊരു രോഗവും ഇതുപോലെ ദാരുണമോ ഇത്ര അധികം ഉപദ്രവമോ ചികിത്സിച്ചു മാറ്റുവാൻ പ്രയാസമോ ഉള്ളതായിട്ടില്ല. അതുനിമിത്തം ജ്വരം സകല രോഗങ്ങളുടെയും രാജാവുമാണ്. ഇതു ചരാചരമായ ഈ പ്രപഞ്ചത്തിന്നാസകലമുണ്ടാകും. എന്നാൽ ഓരോന്നിലുണ്ടാവുന്ന ജ്വരത്തിന് ഓരോ പേരു പറയുമെന്നുമാത്രമേ വ്യത്യാസമുള്ളൂ. സകല പ്രാണികളും മോഹാലസ്യത്തോടുകൂടിയ ജ്വരത്തോടുകൂടെയാണ് ജനിക്കുന്നത്. മരിക്കുന്നസമയത്തും അതുപോലെ മോഹാലസ്യയുക്തമായ ജ്വരമുണ്ടായിരിക്കും. ആ കഠോര

പ്രഭവഃ സർവ്വപ്രാണിനാം പ്രാണഹരോ ദേഹേന്ദ്രിയമനസ്താപകരഃ പ്രജ്ഞാബലവർണ്ണഹർഷോത്സാഹഹ്രാസകരഃ ശ്രമക്ലമമോഹാഹാരോപരോധസഞ്ജനനഃ ജ്വരയതി ശരീരാണി ഇതി ജ്വരഃ നാന്യേ വ്യാധയസ്തഥാ ദാരുണാ ബഹൂപദ്രവാ ദുശ്ചികിത്സ്യാ യഥായമിതി. സർവ്വരോഗാധിപതിർജ്ജ്വരോ നാനാതിര്യഗ്യോനിഷു ബഹുവിധൈശ്ശബ്ദൈരഭിധീയതേ. സർവ്വപ്രാണഭൃതശ്ച സജ്ജ്വരാ ഏവ ജായ

ജ്വരം നിമിത്തമാണ് പ്രാണികൾക്ക പൂർവ്വജന്മകർമ്മസ്മരണ നശിച്ചുപോകുന്നത്. സകല പ്രാണികളിൽനിന്നും പ്രാണനെ വേർതിരിക്കുന്നത്— സകല പ്രാണികൾക്കും മരണകാരണമായ രോഗം ജ്വരം തന്നെയാകുന്നു. ഈ വിഷയത്തിൽ വാഗ്ഭടാചാർയ്യൻ ഇങ്ങിനെ പറയുന്നു:— 'ജ്വരസ്തു സ്ഥാണുകോപാൽ പ്രാചേതസോപഗതസ്യ പ്രജാപതേഃ ക്രതൌ ഭാഗമപരികല്പയതസ്തദ്വിനാശനാർത്ഥം പൂർവ്വജന്മാപമാനിതയാ തദ്ഭാര്യയാ പ്രേരിതസ്യ പഞ്ചപഞ്ചാശദ്ദിവ്യാബ്ദസഹസ്രം പരിരക്ഷിതവ്രതഃ ക്രോധമപ്രതിച്ഛിതകലുഷസ്യ ഭൂതാന്തേ രോഷാഗ്നിഃ കിരാതരൂപേണ കില പിണ്ഡിതമൂർത്തിർവ്വീരഭദ്രനാമാ ഭസ്മപ്രഹരണസ്ത്രിശിരോക്ഷിബാഹുപാദഃ പിംഗളലോചനോ ഹ്രസ്വീ ശങ്കുകർണ്ണഃ കൃശതനുരുത്തമാംഗോന്നതചരണഃ സരവിനിർമ്മിതയാ സഹ ഭദ്രകാള്യാ പ്രതിരോമകൂപമഭിനിസ്സൃതൈർവ്വിവിധവികൃതാകൃതിഭിരനേകൈർഗ്ഗണൈഃ വാക്യക്രിയാചപലൈരാചരൈഃ പരിവൃതശ്ചതുർഗ്ഗാനമുഖകാളാംഗാരസംഹന്ത്രനിനദനോ നാദയൻ രോദസീ ജ്വാലാശതൈഃ പരീതഃ കളകളാരാവേണ മഹാഭൂതസംപ്ലവകാരിണാ വിധായ ഭൂതവധമതോദ്ഭയധാവനവിധ്വംസനം ച പ്രാഞ്ജലിർവ്വിജ്ഞാപയാമാസ ശിവം ശിവീഭൂതോസി ദേവാശ്ച ദേവാഃ പിതാമഹപ്രഭൃതിഭിർഗ്ഗതാഃ പിത്രാ ച ധാത്രാഭിഷ്ടൂയമാനാഃ. സംപ്രത്യഹം കിം കരവാണീതി. തം ശൂലീ ക്രോധമാഭിദധേ. യസ്മാൽ ത്രിലോകൈകപൂജ്യസ്യ! മൽക്രോധ! ത്വമപി ദ്രുതവില്ലം ചികിത്സൈത്ര്യമനസ്യം ദേഹോ ദേഹവ്യഥാ തഥാ ജീർണ്ണമ

ന്തേ സജ്വരാ ഏവ മ്രിയന്തേ സംഹാരോഹതാഃ, തേനാഭിഭൂതാഃ പ്രാക്തനദേഹികം ദേഹിനഃ കർമ്മ കിഞ്ചിന്ന സ്മരന്തി, സർവ്വപ്രാണിഭൃതശ്ച ജ്വര ഏവ പ്രാണാനാദത്തേ. തത്രാസ്യ പൂർവ്വരൂപേ ഘൃതം ജ്വരാദൌ വാ ഹിതം ലഘ്വശനമപതർപ്പണം വാ ജ്വരസ്യാമാശയസമുത്ഥത്വാൽ. തതഃ കഷായപാനാഭ്യംഗസ്വേദപ്രദേഹപരിഷേചനാ

തോ ജഗതോസ്യ സന്ധാവർത്തസ്യ ജ്വരയിതാ ജ്വരോ ഭവാൻ ദേവ. ത്വം ഹി സർവ്വരോഗാണാം പ്രഥമഃ പ്രവരോ ജന്മമരണയോശ്ച തമോമയോ മഹാമോഹഃ പ്രാഗ്ജന്മനോ വിസ്മാപയിതാപചാരതോ ദേഷു ചോച്ചൂയമാണോ ... സന്താപാത്മാ ദ്രവ്യേഷ്വപി ജ്വരോ ഭവതി. സോയമേവമാപതിതാനനുഗൃഹീതാ നാനാനാമഭിഃ സർവ്വഭൂതാനുച്ചാരി വിചരതി. തദ്യഥാ—പാകലോ ഗജേഷ്വഭിതാപോ വാജിഷ്വളർക്കഃ കുക്കുരേഷ്വിന്ദ്രമദോ ജലേഷു ജ്യോതിരോഷധീഷു ചൂർണ്ണകോ ധാന്യേഷ്വപ്സു നീലികാ ഭൂമാവൂഷരോ മനുഷ്യേഷു ജ്വര ഇതി' ജ്വരോൽപ്പത്തിപ്രകൃതി മുതലായതിനെ പററി ഭാഗവതാദിപുരാണങ്ങളിൽ വളരെ വിസ്തരിച്ചുപറയുന്നുണ്ട്. ഗ്രന്ഥവിസ്തരത്തെ ഭയപ്പെട്ട് അതുകളെ ഇവിടെ പ്രത്യേകം എടുത്തുപറയുവാൻ തൽക്കാലം തുനിയുന്നില്ല. ഇതാണ് ജ്വരത്തിന്റെ സ്വരൂപം.

ജ്വരോപശമങ്ങളെയും വിവരിക്കുന്നു:— ജ്വരത്തിന്റെ പൂർവ്വരൂപലക്ഷണങ്ങൾ കണ്ടുതുടങ്ങിയ സമയത്തു തന്നെ, അഥവാ ദോഷകോപജലക്ഷണങ്ങൾ കണ്ടുതുടങ്ങിയ ഉടനെയോ— ജ്വരത്തിന്റെ ആമാവസ്ഥയിൽ ലംഘനമായോ ശമനമായോ ലേശംപോലും തർപ്പണത്തെ വർദ്ധിക്കാത്തതോ ആയ ചർയ്യകളെ ശീലിക്കണം. ഇതിന്നായുള്ള ചർയ്യയെ ശീലിക്കേണമെന്നു പറയുവാനുള്ള കാരണം ജ്വരം ആമാശയത്തിൽനിന്ന്— ജഠരാഗ്നിക്കു ബലം കുറഞ്ഞ് ഉണ്ടാവുന്നതാകയാലാകുന്നു. തർപ്പണപദാർത്ഥം സ്വതേ ഗുരുവായിരിക്കും. അതു ദഹിക്കുവാൻ ജഠരാഗ്നിക്കു ശക്തിയുമുണ്ടാവുകയില്ല. അപ്പോൾ അത് ആമദോഷമായി പരിണമിച്ച് ജ്വരത്തിനെ പൂർവ്വാ

21

ലേപനാവമനവിരേചനാസ്ഥാപനാനുവാസനോപശമനനസ്യ കർമ്മധൂപധൂമപാനാഞ്ജനക്ഷീരഭോജനവിധാനം യഥാസ്വം യുക്ത്യാ ജീർണ്ണജ്വരേഷു സർവ്വേഷ്വേവ സർപ്പിഷഃ പാനം പ്രശസ്യതേ. യഥാ സ്വമൌഷധസിദ്ധസ്യ സർപ്പിർഹി സ്നേഹാദ്വാതം ശമയതി, സംസ്കാരാൽ കഫം, ശൈത്യാൽ പിത്തം ഊഷ്മാണഞ്ച തസ്മാജ്ജീർണ്ണജ്വരേഷു തു സർവ്വേഷ്വേവ സർപ്പിർഹിതമുദകമിവാഗ്നിപ്ലുഷ്ടേഷു ദ്രവ്യേഷു ഇതി. 2

ധികം ശക്തിയുണ്ടാക്കിത്തീർക്കും. ഇതാണ് ലംഘനം ശീലിക്കേണമെന്നു പറഞ്ഞത്. സ്വതേ ലംഘനം ശീലിക്കുവാൻ പാടില്ലാത്തവനാണെങ്കിൽ അല്പതർപ്പണവും ശീലിക്കേണമെന്ന് ആശയം. ഇതിന്നുശേഷം— ആമജ്വരാവസ്ഥയെ തീരെ വിട്ടതിന്നുശേഷം അതാതു ജ്വരത്തിന്ന വിധിക്കുന്നതായ കഷായങ്ങളെ പാനംചെയ്യുകയും അഭ്യംഗം സ്വേദം പ്രദേഹം ധാര അനുലേപനം വമനം വിരേചനം കഷായവസ്തി സ്നേഹവസ്തി ഉപശമനക്രിയകൾ നസ്യം പുകയേല്ക്കുക ധൂമപാനം അഞ്ജനം പാൽ കഴിക്കുക മുതലായ ഇതുകളെ ശീലിക്കുകയും വേണം. വാതപിത്തകഫസംസൃഷ്ടസന്നിപാതജ്വരങ്ങളെല്ലാം ആമാവസ്ഥയെ വിട്ടാൽ അതാതു ദോഷകോപാദികൾക്കനുസരിച്ചു കാച്ചിയ നെയ്യ് വൈദ്യയുക്തിപോലെ സേവിപ്പിക്കുന്നതു വളരെ നല്ലതാകുന്നു. ജ്വരാദ്യവസ്ഥയ്ക്കു തക്കവണ്ണമുള്ള കഷായാദികളെ ശീലിച്ചതിന്നുശേഷം ഘൃതം ശീലിച്ചാൽ അതു സ്നിഗ്ദ്ധതനിമിത്തം വാതത്തെ ശമിപ്പിക്കും. സംസ്കാരവിശേഷാദിനിമിത്തം കഫത്തെയും ശൈത്യഗുണനിമിത്തം പിത്തത്തെയും ഉഷ്ണവികാരവും ശമിപ്പിക്കും. ഈ വക ഗുണങ്ങളുള്ളതാകയാൽ ഘൃതം, തീകത്തിക്കൊണ്ടിരിക്കുന്ന ദ്രവ്യങ്ങളിൽ ജലസേകം ചെയ്യുന്നതുപോലെ എല്ലാതരം ജീർണ്ണജ്വരങ്ങളിലും അത്യന്തം ഗുണകരമായിട്ടുള്ളതാകുന്നു *

ഈ വിഷയത്തിൽ താഴെ പറയുന്നതുകളെക്കൂടെ ഗ്രഹിക്കയും വേണം.

ഭവന്തി ചാത്ര

യഥാ പ്രജ്വലിതം വേശ്മ പരിഷിഞ്ചന്തി വാരിണാ
നരാഃ ശാന്തിമഭിപ്രേത്യ തഥാ ജീർണ്ണജ്വരേ ഘൃതം 3
സ്നേഹാദ്വാതം ശമയതി ശൈത്യാൽ പിത്തം നിയച്ഛതി
ഘൃതം തുല്യഗുണം ദോഷം സംസ്കാരാത്തു ജയേൽ കഫം 4
നാന്യഃ സ്നേഹസ്തഥാ കശ്ചിത്സംസ്കാരമനുവർത്തതേ
യഥാ സർപ്പിരതഃ സർപ്പിഃ സർവ്വസ്നേഹോത്തമം മതം 5

3— തീക്കത്തിക്കൊണ്ടിരിക്കുന്ന ഗൃഹത്തിൽ തീ ശമിക്കുവാനാഗ്രഹിക്കുന്നവർ വെള്ളം കോരി ഒഴിക്കുന്നത് എതു പ്രകാരമോ അതുപോലെ ജീർണ്ണജ്വരത്തിൽ ഘൃതപാനം അത്യന്തഫലപ്രദമായിരിക്കും. ജ്വരം ജീർണ്ണാവസ്ഥയിലെത്തിയാൽ അത്, മോന്തായത്തോളം കത്തുന്ന തീയ് എതുപ്രകാരം ഗൃഹത്തെ നശിപ്പിക്കുമോ അതുപോലെ ക്ഷണത്തിൽ ശരീരത്തെ നശിപ്പിക്കുമെന്നും അതിനെയുള്ള പുരമേൽ വെള്ളം പകരുന്നത് എതുപ്രകാരം ഗുണകരമായിരിക്കുമോ അതുപോലെ ജ്വരത്തിനു ഘൃതപാനം ഗുണകരമായിരിക്കുമെന്നുമാണ് ഉൽപ്രേക്ഷാഭിപ്രായം * 4— ഘൃതം സ്നേഹഗുണംകൊണ്ടു വാതത്തെയും ശൈത്യഗുണംനിമിത്തം പിത്തത്തെയും ശമിപ്പിക്കും. തുല്യഗുണമായ വസ്തു തന്നോടൊത്തിരിയുള്ള ദോഷങ്ങളെ കോപിപ്പിക്കുകയാണ് പതിവ്. ഘൃതം ശീതഗുണമുള്ളതാകയാൽ കഫത്തിനോടു തുല്യവുമാണ്. എന്നാൽ ഇത് ഏതുതരം സംസ്കാരത്തെയും അനുവർത്തിക്കുന്നതാകയാൽ സംസ്കാരബലംകൊണ്ടു കഫത്തെയും നശിപ്പിക്കും. 5— ഭാവാർത്ഥം— കഫഗുണത്തിനു വിപരീതഗുണങ്ങളായ എത്രയോ സ്നേഹദ്രവ്യങ്ങളുണ്ട്. അപ്പോൾ സമാനഗുണമായ ഘൃതത്തെത്തന്നെ സംസ്കാരത്തിനുപയോഗിക്കേണമോ എന്ന ശങ്കയെ പരിഹരിക്കുന്നു. മററു യാതൊരു സ്നേഹവും ഘൃതത്തെപ്പോലെ എല്ലാതരം സംസ്കാരത്തി

ശാസ്ത്രാദൌ യഃ പുനഃ ശ്ലോകാന്തരേഷ്വർത്ഥഃ സമനുഗീയതേ
തദ്വ്യക്തിവ്യവസായാർത്ഥം ദ്വിരുക്തം തന്ന ഗർഹ്യതേ. 6

അത്ര ശ്ലോകാഃ.

ത്രിവിധം നാമ പര്യായൈർ ഹേതും പഞ്ചവിധാൻ ഗദാൻ
ഗദലക്ഷണപര്യായാൻ വ്യാധേഃ പഞ്ചവിധം ഗ്രഹം. 7
ജ്വരമഷ്ടവിധം തസ്യ പ്രകൃഷ്ടാസന്നകാരണം
പൂർവ്വരൂപഞ്ച രൂപഞ്ച സംഗ്രഹം ഭേഷജസ്യ ച. 8

ലും ഒന്നുപോലെ ചേരുകയില്ല. അതിനാൽ ഘൃതം സകല സ്നേഹങ്ങളിലും വെച്ചു അത്യന്തം ശ്രേഷ്ഠവുമാണ് *6—ഈ മൂന്നു മുതൽ ശ്ലോകംകൊണ്ടു പറഞ്ഞ അർത്ഥം രണ്ടാംഗദ്യത്തിൽ വിവരിച്ചിട്ടുള്ളതാണല്ലോ. ഒരിക്കൽ പറഞ്ഞതിനെ പിന്നെയും എടുത്തു പറയുന്നതു ചര്വ്വിതചര്വ്വണമാകയാൽ അതേവിധം ഗ്രന്ഥവിസ്താരം വരുത്തുന്നതു വിഹിതമല്ലല്ലോ എന്ന ശങ്കയെ പരിഹരിക്കുന്നു. ഗദ്യം കൊണ്ടു പറഞ്ഞ കാര്യത്തെ പിന്നെയും ശ്ലോകങ്ങളെക്കൊണ്ടു പറയുന്നത് ആ അർത്ഥത്തിന്റെ അധികമായ സ്പഷ്ടതയ്ക്കു വേണ്ടിയാകുന്നു. ഇങ്ങിനെ പറയുന്നത് ശാസ്ത്രരീതിക്കനുസരിച്ചതാകയാൽ ഇതിൽ ദ്വിരുക്തിദോഷത്തെ ആരോപിച്ചു നിന്ദിക്കുവാൻ ഒരിക്കലും പാടുള്ളതല്ല *

അദ്ധ്യായവിവരണം.

7-8— സകല വിഷയത്തിലും സംശയരഹിതനായ ആത്രേയഭഗവാൻ ശുശ്രൂഷുവായ അഗ്നിവേശനോട്, നിദാനത്തിന്റെ ത്രൈവിദ്ധ്യത്തെയും പര്യായനാമങ്ങളെയും രോഗകാരണങ്ങളെയും അഞ്ചുതരത്തിലുള്ള വ്യാധിലക്ഷണങ്ങളെയും തൽപര്യായങ്ങളെയും നിദാനാദിപഞ്ചവിധജ്ഞാനലക്ഷണങ്ങളെയും ജ്വരത്തിന്റെ എട്ടു വ്യത്യാസങ്ങളും അവകളുടെ ഉൽകൃഷ്ടങ്ങളായ തൽകാലകാരണങ്ങളും പൂർവ്വരൂപവും രോഗകാലലക്ഷണങ്ങളും ജ്വരചികിത്സാസം-

വ്യാഖ്യാതവാൻ ജ്വരസ്യാഗ്രേ നിദാനം വിഗതജ്വരഃ
ഭഗവാനഗ്നിവേശായ പ്രണതായ പുനർവ്വസുഃ. 9

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
ജ്വരനിദാനോ നാമ പ്രഥമോഽദ്ധ്യായഃ.

അദ്ധ്യായം 2. രക്തപിത്തനിദാനം.

അഥാതോ രക്തപിത്തനിദാനം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

പിത്തം യഥാഭൂതം ലോഹിതപിത്തമിതി സംജ്ഞാം ലഭതേ, തദ്യഥാനുവ്യാഖ്യാസ്യാമഃ. യദാ ജന്തു ര്യവകോദ്ദാലകകോരദൂഷകപ്രായാണ്യന്നാനി നിത്യം ഭുങ്ക്തേ ഭൃശോഷ്ണതീക്ഷ്ണമപി ചാന്യദ

ഗ്രഹവും ഈ ജ്വരനിദാനമെന്ന ഒന്നാമത്തെ അദ്ധ്യായത്തിൽ വടിപോലെ വിസ്തരിച്ചുപറഞ്ഞിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാക്യപൂർത്ത്യാ
നിദാനസ്ഥാനേ പ്രഥമോഽദ്ധ്യായഃ (1)

അദ്ധ്യായം 2.

ഇനി രക്തപിത്തനിദാനമെന്ന അദ്ധ്യായത്തെ പറയാം:—

1—പിത്തം കോപിച്ചാൽ അതിന്ന രക്തപിത്തമെന്ന പേരുണ്ടാകും (പിത്തം കോപിച്ചാൽ രക്തപിത്തമുണ്ടാകും). അത് ഏതൊരു പ്രകാരത്തിൽ കോപിച്ചാലാണൊ രക്തപിത്തമായിത്തീരുക ആ പ്രകാരത്തെ വിസ്തരിച്ചുപറയുന്നു. ഏതുമനുഷ്യനാ—വരകാദിപ്രകൃതികളിൽ ഏറ്റവുമധികം തീക്ഷ്ണങ്ങളായതാണോ, യവാ

26

ന്നജാതം വിഷ്ടംവരാഹകുല്മാഷക്ഷാരസൂപോപഹിതം ദധിമരണ്ഡ
ഷിൽകടുപൂകാഞ്ജികോപഹിതം വാരാഹമാഹിഷാവികമത്സ്യഗവ്യ
പിശിതം പിണ്യാകം പിണ്യാലുകരോമകോപഹിതം മൂലകസർഷപല
ശുനകൃഷ്ണഗന്ധാർജകസുമുഖസുരസാദീനി
[illegible]
ഇത്യാദികം [illegible] പ്രായേണ പഥ്യം
[illegible] വാ പായസം
[illegible] വാ സർപ്പതൈലക്ഷാ
[illegible]
കൈക്വാ സഹ [illegible] പിബേത്

കഴുത്തിൻപുറത്തെഴുന്നള്ളും വരെ അധികരിച്ചുതാഴ അന്നം ചതി
വായി ഭക്ഷണത്തിനുപയോഗിക്കുക ഷഷ്ടികാദിവിശിഷ്ടധാന്യ
ങ്ങളുടെ അന്നത്തെ ശീലിക്കുകയാണെങ്കിൽതന്നെ അതു ചുട്ടുപൊടിച്ചു
ട്ടോ തിളപ്പിച്ചിട്ടോ കൂടെ ശീലിക്കുകയോ ചെയ്യുകയും അ
തിൽ ഉപയോഗിക്കുമ്പോൾ തൈരല്ല ഉഴുന്ന് മുതിര ചവർക്കാരം
പരിപ്പ് ഇതുകളോ തൈരുമായും മോര് മുരിങ്ങ് മുതലായ കടുദ്ര
വ്യം പുളി വെള്ളുകാടി ഇതുകളോ ചേർത്തു ശീലിക്കുകയും പന്നിമാം
സം പോത്തിൻമാംസം കരിയാട്ടിൻമാംസം മത്സ്യം പശുമാംസം പി
ണ്ണാക്ക് ഇതുകൾ തമ്മിൽ കൂട്ടി കഴിക്കുകയും മുള്ളങ്കിഴ
[illegible] ഇഞ്ചി [illegible] വിളർത്തു ശീലിച്ചു
[illegible] കറുത്ത തുള
സി [illegible] കർപ്പൂരതുളസി ഇതുക
ളും [illegible] ശീലിക്കുകയും അന്നപാനാദികളായ
[illegible] ഉള്ളിക്കളഞ്ഞ യവാനകാണ്ടങ്ങളാകി
[illegible] (തെങ്ങയവാനകിഴ
[illegible] കള്ളും ഉള്ളികള്ളും മാതേ
[illegible] പുളിച്ചകാടി ഇതുകളെ ശീലിക്ക
കയും പിണ്ണാക്കും അധികമായ ഭക്ഷണം ശീലിക്കുകയും അത്യന്തം

തസ്യൈവമാചരതഃ പിത്തം പ്രകോപമാപദ്യതേ ലോഹിതഞ്ച സ്വ
പ്രമാണമതിവർത്തതേ 1

തസ്മിൻ പ്രമാണാതിപ്രവൃത്തേ പിത്തം പ്രകുപിതം ശരീര
മനുസർപ്പദ്യദൈവ യകൃൽപ്ലീഹപ്രഭവാണാം ലോഹിതവഹാനാം
സ്രോതസാം ലോഹിതാഭിഷ്യന്ദഗുരൂണി മുഖാന്യാസാദ്യ പ്രതിപ
ദ്യതേ തദൈവ ലോഹിതം ദൂഷയതി. 2

സംസർഗ്ഗാല്ലോഹിതപ്രദൂഷണാല്ലോഹിതഗന്ധവർണ്ണാനുവി
ധാനാച്ച പിത്തം ലോഹിതമിത്യാചക്ഷതേ 3

ഉഷ്ണിച്ചിരിക്കുമ്പോൾ കണക്കിലധികവും അധികംപ്രാവശ്യവും ഭ
ക്ഷിക്കുകയും പച്ചമാംസവും കലായപ്പൊതാമാംസവും കട്ടുകഞ്ഞ
യിൽ ചവർക്കാരംകൂട്ടി പാകംചെയ്തു്, മുതിര ഉഴുന്നു് പിണ്ണാക്കു് മൊ
വരപ്പഴം തയിർ മുതലായവയും ഭക്ഷിക്കുക
യും ശരീരമുഷ്ണിച്ചിരിക്കുമ്പോൾ പച്ചപ്പുൽ കണക്കിലധികം കുടി
ക്കുകയും ചെയ്താൽ പിത്തം കോപിക്കുകയും രക്തം സ്വപ്രമാണ
ത്തെ അതിക്രമിച്ചു വർദ്ധിക്കുകയുംചെയ്യും * 2—മേൽപറഞ്ഞ അ
ന്നപാനാദികളെ ശീലിക്കുകനിമിത്തം രക്തം തന്റെ പ്ര
മാണത്തിലധികം വർദ്ധിച്ചതിനുശേഷം കോപിച്ച പിത്തം ശരീരമെ
ല്ലാം വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ യകൃത്തിൽനിന്നും പ്ലീഹാ
വിൽനിന്നും പുറപ്പെടുന്നവയും ശരീരമാസകലം രക്തത്തെ വഹി
ക്കുന്നവയുമായ സിരകളുടെ കണക്കിലധികം വർദ്ധിച്ച രക്തം സമ്പ
ർക്കകയാൽ തടിച്ച മുഖങ്ങളെ എതൊരുസമയം പ്രാപിച്ചു്
ആ രക്തത്തോടുകൂടിക്കലരുമ്പോൾ അപ്പോൾ രക്തത്തെ ദുഷിപ്പിക്കുക
യുംചെയ്യും 'വ്യായാമശോകാദ്ധ്വവ്യവായൈരതിസേവിതൈഃ
തീക്ഷ്ണോഷ്ണക്ഷാരലവണൈരമ്ലൈഃ കടുഭിരേവ ച । പിത്തം വിദഗ്ധം
സ്വഗുണൈർവിദഹത്യാശു ശോണിതം' എന്നു മാധവാചാര്യൻ *
3—തമ്മിൽ കൂടിച്ചേരുന്നതിനാലും രക്തത്തെ ദുഷിപ്പിക്കുന്നതി
നാലും രക്തത്തിന്റെ സമമായ ഗന്ധവും വർണ്ണവുമുള്ളതാകയാ
ലും പിത്തത്തെ രക്തമെന്നു പറയുന്നു. 'പിത്തം രക്തസ്യ വികൃതേഃ

൧൭

തസ്യേമാനി പൂർവ്വരൂപാണി. തദ്യഥാ—അനന്നാഭിലാഷോ ഭുക്തസ്യ വിദാഹഃ ശുക്താമ്ലരസഗന്ധസ്യോദ്ഗാരശ്ഛർദ്ദേരഭീക്ഷ്ണമാഗമനം ഛർദ്ദിതസ്യ ബീഭത്സതാ സ്വരഭേദോ ഗാത്രാണാം സദനം പരിദാഹോ മുഖാദ്ധൂമാഗമ ഇവ ലോഹലോഹിതമത്സ്യാമഗന്ധിത്വമപി ചാസ്യസ്യ രക്തഹരിതഹാരിദ്രത്വമംഗാവയവശകൃന്മൂത്രസ്വേദലാലാസിംഘാണകാസ്യകർണ്ണമലപിഡകാനാമംഗവേദനാ ലോഹിതനീലപീതശ്യാവാനാമർച്ചിഷ്മതാഞ്ച രൂപാണാം സ്വപ്നദർശനമഭീക്ഷ്ണമിതി ലോഹിതപിത്തപൂർവ്വരൂപാണി. 4

സംസൃഷ്ടാദ്ദൂഷണാദപി । ഗന്ധവർണ്ണാനുവൃത്തേശ്ച രക്തേന വ്യപദിശ്യതേ' എന്ന വാഗ്ഭടാചാര്യൻ. ഇങ്ങിനെ കോപിച്ച രക്തത്തെ ദുഷിപ്പിച്ച പിത്തത്തെയാണ് ലോഹിതപിത്തം—രക്തപിത്തമെന്ന പറയുന്നത്.

4—ആ രക്തപിത്തത്തിന്റെ പൂർവ്വരൂപങ്ങൾ ഈ പറയുന്നവകളായിരിക്കും. അതുകളെന്തെല്ലാമെന്നാൽ, ഭക്ഷണത്തിൽ അരുചി ക്ഷയം ഭക്ഷിച്ചതിന് ഉൾപ്പുഴുക്കം വരിക പുളിച്ചപുളിയുടെ സ്വാദുപോലെയും ഗന്ധംപോലെയുമുള്ള തേട്ടലും ഛർദ്ദിയും ഇടയ്ക്കിടെ വരിക ഛർദ്ദിച്ചതിൽ കലശലായ അറപ്പുതോന്നുക ഒച്ചയടയ്ക്കുക അംഗങ്ങൾ തളരുക ചുട്ടുനീറുക മുഖം പുകയുകയുക വായക്ക് ഇരിമ്പിന്റെയും ചോരയുടെയും മത്സ്യത്തിന്റെയും ആമദോഷത്തിന്റെയും ഗന്ധമുണ്ടാവുക ശരീരാവയവങ്ങൾ മലം മൂത്രം സ്വേദം ഏത്താമൂക്കനീര് ഇപ്പുൾ കണ്ണ്മലം കുരു ഇതുകളെല്ലാം രക്തവർണ്ണമായോ മഞ്ഞവർണ്ണമായോ ഇരിക്കുക അംഗങ്ങൾക്ക കലശലായ വേദന ഇതുകളും ലോഹിതം നീലം പീതം ശ്യാവം എന്ന വർണ്ണങ്ങളുള്ളതും പ്രകാശമുള്ള സൂര്യചന്ദ്രനക്ഷത്രാദിമണ്ഡലങ്ങൾ ഇതുകളെയും സ്വപ്നത്തിൽ പതിവായി കാണുക ഇതുകളെല്ലാമാകുന്നു രക്തപിത്തത്തിന്റെ പൂർവ്വരൂപങ്ങൾ. 'ശിരോഗുരുത്വമരുചിഃ ശീതേച്ഛാ ധൂമകോദ്ഗകഃ ഛർദ്ദിഃ ഛർദ്ദിതബീഭത്സ്യം കാസശ്വാസഭ്രമഃ ക്ലമഃ । ലോഹലോഹിതമത്സ്യാമഗന്ധാസ്യത്വം സ്വരക്ഷയഃ । രക്തഹാരിദ്രഹ

ഉപദ്രവാസ്തു ഖലു ദൌർബ്ബല്യാരോചകാവിപാകശ്വാസകാസ
ജ്വരാതിസാരശോഫശോഷപാണ്ഡുരോഗസ്വരഭേദാഃ. 5

മാർഗ്ഗൌ പുനരസ്യ ദ്വൌ ഊർദ്ധ്വഞ്ചാധശ്ച. തത്ര ബഹുശ്ലേ
ഷ്മണി ശരീരേ ശ്ലേഷ്മസംസർഗ്ഗാദൂർദ്ധ്വം പ്രതിപദ്യമാനം കർണ്ണനാസികാ
നേത്രാസ്യേഭ്യഃ പ്രച്യവതേ. ബഹുവാതേ തു ശരീരേ വാതസംസ
ർഗ്ഗാദധഃ പ്രതിപദ്യമാനം മൂത്രപുരീഷമാർഗ്ഗാഭ്യാം പ്രച്യവതേ. ബഹു
വാതശ്ലേഷ്മണി തു ശരീരേ ശ്ലേഷ്മവാതസംസർഗ്ഗാദ്ദ്വാവപി മാർഗ്ഗൌ
പ്രതിപദ്യതേ. തൌ മാർഗ്ഗൌ പ്രതിപദ്യമാനം സർവ്വേഭ്യ ഏവ യഥോക്തേ
ഭ്യഃ സ്രോതോഭ്യഃ പ്രച്യവതേ ശരീരസ്യ. 6

ഭിക്കപ്പെട്ടതാ നയനാദിഷു । നീലലോഹിതപീതാനാം വർണ്ണാനാം വിവേചനം । സമ്പൂർണ്ണമാകാത്തതും രക്തസ്സിൻ ലക്ഷണമിതി എന്നു വാഗ്ഭടാചാര്യൻ.

5— രക്തപിത്തത്തിന്റെ ഉപദ്രവരോഗങ്ങൾ, ബലക്ഷയം അരോചകം ദഹനക്ഷയം ശ്വാസം ചുമ പനി അതിസാരം നീര് ശോഷം പാണ്ഡുരോഗം സ്വരഭേദം ഇതുകളാകുന്നു.

6— രക്തപിത്തത്തിന്റെ ഗതിയെ വിവരിക്കുന്നു—ഇതു മേല്പോട്ടും കീഴ്പോട്ടും പുറപ്പെടുന്നതാകയാൽ ഇതിന്റെ പ്രവൃത്തിമാർഗ്ഗം രണ്ടാകുന്നു. ഇങ്ങിനെ പുറപ്പെടുന്നതിൽ, കഫാധിക്യമുള്ള ശരീരത്തിൽ ലോഹിതം കഫത്തോടുകൂടുകയാൽ മേല്പോട്ടു പൊങ്ങി ചെവി മൂക്ക് കണ്ണ് വായ എന്ന ദ്വാരങ്ങളിൽകൂടെ പുറപ്പെടുന്നു. വാതാധിക്യമുള്ള ശരീരത്തിലെ രക്തം വാതത്തോടുകൂടുകയാൽ കീഴ്പോട്ടു മൂത്രദ്വാരത്തിൽകൂടെയും മലദ്വാരത്തിൽകൂടെയും പുറപ്പെടുന്നു. വാതശ്ലേഷ്മങ്ങൾ രണ്ടും വർദ്ധിച്ച ശരീരത്തിലെ ദുഷ്ട രക്തം അവയോടുകൂടി കലരുകനിമിത്തം ത്രിദോഷകോപമായ രക്തപിത്തത്തിലെ രക്തം മുൻപറഞ്ഞ കണ്ണാദി ഊർദ്ധ്വമാർഗ്ഗങ്ങളിൽകൂടിയും അധോമാർഗ്ഗങ്ങളായ മൂത്രമലദ്വാരങ്ങളിൽകൂടിയും പ്രവർത്തിക്കും. ഇങ്ങിനെ ഉഭയമാർഗ്ഗമായി പ്രവർത്തിക്കുന്ന രക്തപിത്തം ശരീരത്തിലെ മറ്റു സകല (രോമകൂപാദി) ദ്വാരങ്ങളിൽകൂടിയും പുറപ്പെടുകയും ചെയ്യും.

തത്ര യദൂർദ്ധ്വഭാഗം തൽ സാദ്ധ്യം വിരേചനോപക്രമണീയത്വാൽ ബഹ്വൌഷധത്വാച്ച. 7

യദധോഭാഗം തദ്യാപ്യം വമനോപക്രമണീയത്വാദല്പൌഷധത്വാച്ച. 8

യദുഭയഭാഗം തദസാദ്ധ്യം വമനവിരേചനായോഗിത്വാദനൌഷധത്വാച്ച. 9

7—ഈ പറഞ്ഞ രക്തപിത്തങ്ങളിൽ ഊർദ്ധ്വഗമായ രക്തപിത്തം മാത്രമാണ് ഒന്നു സാദ്ധ്യമാകുന്നു. അതിന്നുള്ള കാരണം അതിന്റെ ചികിത്സ വിരേചനവും പ്രയോഗിക്കാവുന്ന ഔഷധം ധാരാളവുമാകുന്നു—ഊർദ്ധ്വഗത്തിൽ രക്തം കഫത്തോടുകൂടെ മേൽപ്പോട്ടു പുറപ്പെടുന്നു. അവിടെ വിരേചനവും പിത്തകഫഹരങ്ങളായ ഔഷധങ്ങളും നന്നായിരിക്കും. വിരേകം പിത്തത്തിന്നുള്ള പ്രധാനചികിത്സയാണ്. ഈ ക്രിയ അനുബന്ധിയായ കഫത്തിന്നു ശുദ്ധിയെ വരുത്തുന്നതുമാണ്. കഷായതിക്തമധുരരസദ്രവ്യങ്ങൾ പ്രായേണ പിത്തഹരങ്ങളാണ്. തിക്തോഷണകഷായങ്ങൾ കഫഹരങ്ങളുമാണ്. പിത്തഹരദ്രവ്യങ്ങളിൽ തിക്തകഷായരസയുക്തദ്രവ്യങ്ങളെല്ലാം ഊർദ്ധ്വഗരക്തപിത്തത്തിൽ ഹിതവുമാണ്. ഇതാണ് വിരേചനോപക്രമണീയത്വാൽ ബഹ്വൌഷധത്വാച്ചസാദ്ധ്യം എന്നപറഞ്ഞതിന്റെ സാരം. 8— അധോമാർഗ്ഗപ്രവൃത്തമായ— വാതസംമിശ്രമായ രക്തപിത്തം വമനം ശീലിപ്പിക്കേണ്ടതാകയാലും വാതത്തിന്നും പിത്തത്തിന്നും കൂടി അനുഗുണമായ ഔഷധം മധുരസദ്രവ്യം മാത്രമാകയാൽ ചികിത്സാവിഷയം അല്പൌഷധമായിത്തീരുകയാലും യാപ്യമാകുന്നു. 'അധോ യാപ്യം ചലാദ്യന്ത്വാത്തൽ പ്രച്ഛർദ്ദനസാധനം । അല്പൌഷധഞ്ച പിത്തസ്യ വമനം സ വാതൌഷധം । അനുബന്ധി ചലോ യശ്ച ശാന്തയേപി ന തസ്യ തൽ । കഷായാശ്ച ഹിതാസ്തസ്യ മധുരാ ഏവ കേവലം' എന്നു വാഗ്ഭടാചാര്യൻ. 9—ഉഭയായനമായ രക്തപിത്തം വമനവും വിരേചനവും

രക്തപിത്തപ്രകോപസ്തു ഖലു പുരാ ദക്ഷയജ്ഞോദ്ധ്വംസേ രുദ്രകോപാമർഷാഗ്നിനാ പ്രാണിനാം പരിഗതശരീരപ്രാണാനാമഭവജ്ജ്വരമനു ॥ 10

തസ്യാശുകാരിണോ ദാവാഗ്നേരിവാപതിതസ്യാത്യയികസ്യാശു പ്രശമനം പ്രതി യതമാനേന മാത്രാം കാലം ചാഭിസമീക്ഷ്യ സന്തർപ്പണമപതർപ്പണം വാ മൃദുമധുരശിശിരതിക്തകഷായമഭ്യ

ചെയ്യുന്നതെന്നതാകയാലും പിത്തശമനങ്ങളായ രസങ്ങൾ കഷായതിക്തമധുരങ്ങളാകയാൽ ഇതുകളിൽ മധുരരസം കഫത്തെയും കഷായതിക്തരസങ്ങൾ വാതത്തെയും കോപിപ്പിക്കുന്നവകളാകയാലും ചികിത്സിപ്പാൻ പ്രയാസമുണ്ട്. അതിനാൽ ഉഭയമാർഗ്ഗപ്രവൃത്തമായ രക്തപിത്തം അസാധാരണമാകയാൽ അസാദ്ധ്യമാകുന്നു ॥

10— രക്തപിത്തമെന്ന ഈ രോഗം പണ്ട് ദക്ഷയാഗത്തെ നശിപ്പിക്കുവാൻ വേണ്ടി സദാശിവന്റെ കോപംനിമിത്തം മൂന്നാം തൃക്കണ്ണിലെ സംഹാരാഗ്നിയിൽനിന്ന്, പാപാചാരം നിമിത്തം പരിക്ഷീണായുസ്സുകളായ പ്രാണികളെ ഹിംസിക്കുവാൻ വേണ്ടി ഉണ്ടായതായ ജ്വരത്തിനോടുകൂടെ അവതരിച്ചതാകുന്നു ॥ 11— ആ പ്രകാരമുള്ള പ്രഭാവത്തോടുകൂടിയ ഈ രക്തപിത്തം ദാവാഗ്നിയും ഒന്നുപോലെ കത്തിജ്വലിച്ചുവരുന്ന കാട്ടുതീയുപോലെ അതിവേഗത്തിൽ ശരീരനാശത്തെ വരുത്തുന്നതാകയാൽ അതു പിടിപെട്ടാൽ ക്ഷണത്തിൽ തന്നിവൃത്തിക്കായി പ്രയത്നം ചെയ്യുകയും വേണം. ആ ചികിത്സാസമ്പ്രദായത്തെ വിവരിക്കുന്നു—മാത്ര ദേശം കാലം ഇതുകളെ നല്ലവണ്ണം ആലോചിച്ച് അതാതുകൾക്ക് അനുരൂപമായ വിധം സന്തർപ്പണമായോ അപതർപ്പണമായോ— ബൃംഹണമായോ ലംഘനമായോ ഉള്ള വിധത്തിൽ മൃദുവായും മധുരരസമായും ശീതവീര്യമായും തിക്തരസമായും കഷായരസമായുമുള്ള ദ്രവ്യങ്ങളെ ഭക്ഷണത്തിന്നും അരച്ചു തേച്ചുവന്നും ധാരയും അവഗാഹത്തിന്നും സംസ്പർശനത്തിന്നും വമനവിരേചനാദികൾക്കും ഉപയോഗിക്കുകയും ഈ രോഗത്തിന്റെകാര്യത്തിൽ വളരെ മനസ്സിരുത്തി പ്രവൃത്തിക്കുകയും വേണം॥

വഹാനാര്യൈഃ പ്രദേഹപരിഷേകാവഗാഹസംസ്പർശനൈർവ്വമനാദ്യൈ-
ശ്ചാ തത്രാവഹിതമനാ ഇതി. 11

ഭവന്തി ചാത്ര.

സാദ്ധ്യം ലോഹിതപിത്തം തദ്യദൂർദ്ധ്വം പ്രതിപദ്യതേ
വിരേചനസ്യ യോഗിത്വാദ്ബഹുത്വാദൌഷധസ്യ ച. 12
വമനം ന ഹി പിത്തസ്യ ഹരണേ ശ്രേഷ്ഠമുച്യതേ
യശ്ച തത്രാനുഗോ വായുസ്തസ്യ ചാവരം മതം. 13
സ്യാന്നു യോഗാവഹം തത്ര കഷായം തിക്തകാനി ച
തസ്മാദ്യാപ്യം സമാഖ്യാതം യദുക്തമനുലോമഗം. 14
ഏകേന്ദ്ര യദ്യോഗം തദ്യാപ്യമിതി നിശ്ചയഃ

ഈ വിഷയത്തിൽ താഴെ പറയുന്നവയെക്കൂടെ ധരിച്ചിരിക്കേണ്ടതാകുന്നു.

12—കയ്പുരസാദികളോടുകൂടിയ ദ്രവ്യങ്ങളാൽ ഊർദ്ധ്വങ്ങളിൽ കൂടി സ്രവിക്കുന്നതായ ഊർദ്ധ്വഗരക്തപിത്തം പിത്തത്തിന്നു സ്വതേ ഹിതമായ വിരേകം ശീലിപ്പിക്കാവുന്നതും പിത്തശമനങ്ങളായ കഷായതിക്തമധുരരസങ്ങളിൽ കഷായതിക്തരസദ്രവ്യങ്ങളായ എല്ലാ ഔഷധങ്ങളും ധാരാളം പ്രയോഗിക്കാവുന്നതുമാകയാൽ സാദ്ധ്യമാകുന്നു. * 13-15—രക്തപിത്തത്തിലെ രക്തം ഏതുമാർഗ്ഗത്തിൽകൂടി പ്രവൃത്തിക്കുന്നുവോ അതിന്റെ വിപരീതമാർഗ്ഗത്തിൽ ശോധനവരുത്തുകയാണ് അതിന്റെ പ്രധാനമായ പ്രതിവിധി. അനുലോമഗമായ—അധോഗമായ രക്തപിത്തത്തിൽ ചെയ്യേണ്ടുന്നത് വമനമാണ്. അതു പിത്തശമനത്തിന് ഒരിക്കലും ശ്രേഷ്ഠമായി ഭവിക്കയില്ല. വാതാദികൾക്കുള്ള പ്രധാന ചികിത്സ വസ്തിവിരേകവമനം എന്നാണ് തീർച്ചപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ വിരേകം ശീലിപ്പിച്ചുപചരിക്കേണ്ടതായ പിത്തത്തിന്ന് അതിവിപരീതമായ വമനം ഒരിക്കലും ഗുണകരമായി ഭവിക്കയില്ല എന്നു സാരം. എന്നു മാത്രമല്ല അധോഗരക്തപിത്തത്തിലെ അനുബന്ധിയായ ദോഷം വാതമാ

വമനസ്യാല്പയോഗിത്വാദല്പത്വാദൌഷധസ്യ ച 15
രക്തപിത്തസ്യ യന്മാർഗ്ഗോ ദോഷോപി പ്രതിപദ്യതേ
തദസാദ്ധ്യമപിത്തൽ ശേഷം പൂർവ്വോക്താദപി കാരണാൽ. 16
ന ഹി സംശോധനം കിഞ്ചിദസ്യ പ്രാസ്യ പ്രതിമാർഗ്ഗഗം
പ്രതിമാർഗ്ഗഞ്ച ഹരണം രക്തപിത്തേ വിധീയതേ. 17
ഏവമേവോപശമനം സർവ്വശോ നാസ്യ വിദ്യതേ
സംസൃഷ്ടേഷു ച ദോഷേഷു സർവ്വജിച്ഛമനം മതം. 18

കയാൽ ഈ വമനക്രിയ വാതശമനത്തിന്ന കൂടി മതിയാവുന്നതുമല്ല. അത്രയുമല്ല പിത്തഹരങ്ങളായ രസങ്ങളിൽ കഷായതിക്തരസങ്ങൾ—കഷായതിക്തരസദ്രവ്യങ്ങൾ കൂടിയും വാതശമനങ്ങളാവുകയില്ല. ഇതുകൾ വാതത്തെ കോപിപ്പിക്കുകയാണ് ചെയ്യുക എന്ന താല്പര്യം. ഈ വക കാരണങ്ങളാൽ അധോമാർഗ്ഗപ്രവൃത്തമായ രക്തപിത്തം യാപ്യമാകുന്നു. അല്പമായ വമനം മാത്രമേ ചെയ്തുകൂടു. മധുരമെന്ന ഒരൊറ്റ രസത്തെ ആശ്രയിച്ച ശമനങ്ങൾ മാത്രമേ പ്രയോഗിച്ചുകൂടു എന്നുള്ള കാരണത്താൽ അധോഗരക്തപിത്തം യാപ്യം തന്നെയാണെന്നാണ് പൂർവ്വാചാര്യന്മാരുടെ നിശ്ചയം * 16—ഉഭയായനമായ—മേല്പോട്ടും കീഴ്പോട്ടും എന്നാവണ്ണ മാർഗ്ഗങ്ങളിൽകൂടിയും പുറപ്പെടുന്നതായ രക്തപിത്തം വിരേകവമനങ്ങൾ രണ്ടും ശീലിക്കുവാൻ പാടില്ലാത്തതാകയാൽ തീർച്ചയായും അസാദ്ധ്യമാണെന്നുതന്നെ അറിയുകയും വേണം. 17—രക്തപിത്തചികിത്സ പ്രതിമാർഗ്ഗഹരണമാണ്. ഉഭയായനത്തിൽ അതിന്നും നിവൃത്തിയുമില്ല. വിരേകം ശീലിപ്പിച്ചാൽ കീഴ്പോട്ടുള്ള ഗതി വർദ്ധിക്കും, വമനം ശീലിപ്പിച്ചാൽ മേല്പോട്ടുള്ള ഗതിയും വർദ്ധിക്കും. അതാണ് 'നഹിസംശോധനം കിഞ്ചിദസ്യാസ്തി പ്രതിമാർഗ്ഗഗം' എന്ന പ്രത്യേകം പറയുവാനുള്ള കാരണം. 18—ഈ വക കാരണങ്ങളാൽ ഈ ഉഭയായനത്തിന്ന തക്കതായ പ്രതിവിധി യാതൊന്നും കാണുന്നില്ല. ഇതു തീർച്ചയായും അസാദ്ധ്യമെന്ന സാരം * ഇനി ഇ

ഉദ്ധൃതം ത്രിവിധോത്ഥം രക്തം മാർഗ്ഗവിശേഷതഃ
ഏഭ്യസ്തു ഖലു ഹേതുഭ്യഃ കിഞ്ചിത്സാദ്ധ്യം ന സിദ്ധ്യതി. 19
പ്രേഷ്യോപകരണാഭാവാദ്ദൌരാത്മ്യാദ്വൈദ്യദോഷതഃ
അകർമ്മതശ്ച സാദ്ധ്യത്വം കശ്ചിദ്രോഗോഽതിവർത്തതേ. 20
തത്രാസാദ്ധ്യത്വമേകം സ്യാൽ സാദ്ധ്യയാപ്യപരിക്രമാൽ
രക്തപിത്തസ്യ വിജ്ഞേയമിദം ത്രൈവിധ്യമുച്യതേ. 21
യൽ കൃഷ്ണമഥവാ നീലം യദ്വാ ശക്രധനുഷ്പ്രഭം
രക്തപിത്തമസാദ്ധ്യം തദ്വാസസോ രഞ്ജനഞ്ച യൽ- 22

തിൽതന്നെ അവാന്തരസംസർഗ്ഗങ്ങളോടുകൂടി കാണുന്ന രക്തപിത്ത രോഗങ്ങളിൽ അവയുടെ ദോഷങ്ങളെയെല്ലാം ശമിപ്പിക്കുന്നതായ ചികിത്സയും ചെയ്യണം * 19—20— ഊർദ്ധ്വഗം അധോഗം ഉഭയഗം എന്ന മാർഗ്ഗവിശേഷത്തിൽകൊണ്ടു സാദ്ധ്യയാപ്യപ്രത്യാഖ്യേയങ്ങളായ രക്തപിത്തങ്ങളെല്ലാം വിവരിച്ചു. ഈ പറഞ്ഞ സാദ്ധ്യാദിവിഭാഗത്തിലെ സാദ്ധ്യമായതുതന്നെ യാപ്യമായോ അഥവാ പ്രത്യാഖ്യേയം തന്നെയോ ആയിത്തീർന്നു എന്നും വരുന്നതാകാം. അങ്ങിനെ വരുവാനുള്ള കാരണമെന്തെന്നാൽ, നല്ല പരിചാരകന്മാരും വിശിഷ്ടങ്ങളായ ഔഷധങ്ങളുമില്ലാത്തതും ഈ രോഗം സാരമില്ലെന്നുവെച്ചുകയും വൈദ്യന്റെ അജ്ഞതനിമിത്തം വേണ്ടതുപോലെ ചികിത്സിക്കാത്തതും തന്നെയാകുന്നു. ഈ പറഞ്ഞ ദോഷങ്ങൾ സംഭവിച്ചാൽ ഏതു രോഗവും സാദ്ധ്യതയെ വിട്ടു യാപ്യപ്രത്യാഖ്യേയങ്ങളിൽ ചെന്നു ചാടുകയും ചെയ്യും * 21 — ഊർദ്ധ്വഗം സാദ്ധ്യം. അധോഗം യാപ്യം ഉഭയഗം അസാദ്ധ്യം എന്നു മുൻപറഞ്ഞ വിഭാഗപ്രകാരം അസാദ്ധ്യം ഒന്നു മാത്രമാകുന്നു. എന്നാൽ സാദ്ധ്യയാപ്യങ്ങളിൽതന്നെ ചിലത് അസാദ്ധ്യങ്ങളായിത്തീരും. ആ വക രക്തപിത്തങ്ങളുടെ വിശേഷലക്ഷണങ്ങളെയും ഉപദേശിച്ചതാം *22— രക്തപിത്തത്തിൽ ഛർദ്ദിച്ചോ അതിസരിച്ചോ പുറത്തുവരുന്ന രക്തം കറുത്തോ അ

ഭൃശം പൂത്യതിമാത്രഞ്ച സർവ്വോപദ്രവവച്ച യൽ
ബലമാംസക്ഷയേ യച്ച തച്ച രക്തമസിദ്ധയേ 23
യേന ചോപഹതോ രക്തം രക്തപിത്തേന മാനവഃ
പശ്യേൽ ദൃശ്യം വിയച്ചൈവ തച്ചാസാദ്ധ്യമസംശയം 24

ല്ലെങ്കിൽ നീലവൎണ്ണമായോ ഇന്ദ്രചാപസവൎണ്ണമായോ ഇരിക്കുകയും അതു വസ്ത്രത്തിൽ പറ്റിയാൽ എത്രതന്നെ തിരുമ്പിയാലും കറ പോകാതിരിക്കുകയും ചെയ്യുന്നതായാൽ ആ രക്തപിത്തം അസാദ്ധ്യമാകുന്നു. 23— പുറത്തുവരുന്ന രക്തം അതിദുൎഗ്ഗന്ധത്തോടുകൂടിയിരിക്കുക, അതിന്റെ വരവ് അത്യധികമായിരിക്കുക (ദിനംപ്രതി അല്ലെങ്കിൽ ഒരു വേഗം കഴിഞ്ഞുപിന്നെ വരുന്ന വേഗത്തിൽ മുമ്പിലത്തേതിലും അധികരിച്ചിരിക്കുക), രക്തപിത്തത്തിന്റെ പറഞ്ഞ ഉപദ്രവങ്ങളെല്ലാം കാണുക, ശരീരബലവും മാംസവും ക്ഷയിച്ചുവരുന്നതാവുക ഈ വക ലക്ഷണങ്ങൾ കണ്ടാൽ അതും അസാദ്ധ്യം തന്നെയാകുന്നു. 24— എതൊരു രക്തപിത്തമുള്ളവനാണ് താൻ കാണുന്ന ഘടപടാദി സകല പദാൎത്ഥവും ആകാശത്തെ കൂടെയും രക്തവൎണ്ണമായി കാണുന്നുവോ ആ രക്തപിത്തവും അസാദ്ധ്യം തന്നെയാകുന്നു. രക്തപിത്തത്തിന്റെ അസാദ്ധ്യലക്ഷണങ്ങളെയും ഉപദ്രവങ്ങളെയും ഗ്രന്ഥാന്തരങ്ങളിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു: 'രക്തപിത്തം ഭൃശം രക്തം കൃഷ്ണമിന്ദ്രധനുഃപ്രഭം । താമ്രഹാരിദ്രഹരിതം രൂപം രക്തം പ്രദർശയേൽ । രോമകൂപപ്രവിസൃതം കണ്ഠാസ്യഹൃദയേ സജൽ । വാസസോ രഞ്ജനം പൂതി വേഗവച്ചാതിഭൂരി ച । വൃതം പാണ്ഡുജ്വരച്ഛൎദ്ദികാസശ്വാസാതിസാരിണം । ദൌൎബ്ബല്യശ്വാസകാസജ്വരവമഥുമദാഃ പാണ്ഡുതാദാഹമൂൎച്ഛാ ഭുക്തേ ഘോരോ വിദാഹസ്ത്വധൃതിരപി സദാ ഹൃദ്യതുല്യാ ച പീഡാ । തൃഷ്ണാ കോഷ്ഠസ്യ ഭേദഃ ശിരസി ച തപനം പൂതിനിഷ്ഠീവനത്വം ഭക്തദ്വേഷാവിപാകൌ വികൃതിരപി ഭവേദ്രക്തപിത്തോപസൎഗ്ഗാഃ । മാംസപ്രക്ഷാളനാഭം ക്വഥിതമിവ ച യൽ കൎദ്ദമാംഭോനിഭം വാ മേദഃ പൂയാസ്രകല്പം യകൃതി

തത്രാസാദ്ധ്യം പരിത്യാജ്യം യാപ്യം യത്നേന യാപയേൽ
സാദ്ധ്യഞ്ചാവഹിതഃ സിദ്ധൈർഭേഷജൈഃ സാധയേദ്ഭിഷക്. 25

തത്ര ശ്ലോകൗ

കാരണം നാമ നിർവൃത്തിം പൂർവ്വരൂപാണ്യുപദ്രവാൻ
മാർഗ്ഗൗ ദോഷാനുബന്ധഞ്ച സാദ്ധ്യത്വം ന ച ഹേതുമൽ. 26
നിദാനേ രക്തപിത്തസ്യ വ്യാജഹാര പുനർവ്വസുഃ
വീതമോഹരജോദോഷലോഭമാനമദസ്പൃഹഃ 27

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
രക്തപിത്തനിദാനം നാമ ദ്വിതീയോദ്ധ്യായഃ.

വമതി വാ പാകലജംബൂഫലാഭം । യൽ കൃഷ്ണം യച്ച നീലം ഭൃശമതി കുണപം യത്ര ചോക്താ വികാരാസ്തദ്വർജ്ജ്യം രക്തപിത്തം സുരപതിധനുഷാ യച്ച തുല്യം വിഭാതി । ലോഹിതം മർത്ത്യേഭ്യസ്തു ബഹുശോ ലോഹിതേക്ഷണഃ । ലോഹിതോൽഗാരദർശീ ച മ്രിയതേ രക്തപൈത്തികഃ" * 25—ഈ പറഞ്ഞ സാദ്ധ്യയാപ്യപരിത്യാജ്യരക്തപിത്തങ്ങളിൽ അസാദ്ധ്യലക്ഷണമുള്ള രക്തപിത്തത്തെ വൈദ്യൻ തീരെ വർജ്ജിക്കണം. യാപ്യമായതിനെ മനസ്സിരുത്തിച്ചികിത്സിച്ച് അസാദ്ധ്യനിലയിൽ ചാടാതെ കഴിച്ചുകൂട്ടണം. സാദ്ധ്യമായതിനെ കൈകണ്ട മരുന്നുകൾകൊണ്ടു മനസ്സിരുത്തി ചികിത്സിച്ചു ഭേദമാക്കുകയും വേണം. *

അദ്ധ്യായവിവരണം

26-27—രക്തപിത്തമുണ്ടാകുവാനുള്ള കാരണം രക്തത്തോടു കൂടിയ പിത്തത്തെ രക്തമെന്നു പറയുവാനുള്ള കാരണം പൂർവ്വരൂപങ്ങളും ഉപദ്രവങ്ങളും രക്തപ്രവൃത്തിമാർഗ്ഗങ്ങളും അതുകളിലെ ദോഷാനുബന്ധം സാദ്ധ്യാസാദ്ധ്യവിഭാഗം അതുകളുടെ ഹേതു ഇതുകളെല്ലാം ഈ രക്തപിത്തനിദാനമെന്ന അദ്ധ്യായത്തിൽ മോഹവും രജോദോഷവും ലോഭവും മാനവും മദവും സ്പൃഹയുമില്ലാത്ത ആത്രേയഭഗവാൻ വിശദമായി പറഞ്ഞിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
നിദാനസ്ഥാനേ ദ്വിതീയോദ്ധ്യായഃ (2)

അദ്ധ്യായം ൩. ഗുല്മനിദാനം.

—*—

അഥാതോ ഗുല്മനിദാനം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ഇഹ ഖലു പഞ്ച ഗുല്മാ ഭവന്തി. തദ്യഥാ—വാതഗുല്മഃ പി

അദ്ധ്യായം ൩.

ഇനി ഗുല്മനിദാനത്തെ പറയാം—

1—ഗുല്മൻ അഞ്ചുപ്രകാരത്തിലാകുന്നു. അതെങ്ങിനെയെന്നാൽ, വാതഗുല്മൻ പിത്തഗുല്മൻ കഫഗുല്മൻ സന്നിപാതഗുല്മൻ രക്തഗുല്മൻ ഇങ്ങിനെയാണ്. ഗുല്മത്തിന്റെ അവയവവ്യത്യാസം ഈ വിഷയത്തിൽ വാഗ്ഭടാചാര്യൻ 'ഗുല്മോഷ്ടധാ പൃഥഗ്ദോഷൈഃ സംസൃഷ്ടൈർന്നിചയം ഗതൈഃ। ആർത്തവസ്യ ച ദോഷേണ നാരീണാം ജായതേഷ്ടമഃ' എന്നിങ്ങിനെ ഗുല്മൻ എട്ടുപ്രകാരത്തിലാണെന്ന പറയുന്നു. എന്നാൽ മാധവാചാര്യൻ 'ദുഷ്ടാ വാതാദയോത്യർത്ഥം മിഥ്യാഹാരവിഹാരതഃ । കുർവന്തി പഞ്ചധാ ഗുല്മം കോഷ്ഠാന്തർഗ്രന്ഥിരൂപിണം। തസ്യ പഞ്ചവിധം സ്ഥാനം പാർശ്വഹൃന്നാഭിബസ്തയഃ। ഹൃന്നാഭ്യോരന്തരേ ഗ്രന്ഥിഃ സഞ്ചാരീ യദി വാചലഃ। വൃത്തശ്ചയാപചയവാൻ സ ഗുല്മ ഇതി കീർത്തിതഃ। സ വ്യസ്തൈർജ്ജായതേ ദോഷൈഃ സമസ്തൈരപി ചോച്ഛ്രിതൈഃ । പുരുഷാണാം, തഥാ സ്ത്രീണാം ജ്ഞേയോ രക്തേന ചാപരഃ' എന്നിങ്ങിനെ മഹർഷിയുടെ മതത്തെത്തന്നെ പ്രതിപാദിക്കയും ചെയ്യുന്നു. ചക്രപാണിമഹർഷി 'സ്ത്രീണാമാർത്തവജോ ഗുല്മോ ന പുംസാമുപജായതേ। അന്യസ്ത്വസൃഗ്ഭവോ ഗുല്മഃ സ്ത്രീണാം പുംസാം ച ജായതേ' എന്നിങ്ങിനെ ധാതുരൂപമായ രക്തനിമിത്തവും ഒരു ഗുല്മമുണ്ടാകുമെന്ന പറയുന്നു. പക്ഷെ അതു പിത്തഗുല്മത്തിന്റെ അവാന്തരഭേദമായിരിക്കണം. അതുപോലെ സംസൃഷ്ടഗുല്മൻ സന്നിപാതഗു

തല്ലിംഗൈഃ ശ്ലേഷ്മലിംഗൈശ്ച വിപരീതലിംഗൈസ്തത്‌ലിംഗൈ ഇതി. 1

ഏവംവാദിനം ഭഗവന്തമാത്രേയമഗ്നിവേശ ഉവാച. കഥമിഹ ഭഗവൻ പഞ്ചാനാം ഉന്മാദാനാം വിശേഷമഭിജാനീമഹേ. ന ഹ്യവിശേഷവിദ്രോഗാണാമൗഷധവിദപി ഭിഷക് പ്രശമനസമർത്ഥ ഇതി. 2

അഥോവാച ഭഗവാനാത്രേയഃ. സമുത്ഥാനപൂർവ്വരൂപലിംഗവേദനോപശയവിശേഷേഭ്യോ വിശേഷവിജ്ഞാനം ഉന്മാദാനാം ഭവത്യഗ്നി

ന്റെ അവാന്തരങ്ങൾ കൊണ്ടാൽ ആ വ്യത്യാസത്തെ ഇവിടെ വേറെ വിവരിച്ചിട്ടില്ലെന്നു മാത്രമേ ഉള്ളൂ. അവാന്തരഭേദങ്ങളെല്ലാം യുക്തികൊണ്ടറിയാവുന്നതുമാണ്.

2— ഇപ്രകാരം ഉപദേശിച്ച ആത്രേയഭഗവാനോട് അഗ്നിവേശൻ ഇങ്ങിനെ ചോദിച്ചു: അല്ലയോ ഭഗവൻ! ഉന്മാദം അഞ്ചുപ്രകാരത്തിലുണ്ടെന്നുമാത്രം ഉപദേശിച്ചാൽ ഞങ്ങളാൽ ചിലർ അതിന്റെ പ്രത്യേകം പ്രത്യേകമുള്ള ഭേദത്തെ എങ്ങിനെയാണ് അറിയുക? ചികിത്സിക്കുവാൻ പുറപ്പെടുന്ന വൈദ്യൻ ഓരോ രോഗങ്ങൾക്കുമുള്ള സകലവിധ ഔഷധങ്ങളേയും അറിയുന്നവനാണെങ്കിൽകൂടി രോഗവിശേഷജ്ഞാനമില്ലാത്തവനാണെങ്കിൽ അവന്റെ ജ്ഞാനംകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവുകയില്ല. അവനു ഒരു രോഗത്തെയും മാറ്റുവാൻ കഴിയുകയുമില്ല. അതിനാൽ ഉന്മാദത്തിന്റെ പ്രത്യേകലക്ഷണങ്ങളെ വിശദമായി ഉപദേശിച്ചുതരണേ എന്നഭിപ്രായം.

3— ഇപ്രകാരം ചോദിച്ച സമയം ആത്രേയഭഗവാൻ അഗ്നിവേശനോട് ഇങ്ങിനെ മറുപടി പറഞ്ഞു. അല്ലയോ അഗ്നിവേശ! ഉന്മാദമെന്ന ഈ രോഗത്തിന്റെ എന്നുവേണ്ട മററു സകലരോഗങ്ങളുടേയും വിശേഷവിജ്ഞാനം സിദ്ധിക്കുന്നത് അതാതു രോഗങ്ങളുടെ സമുത്ഥാനം പൂർവ്വരൂപം രോഗസ്വഭാവം വേദന ഉപശയം ഇതുകളുടെ വിശേഷങ്ങളിൽ നിന്നുതന്നെ— സമുത്ഥാനാദിവി

ഷ്ഠാനാം രോഗാണാമനിലോധികഃ! ഇഹ ഖലു ഗുല്മോല്പത്യാനാം നിദാനം 3

യദാ പുരുഷോ വാതളോ വിശേഷേണ ജ്വരവമനവിരേചനാതിസാരാണാമന്യതമേന കർശനേന കർശിതോ വാതളമാഹാരമാഹരതി ശീതം വാ വിശേഷേണാതിമാത്രമസ്നേഹപൂർവ്വം വാ വമനവിരേചനേ പിബത്യനുദീർണ്ണാൻ വാതമൂത്രപുരീഷവേഗാൻ നിരുണദ്ധ്യത്യശിതോ വാ പിബതി നവോദകമതിമാത്രമതിമാത്രസംക്ഷോഭിണാ വാ യാനേന യാത്യതിവ്യവായവ്യായാമമദ്യശോകാഭിഘാതാതിമിച്ഛതി വാ വിഷമാശനശയനസ്ഥാനചംക്രമണസേവീ വാ ഭവതി അന്യദപി കിഞ്ചിദേവംവിധം വാതിമാത്രം വ്യായാമജാതം വാരഭതേ തസ്യാപചാരാദ്വാതഃ പ്രകോപമാപദ്യതേ 4

ശേഷങ്ങളെ രോഗി അറിയുന്നതിൽനിന്നു ഭേദമായിരിക്കുന്നു. അതിനാൽ ഗുല്മരോഗങ്ങളെക്കുറിച്ചുള്ള സമുത്ഥാനാദിഭേദത്തെ ഞാൻ വിസ്തരിച്ചു പറഞ്ഞുതരാം മനസ്സിരുത്തി ധരിക്ക *

4— സദാ വാതപ്രകൃതിയായവൻ ശരീരത്തെ കർശിപ്പിക്കുന്നതായ ജ്വരം വമനം വിരേകം അതിസാരം ഇതിൽ ഏതെങ്കിലും ഒന്നുകൊണ്ടു വിശേഷേണ കർശം വരികയും പിന്നെയും വാതളങ്ങളായ ആഹാരപദാർത്ഥങ്ങളെത്തന്നെ ഭക്ഷിക്കുകയോ അതിശീതമായ അന്നപാനാദികളെ ശീലിക്കുകയോ സ്നേഹാതിയോഗം വന്നസമയം വമനവിരേചനങ്ങളെ ശീലിക്കുകയോ അപ്രവൃത്തങ്ങളായ അധോവാതമൂത്രപുരീഷവേഗങ്ങളെ പുറപ്പെടുവിക്കുകയോ പ്രവൃത്തങ്ങളായ മേൽപറഞ്ഞ വേഗങ്ങളെ ധരിക്കുകയോ അതിമാത്രമായ ഭക്ഷണം കഴിച്ചതിന്നശേഷം പുതുവെള്ളം കണക്കിലധികം കുടിക്കുകയോ കലശലായി കുലുക്കമുള്ള യാനങ്ങളിൽക്കൂടി സഞ്ചരിക്കുകയോ അവയവങ്ങളെ യഥാസ്ഥാനത്തു വെക്കാതെ ഭക്ഷണം കഴിക്കുക കിടക്കുക ഇരിക്കുക സഞ്ചരിക്കുക ഇതുകളെ ശീലിക്കുകയോ ചെയ്യുകയും ഇതുവിധം വാതകോപനങ്ങളായ മററു വ്യായാമങ്ങളെയും അവനവന്റെ ശക്തിയിൽ കവിഞ്ഞവിധം പ്രവൃത്തി

സ പ്രകുപിതോ മഹാസ്രോതോഽനുപ്രവിശ്യ രൌക്ഷ്യാൽ കഠിനീഭൂതമാപ്ലുത്യ പിണ്ഡിതാവസ്ഥാനം കരോതി. ഹൃദി വസ്തൌ പാർശ്വയോർന്നാഭ്യാം വാ സ ശൂലമുപജനയതി. സ വാതജസ്യാനേകവിധാൻ വേദനാവിശേഷാൻ ജനയതി ഗ്രന്ഥീംശ്ചാനേകവിധാൻ. പിണ്ഡിതശ്ചാവതിഷ്ഠതേ. സ പിണ്ഡിതത്വാൽ ഗുല്മ ഇത്യുച്യതേ. 5

സ മുഹുരാധ്മായതേ മുഹുരല്പതാമാപദ്യതേ അനിയതവിപുലാണുവേദനോ ശ്ചലത്വാദ്വായോഃ. പിപീലികാസംപ്രചാര ഇവ തോദസ്ഫുരണായാമസങ്കോചഹർഷപ്രലയോദയബഹുലസ്തദാത്വേ സൂച്യേവ

ക്കുവാൻ തുടങ്ങുകയും ചെയ്യുന്നു. ആ വക അപചാരംനിമിത്തം അവന്റെ ശരീരചാരിയായ വായു കോപിക്കുകയും ചെയ്യും * 5— അങ്ങിനെ കോപിച്ച വായു ഉദരത്തെ പ്രവേശിക്കുകയും രൂക്ഷ്യം നിമിത്തം തന്നത്താൻ കഠിനമായിത്തീന്ന്, ഹൃദയത്തിലോ വസ്തിപ്രദേശത്തോ വാരിഭാഗങ്ങളിലോ നാഭിയിങ്കലോ ഉള്ളിലിറങ്ങിയിരുന്നുകൊണ്ട് പിണ്ഡാകൃതിയായിരിക്കുകയും ശൂലാവേദനയെ ഉണ്ടാക്കുകയും ചെയ്യും. അത് വാതകോപംനിമിത്തമുണ്ടാകുമെന്നു സൂത്രസ്ഥാനത്തിൽ വിവരിച്ചിട്ടുള്ള അനേകതരം വേദനകളെയും ഉണ്ടാക്കിത്തീക്കും. മുഴച്ചുനടക്കുന്ന മുഴകൾ പലപ്രകാരത്തിലായിരുണ്ടാം. എപ്പോഴും പിണ്ഡാകൃതിയായിത്തന്നെയിരിക്കും. വായു സ്വതേ അമൂർത്തമായിട്ടുള്ളതാണെങ്കിലും അതു പിണ്ഡാകൃതിയായി കാണപ്പെടുന്നതിനാൽ അതിനെ ഗുല്മമെന്ന പ്രത്യേകനാമംകൊണ്ടു പറയപ്പെടുകയും ചെയ്യും * 6— ആ വാതഗുല്മൻ ഇടയ്ക്കിടയ്ക്കു വീർക്കുകയും ചിലപ്പോൾ ചെറുതായി കാണുകയും ചെയ്യും. വായു സ്വതേ ചലനാകയാൽ വേദനയ്ക്കു യാതൊരു വ്യവസ്ഥയുമുണ്ടാവുകയില്ല. ഉറുമ്പുകളെ ദേഹത്തിൽ ഉറമ്പു പൊതിഞ്ഞതായി തോന്നും. കുത്തിനോവുകയും പിളർന്നുനോവുകയും ആയാസവും കോച്ചലും തരിപ്പും തൻതടക്കെട്ടും കലശലായിരിക്കും. രോഗിയുടെ ദേഹമാസകലം സൂചികൊണ്ടോ കുറ്റികൊണ്ടോ കലശലായിത്തറച്ചുംപൊ

ജനയതി ചാതിവിഷ്ടംഭമാനോ മന്യാമപി ച ദിവസാന്തേ ജീർണ്ണേ ഭൂയിഷ്ഠതി ചാസ്യാസ്യശോഷഃ ശ്വാസോച്ഛ്വാസോപരോധശ്ച ഹൃഷ്യന്തി രോമാണി വേദനാപ്രാദുർഭാവേ പ്ലീഹാടോപാന്ത്രകൂജാവിപാകോദാവർത്താംഗമർദ്ദമന്യാശിരശ്ശംഖശൂലബ്രധ്നരോഗാശ്ചൈനമുപദ്രവന്തി കൃഷ്ണാരുണപരുഷത്വങ്നഖനയനവദനമൂത്രപുരീഷശ്ച ഭവതി നിദാനോക്താനി ചാസ്യ നോപശേരതേ വിപരീതാനി ചോപശേരതേ ഇതി വാതഗുല്മഃ 6

തൈരേവ തു കർമ്മഭിഃ കർശിതസ്യാമ്ലലവണകടുകക്ഷാരോഷ്ണതീക്ഷ്ണശുഷ്കവ്യാപന്നമദ്യഹരിതകഫലാമ്ലാനാം വിദാഹിനാഞ്ച

ലെ തോന്നുകയുംചെയ്യും. ദിവസാന്തത്തിങ്കൽ (ഉച്ച രാത്രി ഭക്ഷണ കാലം മുതലായതിന്റെയും ഉപലക്ഷണമാകുന്നു) പനിക്കുകയും വായ വരളുകയും ശ്വാസോച്ഛ്വാസങ്ങൾ തടയുകയും വേദന വരുമ്പോൾ ഉടലിലെ രോമങ്ങൾ എഴുന്നേല്ക്കുകയും ചെയ്യും. ഇതുകൂടാതെ പ്ലീഹരോഗം ഏമ്പക്കം കുടൽകൂകൽ ദഹനക്കേട് ഉദാവർത്തം അംഗമർദ്ദം മന്യാസ്തംഭം തലവേദന ചെന്നിക്കുത്ത് വൃദ്ധിരോഗം ഇവ ഉപദ്രവരോഗങ്ങൾകൂടെ ഉണ്ടാവുകയും ചെയ്യും. തൊക്ക് നഖം കണ്ണ് മുഖം മൂത്രം മലം ഇതുകൾ കൃഷ്ണവർണ്ണങ്ങളായോ അരുണവർണ്ണങ്ങളായോ വരികയും പരുഷങ്ങളായിത്തീരുകയും ചെയ്യും. വാതഗുല്മകാരണങ്ങളായിപ്പറഞ്ഞ (4-ാം ഗദ്യത്തിൽ പറഞ്ഞ) യാതൊന്നു ശീലിച്ചാലും ഭേദം കിട്ടാതിരിക്കയും അതിന്നു വിപരീതങ്ങളായ ഇതുകളെ ശീലിച്ചാൽ ഗുണം കിട്ടുകയും ചെയ്യും. ഇതാണ് വാതഗുല്മത്തിന്റെ ലക്ഷണം.

7—പിത്തഗുല്മലക്ഷണത്തെ വിവരിക്കുന്നു—മുൻപറഞ്ഞ വാതഗുല്മകാരണങ്ങളാൽ കർശനനായവൻ അമ്ലലവണകടുക്ഷാരരസങ്ങളെയും ഉഷ്ണങ്ങളും തീക്ഷ്ണങ്ങളും ശുഷ്കങ്ങളുമായ പദാർത്ഥങ്ങളും കേടുവന്ന മദ്യവും പച്ചക്കറിസാധനങ്ങളും മത്സ്യവും ഉപ്പു ഴുക്കാത്ത ഉണക്കനായിട്ടുള്ള ശാകങ്ങളും മാംസങ്ങളും ശീലിക്കുകയും അജീർണ്ണത്തോടും അദ്ധ്യശനം ചെയ്കയും വിഷമമായ

A2

ശോകമാംസാനാമുപയോഗാജ്ജീർണ്ണാദ്ധ്യശനാദ്രൌക്ഷ്യാദ്വേഗതേ ചര മാരയേ വമനവിരേചനാതിവേലസന്ധാരണാം വാതാതപാതിചര തിജ്വരമാനസ്യ പിത്തം സഹ മാരുതേന പ്രകോപമാപദ്യതേ. 7

തൽ പ്രകുപിതം മാരുത ആമാശയൈകദേശ സംവർത്ത്യ താനേവ വേദനാപ്രകാരാനുപജനയതി യ ഉക്താ വാതഗുന്മേ. പിത്തം തേന വിദഹതി കക്ഷൗ ഹൃദയമസി കണ്ഠ ഹാ സ വിദഹ്യമാനഃ സധൂമമിവോൽഗാരമുൽഗിരത്യമ്ലാന്വിതം ഗുന്മാവകാശശ്ചാസ്യ ദഹ്യതേ ദൂയതേ ധൂപ്യതേ ഉഷ്മായതേ സ്വിദ്യതി ക്ലിദ്യതി ശിഥില ഇവ ചാസ്പർശാസഹോല്ലേഖാമാത്രോ ഭവതി. ജ്വരഭ്രമദവഥുപിപാസാഗളവദനതാലുശോഷപ്രമോഹാവിർഭാവശ്ചാസ്യ ഭവതി. ഹരിതഹാരിദ്രത്വക്നഖനയനവദനമൂത്രപുരീഷശ്ച ഭവതി നിരാമാ

ത്തിൽ രൂക്ഷതവരികയും അങ്ങിനെ വൈകല്യവന്നിരിക്കുമ്പോൾ വമനവിരേകങ്ങൾ ശീലിക്കുകയും അധോവാതാദിവേഗങ്ങളെ അതിയായി ധരിക്കുകയും കാറ്റും വെയിലും വേണ്ടതിലധികം കൊള്ളുകയും ചെയ്യാൽ വായുവിനോടുകൂടെ പിത്തവും കോപിക്കും * 8—പിത്തത്തോടുകൂടെ കോപിച്ചതായ വാതം ആ കോപിച്ച പിത്തത്തെ ആമാശയത്തിന്റെ ഒരു ഭാഗത്തു നിറുത്തുകയും വാതഗുന്മത്തിൽ പറഞ്ഞ എല്ലാതരം വേദനകളെയും പുറപ്പെടിക്കുകയും ചെയ്യും. സ്വതെ പ്രകോപത്തെ പ്രാപിച്ചതാണെങ്കിലും കുപിതമായ വാതത്താൽ ആമാശയൈകദേശത്തിൽനിന്നു പുറത്തിറങ്ങുവാൻ പാടില്ലാതവിധം നിരോധിക്കപ്പെട്ട പിത്തം അവിടെ ഇരുന്നുകൊണ്ട് കക്ഷിഹൃദയം ഉരസ്സ് കണ്ഠം എന്ന സ്ഥാനങ്ങളിൽ ചുട്ടുനീറലിനെയും പുകഞ്ഞുതേട്ടലിനെയും പുളിച്ചതേട്ടലിനെയുമുണ്ടാക്കും. ഗുന്മൻ ഇരിക്കുന്ന സ്ഥാനം പൊള്ളുകയും വേദനപ്പെടുകയും പുകയുകയും നീറുകയും വിയർക്കുകയും നനയുകയും ചെയ്യും. ഗുന്മൻ അത്യന്തം മൃദുവായും ശിഥിലമായുമിരിക്കും. ആ സ്ഥാനം തൊട്ടാനും വളരെ സങ്കടമായിരിക്കും. ഇതിന്റെ വേദനാപ്രാദുർഭാവത്തിൽ രോമാഞ്ചം

ക്താനി ചാസ്യ നാനാവിധാനി വിപരീതാനി ചാസ്യ ചോപശയാനി ന്ത ഇതി പിത്തജ്വരഃ. 8

ഏതൈരേവ തു കർമ്മഭിഃ കർശിതസ്യാത്യശനാൽ സ്നിഗ്ദ്ധഗുരുമധുരശീതാശനാൽ പിഷ്ടക്ഷീരമാഷതിലഗുഡവികൃതിസേവനാന്മദ്യപാനാദപരിതകാതിപ്രണയനാദാനൂപൗദകഗ്രാമ്യമാംസാതിഭക്ഷണാൽ സന്ധാരണാദതിസുഹിതസ്യ ചാതിപ്രഗാഢമുദകപാനാൽ സംക്ഷോഭണാദ്വാ ശരീരസ്യ ശ്ലേഷ്മാ സഹ മാരുതേന പ്രകോപമാപദ്യതേ. 9

സ പ്രകുപിതഃ മാരുത ആമാശയമേകദേശം സംപ്രവിശ്യ താനേവ വേദനാപ്രകാരാനുപജനയതി യ ഉക്താ വാതജ്വരേ. ശ്ലേഷ്മാ

വളരെ കാച്ചൂരായമെ ഉണ്ടാവുകയുള്ളൂ. ഇത്രയുമാണ് പനിയും തലതിരിച്ചിലും ചുട്ടുനീറലും ദാഹവും തൊണ്ടയിലും വായയിലും താലുപ്രദേശത്തും വരൾച്ചയും മോഹാലസ്യവും അതിസാരവും ഉണ്ടാകും. ത്വക്ക് നഖം നയനം വദനം മൂത്രം മലം ഇതുകൾ പച്ചനിറമായോ മഞ്ഞനിറമായോ ഭവിക്കും. ഈ പറഞ്ഞ പിത്തജ്വരത്തിന്നു കാരണങ്ങളായ ആഹാരവിഹാരങ്ങൾ ശീലിച്ചാൽ അതു വീണ്ടും വർദ്ധിക്കും. അതിന്നു വിപരീതങ്ങളായവയെ ശീലിച്ചാൽ ഇതിന്നു സുഖം കിട്ടുകയും ചെയ്യും. ഇതാണ് പിത്തജ്വരലക്ഷണം *

9—കഫജ്വരനിദാനത്തെ വിവരിക്കുന്നു:—വാതജ്വരങ്ങളാകുവാൻ പറഞ്ഞ കർമ്മങ്ങളെ ശീലിക്കുകനിമിത്തം കർശനായവൻ അത്യശനം ശീലിക്കുകയും സ്നിഗ്ദ്ധങ്ങളും ഗുരുക്കളുമായവയും മധുരരസങ്ങളും ശീതവീര്യങ്ങളുമായ പദാർത്ഥങ്ങളെ ശീലിക്കുകയും അരിപ്പിട്ട് കരിമ്പ് പാല് ഉഴുന്ന് എള്ള് ശർക്കര ഇതുകൾകൊണ്ടുണ്ടാക്കിയ പലഹാരങ്ങളെ ശീലിക്കുകയും മദ്യപാനം ചെയ്യുകയും ഹരിതപദാർത്ഥം അതിയായി കഴിക്കുകയും ആനൂപങ്ങളും ഔദകങ്ങളും ഗ്രാമ്യങ്ങളുമായ മാംസങ്ങൾ അതിയായി ശീലിക്കുകയും വേഗസന്ധാരണം ചെയ്യുകയും അത്യന്തം സുഖിച്ചിരിക്കുന്നവൻ അതിയായി വെള്ളംകുടിക്കുകയും ശരീരത്തിന്നു വേണ്ടതിലധികം സംക്ഷോഭണം

ത്വസ്യ ശീതജലാദ്യാചാരാദിപാകാംശൈർദ്ധ്വംസ്തദ്രോഗമദ്ധ്യമി
ദ്രവാസ്യതാസ്യമിത്യാഗേനവ ശീതാതിസാരേണാനുബന്ധയതി. 10

അപി ച ശ്ലേഷ്മസ്യ ശൈത്യഗൌരവകാഠിന്യാവസാദസ്വപ്ന
തന്ദ്രാ കാസശ്വാസപ്രതിശ്യായാഃ ശാത്യംഷ്ണാഭിലാഷിത്വം പ്രവൃ
ദ്ധഃ ശൈത്യം ത്വങ്നഖനയനവദനമൂത്രപുരീഷേഷ്വപി ജനയതി
നിമിത്താനി ചാസ്യ നോപശേരതേ തദ്വിപരീതാനി ചോ
പശേരത ഇതി ശ്ലേഷ്മജ്വരഃ 11

ത്രിദോഷഹേതുലിംഗസന്നിപാതാത്തു സാന്നിപാതികം ജ്വര

വർദ്ധിച്ചുകഴിഞ്ഞാൽ കഫം വാതത്തോടുകൂടെ കോപിക്കും* 10—മേൽപ്രകാരം കഫത്തോടുകൂടെ കോപിച്ച വായു ആ കോപിച്ച കഫത്തെ സ്ഥാനങ്ങളിൽനിന്ന് ആമാശയത്തിന്റെ ഒരു ഭാഗത്തു കൊണ്ടുവെക്കുകയും വാതജ്വരത്തെ പറഞ്ഞ വേദനാപ്രകാരങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്യും. അങ്ങിനെ വായുവിനാൽ ആമാശയത്തിൽ നിക്ഷേപിക്കപ്പെട്ട കോപിച്ച കഫം ഈ ജ്വരരോഗിക്ക് വിറച്ചു പനി തുടങ്ങുകയും മേനിക്കനം അരോചകം ഓക്കാനം ഹൃല്ലാസം ഛർദ്ദി ഉറക്കം ആലസ്യം സ്തൈമിത്യം ശരീരത്തിന്നു കനം മുതലായവ ഇതുകളെ ഉണ്ടാക്കിത്തീർക്കും. 11—അത്രയുമല്ല ജ്വരത്തിന്നു കട്ടിയും കനവുമുണ്ടായിരിക്കും. അതു വളരെ ആകെത്തായിരിക്കും. അതുള്ളവർക്കിൽ തളിപ്പുണ്ടാകും. അതു ഷഢിച്ചാൽ (മുൻപറഞ്ഞ ശീതജ്വരാദികളുടേയും പുറമെ) കര ഭോജനങ്ങൾ പീനസം കാസം ഇതുകളുംകൂടെ ഉണ്ടാക്കിത്തീർക്കും. ഇതുണ്ടായാൽ തൊക്ക് നഖം നയനം വദനം മൂത്രം മലം ഇതുകൾ വിളർത്തിരിക്കും. കഫജ്വരഹേതുക്കളായവറ്റുകളെ ശീലിച്ചാൽ സുഖം കിട്ടുകയില്ല, തദ്വിപരീതങ്ങളായവറ്റുകളെ ശീലിച്ചാൽ സുഖം കിട്ടുകയും ചെയ്യും. ഇതാണ് കഫജ്വരത്തിന്റെ ലക്ഷണം *

12—സന്നിപാതജ്വരലക്ഷണത്തെ വിവരിക്കുന്നു:—മുൻപറഞ്ഞ മൂന്നുതരം ഹേതുക്കളും കൂടിക്കലർന്നിരിക്കുന്ന വാതാദിജ്വരലക്ഷണങ്ങളെല്ലാം കൂടിച്ചേർന്ന് കാണുന്നതു സന്നിപാതജ്വരമാകുന്നു. ഈ സന്നിപാതജ്വരം പ്രതിഷിദ്ധോപക്രമങ്ങളുള്ളതാകു

ഉപദ്രവന്തി കഫേലാൽ. സ പ്രതിലോമോപക്രമത്വാദസാദ്ധ്യോ വി
ജ്ഞേയഃ. 12

ശോണിതഗുൽമസ്തു ഖലു സ്ത്രിയാ ഏവ ഭവതി ന പുരുഷസ്യ,
ഗർഭകോഷ്ഠാർത്തവാഗമനവൈശേഷ്യാൽ. 13

യാൽ—വാതത്തിനുള്ള മധുരാമ്ലലവണരസങ്ങളും ശീതീകരണവും കഫം കോപിക്കും, കഫശമനത്തിന്ന തിക്തകഷായരസങ്ങളും ശീലിച്ചാൽ വായുകോപം വർദ്ധിക്കും, പിത്തശമനമായ മധുരരസം കഫത്തെയും കഷായതിക്തങ്ങളും വായുവിനെയും കോപിപ്പിക്കും. ഈ കാരണവശാലുള്ളതാകയാൽ അസാദ്ധ്യമാകുന്നു. ഇതിനെ വാദങ്ങളായാൽ എല്ലാവരും സന്നിപാതവും അസാദ്ധ്യമായിത്തീരുന്നു. അപ്പോൾ ഇവിടെ വിശേഷിച്ചെടുത്ത എന്ന പ്രത്യേകം വിധിച്ചത് എന്തിനാണെന്ന് എല്ലാതരം ഗുൽമം വാതകോപത്തിൽ നിന്നും സംഭവിക്കുന്നതല്ലം വാതകോപലക്ഷണം പ്രധാനമായി കാണുന്നതുമായിരിക്കും. അപ്പോൾ സന്നിപാതത്തിലും വാതം പ്രധാനമായിരിക്കും. അതിന്റെ ചികിത്സ പിത്തത്തിന്ന സാമാന്യമായും കഫത്തിന്ന തീരെയും വിരോധമായിരിക്കും. മറ്റുകൾക്കു ചികിത്സിച്ചാൽ വാതവും കോപിക്കും. അതാണ് ഇവിടെ പ്രത്യേകം പറയുവാനുള്ള കാരണം. പ്രായേണ മററു സന്നിപാതങ്ങളിൽ മൂന്നിനും പ്രാധാന്യം സമമായിരിക്കും. ഒന്നിനെ മറെറാന്നിനായി (മറെറാന്നിനെ കോപിപ്പിക്കാതെ) ശമിപ്പിക്കുകയും ചെയ്യാം. 'മഹാരുജം ദാഹപരീതമശ്മവൽ ഘനോന്നതം ശീഘ്രവിദാഹി ദാരുണം। മനശ്ശരീരാഗ്നിബലാപഹാരിണം ത്രിദോഷജം ഗുൽമമസാദ്ധ്യമാദിശേൽ' എന്ന മാധവാചാര്യൻ *

13—ശോണിതഗുൽമത്തെ വിവരിക്കുന്നു:—രക്തഗുൽമൻ സ്ത്രീകൾക്കുമാത്രമേ ഉണ്ടാവുകയുള്ളു. പുരുഷന്നുണ്ടാവുകയില്ല. ഗർഭകോഷ്ഠാർത്തവത്തിന്റെ ആഗമനവിശേഷം നിമിത്തമാണ് ഈ രോഗമുണ്ടാവുക. അതാണ് ഇതു പുരുഷന്മാർക്കുണ്ടാവുകയില്ല എന്ന പാഠത്തിന്റെ സാരം * 14—സാത്മ്യത്തിലുള്ളവും ഋതുസ്ഥിത്യാദികാരണത്തിന്ന കാലവും ഉപചാരവിരോധവും സ്ത്രീകൾക്കു സാമാന്യമാ

A6

പാരതന്ത്ര്യാദവൈശാരദ്യാത്സതതമുപചാരാനുരോധാദ്വേഗാ
നുദീർണ്ണാനപരന്ധത്യാ ആമഗർഭേ വാപ്യചിരാൽ പതിതേ തഥാപ്യ
ചിരപ്രജാതായാശ്ചാർത്തവേ വാതപ്രകോപനാന്യാസേവമാനായാ വാ
തഃ പ്രകോപമാപദ്യതേ, സ പ്രകുപിതോ യോന്യാ മുഖമനുപ്രവിശ്യാ
ർത്തവമുപരുണദ്ധി മാസി മാസി തദാർത്തവമുപരുദ്ധ്യമാനം കുക്ഷിമഭി
വർദ്ധയതി. 14

തസ്യാഃ ശൂലകാസാതിസാരച്ഛർദ്യരോചകാവിപാകാംഗമർദ്ദനിദ്രാ
ലസ്യകഫപ്രസേകാഃ സമുപജായന്തേ, സ്തനയോശ്ച സ്തന്യമോഷ്ഠ
യോഃ സ്തനമണ്ഡലയോശ്ച കാർഷ്ണ്യം ഗ്ലാനിശ്ചക്ഷുഷോർമ്മൂർച്ഛാ ഹൃല്ലാ
സോ ദോഹദഃ ശ്വയഥുഃ പാദയോരീഷച്ചോദ്ഗമോ രോമരാജ്യാ യോ

വരാവുന്നവയാണ്. അങ്ങിനെയുള്ളവർ പ്രവൃത്തമായ വേ
ഗങ്ങളെ ധരിക്കുകയോ ഗർഭം തികയുന്നതിന്നുമുമ്പ അലസുകയോ
പ്രസവിച്ച ഉടനെയോ ഋതുകാലത്തിലോ വാതകോപനങ്ങളായ
ആഹാരവിഹാരങ്ങളെ ശീലിക്കുകയോ ചെയ്യുമ്പോൾ വാതം കോപി
ക്കും. അങ്ങിനെ കോപിച്ച വായു യോനിമുഖത്തെ പ്രാപിച്ച രക്ത
ത്തെ പുറത്തുവിടാതെ അവിടെ തടഞ്ഞുനിർത്തും. മാസംതോറും ഋ
തുകാലങ്ങളിൽ പുറത്തുവരുന്ന ആർത്തവരക്തത്തെ ആദ്യം സ്തനമാ
യ രക്തത്തോടുകൂടെ ചേർത്ത് അതുകൊണ്ട് കുക്ഷിയെ വളർപ്പിക്കും.
15—ആ രക്തഗുന്മന്നിമിത്തം ശൂലവേദന കുര അതിസാരം ഛർദ്ദി
അരുചി ദഹനക്ഷയം അംഗമർദ്ദം ഉറക്കം ആലസ്യം കഫപ്രസേ
കം (വായിൽ കഫം ഒലിയ്ക്കുക) ഇതുകളുണ്ടാകും. മുലയിൽ ഗർഭകാല
ത്തുണ്ടാകുന്ന സമ്പ്രദായത്തിൽ മുലപ്പാലുണ്ടാകും. ചുണ്ടും മുലക്ക
ണ്ണും കറക്കും. കണ്ണിന്ന തളർച്ചയുണ്ടാകും. മൂർച്ഛയും നെഞ്ഞുകലി
പ്പും സംഭവിക്കുകയും ഗർഭലക്ഷണം കണ്ടപ്പോലെ കണ്ടുതുടങ്ങുകയും ഗർഭ
കാലത്തെപ്പോലെ പല്ലാദിപദാർത്ഥങ്ങളിൽ അഭിലാഷം ജനിക്കുക
യും 'ദോഹദം ഗർഭലക്ഷണമോ! അഭിലാഷ ഭേദങ്ങൾ' എന്ന മൈഹ
മൻ. കാലിന്മേൽ നീരുണ്ടാവുകയും രോമാവലി അല്പം പ്രകാശിക്ക
യും യോനി വികസിക്കാതാവുകയും യോനിക്ക ഛായയോടു ശ

ത്സ്രാ[illegible] ഖത. 15

കേവലോഽസ്യാ ഗുല്മഃ സ്പന്ദതേ [illegible] ഗർഭം ഗർഭിണീതി മൂഢാഃ. 16

ഏഷാന്തു ഖലു പഞ്ചാനാം ഗുല്മാനാം പ്രാഗഭിനിർവൃത്തേരിമാനി പൂർവ്വരൂപാണി. തദ്യഥാ—അനന്നാഭിലഷണമരോചകാവിപാകാവഗ്നിവൈഷമ്യം വിദാഹോ ഭുക്തസ്യ പാകകാലേ ചായുക്ത്യാ ച്ഛർദ്ദിരുദ്ഗാരോ വാതമൂത്രപുരീഷവേഗാനാമപ്രാദുർഭാവഃ പ്രാദുർഭൂതാനാം വാപ്രവൃത്തിരീഷദാഗമനം വാ വാതശൂലാ

ന്ധം വരികയും യോനിയിൽ കുത്തിനോവു ഉഷ്ണം സ്രവിക്കയും ചെയ്യും. 16—രക്തഗുല്മമാവട്ടെ ഉദരത്തിൽ ഉരുണ്ടുണ്ടാകും. പക്ഷെ അതു ഗർഭമാകുന്നതുപോലെ ഓരോ അവയവങ്ങളായിട്ടല്ല, ഗുല്മൻ ആസകലംകൂടിയാണ് ഇളകുക. ഗർഭത്തിന്റെ ഏതാണ്ട ചില ലക്ഷണങ്ങൾകൂടിയുണ്ടാവുകയാൽ, ഗുല്മലക്ഷണത്തെ അറിഞ്ഞുകൂടാത്ത മൂഢന്മാർ ഇവൾക്ക ഗർഭമാണെന്നും പറയും. 'നവപ്രസൂതാഹിതഭോജനാ യാ യാ ചാമഗർഭം വിസൃജേദൃതൗ വാ വായുർഹി തസ്യാഃ പരിഗൃഹ്യ രക്തം കരോതി ഗുല്മം സരുജം സദാഹം। പൈത്തസ്യ ലിംഗേന സമാനലിംഗം വിശേഷണം ചാപ്യപരം നിബോധ। യഃ സ്പന്ദതേ പിണ്ഡിത ഏവ നാംഗൈശ്ചിരാൽ സശൂലഃ സമഗർഭലിംഗഃ। സ രൗധിരഃ സ്ത്രീഭവ ഏവ ഗുല്മോ മാസേ വ്യതീതേ ദശമേ ചികിത്സ്യഃ' എന്നു മഹാവാചാര്യൻ.

17—ഗുല്മത്തിന്റെ പൂർവ്വരൂപങ്ങളെ വിവരിക്കുന്നു— ഈ പറഞ്ഞ അഞ്ചുതരം ഗുല്മനും അതാതിന്റെ ലക്ഷണം പുറത്തുവരുന്നതിന്റെ മുമ്പെയുള്ള പൂർവ്വരൂപം ഈ പറയുന്നവയാകുന്നു. അതെന്തെല്ലാമെന്നാൽ, ഭക്ഷണത്തിൽ ആഗ്രഹം കുറയുക, രുചിയില്ലാതാവുക, ദഹനക്ഷയം, വിഷമാഗ്നിത്വം സംഭവിക്കുക, ഭക്ഷിച്ച അന്നം ദഹിക്കേണ്ടതായ സമയത്ത് അതിന്നു വിദാഹം വരിക, യു

ദോഷാ...ത്രാണ്ണനാഭിഹർഷണോദിവൃത്തപരീക്ഷതാ അരോചകോ ദൌ
ർബ്ബല്യം സൌഹിത്യസ്യ ചാസഹത്വമിതി ജ്വരപൂർവ്വരൂപാണി. 17

സർവ്വേഷ്വപി ച ജ്വരേഷു ന ഹ്യേതേഷാമേകോപി ദോഷേഭ്യോ ജ്വ
രേഷു സന്നിപാതജ്വരമസാദ്ധ്യം ജ്ഞാത്വാ നോപക്രമേൽ. ഏ
കദോഷജേ തു യഥാസ്വം ഔഷധം പ്രണയേൽ. സംസൃഷ്ടേഷു സാ
ധാരണം കർമ്മോപചരേൽ. 18

ജ്വരോപദ്രവാണാം ച ബലാബലം സമീക്ഷ്യ ജ്വ
രാവിരോധേന ഉപദ്രവാണാം ... ചികി
ത്സിതം ... വിശേഷേണ ജ്വരോക്താ

ഒരു കാരണവും കൂടാതെ കരുത്തില്ലായ്മ തേട്ടമുണ്ടാവുക അ
ധോവായുവും മൂത്രവും മലവും വേണ്ട സമയത്തു പുറപ്പെടാതിരിക്കു
ക പുറപ്പെട്ടാൽതന്നെ അല്പമായിരിക്കയോ ഛർദ്ദിച്ചുപോ
വതിരിക്കയോ ചെയ്യുക വായുവും വയറിൽ പൊട്ടലും കുട
ലിരപ്പും ശൂലയും വേദനയും സംഭവിക്കുക ഭക്ഷണം
കഴിക്കുന്നതിനുള്ള ആഗ്രഹം കുറയുക ക്ഷീണമുണ്ടാവുക വയറു
നിറച്ചു ഭക്ഷണം കഴിക്കുന്നതു വളരെ ദുസ്സഹമായിത്തീരുക ഇതുക
ളെല്ലാമാണ് ജ്വരത്തിന്റെ പൂർവ്വരൂപങ്ങൾ *

18— ഈ പറഞ്ഞ അഞ്ചുതരം ജ്വരരോഗങ്ങളിൽ ഒന്നു
പോലും ദോഷങ്ങൾ കൂടാതെ ശരീരത്തിൽ സംഭവിക്കുകയില്ല. സ
ന്നിപാതജ്വരം തീരെ അസാദ്ധ്യമാണ്. അതിനാൽ ഈ രോഗം
സന്നിപാതജ്വരമാണെന്നറിഞ്ഞാൽ ഒരിക്കലും അതിനു ചികി
ത്സിക്കുവാൻ പുറപ്പെടരുത്. ഏകദോഷജമായ ജ്വരത്തിന് അതാതു
കളങ്ങളായ കാരണത്തെ അറിഞ്ഞു അതിനു വിപരീതമായ വിധത്തിൽ ചി
കിത്സിക്കണം. സംസൃഷ്ടങ്ങളായ ജ്വരരോഗങ്ങളിൽ അതാതു ദോ
ഷങ്ങൾക്കു ഹിതമായ ചികിത്സയും ചെയ്യണം. 19— ജ്വരരോഗ
ത്തിലെ ഉപദ്രവങ്ങളുടെ ബലാബലങ്ങളെ ആലോചിച്ചറിഞ്ഞ്
അതുകൾക്ക് ജ്വരത്തിന്ന വിരോധംവരാത്ത വിധമുള്ള ചികിത്സ ചെയ്യ

ഭൂയിഷ്ഠേ കർമ്മണി വാതചികിത്സിതം പ്രയോജയേൽ. 19

സ്നേഹസ്വേദൌ വാതഹരൌ സ്നേഹോപസംഹിതഞ്ച മൃദു വിരേചനം വസ്തീംശ്ചാമ്ലലവണമധുരാംശ്ച രസാൻ യുക്ത്യാവചാരയേൽ മാരുതേ ഹ്യുപക്രാന്തേ സംസൃഷ്ടാനാപി പ്രയത്നേന ശക്യതേഽസ്യാപി ദോഷോ നിഹന്തും ഗുല്മസ്യേതി. 20

ഭവതി ചാത്ര.

ഗുല്മിനാമനിലശാന്തിരുപായൈഃ
സർവ്വശോ വിധിവദാചരിതവ്യാ
മാരുതേ ഹ്യവജിതേഽന്യമുദീർണ്ണം
ദോഷമല്പമപി കർമ്മ നിഹന്യാൽ. 21

തത്ര ശ്ലോകഃ.

സംഖ്യാനിമിത്തരൂപാണി പൂർവ്വരൂപമഥാപി ച

ണം. ഉപദ്രവത്തിന്നാണ് അധികം ശക്തിയെന്നു കണ്ടാൽ ആ ണതിൽ അതിന്നു ചികിത്സിക്കണം. ആ ഉപദ്രവനിവൃത്തിവന്നാൽ പിന്നെ രണ്ടും അമാന്തിക്കാതെ വ്യാധിക്കും ചികിത്സിക്കണം. ഗുല്മൻ വളരെ കലശലായാൽ അതിന്നു വാതവ്യാധിക്കു പറയുന്ന ചികിത്സയും ചെയ്യാം. 20— അങ്ങിനെ ചെയ്യേണ്ടതായ ചികിത്സയെ വിവരിക്കുന്നു: വാതഹരങ്ങളായ സ്നേഹസ്വേദങ്ങളും സ്നിഗ്ദ്ധമായ മൃദുവിരേചനം വസ്തി അമ്ലലവണമധുരരസങ്ങളും ഇതുകളൊക്കെ യുക്തി പോലെ ശീലിപ്പിക്കണം. ഈ വക ചികിത്സകൾ ചെയ്തു ഗുല്മരോഗത്തിലെ വാതകോപം ശമിപ്പിച്ചാൽ കോപിച്ച മററ ദോഷങ്ങളെ പിന്നെ എളുപ്പത്തിൽ ഭേദപ്പെടുത്തുകയും ചെയ്യാം.

ഈ വിഷയത്തിൽ ഇതുകൂടെ ധരിച്ചിരിക്കയുംവേണം.

21— ഗുല്മരോഗമുള്ളവർക്ക് ഏതുതരം ചികിത്സ ചെയ്താലും മുഖ്യമായി വേണ്ടതെന്നതു വാതശമനംതന്നെയാണ്. ഗുല്മരോഗിക്കുള്ള വാതകോപം ശമിച്ചാൽ കോപിച്ച മററ ദോഷങ്ങളെ സ്വല്പമായ ചികിത്സകൊണ്ടു ഭേദപ്പെടുത്തുകയും ചെയ്യാം.

അദ്ധ്യായവിവരണം.

22— ഗുല്മനിദാനമെന്ന ഈ അദ്ധ്യായത്തിൽ ഗുല്മൻ ഇത്ര

൫൦

ദൃഷ്ടം നിദാനേ ഗുല്മാനാമുപദ്രവശ്ച കർമ്മണാം. 22

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
ഗുല്മനിദാനം നാമ തൃതീയോദ്ധ്യായഃ.

അദ്ധ്യായം 4. പ്രമേഹനിദാനം.

അഥാതഃ പ്രമേഹനിദാനം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ

ത്രിദോഷകോപനിമിത്താ വിംശതിഃ പ്രമേഹാ വികാരാഃ. അപരേ ചാപരിസംഖ്യേയാഃ. തത്ര യഥാ ത്രിദോഷപ്രകോപഃ പ്രമേ

പ്രകാരത്തിലാണെന്നും അതുണ്ടാകുവാനുള്ള കാരണങ്ങളും ഗുല്മത്തിന്റെ സ്വരൂപവും ഏഴുവിധമായുള്ള പൂർവ്വരൂപവും ഗുല്മചികിത്സയുടെ സമഗ്രമായ ഉപദേശവും പറയപ്പെട്ടിരിക്കുന്നു ✱

ഇതി ചരകസംഹിതാവ്യാഖ്യായാം
വാചസ്പത്യേ
നിദാനസ്ഥാനേ തൃതീയോദ്ധ്യായഃ (3)

അദ്ധ്യായം 4.

ഇനി പ്രമേഹനിദാനത്തെ പറയാം:—

1—ത്രിദോഷകോപനിമിത്തം ഇരുപതുതരം പ്രമേഹങ്ങളുണ്ടാകും. വാതാദികളുടെ അന്യോന്യസംയോഗം അതിലെ തരതമഭേദം മുതലായ വ്യത്യാസങ്ങൾനിമിത്തം സംഭവിക്കുന്നതായ പ്രമേഹരോഗം ഇത്രതരത്തിലായിത്തീരുമെന്ന് ആരാലും കണക്കാക്കുവാൻകൂടി സാധിക്കുകയില്ല. ത്രിദോഷങ്ങളുടെ കോപം നിമിത്തം ഏതെല്ലാം തരത്തിലുള്ള പ്രമേഹങ്ങളാണൊ സംഭവിക്കുക അതുക

ഹാരാദിനിവൃത്തയതി തഥാന്യോവ്യാഖ്യാസ്യാമഃ. 1

ഇഹ ഖലു നിദാനദോഷദൂഷ്യവിശേഷേഭ്യോ വികാരാണാം വിഘാതഭാവാഭാവപ്രതിവിശേഷാ ഭവന്തി. 2

യദാ ഹ്യേതേ ത്രയോ നിദാനാദിവിശേഷാഃ പരസ്പരം നാനുബധ്നന്തി, അഥവാ കാലപ്രകർഷാദബലീയാംസോ വാനുബധ്നന്തി ന തദാ വികാരാഭിനിർവൃത്തിഃ. ചിരാദ്വാപ്യഭിനിർവ്വർത്തന്തേ തന

ളെ ക്രമത്തിൽ വിവരിച്ചുപദേശിച്ചുതരികയും ചെയ്യാം* 2—രോഗങ്ങൾ ഉണ്ടാവാതിരിക്കുക, ഉണ്ടാവുക, അവ പലതരത്തിലായിത്തീരുക എന്നുവെച്ചാൽ ജ്വരം രക്തപിത്തം ഗുന്മൻ പ്രമേഹം ഇത്യാദി പലതരം രോഗങ്ങളായിത്തിരിയുകയും, അതിൽതന്നെ ഉദകമേഹം ഇക്ഷുമേഹം ഇത്യാദിയായി ഒരു ദോഷനിമിത്തമുണ്ടാകുന്ന രോഗംതന്നെ, അല്ലെങ്കിൽ ഒരു രോഗംതന്നെ അനേകതരമായിത്തീരുക എന്നത് നിദാനം ദോഷം ദൂഷ്യം ഇതുകളുടെ വിശേഷങ്ങളിൽനിന്നാണ് സംഭവിക്കുന്നത്. ദോഷങ്ങൾ കോപിക്കുവാനുള്ള കാരണങ്ങൾ അസംഖ്യങ്ങളാണ്. അവയിൽ ഓരോന്നുകൊണ്ടും കോപിക്കുന്ന ദോഷം ഓരോതരം രോഗങ്ങളെ ഉണ്ടാക്കുന്നു. ഇനി കോപിതമായ ദോഷംതന്നെ എന്തുകാരണത്താൽ ഏതൊരു ദൂഷ്യത്തെ ആശ്രയിച്ചിട്ടാണ് കോപിച്ചിരിക്കുന്നത് എന്നും നോക്കേണ്ടതാണ്. ഈ ദൂഷ്യഭേദംകൊണ്ടും രോഗങ്ങൾ ഭിന്നഭിന്നങ്ങളായിത്തിരിഞ്ഞു പോകുന്നുണ്ട്. ഇവയെല്ലാം ശാസ്ത്രപരിചയംകൊണ്ടും ലോകപരിചയംകൊണ്ടും വൈദ്യൻ മനസ്സിലാക്കി അറിഞ്ഞുകൊള്ളേണ്ടതാണെന്നു താല്പര്യം * 3—മേൽപറഞ്ഞ നിദാനം മുതലായ മൂന്നു വിശേഷങ്ങൾ (നിദാനം, ദോഷം, ദൂഷ്യം) എപ്പോൾ അന്യോന്യം യോജിപ്പില്ലാതെ വരുന്നു, അല്ലെങ്കിൽ അവയിൽ ഓരോന്നിന്നുള്ള ബലം തുല്യമല്ലാതിരിന്നാവോ, അപ്പോൾ രോഗോൽപത്തി സംഭവിക്കുന്നതല്ല. അല്ലെങ്കിൽ വളരെ കാലതാമസംകൊണ്ടു രോഗമുണ്ടായി എന്നും വരാം. അഥവാ ആ രോഗം നിസ്സാരമായി ഉത്ഭവിച്ചു എന്നോ അതിന്റെ മുഴ

ഭേദ വാ ഭവന്ത്യബലവന്ത്യനുബന്ധസമ്പ്രതിഗാ വിപര്യയേണ വിപരീതാ ഇതി സർവ്വവികാരവിഘാതഭാവാഭാവപ്രതിവിശേഷാഭിനിർവ്വൃത്തിഹേതുരുക്തഃ. 3

അത്ര ഇമേ നിദാനാദിവിശേഷാഃ ശ്ലേഷ്മനിമിത്താനാം പ്രമേഹാണാമാശുനിർവ്വൃത്തികരാഃ. തദ്യഥാ—ഹായനകയവകചീനകോദ്ദാലകനൈഷധോൽകടമുകുന്ദകമഹാവ്രീഹിപ്രമോദകസുഗന്ധകാനാം നവാനാമതിവേലമതിപ്രമാണേനോപയോഗഃ. തഥാ സർപ്പിഷ്മതാം നവഹരേണുമാഷസൂപാനാം ഗ്രാമ്യാനൂപൗദകാനാം ച മാംസാനാം ശാകതിലപലലപിഷ്ടാന്നപായസകൃശരവിലേപീക്ഷുവി

ധൻ ലക്ഷണങ്ങൾ തികയാതെ ഏതാനും ചില ലക്ഷണങ്ങളോടുകൂടെ കാണപ്പെട്ട എന്നാവരാം. നേരെ മറിച്ച് നിദാനവും ദോഷവും ദൂഷ്യവും അന്യോന്യം അനുഗുണമായും തുല്യബലമായും സംഭവിക്കുന്നേടത്ത് മേൽപ്പറഞ്ഞ വിധങ്ങളൊക്കെപ്പറ്റും വിപരീതമായി രോഗം പരിപൂർണ്ണലക്ഷണത്തോടെ കാലതാമസംകൂടാതെ സംഭവിക്കുന്നതുമാകുന്നു. ഇതിനെയാണ് സകലരോഗങ്ങളുടെയും വിഘാതഭാവവും വിഘാതാഭാവവും പ്രതിവിശേഷങ്ങളുമെന്നും ഇവയുള്ള കാരണം മേൽവിവരിച്ചപ്രകാരം നിദാനദോഷദൂഷ്യങ്ങൾക്കു സംഭവിക്കുന്ന അന്യോന്യവൈഗുണ്യവും ആനുഗുണ്യവുമാണെന്നും അറിഞ്ഞുകൊള്ളേണ്ടതാകുന്നു. 4—ഈ പറഞ്ഞ കാരണങ്ങളാൽ ഈ പറയുന്ന നിദാനാദിവിശേഷങ്ങൾ കഫം നിമിത്തമുണ്ടാകുന്ന പ്രമേഹങ്ങളെ ഉണ്ടാക്കിത്തീർക്കുന്നു. അവയെന്തെന്നാൽ, മോടൻനെല്ല് യവം തിന കഴഞ്ഞിൻകൂത്താഴനെല്ല് വേഴനെല്ല് ചുവന്ന കറിമ്പ് വെളുത്ത സർവ്വോള പൊന്നെല്ല് പ്രമോദകമെന്ന നെല്ല് കടല ഇവകൾക്കു പഴക്കംവരുന്നതിനുമുമ്പേ പതിവായും ധാരാളവും ശീലിക്കുകയും ധാരാളം നെയ് ചേർത്ത പുതിയ ഹരേണുകൊണ്ടും ഉഴുന്നിൻപരിപ്പുകൊണ്ടുമുണ്ടാക്കിയ പലഹാരങ്ങളും ഗ്രാമ്യങ്ങളും ആനൂപങ്ങളും ഔദകങ്ങളുമായ മാംസങ്ങളും ഇലക്കറികളും എള്ളും

കാരാണാം ക്ഷീരമന്ദകദധിദ്രവമധുരതരുണപ്രായാണാമുപയോഗോ മൃജാവ്യായാമവർജ്ജനം സ്വപ്നശയനാസനപ്രസംഗോ യശ്ച കശ്ചിദ്വിധിരന്യോപി ശ്ലേഷ്മമേദോമൂത്രസംജനനസ്സസർവ്വോ നിദാനവിശേഷഃ.

ബഹുദ്രവശ്ശ്ലേഷ്മാ ദോഷവിശേഷഃ ബഹ്വബദ്ധം മേദോ മാംസഞ്ച ശരീരക്ലേദം ശുക്ലം ശോണിതഞ്ച വസാ മജ്ജാ ലസീകാ രസശ്ചൌജഃ സംഖ്യാതാ ഇതി ദൂഷ്യവിശേഷാഃ 5

ത്രയാണാമേഷാം നിദാനാദിവിശേഷാണാം സന്നിപാതേ ക്ഷിപ്രം ശ്ലേഷ്മാ പ്രകോപമാപദ്യതേ പ്രാഗതിഭൂയസ്ത്വാൽ. സ പ്രകുപിതഃ ക്ഷിപ്രമേവ ശരീരേ വിസർപ്പം ലഭതേ. ശരീരശൈഥില്യാത്.

എള്ളുകുട്ടിയെന്ന് എള്ളുണ്ടകളായവയും ("പലലന്തിലപിഷ്ടം സ്യാൽ പലലം പിശിതം ച" എന്ന് കോശത്തിൽ) പിഷ്ടാന്നവും പായസവും (പാൽപ്പായസം) എന്നിവയും കരിമ്പും കരിമ്പിൻനീര് ശർക്കര പഞ്ചസാര മുതലായ കരിമ്പിൻവികാരങ്ങളും മധുരമുള്ളതും പുതിയതുമായ പാല് കട്ടുകൂടാത്ത തൈര് തെളിവെള്ളം ഇവകളും ഉപയോഗിക്കുകയും, തേച്ചുകുളിക്കുകയും വ്യായാമവും ചെയ്യാതിരിക്കുകയും, സുഖമായ ഉറക്കവും കിടപ്പും ഇരിപ്പും ശീലിക്കുകയും, ഇതുവിധം കഫത്തെയും മേദസ്സിനെയും മൂത്രത്തെയും വളരെ അധികം വർദ്ധിപ്പിക്കുന്നതായ പലവിധകാര്യങ്ങളും ശീലിക്കുകയും ചെയ്യുന്നതു പ്രമേഹത്തിന്റെ നിദാനങ്ങളാകുന്നു * 5—മേൽപറഞ്ഞ കാരണങ്ങളാൽ കണക്കിലധികം വർദ്ധിച്ചതും അനേകോപദ്രവകാരിയുമായ കഫമെന്ന ദോഷം, മേദസ്സ് മാംസം ശരീരക്ലേദം ശുക്ലം രക്തം വസ മജ്ജ ലസിക രസം ഓജസ്സ് എന്ന പത്തിനെയും ദുഷിപ്പിക്കും 6—മേൽപറഞ്ഞ നിദാനാദിവിശേഷങ്ങളാൽ വാതപിത്തകഫങ്ങളായ ദോഷങ്ങൾ മൂന്നും കോപിക്കുമെങ്കിലും ശരീരത്തിൽ മറ്റുദോഷങ്ങളെക്കാൾ അധികമുള്ളതു കഫമാകയാൽ വേഗത്തിൽ (ആദ്യം) പ്രകോപിക്കുന്നതിനെ വെളിപ്പെടുത്തുക ക

വിസൃപ്യൻ ശരീരേ മേദസാ സഹിതോ മിശ്രീഭാവം ഗച്ഛതി. മേദ
സശ്ചൈവ ബാഹുല്യാത് അബദ്ധത്വാച്ച ഗുണാനാം ഗുണൈസ്തുല്യമാ
നത്വാച്ച വിസൃതാത് സ മേദസാ മിശ്രീഭാവം ഗച്ഛൻ ദൂഷയത്യ
വികൃതത്വാത് സ വികൃതോ ദുഷ്ടേന മേദസോപഹിതഃ ശരീരക്ലേദ
മാംസാഭ്യാം സംസർഗം ഗച്ഛതി. ക്ലേദമാംസയോരതിപ്രമാണാഭിവൃ
ദ്ധത്വാത് സ മാംസേ മാംസപ്രദോഷാൽ പൂതിമാംസപിടികാഃ ശരാ
വികാകച്ഛപികാദ്യാഃ സംജനയതി. അപ്രകൃതിഭൂതത്വാച്ച ശരീരക്ലേദം
പുനഃ മൂത്രത്വേന മൂത്രാശയേ പരിണമയതി. മൂത്രവഹാനാം സ്രോത
സാം വങ്ക്ഷണബസ്തിപ്രഭവാണാം മേദഃക്ലേദോപഹിതാനി ഗുരൂണി

ചാദയന്തീതി. (ഇതിനാൽ കഫമേദോമാംസങ്ങളുടെ സ്വഭാവ
ത്തെ ആദ്യമായി വിവരിക്കുന്നു.) നിദാനവിശേഷങ്ങളാൽ കോപി
ച്ച കഫം ദേഹമാസകലം വ്യാപിക്കും. ശരീരത്തിന്ന ശൈഥില്യം
വന്നതോടുകൂടി ദേഹമാസകലം സഞ്ചരിക്കുന്നതായ കഫം ഒന്നാമ
തായി മേദസ്സിൽ കടന്നു കൂടി അതിൽ മിശ്രീഭാവത്തെ—കൂടിക്കല
ൎച്ചയെ—പ്രാപിക്കും. അങ്ങിനെ കൂടിക്കലരുവാനുള്ള കാരണം, ശരീ
രത്തിൽ മേദസ്സ മറ്റ ധാതുക്കളെക്കാൾ അധികം ബാധിച്ചു നില്ക്കു
ന്നതും മേദസ്സും കഫവും (പിത്തവും രക്തവും എന്ന പോലെ) ഏ
താണ്ട സാമ്യമുള്ളതും മേദസ്സിന്നുള്ള സ്ഥൂലത്വം ഗുരുത്വ മുതലായ ഗു
ണങ്ങളെല്ലാം കഫത്തിന്നുമുള്ളതുതന്നെയാകുന്നു. ആ കഫം മേദ
സ്സിനോടുകൂടിക്കലൎന്നിരിക്കുമ്പോൾ സ്വതേ ദുഷിച്ച ആ കഫം താൻ
ചെന്ന കൂടിയതായ മേദസ്സിനേയും ദുഷിപ്പിക്കും. പിന്നെ ദുഷിച്ച
മേദസ്സിനോടുകൂടെ ശരീരക്ലേദത്തിലും മാംസത്തിലും കടന്നുകൂടും.
സ്വതേ സ്വപ്നാദികാരണം നിമിത്തം ശരീരക്ലേദവും മാംസവും
ക്രമത്തിലധികം വർദ്ധിച്ചിരിക്കും. ആ സമയത്താണ് ദുഷിച്ച ക
ഫം മേദസ്സോടുകൂടെ അതുകളിൽ പ്രവേശിക്കുക. അങ്ങിനെ പ്ര
വേശിച്ചു കഫം മാംസത്തിലെത്തുമ്പോൾ അതിനെ ദുഷിപ്പിച്ച്,

ശുക്രാന്യാസാദ്യ പ്രതിരുദ്ധ്യതേ. തതഃ ഭേദശ്ച സാദ്ധ്യതാം വാ ൫
നയതി പ്രകൃതിവികൃതിഭൂതതാൽ. ൬

ശരീരക്ലേദസ്തു ശ്ലേഷ്മമേദോമിശ്രഃ പ്രവിശൻ മൂത്രാശയം മൂത്രത്വമാപദ്യമാനഃ ശ്ലൈഷ്മികൈർമ്മേദസ്സിക്തൈർദ്വാരൈരുപസൃജ്യതേ വൈഷമ്യാദിവ്യാധിയുക്തൈഃ തദ്വ്യാഖ്യാ—ശരീരക്ലേദമുൽപ്പിച്ചില

പൂതിമാംസാദികളും ശരാവിക കച്ഛപിക എന്ന മുതലായി സൂത്രസ്ഥാനത്തിൽ വിവരിച്ചിട്ടുള്ള പലതരം കുരുക്കളും ഉണ്ടാക്കിത്തീർക്കും. സ്വതേ അപ്രകൃതിഭൂതമാകയാൽ—ദുഷിച്ചതാകയാൽ ശരീരക്ലേദത്തിൽ ചെന്ന് അതിനെ ദുഷിപ്പിച്ചു സ്വസ്ഥാനത്തിൽ നിന്നിളക്കിത്തീർക്കുകയും അതിനെ മൂത്രത്തോട് പരിണമിപ്പിക്കുകയും—മൂത്രദ്വാരത്തിൽ കൂടി പുറത്തുവിടുകയും ചെയ്യും. സ്വതേ മൂത്രത്തെ വഹിക്കുന്നവയും മേദ്രപ്രദേശത്തുനിന്നും വസ്തിയിൽ നിന്നുപുറപ്പെടുന്നവയുമായ സ്രോതസ്സുകളുടെ, മേദസ്സും ക്ലേദവും ചെന്ന ഭാരകനിമിത്തം സ്ഥൂലതയുള്ളതായിത്തീർന്ന മുഖങ്ങളെ—മൂത്രം സ്രവിക്കുന്ന ദ്വാരങ്ങളെ പ്രാപിച്ച് അതിൽകൂടി ധാരധാരയായി വരുന്ന മൂത്രപ്രവാഹത്തെ തടയുകയും ചെയ്യുമെന്നുനിമിത്തം അതിന്ന സ്ഥിരത—ശുദ്ധികരിവില്ലാതാവുക സംഭവിക്കും. ഈ പ്രമേഹമുണ്ടാവുന്നതു സ്വതേയുള്ള പ്രകൃതിക്ക് വികാരംവന്ന കഫംനിമിത്തമാകയാൽ സാദ്ധ്യവുമാണ്. പ്രമേഹമെന്നത് അധോമാർഗ്ഗപ്രവൃത്തമായ രോഗമാണ്. അതിന്ന വമനമാണ് പ്രതിവിധി. ഇവിടെ കോപിച്ച ദോഷം കഫമാണ് 'വസ്തിർവ്വിരേകോ വമനം' എന്ന വിധിപ്രകാരം കഫത്തിന്ന വമനം പ്രധാനചികിത്സയുമാണ്. ദോഷത്തിന്നും രോഗത്തിന്നും പ്രതിവിധി ഒന്നാകയാൽ തന്നെയാണ് കഫപ്രമേഹം സാദ്ധ്യമെന്ന പറഞ്ഞതെന്ന സാരം * 7—ൽ പറഞ്ഞപ്രകാരം കഫത്താൽ സ്വസ്ഥാനത്തുനിന്നിളക്കി മൂത്രത്തോടാക്കിത്തീർക്കുകയും മൂത്രദ്വാരത്തിൽ മേദസ്സോടുകൂടിയ കഫത്താൽ തട

ച്ഛസ്നിഗ്ധഗുരുമധുരസാന്ദ്രപ്രസാദമന്ദഗന്ധാസ്തത്ര യേന ഗുണേനൈ
കേനാനേകേന വാ ഗുണേനാനുബദ്ധ്യതേ തത്സമാഖ്യം ഗൗണം നാ
മവിശേഷം പ്രാപ്നോതി. 7

തേ തു ഖല്വിമേ ദശ പ്രമേഹാ നാമവിശേഷേണ ഭവന്തി.
തദ്യഥാ—ഉദകമേഹശ്ചേക്ഷുമേഹശ്ച സാന്ദ്രമേഹശ്ച സാന്ദ്രപ്രസാദമേ
ഹശ്ച ശുക്ല (സിത) മേഹശ്ച ശുക്രമേഹശ്ച ശീതമേഹശ്ച സികതാ
മേഹശ്ച ശനൈർമേഹശ്ച ലാലാമേഹശ്ചേതി. 8

ത ഏതേ ദശ പ്രമേഹാസ്സാദ്ധ്യാഃ സമാനഗുണമേദഃസ്ഥാനത്വാത്
കഫസ്യ പ്രാധാന്യസമക്രിയത്വാച്ച. 9

കടപ്പെടുകയും ചെയ്യുന്നു. ആ കഫമേദസ്സുകളോടുകൂടെ മൂത്രാശയ
ത്തെ പ്രാപിച്ച് അവിടെവെച്ചു സാക്ഷാൽ മൂത്രരൂപമായിത്തീരുക
യും വൈശദ്യാദിവിപരീതഗുണങ്ങളുള്ള കഫത്തിന്റെ ഈ പറയു
ന്ന പത്തുഗുണങ്ങളോടുകൂടെ ചേരുകയും ചെയ്യും. ആ ഗുണങ്ങളെ
ന്തെല്ലാമെന്നാൽ, വെളുപ്പ്, തണുപ്പ്, മൂർത്തത്വം, കൊഴുപ്പ്, അച്ഛത്വം
സ്നിഗ്ധത്വം ഗുരുത്വം മധുരത്വം സാന്ദ്രപ്രസാദത്വം സുഗന്ധ
ത്വം എന്നിവകളാകുന്നു. ഈ പറഞ്ഞ ഗുണങ്ങളിൽ ഏതെങ്കിലും
ഒന്നോ അധികമോ പ്രമേഹങ്ങളിൽ കാണും. അപ്പോൾ അതാതു
മേഹങ്ങൾക്കു ശ്വേതമേഹാദിനാമവിശേഷങ്ങളും സംഭവിക്കും *
8—ഈ പറഞ്ഞതുകളെ (ലക്ഷണചികിത്സാദികഥനസൗകര്യത്തി
നുവേണ്ടി) ഈ പറയുന്ന പത്തു വിശേഷനാമങ്ങളെക്കൊണ്ടു പറ
യുകയും ചെയ്യും. അവ ഏതെല്ലാമെന്നാൽ, ൧. ഉദകമേഹം, ൨. ഇ
ക്ഷുമേഹം, ൩. സാന്ദ്രമേഹം, ൪. സാന്ദ്രപ്രസാദമേഹം, ൫. ശുക്ല
(സിത) മേഹം, ൬. ശുക്ല (ക്ര) മേഹം, ൭. ശീതമേഹം, ൮. സിക
താമേഹം, ൯. ശനൈർമേഹം, ൰. ലാലാമേഹം എന്നിങ്ങിനെ
ഓർക്കുന്ന വ്യവഹാരനാമങ്ങളും * 9—ഈ പറഞ്ഞ പത്തുതരം പ്രമേ
ഹങ്ങളും ദുഷിച്ച കഫം അതിനോടു സമാനഗുണമായ മേദസ്സിൽ
ചെന്നുകൂടുകനിമിത്തമാണ് പ്രധാനമായും സംഭവിക്കുക; ഇതുകൾ
ക്കെല്ലാ ചികിത്സ കഫത്തിനും മേദസ്സിനും മേഹത്തിനും ഒത്തപോ

ഭവന്തി പാത്ര ശ്ലേഷ്മപ്രമേഹവിജ്ഞാനഹേതവഃ.

അച്ഛം ബഹുസിതം ശീതം നിർഗ്ഗന്ധമുദകോപമം
ശ്ലേഷ്മകോപാന്നരോ മൂത്രമുദമേഹീ പ്രമേഹതി. 10
അത്യർത്ഥമധുരം ശീതമീഷൽപിച്ഛിലമാവിലം
കാണ്ഡേക്ഷുരസസങ്കാശം ശ്ലേഷ്മകോപാൽ പ്രമേഹതി. 11
യസ്യ പര്യുഷിതം മൂത്രം സാന്ദ്രീഭവതി ഭാജനേ
പുരുഷം കഫകോപേന തമാഹുഃ സാന്ദ്രമേഹിനം. 12
യസ്യ സംഹന്യതേ മൂത്രം കിഞ്ചിൽ കിഞ്ചിൽ പ്രസീദതി
സാന്ദ്രപ്രസാദമേഹീതി തമാഹുഃ ശ്ലേഷ്മകോപതഃ. 13

ലെ അനുഗുണമായവിധത്തിൽ പ്രയോഗിക്കുകയും ചെയ്യാം. ഈ വക കാരണങ്ങളാൽ സാധ്യങ്ങളായിട്ടുള്ളവയുമാകുന്നു *

ഈ പത്തുതരം കഫപ്രമേഹങ്ങളുടേയും ലക്ഷണങ്ങളെ വിവരിക്കുന്നതായ താഴെ പറയുന്നവകളെക്കൂടെ ഗ്രഹിക്കുകയും വേണം.

10—കഫകോപനിമിത്തമുണ്ടാകുന്നതായ ഉദകമേഹമുള്ളവന്റെ മൂത്രം തെളിഞ്ഞും കണക്കിലധികമായും വെളുത്തും തണുത്തും സ്വതേ മൂത്രത്തിനുള്ള ഗന്ധംകൂടിയില്ലാത്തതും വെറും ജലസദൃശമായുമിരിക്കും. എന്നാൽ വാഗ്ഭടാചാര്യൻ 'കിഞ്ചിൽപിച്ഛിലം' എന്നുകൂടെ ലക്ഷണം പറയുന്നു * 11—ഇക്ഷുമേഹമുള്ളവന്റെ മൂത്രം നല്ലവണ്ണം മധുരരസമുള്ളതും തണുത്തതും കുറഞ്ഞൊന്നു കൊഴുത്തും കലങ്ങിയും വെള്ളക്കരിമ്പിന്റെ നീരുപോലെയുമിരിക്കും * 12—ആരുടെമൂത്രം ഒരു പാത്രത്തിലാക്കി ഒരുദിവസം സൂക്ഷിച്ചുവെച്ചു പിറ്റേദിവസം നോക്കിയാൽ നല്ല കൊഴുത്തുകാണുന്നുവോ അവനെ സാന്ദ്രമേഹിയാണെന്നു പറയണം. സാന്ദ്രമേഹിയുടെ മൂത്രം പാത്രത്തിലൊഴിച്ചുവെച്ചാൽ കൊഴുക്കുമെന്നർത്ഥം * 13—ആരുടെ മൂത്രം പാത്രത്തിലെടുത്തുവെച്ചാൽ കട്ടപിടിക്കുകയും ആ പാത്രത്തിന്റെ ചില അരികിൽ കുറേശ്ശ തെളിഞ്ഞുനില്ക്കുകയും ചെയ്യുമോ അവനെ സാന്ദ്രപ്രസാദമേഹിയാണെന്നു പറയുന്നു. വാഗ്ഭടാചാര്യൻ ഈ സ്ഥാനത്ത് 'സുരാമേഹി സുരാതുല്യമുപര്യച്ഛമധോ ഘനം' എന്നു

ശുക്ലം പിഷ്ടനിഭം മൂത്രമഭീക്ഷ്ണം യഃ പ്രമേഹതി
പുരുഷം കഫകോപേന തമാഹുഃ ശുക്ലമേഹിനം. 14
ശുക്ലാഭം ശുക്രമിശ്രം വാ മുഹുർമ്മേഹതി യോ നരഃ
ശുക്രമേഹിനമാഹുസ്തം പുരുഷം ശ്ലേഷ്മകോപതഃ. 15
അത്യന്തശീതമധുരം മൂത്രം മേഹതി യോ ഭൃശം.
ശീതമേഹിനമാഹുസ്തം പുരുഷം ശ്ലേഷ്മകോപതഃ. 16
മൂർത്താൻ മൂത്രഗതാൻ ദോഷാണൂൻ മേഹതി യോ നരഃ
സികതാമേഹിനം വിദ്യാന്നരം തം ശ്ലേഷ്മകോപതഃ. 17
മന്ദം മന്ദമവേഗന്തു കൃച്ഛ്രം യോ മൂത്രയേച്ഛനൈഃ
ശനൈർമ്മേഹിനമാഹുസ്തം പുരുഷം ശ്ലേഷ്മകോപതഃ. 18
തന്തുബദ്ധമിവാലാലം പിച്ഛിലം യഃ പ്രമേഹതി

സുരാമേഹസംജ്ഞമെന്നാണ് പറയുന്നത് * 14—കഫകോപംനിമിത്തമുണ്ടാവുന്ന ശുക്ല (സിത) മേഹമുള്ളവന്റെ മൂത്രം വെളുത്തും അരി അരച്ചുകലക്കിയതുപോലെയും എല്ലായ്പ്പോഴും പോകപ്പെടുന്നതുമായിരിക്കും. 'സംപൃക്തോ പിഷ്ടേന പിഷ്ടാൽ ബഹുലം സിതം' എന്ന പാഠാന്തരം * 15—ശുക്ലംപോലെയോ ശുക്ലം കൂടികലർന്നോ കൂടക്കൂടെ മൂത്രിക്കുന്നതായാൽ അതു കഫകോപംനിമിത്തമുള്ള ശുക്ലമേഹമാണെന്നറിയുകയും വേണം * 16—അതികഠിനമായ തണുപ്പോടും മധുരരസത്തോടുംകൂടെ ധാരാളം മൂത്രിക്കുന്നതായാൽ അതു കഫകോപംനിമിത്തമുള്ള ശീതമേഹമാണെന്നും പറയണം * 17—മൂത്രത്തിൽ നോക്കിയാൽ കാണാവുന്നവയും കൈകൊണ്ടു തൊടപ്പെടാവുന്നവയുമായ ദോഷതരികളോടുകൂടെ കാണുന്നതായാൽ അവന്നുള്ള രോഗം കഫകോപംനിമിത്തമുള്ള സികതാമേഹമാണെന്നും പറയാം. ഇതിലെ ദോഷകണങ്ങൾ മണൽതരിയോളം വലിപ്പമേ ഉണ്ടാവുകയുള്ളൂ എന്നാണ് വ്യാഖ്യാതാക്കൾ പറയുന്നത് * 18—മൂത്രവേഗംകൂടാതെ പതുക്കപ്പതുക്കെ കുറേശ്ശെയായി പ്രയാസപ്പെട്ടു മൂത്രിക്കുന്നതു ശനൈർമ്മേഹവുമാകുന്നു * 19—നൂലുള്ളതുപോലെ ഇഴഞ്ഞും കൊഴുത്തും മൂത്രം പോകുന്നതായാൽ അവനെ കഫകോപംനിമിത്തമുള്ള ആലാലമേഹം—ലാലാമേഹമുള്ളവനാണെന്നും

ലാലാമേഹിനം വിദ്യാത്തം കഫകോപാത്. 19

ഇത്യേതേ ദശ പ്രമേഹാഃ ശ്ലേഷ്മപ്രകോപനിമിത്താ വ്യാഖ്യാതാഃ.

ഉഷ്ണാമ്ലലവണക്ഷാരകടുകാജീർണ്ണഭോജനോപസേവിനസ്തഥാതി
തീക്ഷ്ണാതപാഗ്നിസന്താപശ്രമക്രോധവിഷമാഹാരോപസേവിനശ്ച
തഥാത്മകശരീരസ്യ ക്ഷിപ്രം പിത്തം പ്രകോപമാപദ്യതേ. 21

തത് പ്രകുപിതം തയൈവാനുപൂർവ്യാ പ്രമേഹാനിമാൻ ഷട്
ക്ഷിപ്രമഭിനിർവൃത്തയതി. 22

തേഷാമപി ച പിത്തഗുണവിശേഷേണ വേദനാവിശേഷാഃ. ത
ദ്യഥാ—ക്ഷാരമേഹശ്ച കാലമേഹശ്ച നീലമേഹശ്ച ലോഹിതമേ

അറിയണം. ഈ ശീതമേഹാദിലാലാമേഹാന്തങ്ങൾക്കെല്ലാം സുശ്രുതാചാര്യൻ ലവണമേഹമെന്നും ഫേനമേഹമെന്നുമാണ് പറയുന്നത്. പക്ഷെ അദ്ദേഹം 'വിശദം ലവണതുല്യം ലവണമേഹീ സ്വാദുമേഹീകം സഫേനം ഫേനമേഹീ' എന്നിങ്ങിനെ അവയുടെ ലക്ഷണങ്ങളെയും പറയുന്നു. വാഗ്ഭടാചാര്യനും മാധവാചാര്യനും ഈ മതത്തെ സ്വീകരിച്ചതായും കാണുന്നില്ല. * 20—ഇതാണ് മേൽപറഞ്ഞ കഫകോപനിമിത്തമുണ്ടാകുന്ന പത്തുതരം പ്രമേഹങ്ങളുടെയും ലക്ഷണം

21—പിത്തമേഹങ്ങളെ വിവരിക്കുന്നു:—ചൂടും പുളിയും ഉപ്പും കാരവും എരിവും അധികരിച്ചതും അജീർണ്ണത്തെ ഉണ്ടാക്കിത്തീർക്കുന്നതുമായ ഭക്ഷണത്തെ ശീലിക്കുകയും അത്യുഗ്രമായ വെയിൽ കൊള്ളുകയും തീ കൊള്ളുകയും ക്ഷീണിക്കുകയും അധികവും ദേഷ്യപ്പെടുകയും വിഷമാശനം ശീലിക്കുകയും ചെയ്യുന്നവനും പിത്തപ്രകൃതിയുമായവന്റെ പിത്തം ക്ഷണത്തിൽ കോപിക്കും* 22—അങ്ങിനെ കോപിച്ച പിത്തം ക്രമത്തിൽ—ഒന്നുകഴിഞ്ഞാൽ മറ്റൊന്ന് എന്ന ക്രമത്തിൽ ഇനി പറയുന്ന ലക്ഷണങ്ങളോടുകൂടിയ ആറുതരം പ്രമേഹങ്ങളെ ഉണ്ടാക്കിത്തീർക്കും * 23—ഈ പറഞ്ഞ പിത്തജപ്രമേഹങ്ങൾക്കും (കഫപ്രമേഹങ്ങൾപോലെതന്നെ) പിത്തഗുണങ്ങളുടെ വിശേഷനിമിത്തം നാമവ്യത്യാസങ്ങളും സംഭവിക്കും. അതുകളേതെല്ലാമെന്നാൽ, ൧. ക്ഷാരമേഹം ൨. കാലമേഹം ൩. നീലമേഹം ൪. ലോഹിതമേഹം ൫. മഞ്ജിഷ്ഠാമേഹം ൬. ഹരിദ്രാമേഹം എന്നിതുകളാകു

ഹശ്ച മഞ്ജിഷ്ഠാമേഹശ്ച ഹരിദ്രാമേഹശ്ചേതി തേ ഷഡ്ഭിരേവ ഗുണൈ രമ്ലലവണകടുകവിസ്രോഷ്ണൈഃ പിത്തഗുണൈഃ പൂൎവ്വവൽ സമന്വിതാഃ സൎവ്വ ഏവ തേ യാപ്യാ വിഷമഗുണമേദഃസ്ഥാനത്വാദ്വിരുദ്ധോപക്രമത്വാച്ചേതി. 23

ഭവന്തി ചാത്ര പിത്തപ്രമേഹവിജ്ഞാനാൎത്ഥാഃ.

ഗന്ധവൎണ്ണരസസ്പൎശൈൎയ്യഥാ ക്ഷാരസ്തഥൈവ തം
പിത്തകോപാന്നരോ മൂത്രം ക്ഷാരമേഹീ പ്രമേഹതി 24
മഷീവൎണ്ണമജസ്രം യോ മൂത്രമുഷ്ണം പ്രമേഹതി
പിത്തസ്യ പരികോപാത്തം വിദ്യാൽ കാളമേഹിനം. 25
ചാഷപക്ഷനിഭം മൂത്രമമ്ലം മേഹതി യോ നരഃ
പിത്തസ്യ പരികോപാത്തം വിദ്യാന്നീലമേഹിനം. 26

ന പിത്തമേഹങ്ങൾ ഇതുകളും ക്ഷാരത്വം അമ്ലത്വം ലവണത്വം കടുകത്വം വിസ്രത്വം ഉഷ്ണത്വമെന്ന ആറു പിത്തഗുണങ്ങളോട്, മുൻപറഞ്ഞ കഫമേഹങ്ങളിൽ കഫഗുണങ്ങളെന്നപോലെ (യഥാസംഖ്യം) ചേൎന്നവയായിരിക്കും. പിത്തം അതിന്റെ ഗുണങ്ങളോടു വിപരീതഗുണയുക്തമായ മേദസ്സിൽചെന്ന് ആ മേദസ്സിനെ ദുഷിപ്പിക്കുകനിമിത്തം സംഭവിക്കുന്നവയും മേദത്തിനു ഗുണകരമായ ചികിത്സ സാക്ഷാൽ പിത്തത്തിനു വിരോധിയാകയാലും ഈ പിത്തമേഹങ്ങളെല്ലാം യാപ്യങ്ങളാകുന്നു *

പിത്തമേഹലക്ഷണങ്ങളെ വിവരിക്കുന്നവയായ ഇതുകളെക്കൂടെ ഗ്രഹിക്കുകയും വേണം.

24— പിത്തകോപം നിമിത്തം സംഭവിച്ചതായ ക്ഷാരമേഹമുള്ളവന്റെ മൂത്രം ഗന്ധംകൊണ്ടും വൎണ്ണംകൊണ്ടും സ്വാദുകൊണ്ടും തൊട്ടാലും ക്ഷാരംപോലെ— ക്ഷാരം കലക്കിയ വെള്ളംപോലെയിരിക്കും * 25— പിത്തകോപംനിമിത്തം കാളമേഹം സംഭവിച്ചവന്റെ മൂത്രം മഷിപോലെ കറുത്തും അത്യന്തം ചൂടുള്ളതുമായിരിക്കും. കാളമേഹി എപ്പോഴും മൂത്രം വിട്ടുകൊണ്ടിരിക്കുകയും ചെയ്യും * 26— നീലമേഹമുള്ളവന്റെ മൂത്രം കാട്ടുകാക്കയുടെ ചിറകിന്റെ

വിസ്രം ലവണമുഷ്ണം ച രക്തം മേഹതി യോ നരഃ
പിത്തസ്യ പരികോപേണ തം വിദ്യാദ്രക്തമേഹിനം. 27
മഞ്ജിഷ്ഠാഭമപി യോജസ്രം ഭൃശം വിസ്രം പ്രമേഹതി
പിത്തസ്യ പരികോപാത്തം വിദ്യാന്മാഞ്ജിഷ്ഠമേഹിനം. 28
ഹരിദ്രോദകസങ്കാശം കടുകം യഃ പ്രമേഹതി
പിത്തസ്യ പരികോപാത്തു വിദ്യാദ്ധാരിദ്രമേഹിനം. 29

ഇതി ഷട് പ്രമേഹാഃ പിത്തപ്രകോപനിമിത്താ വ്യാഖ്യാതാഃ 30

കടുകകഷായതിക്തരൂക്ഷലഘുശീതവ്യവായവ്യായാമവമന വിരേചനാസ്ഥാപനശിരോവിരേചനാതിയോഗവേഗസന്ധാരണാ നശനാഭിഘാതാതപോദ്വേഗശോകശോണിതാതിസേക ജാഗരണ

നിറമായിരിക്കും. അതിന്നു പുളിരസവുമുണ്ടാകും * 27— രക്തമേഹിയുടെ മൂത്രം വിസ്രഗന്ധമായും ദുർഗ്ഗന്ധമുള്ളതായും ലവണരസമായും ചൂടുള്ളതായും രക്തവർണ്ണമായുമിരിക്കും * 28— മഞ്ജിഷ്ഠാമേഹമുള്ളവന്റെ മൂത്രം മഞ്ചട്ടിപ്പൊടി അരച്ചുകലക്കിയതുപോലെ ഇരിക്കും. ഇത് എപ്പോഴും ഒഴിക്കും. കലശലായ ദുർഗ്ഗന്ധവുമുണ്ടാകും * 29— പിത്തകോപനിമിത്തം സംഭവിക്കുന്നതായ ഹരിദ്രാമേഹം ബാധിച്ചവന്റെ മൂത്രം മഞ്ഞൾ കലക്കിയ വെള്ളംപോലെയിരിക്കും. അതിന്ന് എരിവുരസവുമുണ്ടാകും. 'ഹാരിദ്രമേഹീ കടുകം ഹരിദ്രാസന്നിഭം മേഹേൽ' എന്നു വാഗ്ഭടാചാര്യർ * 30— ഇങ്ങിനെയാണ് പിത്തകോപനിമിത്തം ക്ഷാരമേഹാദി ആറുതരം പ്രമേഹങ്ങളുണ്ടാകുന്ന പ്രകാരത്തിന്റെ വിവരണം *

31—'വാതപ്രമേഹങ്ങളെ വിവരിക്കുന്നു:— എരിവുള്ളതും ചവർപ്പുള്ളതും കയ്പുള്ളതും രൂക്ഷവും ലഘുവും ശീതവീര്യവുമായ ആഹാരങ്ങളും സ്ത്രീസേവ വ്യായാമം വമനം വിരേചനം കഷായവസ്തി ശിരോവിരേചനം ഇതുകളുടെ കണക്കിലധികം ശീലിക്കുകയും വേഗധാരണം ചെയ്യുകയും പട്ടിണി കിടക്കുകയും അഭിഘാതം പറ്റുക

വിഷമശരീരന്യാസോപസേവമാനസ്യ തഥാതഥാഗതശരീരസ്യ വ ക്ഷിപ്രം വായുഃ പ്രകോപമാപദ്യതേ സ പ്രകുപിതസ്തഥാഗതശരീരേ വിസർപ്പൻ യദാ വസാമാദായ മൂത്രവഹാനി സ്രോതാംസി പ്രതിപദ്യതേ തദാ വസാമേഹമഭിനിർവ്വർത്തയതി. 31

യദാ പുനർമ്മജ്ജാനം മൂത്രവസ്താവാകർഷതി തദാ മജ്ജമേഹമഭിനിർവ്വർത്തയതി. 32

യദാ ലസീകാം മൂത്രാശയേഽഭിവഹൻ മൂത്രമനുബന്ധം ച്യോതയതി ലസീകാതിബഹുത്വാദ്വിക്ഷേപണാച്ച വായോഃ ഖല്വസ്യാതിമൂത്രപ്രവൃത്തിസംഗം കരോതി, തദാ സ മത്ത ഇവ ഗജഃ ക്ഷരത്യജസ്രം മൂത്രമവേഗം തം ഹസ്തിമേഹിനമാചക്ഷതേ. 33

യും വെയിൽ കൊള്ളുകയും ഭയപ്പെടുകയും ദുഃഖിക്കുകയും അതിയായി രക്തം കളയുകയും ഉറക്കമൊഴിക്കുകയും അംഗങ്ങളെ തകരാറായ നിലയിൽ വെയ്ക്കുകയും ചെയ്താൽ കഫപിത്തമേഹങ്ങൾ സംഭവിച്ചുവന്ന ക്ഷണത്തിൽ വായുകോപം സംഭവിക്കും. അങ്ങിനെ കോപിച്ച വായു കഫപിത്തമേഹങ്ങൾ സംഭവിച്ച ധാതുക്ഷയം വന്നവന്റെ ശരീരത്തിലാസകലം വ്യാപിക്കുകയും ക്ഷയിച്ചപോയതു കഴിച്ച ബാക്കിയുള്ള വസയെ അതിന്റെ സ്ഥാനത്തിൽ നിന്നെടുത്തു മൂത്രവഹകളായ സിരകളിൽ കൊണ്ടുചെന്നു മൂത്രത്തൊടൊന്നു പുറത്തുവിടും. അപ്പോൾ വസാമേഹമുണ്ടാകും * 32— ഇങ്ങിനെ വസയെല്ലാം ക്ഷയിച്ചാൽ മേൽപ്രകാരം മജ്ജയെയും മൂത്രാശയത്തിൽ കൊണ്ടുവന്നു മജ്ജാമേഹത്തെയുണ്ടാക്കും * 33— വസയും മജ്ജയും അവസാനിച്ചാൽ ശരീരത്തിലുള്ള ലസികയെ മൂത്രാശയത്തിൽ കൊണ്ടുവരും. അതോടുകൂടിയ മൂത്രത്തെ കുറേശ്ശക്കുറേശ്ശയായി എല്ലായ്പോഴും പുറത്തുവിടും. വായുവിന്റെ വിക്ഷേപം വരികയാലും ലസിക ധാരാളമുണ്ടാവുകയാലും മൂത്രം അധികം പ്രാവശ്യം പോവുകയും അത് ഒഴിഞ്ഞുപോകാതെ തടവുവരികയും ചെയ്യും. ഈ വക സംഗതികളാൽ അവൻ യാതൊരു സമയഭേദവുംകൂടാ

ഓജഃ പുനർമ്മധുരസ്വഭാവം തദ്യദാ രൌക്ഷ്യാദ്വായുഃ കഷായത്വേനാഭിസംസൃജ്യ മൂത്രാശയേഽഭിവഹതി തദാ മധുമേഹം കരോതി. 34

ഇമാംശ്ചതുരഃ പ്രമേഹാൻ വാതജാനസാദ്ധ്യാനാചക്ഷതേ. മഹാത്യയികത്വാദ്വിപ്രതിഷിദ്ധോപക്രമത്വാദാത്മവത്ത്വാദപി ച പൂർവ്വവൽ ഗുണവിശേഷണേന നാമവിശേഷാഃ. 35

തദ്യഥാ— വസാമേഹശ്ച മജ്ജമേഹശ്ച ഹസ്തിമേഹശ്ച മധുമേഹശ്ചേതി. 36

ഭവന്തി ചാത്ര വാതപ്രമേഹവിശേഷവിജ്ഞാനാർത്ഥാഃ.
വസാമിശ്രം വസാഭം വാ മൂത്രം മേഹതി യോ നരഃ
വസാമേഹിനമാഹുസ്തമസാദ്ധ്യം വാതകോപതഃ. 37

ത്തു, മദം പൊട്ടിയ ആനയെപ്പോലെ സകലസമയത്തും മൂത്രം വിട്ടിക്കൊണ്ടുമിരിക്കും. ഈ രോഗമുള്ളവനെ ഹസ്തിമേഹി എന്നാണ് പറയുക— ഈ രോഗത്തിന്റെ പേർ ഹസ്തിമേഹമെന്നാണ് * 34— ഇതിന്റെ ലക്ഷണവും സമ്പ്രാപ്തിയും വായു ഓജസ്സിൽ ചെന്നുകൂടും. ഓജസ്സ് സ്വതേ മധുരരസമായിട്ടുള്ളതാണ്. രൂക്ഷനായ വായു അതിനെ കഷായരസമാക്കിത്തീർത്ത് അതിന്റെ സ്ഥാനത്തിൽ നിന്ന് മൂത്രാശയത്തിൽ കൊണ്ടുവന്നു. അപ്പോൾ മധുമേഹത്തെയുണ്ടാക്കിത്തീർക്കും * 35— ഈ പറഞ്ഞ നാലുതരം വാതപ്രമേഹങ്ങളും അസാദ്ധ്യങ്ങൾതന്നെയാണെന്നാണ് പൂർവ്വാചാര്യന്മാർ അഭിപ്രായപ്പെടുന്നത്. അതെന്തുകൊണ്ടെന്നാൽ, ഇവകൾ സ്വതേ അത്യന്തം കഷ്ടതരങ്ങളും ചികിത്സിക്കുവാൻ വളരെ പ്രയാസമുള്ളവയുമാണ്. ഇവകൾക്കും മുൻപറഞ്ഞ കഫപിത്തമേഹങ്ങളെപ്പോലെതന്നെ വാതഗുണാനുസരിച്ചതും നാമഭേദങ്ങളുമുണ്ട് * 36— അവകളേതെല്ലാമെന്നാൽ: ൧. വസാമേഹം. ൨. മജ്ജമേഹം. ൩. ഹസ്തിമേഹം. ൪. മധുമേഹം എന്നിവകളാകുന്നു *

ഈ പറഞ്ഞ വസാമേഹാദികളുടെ ലക്ഷണങ്ങളെക്കുറിച്ച് വിവരിക്കുന്നവയായ ഇവകളെക്കൂടെ ഗ്രഹിക്കുകയും വേണം.

37—വാതകോപത്തിനാൽ വസയോടുകൂടിയോ വസാതുല്യ

മജ്ജാനം സഹ മൂത്രേണ മുഹുർമ്മേഹതി യോ നരഃ
മജ്ജമേഹിനമാഹുസ്തമസാദ്ധ്യം വാതകോപതഃ. 38

ഹസ്തീ മത്ത ഇവാജസ്രം മൂത്രം ക്ഷരതി യോ ഭൃശം
ഹസ്തിമേഹിനമാഹുസ്തമസാദ്ധ്യം വാതകോപതഃ 39

കഷായമധുരം പാണ്ഡു രൂക്ഷം മേഹതി യോ നരഃ
വാതകോപാദസാദ്ധ്യം തം പ്രതീയാന്മധുമേഹിനം. 40

ഇതി ചത്വാരഃ പ്രമേഹാ വാതപ്രകോപനിമിത്താഃ. 41

മേദോ മൂത്രം വിടുന്നതായാൽ അവനെ വസാമേഹി എന്നു പറയും. ഈ വസാമേഹം അസാദ്ധ്യവുമാണ് * 38— വാതകോപംനിമിത്തം മൂത്രത്തിൽകൂടി സകലസമയത്തും മജ്ജ സ്രവിക്കുന്നതായാൽ അതു മജ്ജമേഹമാകുന്നു. ഇത് അസാദ്ധ്യംതന്നെ* 39— വാതകോപംനിമിത്തം ഹസ്തിമേഹം വന്നവൻ മദംപൊട്ടിയ ആനയെപ്പോലെ മൂത്രം ഒലിപ്പിച്ചുകൊണ്ടിരിക്കും. ഈ ഹസ്തിമേഹം സാദ്ധ്യവുമല്ല. 'ഹസ്തീ മത്ത ഇവാജസ്രം മൂത്രം വേഗവിവർജ്ജിതം । സലസീകം വിബദ്ധഞ്ച ഹസ്തിമേഹീ പ്രമേഹതി' എന്നു വാഗ്ഭടാചാര്യൻ * 40—കഷായമധുരരസങ്ങളോടുകൂടിയും വെളുത്തും രൂക്ഷമായും മൂത്രത്തെ മേഹനം ചെയ്യുന്നത് അവൻ മധുമേഹിയാണെന്നും ആ മധുമേഹരോഗം വാതകോപജമാണെന്നും അത് അസാദ്ധ്യമാണെന്നറിയണം* 41— ഈ പറഞ്ഞതുകളാണ് വാതകോപംനിമിത്തം സംഭവിക്കുന്നതുകളായ നാലുതരം പ്രമേഹങ്ങൾ. ഈ വിഷയത്തിൽ വാഗ്ഭടാചാര്യൻ മുതലായ ചില ആചാര്യന്മാർ ഉദകമേഹം മുതൽ തുടങ്ങുകയും മധുമേഹത്തിൽ അവസാനിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ അവർ ഇടയ്ക്കുള്ള മേഹങ്ങളുടെ ക്രമത്തെ മുഴുവനും മാറ്റുന്നുണ്ട് എങ്കിലും വ്യത്യസ്തക്രമത്തിലും ഈ ലക്ഷണങ്ങളിൽനിന്നു തീരെ മാറുന്നില്ല. സുശ്രുതാചാര്യൻ ഉദകമേഹം മുതൽ തുടങ്ങി ഹസ്തിമേഹത്തിലവസാനിക്കുകയും ചെയ്യുന്നു. അതിന്നിടയ്ക്കു ചില വ്യത്യാസങ്ങളും പറയുന്നുണ്ട്. അദ്ദേഹത്തിന്നും പ്രമേഹം ഇരുപതുതരം തന്നെയുമാണ്. എന്നാൽ ഇവ

ത ഏവം ത്രിദോഷപ്രകോപനിമിത്താ വിംശതിഃ പ്രമേഹാ വ്യാഖ്യാതാഃ ത്രയസ്തു ദോഷാഃ പ്രകുപിതാഃ പ്രമേഹാനഭിനിവൃത്സ്യന്ത ഇമാനി പൂർവ്വരൂപാണി ദർശയന്തി. 42

തദ്യഥാ—ജടിലീഭാവം കേശേഷു മാധുര്യമാസ്യസ്യ കരപാദയോഃ സുപ്തതാം ദാഹം മുഖതാലുകണ്ഠശോഷം പിപാസാമാലസ്യം മലം കായേ കായച്ഛിദ്രേഷൂപദേഹം പരിദാഹം സുപ്തതാമംഗേഷു

ളെല്ലാം ഇതെല്ലാം അനുക്രമേണ വരുന്നതാണെന്നും പറയാതിരിക്കുന്നില്ല. ഈ വിഷയത്തിൽ ഓരോരുത്തരും പറയുന്ന യുക്തികളെ മനസ്സിരുത്തി അറിയുകയും വേണം എന്നുമാത്രമേ തൽക്കാലം ഇവിടെ പറയുവാൻ സാധിക്കയുള്ളു * 42—ഇങ്ങിനെയാണ് ത്രിദോഷകോപംനിമിത്തം ഇരുപതുതരം പ്രമേഹങ്ങളുണ്ടാകുമെന്ന പറഞ്ഞതിന്റെ ലക്ഷണം അതു വഴിപോലെ വിവരിക്കുകയും ചെയ്യും. കഫപിത്തവാതങ്ങളായ ദോഷങ്ങൾനിമിത്തം സംഭവിക്കുന്നതുകളായ പ്രമേഹങ്ങൾക്ക് ഈ പറയുന്ന പൂർവ്വരൂപങ്ങളുണ്ടാവുകയും ചെയ്യും *

42—അതുകളെന്തെല്ലാമെന്നാൽ, തലമുടി ജടപിടിക്കുക വായ്ക്കു മധുരരസം കയ്യും കാലും തരിയ്ക്കുക ചുട്ടുനീറൽ വായയും അണ്ണാക്കും തൊണ്ടയും വരളുക ദാഹം തളർച്ച ശരീരത്തിൽ അഴുക്കുകാണുക ശരീരത്തിലെ രോമകൂപാദിച്ഛിദ്രങ്ങളിൽ ഉപദേഹപ്രതീതി തോന്നുക ചുട്ടുനീറൽ അംഗങ്ങൾക്ക തരിപ്പ് വണ്ടും (ഈച്ച) ഉറുമ്പും ശരീരത്തിലും മൂത്രത്തിലും വന്നരിക്കുക അതാതുതരം പ്രമേഹങ്ങളുണ്ടാകുന്ന സമയം ശരീരത്തിന്നുണ്ടാകുന്ന ഗന്ധം മൂത്രത്തിലും സംഭവിക്കുക കലശലായ ഉറക്കം സകലകാര്യത്തിലും മടി ഇതുകളാകുന്നു പൂർവ്വരൂപങ്ങൾ. 'സ്വേദോംഗഗന്ധഃ ശിഥിലാംഗതാ ച ശയ്യാസനസ്വപ്നസുഖാഭിഷംഗഃ । ഹൃന്നേത്രജിഹ്വാശ്രവണോപദേഹോ ഘനാംഗതാ കേശനഖാതിവൃദ്ധിഃ । ശീതപ്രിയത്വം ഗളതാലുശോഷോ മാധുര്യമാസ്യേ കരപാദദാഹഃ । ഭവിഷ്യതോ മേഹഗണസ്യ

ഷട്പദപിപീലികാഭിഃ ശരീരമൂത്രാഭിസരണം മൂത്രേ ച മൂത്രദോ ഷാന്വിതം ശരീരഗന്ധം വിദ്യാൽ തന്ദ്രാഞ്ച സർവ്വകാലമിതി. 43

ഉപദ്രവാസ്തു ഖലു പ്രമേഹിണാം തൃഷ്ണാതീസാരജ്വരദാഹ ദൌർബല്യാരോചകാവിപാകാഃ പൂതിമാംസപിടികാ അലജീവിദ്ര ധ്യാദയശ്ച തൽപ്രസംഗാൽ ഭവന്തി. 44

ത്രം മൂത്രമഭിധാവന്തി പിപീലികാശ്ച' എന്നു വാഗ്ഭടാചാർയ്യൻ. 'ദന്താദീനാം മലാഢ്യത്വം പ്രാഗ്രൂപം പാണിപാദയോഃ । ദാഹശ്ചി ക്കണതാ ദേഹേ തൃട് സ്വാദ്വാസ്യം ച ജായതേ' എന്നു മാധവാ ചാർയ്യൻ. സുശ്രുതാചാർയ്യന്റെ മതം 'തേഷാന്തു പൂർവ്വരൂപാണി ഹ സ്തപാദതലദാഹഃ സ്നിഗ്ദ്ധപിച്ഛിലഗുരുതാ ഗാത്രാണാം മധുരശുക്ല മൂത്രതാ തന്ദ്രാ സാദഃ പിപാസാ ദുർഗ്ഗന്ധഃ ശ്വാസശ്ച താലുഗളജി ഹ്വാദന്തേഷു മലോൽപത്തിർജ്ജടിലീഭാവഃ കേശാനാം വൃദ്ധിശ്ച നഖാ നാം' എന്നാണ് *

44—പ്രമേഹോപദ്രവങ്ങളെ വിവരിക്കുന്നു:—പ്രമേഹരോഗി കളെക്കാണുന്ന ഉപദ്രവരോഗങ്ങളിവ, ദാഹം അതിസാരം പനി ചുട്ടുനീ റൽ കരചരണാദി അവയവങ്ങൾക്കു ബലക്ഷയം അരുചിക്കയും ദേഹ ക്ഷയം ചീഞ്ഞ മാംസത്തോടുകൂടിയ കുരു ഒരു കൂട്ടത്തിൽ ഉൾപ്പെ ട്ടിച്ച അലജി വിദ്രധി മുതലായ പിടികകൾ ഇവകളെല്ലാം സംഭവി ക്കും. വാഗ്ഭടാചാർയ്യൻ കഫപ്രമേഹത്തിനും പിത്തപ്രമേഹത്തിനും വാതപ്രമേഹത്തിനും പ്രത്യേകം പ്രത്യേകമുണ്ടാവുന്ന ഉപദ്രവങ്ങളെ ഇങ്ങിനെ വിവരിച്ചിരിക്കുന്നു: 'അവിപാകോഽരുചിശ്ഛർദ്ദിർന്നിദ്രാ കാ സഃ സപീനസഃ । ഉപദ്രവാഃ പ്രജായന്തേ മേഹാനാം കഫജന്മ നാം, വസ്തിമേഹനയോസ്തോദോ മുഷ്കാവദരണം ജ്വരഃ ദാഹസ്തൃഷ്ണാ മ്ലകോ മൂർച്ഛാ വിഡ്ഭേദഃ പിത്തജന്മനാം, വാതികാനാമുദാവർത്തകമ്പ ഹൃദ്ഗ്രഹലോലതാഃ । ശൂലമുന്നിദ്രതാ ശോഷഃ കാസഃ ശ്വാസശ്ച ജായതേ' *

അത്ര സാദ്ധ്യാൻ പ്രമേഹാൻ സംശോധനോപശമനൈരുപാ
ചരേച്ചികിത്സകഃ 45

ഭവന്തി ചാത്ര.

ഗൃദ്ധ്രമഭ്യവഹാര്യേഷു സ്നാനചങ്ക്രമണദ്വിഷം
പ്രമേഹഃ ക്ഷിപ്രമഭ്യേതി നീഡദ്രുമമിവാണ്ഡജഃ. 46
മന്ദോത്സാഹമതിസ്ഥൂലമതിസ്നിഗ്ദ്ധം മഹാശനം
മൃത്യുഃ പ്രമേഹരൂപേണ ക്ഷിപ്രമാദായ ഗച്ഛതി. 47
യസ്ത്വാഹാരം ശരീരസ്യ ധാതുസാമ്യകരം നരഃ

45—ഈ പറഞ്ഞ പ്രമേഹങ്ങളിൽ സാദ്ധ്യങ്ങളായവറ്റുകളെ അതാതുകാലങ്ങളെ അനുസരിച്ചു വിധിപ്രകാരം സംശോധനോപശമനങ്ങളാൽ വൈദ്യൻ ചികിത്സിക്കുകയും വേണം *

ഈ വിഷയത്തിൽ താഴെ പറയുന്നതുകളെക്കൂടെ ഗ്രഹിക്കുകയും വേണം.

46—ഭക്ഷണപദാർത്ഥങ്ങളിൽ അത്യാഗ്രഹിയും സ്നാനവും ചാക്രമണവും ഒട്ടും ഇഷ്ടമില്ലാത്തവനുമായ ശരീരിയെ പ്രമേഹരോഗം ഒരു ദിക്കിൽ സുഖമായിരുന്നു വിശ്രമിക്കുവാൻ വിചാരിക്കുന്ന പക്ഷി നീഡദ്രുമത്തെ എന്നപോലെ ആശ്രയിക്കുകയും ചെയ്യും *
47—യാതൊരു കാര്യത്തിലും ഉത്സാഹമില്ലാത്തവനും അതിസ്ഥൂലനും അതിയായി സ്നിഗ്ദ്ധത്വത്തെ ശീലിക്കുന്നവനും കണക്കിലധികം ഭക്ഷിക്കുന്നവനുമായ മനുഷ്യനെ അന്തകൻ പ്രമേഹരൂപം ധരിച്ചുവന്ന് അവന്റെ ആയുഷ്കാലം പൂർത്തിയാവുന്നതിനുമുമ്പെ അവനെ കൂട്ടിക്കൊണ്ടുപോവുകയും ചെയ്യും. മന്ദോത്സാഹാദി ഗുണയുക്തനായവന്ന് അതിദാരുണമായ പ്രമേഹം ബാധിക്കുമെന്ന സാരം * 48—ശരീരധാതുക്കൾക്ക സാമ്യത്തെ ചെയ്യുന്നതായ ആഹാരത്തെ ശീലിക്കുകയും അതുവിധമുള്ള ശാരീരങ്ങളും മാനസികങ്ങളുമായ പലതരം പ്രവൃത്തികളെ ശീലിക്കുകയും ചെയ്യുന്നതാരാണോ

സേവതേ വിവിധാശ്ചാന്യാന്ന്യായാംസ്താഃ സ സുഖമശ്നുതേ. 48

തത്ര ശ്ലോകാഃ

ഹേതുവ്യാധിവിശേഷാണാം പ്രമേഹാണാഞ്ച കാരണം
ദോഷധാതുസമായോഗോ രൂപം വിവിധമേവ ച. 49
ദശ ശ്ലേഷ്മകൃതാ യസ്മാൽ പ്രമേഹാഃ ഷൾ ച പിത്തജാഃ
യഥാ കരോതി വായുശ്ച പ്രമേഹാംശ്ചതുരോ ബലീ. 50
സാദ്ധ്യാസാദ്ധ്യവിശേഷാശ്ച പൂർവ്വരൂപാണ്യുപദ്രവാഃ
പ്രമേഹാണാം നിദാനേസ്മിൻ ക്രിയാസൂത്രഞ്ച ഭാഷിതം. 51

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
പ്രമേഹനിദാനം നാമ ചതുർത്ഥോദ്ധ്യായഃ.

അവൻ സുഖത്തെ പ്രാപിക്കും. അവന്ന പ്രമേഹരോഗങ്ങളുണ്ടാവുകയില്ല *

അദ്ധ്യായവിവരണം.

49—51—ഈ പ്രമേഹനിദാനമെന്ന അദ്ധ്യായത്തിൽ ഹേതുവ്യാധികളുടെ വിശേഷവും പ്രമേഹങ്ങളുടെ കാരണവും ദോഷധാതുക്കളുടെ യോഗംനിമിത്തം പലപ്രകാരത്തിലായിത്തീരുന്ന പ്രമേഹങ്ങളുടെ വിവരവും കഫകോപംനിമിത്തമുണ്ടാകുന്ന പത്തുതരം പ്രമേഹങ്ങളുടേയും പിത്തകോപംനിമിത്തമുണ്ടാകുന്ന ആറുതരം പ്രമേഹങ്ങളുടേയും വായുവിന്റെ കോപംനിമിത്തം സംഭവിക്കുന്നതായ നാലുതരം പ്രമേഹങ്ങളുടേയും ലക്ഷണങ്ങളും അതുകളുടെ സാദ്ധ്യാസാദ്ധ്യവിഭാഗവും പ്രമേഹപൂർവ്വരൂപങ്ങളും ഉപദ്രവവ്യാധികളും പ്രമേഹത്തിന്ന ചികിത്സിക്കേണ്ടുന്ന സമ്പ്രദായവും പറയപ്പെട്ടിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
നിദാനസ്ഥാനേ ചതുർത്ഥോദ്ധ്യായഃ. (4)

അദ്ധ്യായം 5. കുഷ്ഠനിദാനം.

—*—

അഥാതഃ കുഷ്ഠനിദാനം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

സപ്തദ്രവ്യാണി കുഷ്ഠാനാം പ്രകൃതിർവ്വികൃതിമാപന്നാനി ഭവന്തി. തദ്യഥാ—ത്രയോ ദോഷാ വാതപിത്തശ്ലേഷ്മാണഃ പ്രകോപണവികൃതാ ദൂഷ്യാശ്ച ശരീരധാതവസ്ത്വങ്മാംസശോണിതലസീകാശ്ചതു-

---

അദ്ധ്യായം 5.

ഇനി കുഷ്ഠനിദാനമെന്ന അദ്ധ്യായത്തെ പറയുന്നു:—

1— വികാരത്തെ പ്രാപിച്ചുള്ളതുകളായ അടുത്തു വിവരിക്കുന്ന വാതാദി ഏഴു കൂട്ടമാകുന്നു കുഷ്ഠരോഗമുണ്ടാകുവാനുള്ള കാരണം. ആ കുഷ്ഠകാരണങ്ങളേതെല്ലാമെന്നാൽ, അതാതുകളെ കോപിക്കുവാനുള്ള കാരണങ്ങൾനിമിത്തം കോപിച്ച വാതപിത്തകഫങ്ങളും അതുകളാൽ ദുഷിപ്പിക്കപ്പെട്ടതുനിമിത്തം തകരാറായിത്തീർന്ന തൊലി മാംസം രക്തം ലസീക ഇതുകളുമാകുന്നു. ഈ ഏഴു കൂട്ടവുമാണ് കുഷ്ഠത്തെ ഉണ്ടാക്കിത്തീർക്കുക. ഇപ്രകാരം ദുഷിച്ച ഈ വാതാദിലസീകാന്തങ്ങളായ ഏഴും ഒന്നിച്ചു ചേർന്ന് ശരീരത്തിലെ ത്വഗാദി ഏഴുധാതുക്കളേയും വ്യാപിച്ച് ഏഴുതരം കുഷ്ഠത്തെ ഉണ്ടാക്കുന്നു. ഈ കാരണം നിമിത്തം ഏതവയവത്തിലെങ്കിലും കുഷ്ഠരോഗമുണ്ടായാൽ അതു ശരീരമാസകലം ഉപതപിപ്പിക്കുകയും ചെയ്യും. ഈ ഏഴുതരം കുഷ്ഠത്തിൽ ഒന്നും വാതാദികളിൽ ഒന്നു മാത്രം കോപിച്ചുണ്ടാകുന്നതായി ഭവിക്കുകയില്ല. കുഷ്ഠമെല്ലാം സന്നിപാതകോപനിമിത്തമുണ്ടാകുന്നതാകുന്നു. അതിൽ വാതജാദിവിഭാഗം ചെയ്യുന്നതാണെങ്കിൽ അതു താരതമ്യത്തെ മാത്രം ആശ്രയിച്ചായിരിക്കുമെന്നു സാരം. 'വിരോധീന്യന്നപാനാനി ദ്രവസ്നിഗ്ദ്ധഗുരൂണി ച |

ശ്ച ദോഷോപഘാതവികൃതാ ഇതി. ഏതത്സപ്താനാം സപ്തധാതുകമേവംഗതമാജനനം കുഷ്ഠാനാമതഃ പ്രഭവാണ്യഭിനിർവ്വർത്ത്യമാനാനി കേവലം ശരീരമുപതപന്തി. ന ച കിഞ്ചിദസ്തി കുഷ്ഠമേകദോഷപ്രകോപനിമിത്തം. 1

അസ്തി തു ഖലു സമാനപ്രകൃതീനാമപി സപ്താനാം കുഷ്ഠാനാം ദോഷാംശാംശവികല്പാനുബന്ധസ്ഥാനവിഭാഗേന വേദനാവർണ്ണസംസ്ഥാനപ്രഭാവനാമചികിത്സിതവിശേഷഃ. 2

സ സപ്തവിധോഽഷ്ടാദശവിധോഽപരിസംഖ്യേയവിധോ വാ. 3

ഭജതാമാഗതാം ഛർദ്ദിം വേഗാംശ്ചാന്യാൻ പ്രതിഘ്നതാം । വ്യായാമമതിസന്താപമതിഭുക്ത്വാ നിഷേവിണാം । ഘർമ്മശ്രമഭയാർത്താനാം ദ്രുതം ശീതാംബുസേവിനാം । അജീർണ്ണാദ്ധ്യശിനാം ചൈവ പഞ്ചകർമ്മാപചാരിണാം । നവാന്നദധിമത്സ്യാതിലവണാമ്ലനിഷേവിണാം । മാഷമൂലകപിഷ്ടാന്നതിലക്ഷീരഗുഡാശിനാം । വ്യവായം ചാപ്യജീർണ്ണേന്നേ നിദ്രാം ച ഭജതാം ദിവാ । വിപ്രാൻ ഗുരൂൻ ധർഷയതാം പാപം കർമ്മ ച കുർവ്വതാം । വാതാദയസ്ത്രയോ ദുഷ്ടാസ്ത്വഗ്രക്തം മാംസമംബു ച । ദൂഷയന്തി സ കുഷ്ഠാനാം സപ്തകോ ദ്രവ്യസംഗ്രഹഃ.' എന്നും 'ത്വചഃ കുർവ്വന്തി വൈവർണ്ണ്യം ദുഷ്ടാഃ കുഷ്ഠമുശന്തി തം । കാലേനോപേക്ഷിതം യസ്മാത് സർവ്വം കുഷ്ണാതി തദ്വപുഃ' എന്നും ഗ്രന്ഥാന്തരം. 2— ഈ വിവരിക്കുന്നതായ കപാലകുഷ്ഠംമുതൽ ഏഴുതരം കുഷ്ഠവും ദുഷിച്ച വാതപിത്തകഫങ്ങളാം വാതാദികളെ ദുഷിപ്പിച്ച ത്വഗാദിധാതുക്കളെ പ്രാപിച്ചുണ്ടാവുന്നവകളും തന്നെയാണെങ്കിലും ദുഷിച്ച ദോഷങ്ങളിലെ താരതമ്യവികല്പവും അതുകളോടു കൂടിച്ചേർന്ന ത്വഗാദികളുടെ വ്യത്യാസവും അതുകളെല്ലാം ചെന്നാശ്രയിച്ച ധാതുക്കളേയും നിമിത്തം അതാതു കുഷ്ഠങ്ങളുടെ വേദന നിറം സംസ്ഥാനം—ആകൃതി പ്രഭാവം പേര് ചികിത്സ ഇതുകളെല്ലാം വ്യത്യാസവും ഭവിക്കും. 3— ഈ കുഷ്ഠരോഗം ഏഴ് പ്രകാരം ഏ

ദോഷാ ഹി വികല്പൈർവ്വികല്പ്യമാനാ വികല്പയന്തി വികാരാനസംഖ്യേയാനസാദ്ധ്യാംശ്ച. തത്ര വികല്പവികാരസംഖ്യേയേതി പ്രസംഗേനാഭിസമീക്ഷ്യ സപ്തവിധമേവ കുഷ്ഠവിശേഷമുപദേക്ഷ്യാമഃ.

ഇഹ വാതാദിഷു ത്രിഷു പ്രകുപിതേഷു ത്വഗാദീംശ്ചതുരഃ പ്രദൂഷയത്സു വാതാധികേഭ്യഃ കപാലകുഷ്ഠമഭിനിർവ്വർത്തതേ. പിത്തേനൌദുംബരം ശ്ലേഷ്മണി മണ്ഡലകുഷ്ഠം. 5

നം (കുഷ്ഠാനി സപ്തധാ ദോഷൈഃ പൃഥഗ്ദ്വന്ദ്വൈഃ സമാഗതൈഃ എന്ന പ്രമാണപ്രകാരം ഏഴു പ്രകാരമെന്നും) മറ്റുചിലർ പതിനെട്ടു വിധമെന്നും—വാതകോപംകൊണ്ട് ൧. പിത്തകോപനിമിത്തം ൨. കഫനിമിത്തം ൩. വാതപിത്തം നിമിത്തം ൪. വാതകഫകോപം നിമിത്തം ൫. കഫപിത്തകോപം നിമിത്തം ൬. സന്നിപാതകോപനിമിത്തം ൭. ഇങ്ങനെ പതിനെട്ടുവിധം എന്നും പറയുന്നു. ദോഷാംശവികല്പനിമിത്തം കുഷ്ഠം അപരിസംഖ്യേയവിധമാണെന്നും പറയാം. പതിനെട്ടു തരമായതിൽ ഏഴു മഹാകുഷ്ഠങ്ങളും പതിനൊന്നു ക്ഷുദ്രകുഷ്ഠങ്ങളുമാണ്. ഏഴ് എന്ന പക്ഷത്തിൽ മഹാകുഷ്ഠങ്ങളെ മാത്രമുള്ളൂ. ക്ഷുദ്രകുഷ്ഠങ്ങളെ മഹാകുഷ്ഠങ്ങളുടെ അവാന്തരവ്യത്യാസങ്ങളെ മാത്രമാകയാൽ അവയെ ഇവിടെ തൽക്കാലം വിവരിക്കുന്നില്ല. 4—വാതാദിദോഷങ്ങളുടെ സംയോഗവിയോഗങ്ങളും അളവിലെ തരതമ്യവ്യത്യാസങ്ങളും നിമിത്തം സംഭവിക്കുന്ന രോഗങ്ങളെ ആരാലും ഒരു കാലവും പറഞ്ഞവസാനിപ്പിക്കുവാൻ സാധിക്കാത്തവിധം സംഖ്യാതീതങ്ങളായിരിക്കും. അതിനാൽ കുഷ്ഠകാരികളായ വാതാദിദോഷങ്ങളുടെ വികല്പനിമിത്തമുണ്ടാകുന്ന രോഗങ്ങളെല്ലാം കണക്കാക്കി പറയുക എന്നുവെച്ചാൽ അതു വളരെ വിസ്തരിക്കേണ്ടി വരുമെന്നു കരുതി ഏഴുതരം കുഷ്ഠത്തെ മാത്രമേ തൽക്കാലം ഉപദേശിക്കുന്നുള്ളൂ. ഇതുകൊണ്ടു മറ്റുള്ളവരുടെ മതവും സാധിക്കുന്നതാണ്.

5-7—ഏഴു വക കുഷ്ഠങ്ങളുടെ ലക്ഷണങ്ങളും സംജ്ഞക

വാതപിത്തയോരൃശ്യജിഹ്വം, പിത്തശ്ലേഷ്മണോഃ പുണ്ഡരീകം, ശ്ലേഷ്മമാരുതയോഃ സിദ്ധ്മകം, സർവ്വദോഷാതിവൃദ്ധ്യാ കാകണകമഭിനിർവ്വർത്തതേ. ഇത്യേവമേഷ സപ്തവിധഃ കുഷ്ഠവിശേഷോ ഭവതി. 6

സ ചൈഷ ഭൂയോമാത്രഃ പ്രകൃതിവികല്പനായാ ഭേദം വികാര സംഖ്യാമാപദ്യതേ. 7

തത്രേദം സർവ്വകുഷ്ഠനിദാനം പൂർവ്വരൂപമുപദേക്ഷ്യാമഃ. ശീതോഷ്ണവ്യത്യാസമനാനുപൂർവ്വ്യോപസേവമാനസ്യ തഥാ സന്തർപ്പണാപതർപ്പണാഭ്യവഹാര്യവ്യത്യാസം ച മധുഫാണിതമത്സ്യമൂലകകാകമാചീഃ സതതമതിമാത്രമശ്നതോ സഹ്യക്തക്ഷീരപിച്ചിലമ്ല

ളും വിവരിക്കുന്നു: ആരൊക്കെയാണ് കോപിക്കുവാനുള്ള കാരണങ്ങൾനിമിത്തം കോപിച്ച വാതാദികൾ ത്വങ്മാംസരക്തലസികകളെ ദുഷിപ്പിച്ചു കുഷ്ഠത്തെ ഉണ്ടാക്കുന്നതിൽ, വാതകോപാധിക്യം നിമിത്തം സംഭവിക്കുന്നതു കപാലകുഷ്ഠമായിരിക്കും. പിത്താധിക്യംനിമിത്തം ഔദുംബരകുഷ്ഠവും, കഫകോപാധിക്യത്താൽ മണ്ഡലകുഷ്ഠവും സംഭവിക്കും. വാതപിത്തംനിമിത്തം ഋശ്യജിഹ്വകുഷ്ഠവും, പിത്തകഫങ്ങൾനിമിത്തം പുണ്ഡരീക കുഷ്ഠവും, കഫവാതങ്ങൾനിമിത്തം സിദ്ധ്മകുഷ്ഠവും, സംഭവിക്കും. സന്നിപാതകോപം മൂലമുണ്ടാകുന്ന കുഷ്ഠം കാകണകമായിരിക്കും ഇവകളാണ് മുൻപറഞ്ഞതായ ഏഴു കുഷ്ഠവിശേഷങ്ങളായുള്ള ഏഴുതരംതന്നെ പിന്നെ ഇതിൽനിന്ന അല്പാല്പമായ പ്രകൃതിവികല്പനിമിത്തം പലതരം വിധത്തിലായിത്തീർന്നും ചെറുതും ആയ ക്ഷുദ്രകുഷ്ഠങ്ങൾ മഹാകുഷ്ഠങ്ങളെ ആശ്രയിച്ചവയായിരിക്കുന്നു സാരം *

8— ഇനി എല്ലാതരം കുഷ്ഠങ്ങളുടേയും നിദാനത്തെ പൂർവകത്തിൽ ഉപദേശിക്കാം. കാലസ്വഭാവംനിമിത്തം കോപിക്കുന്നദോഷങ്ങൾക്കു വിപരീതമായവിധം ശീതോഷ്ണങ്ങളെയും സന്തർപ്പണാപതർപ്പണങ്ങളെയും ആഹാരവ്യത്യാസത്തെയും ശീലിക്കുകയും തേനും ശർക്കരപ്പാവും മത്സ്യവും മുള്ളങ്കിയും കാകമാചിയും

പയസാ ഹായനകയവകചീനകോദ്ദാലകകോരദൂഷപ്രായാണി ച അ
ന്നാനി ക്ഷീരദധിതക്രകോലകുലത്ഥമാഷാതസീസൎഷപകുസുംഭസ്നേ
ഹവന്ത്യന്നെശ്വാപി സ്വപിതസ്യ വ്യവായവ്യായാമസന്താപാന
പ്യുപസേവമാനസ്യ ശ്രമസന്താപോപഹതസ്യ സഹസാ ശീ
തോദകമവതരതോ വിശേഷമാഹാരമനല്പീകൃത്യ വിരോധീന്യപ്യവഹരത
ഷട്ടിജേ പ്രതിപ്രൂതഃ സ്നേഹാംശ്ചാവിചാരതോ യുഗപൽ ത്രയോ ദോ
ഷാഃ പ്രകോപമാപദ്യന്തേ. തഥാഗതാശ്ചൈതാഭമൈസ്ഥൈമിത്യമാപദ്യ
ന്തേ. തേഷു ശിഥിലേഷു ദോഷാഃ പ്രകുപിതാഃ സ്ഥാനമഭിഗമ്യ

ഷ്ട്രീലകളെയും പതിവായും കണക്കിലധികവും ഭക്ഷിക്കുന്നതിന്ന
മുമ്പയും കഴിക്കയും വയറിൽ പാൽകൂട്ടി ശീലിക്കകയും മോദൻ
തിന കുഴങ്ങിൻകുരുതാളനെല്ല് വരക് ഇവകൾകൊണ്ടുണ്ടാക്കിയ
അന്നം അധികരിച്ചു ശീലിക്കകയും അതിൽ പാല് തൈര് മോര്
മുതിരക്കുരുപ്പൂരിപ്പുകൊണ്ടുണ്ടാക്കിയ ചാറ് മുതിരച്ചാറ് ഉഴുന്നിൻചാ
റ് അമരിച്ചാറ് ഇവകളും ചെറുപ്പത്തിന്റെ എണ്ണയും കൂട്ടിച്ചേ
ൎത്തു ശീലിക്കകയും ഈ ഭക്ഷണം കഴിച്ചുറ ഭക്ഷിക്കുന്നതിന്ന മുമ്പ
സ്ത്രീസേവയും വ്യായാമവും ദുഃഖവും ശീലിക്കകയും മലപ്പട്ടകയും
അത്യദ്ധ്വാനം ചെയ്യുകയും വെയിലാ തിരയ്യാകൊണ്ടു ദേഹം ഉള്ളി
ക്കകയും ചെയ്യുവൻ പെട്ടന്ന തണുത്തവെള്ളത്തിൽ ചെന്നിറങ്ങു
കയും വിശേഷംവന്ന ആഹാരത്തെ വമനം ശീലിച്ചു പുറത്തുകളയാ
തെ ഉൾപ്പെട്ടതുണ്ടാക്കുന്ന ആഹാരങ്ങളെ ഭക്ഷിക്കുകയും പ്രവൃത്ത
മാനമായ മലത്തിനെ പുറത്തുവിടാതിരിക്കുകയും സ്നേഹപാനം ശീലി
ക്കുന്നസമയം അതിന്റെ വിധികളെ തെറ്റിക്കുകയും ചെയ്യാൽ
വാതാദിദോഷങ്ങളെല്ലാം ഒരുമിച്ചു കോപിക്കും. അതുനിമിത്തം
ഗുദസന്ധിരേഖകൾ നാലും ശിഥിലമായിത്തീരുകയും ചെ
യ്യും. അതുകൾക്ക ശൈഥില്യം വന്നാൽ സ്ഥാനത്ത കോപിച്ചു ദോ
ഷങ്ങൾ പിന്നെയും കോപാധിക്യത്തെ പ്രാപിച്ചു തങ്ങൾതങ്ങൾക്ക

സന്നിവിശമാനാസ്തേഷ്വേവ ത്വഗാദീൻ ദൂഷയന്തഃ കുഷ്ഠാന്യഭിനിർവ്വർത്തയന്തി. 8

തസ്യേമാനി പൂർവ്വരൂപാണി. തദ്യഥാ—അസ്വേദനമതിസ്വേദനം പാരുഷ്യമതിശ്ലക്ഷ്ണതാ വൈവർണ്ണ്യം കണ്ഡൂർന്നിസ്തോദഃ സുപ്തതാ പരിദാഹഃ പരിഹർഷോ ലോമഹർഷഃ ഖരത്വമൂഷ്മായണം ഗൗരവം ശ്വയഥുർവ്വിസർപ്പാഗമനമഭീക്ഷ്ണം കായച്ഛിദ്രേഷൂപദേഹഃ പക്വദഗ്ദ്ധദഷ്ടക്ഷതോപസ്ഖലിതേഷ്വതിമാത്രം വേദനാ സ്വല്പാനാമ

ള്ള സ്ഥാനങ്ങളിൽ ചെന്നു നിന്നു ശിഥിലങ്ങളായ ത്വഗാദികളെ ദൂഷിപ്പിച്ചു കുഷ്ഠരോഗങ്ങളെ ഉണ്ടാക്കിത്തീർക്കും. *

9—കുഷ്ഠത്തിന്റെ പൂർവ്വരൂപത്തെ വിവരിക്കുന്നു:— അതുകളെന്തെല്ലാമെന്നാൽ, വിയർപ്പില്ലാതെയും വിയർത്തിരിക്കുക കാരണംകൂടാതെ കലശലായി വിയർക്കുക ശരീരത്തിൽ പരുപരുപ്പ് മറ്റ ചിലേടത്തിൽ അതിയായ മിനുപ്പ് നിറപ്പകർച്ച ചൊറിച്ചിൽ കുത്തിനോവ് തരിപ്പ് ചുട്ടുനീറൽ ചിലേടത്തുമാത്രം രോമാഞ്ചം മേലാസകലം രോമാഞ്ചം പരുക്കം ചുട്ടുപുകച്ചിൽ ശരീരത്തിന്നു കനം നീര് ഇടയ്ക്കിടെ വിസർപ്പംവന്നുകൊണ്ടിരിക്കുക ശരീരച്ഛിദ്രങ്ങളിൽ (രോമകൂപാദികളിൽ) ഉപദേഹപ്രതീതി കുത ചിരങ്ങ് മുതലായതുണ്ടായി ശരീരത്തിലെവിടെയെങ്കിലും പഴുക്കുകയോ തീപ്പൊള്ളുകയോ ഉരസ്സുതട്ടിയോ എന്തെങ്കിലും കടിക്കുകയോ മുറിയോ ചതവോ പററുകയോ തച്ചുകുത്തുകയോ ചെയ്താൽ അതുകൾക്കുണ്ടാകുന്നതിൽ കവിഞ്ഞ വേദന സ്വല്പമായ വ്രണങ്ങൾക്കുകൂടെ ദുഷിക്കുക (കുത്തംപൊട്ടുക) വളരെക്കാലത്തേക്ക് ഉണങ്ങാതിരിക്കുക ഇതുകളാകുന്നു കുഷ്ഠത്തിന്റെ പൂർവ്വരൂപങ്ങൾ. ഈ വക ലക്ഷണങ്ങൾ കണ്ടതിന്നു ശേഷം കുഷ്ഠരോഗങ്ങൾ— അതാതുലക്ഷണാകൃതിയുള്ള കുഷ്ഠരോഗം പ്രത്യക്ഷപ്പെടുകയും ചെയ്യും. അതിശ്ലക്ഷ്ണഖരസ്പർശസ്വേദാസ്വേദവിവർണ്ണതാഃ । ദാഹഃ കണ്ഡൂസ്ത്വചി സ്വാപസ്തോദഃ കോഠോന്നതിഃ ശ്രമഃ । വ്രണാനാമധികം ശൂലം ശീഘ്രോത്പത്തിശ്ചിര

പി ച വ്രണാനാം ദുഷ്ടിസംരോഹണാജ്ജനയന്തി. തേഭ്യോനന്തരം കു ഷ്ഠാനി ജായന്തേ. 9

തേഷാമിദം വേദനാവർണ്ണസംസ്ഥാനപ്രഭാവനാമവിശേഷവിജ്ഞാനം. തദ്യഥാ—രൂക്ഷാരുണപരുഷാണി വിഷമവിസൃതാനി ഖരപര്യന്താനി തനൂന്യുദ്വൃത്തബാഹ്യാനി സുപ്തസുപ്താനി ഹൃഷിതലോമരാജീനി നിസ്തോദബഹുലാനി അല്പകണ്ഡൂദാഹപൂയലസീകാന്യാശുഗതിസമുത്ഥാന്യാശുഭേദീനി ജന്തുമന്തി കൃഷ്ണാരുണകപാലവർണ്ണാനി കപാലകുഷ്ഠാനീതി വിദ്യാത്. 10

സ്ഥിതിഃ । രൂപാണാമപി രൂക്ഷത്വം നിമിത്തേഷ്വപി കോപനം । ദോഷാണാം ദ്വാത്രിംശത് കാഠിന്യം കഷ്ടഭേദാനുഗ്രഹം' എന്ന വാഗ്ഭടാചാര്യൻ *

10—മുൻവിവരിച്ച കപാലകുഷ്ഠാദി ഏഴുതരം കുഷ്ഠങ്ങളുടേയും വേദന വർണ്ണം ആകൃതി പ്രഭാവം നാമവിശേഷം— ഇതാതു നാമങ്ങളെക്കൊണ്ടു പറയുവാനുള്ള കാരണം ഇതുകളേയും വിവരിക്കാം. അതുകളെല്ലാമെന്നാൽ,

ക. കപാലകുഷ്ഠം, രൂക്ഷമായും അരുണവർണ്ണമായും പരുഷമായുമിരിക്കും. വ്രണങ്ങൾ ശരിയായ വൃത്തത്തിലല്ലാതെയും വിസ്താരംകൂടിയുമിരിക്കും. പരപ്പുറ്റും കനം കുറഞ്ഞുമിരിക്കും. ബഹിർഭാഗം ഉദ്വൃത്തമായും—പൊന്തിയും തടവായും അത്യന്തം തരിപ്പുള്ളതായും രോമാഞ്ചത്തോടുകൂടിയുമിരിക്കും. കലശലായ കുത്തിനോവുണ്ടാകും. ചൊറിച്ചിലും ചുട്ടുനീറലും, ചലവും വെള്ളവും ഒലിക്കയും വളരെ കുറച്ചുമാത്രമേ ഉണ്ടാവുകയുള്ളു. ക്ഷണത്തിൽ ഉണ്ടാവുകയും ഗതികം— ഒരു വ്രണത്തിൽനിന്ന മറ്റൊരു വ്രണത്തിലേക്ക് ഉള്ളിൽ കൂടി പഴുത്തുമാറ്റങ്ങൾ ഉണ്ടാവുകയും വേഗത്തിൽ വിള്ളുകയും ക്രിമിയുണ്ടാവുകയും കറുത്തതോ അരുണവർണ്ണമോ ആയ കപാലത്തിന്റെ നിറം ഭവിക്കയും ചെയ്യുന്നത് ഈ കുഷ്ഠം കപാലകുഷ്ഠമാണെന്നറിയണം *

താമ്രാണി താമ്രരോമരാജീഭിരവനദ്ധാനി ബഹുലാനി ബഹുലപരിദാഹപൂയലസീകാനി കണ്ഡൂക്ലേദകോഥദാഹപാകവന്ത്യാശുഗതിസമുത്ഥാനഭേദീനി സസന്താപക്രിമീണ്യുദുംബരഫലപക്വവർണ്ണാന്യുദുംബരകുഷ്ഠാനീതി വിദ്യാൽ. 11

സ്നിഗ്ദ്ധാനി ഗുരൂണ്യുത്സേധവന്തി ശ്ലക്ഷ്ണസ്ഥിരപീതപര്യന്താനി ശുക്ലരക്താവഭാസാനി ബഹുലബഹലശുക്ലപിച്ഛിലസ്രാവീണി ശുക്ലരോമരാജീസന്താനാനി ബഹുകണ്ഡൂക്രിമീണി സക്തഗതിസ.

11—ം. ഉദുംബരകുഷ്ഠം, താമ്രവർണ്ണമായും വ്രണത്തിന്മേൽ ചെമ്പിച്ച രോമം നിറഞ്ഞും വളരെ വലുതായും ഇരിക്കും. രക്തവും ചലവും കൊഴുത്തനീരും വളരെ കലശലായി പുഴുത്തൊലിക്കും. ചൊറിച്ചിലും നനവും ചീയ്യലും ചുട്ടുനീറലും പഴുപ്പുമുണ്ടാകും. ക്ഷണത്തിൽ ഗതികൾ സംഭവിക്കുകയും അതു ചെന്ന ദിക്കിലെല്ലാം വേഗത്തിൽ വ്രണങ്ങളുണ്ടാവുകയും അതുകളെല്ലാം വിള്ളുകയും കലശലായി ചുട്ടുപുകഞ്ഞുനീറുകയും കൃമിക്കുകയും ചെയ്യും. ഇതിന്റെ നിറം പഴുത്ത അത്തിപ്പഴത്തിന്റെ നിറംപോലെയിരിക്കുകയും ചെയ്യും. ഈ ലക്ഷണങ്ങളുള്ള കുഷ്ഠത്തിന് ഉദുംബരകുഷ്ഠമെന്നാണ് പേരെന്നറിയുകയും വേണം *

12—ം. മണ്ഡലകുഷ്ഠം—സ്നിഗ്ദ്ധവും കട്ടിയുള്ളതും തടിച്ചതായ അവയവത്തിനെക്കാൾ അധികം പൊക്കമുള്ളതുമായിരിക്കും. ആ വ്രണത്തിന്റെ വക്ക് അത്യന്തം മിനുത്തും കട്ടിയായും തടിച്ചുമിരിക്കും. വ്രണം വെളുക്കും. അല്ലെങ്കിൽ ചുവന്നിരിക്കും. വിസ്താരം കൂടിയിരിക്കും. വെളുത്ത നിറത്തിൽ (അരി അരച്ചുകലക്കിയതുപോലെ) കൊഴുത്തവെള്ളം കലശലായി സ്രവിക്കും. വെളുത്ത രോമം ധാരാളം മുളയ്ക്കും. ചൊറിച്ചിലും കൃമിയും കലശലായിരിക്കും. ഗതിയുണ്ടാവുകയും വേറെ വ്രണങ്ങളുണ്ടാവുകയും വിള്ളുകയും സാവധാനത്തിലെ ഉണ്ടാവുകയുള്ളു. വ്രണം ശരിയായ വൃത്താകാരത്തി

മുത്സന്നമദ്ധ്യാനി പരിമണ്ഡലാനി മണ്ഡലകുഷ്ഠാനീതി വിദ്യാൽ. 12

പരുഷാണ്യരുണവർണ്ണാനി ബഹിരന്തഃ ശ്യാവാനി നീലപീതതാമ്രാവഭാസാന്യാശുഗതിസമുത്ഥാനാന്യല്പകണ്ഡൂക്ലേദക്രിമീണി ദാഹഭേദനിസ്തോദപാകപ്രായാണി ശൂകോപഹതോപമവേദനാന്യുത്സന്നമദ്ധ്യാനി തനുപര്യന്താനി കർക്കശപിടകാചിതാനി ദീർഘപരിമണ്ഡലാനി ഋഷ്യജിഹ്വാകൃതീനി ഋഷ്യജിഹ്വാനീതി വിദ്യാൽ.

ശ്വേതരക്താവഭാസാനി രക്തപര്യന്താനി രക്തസിരാരാജീസന്തതാന്യുത്സേധവന്തി ബഹുബഹളരക്തപൂയലസീകാനി കണ്ഡൂക്രിമി

ക്രിമികളോടും കൂടും ഇവ പറഞ്ഞ ലക്ഷണങ്ങളുള്ള കുഷ്ഠം മണ്ഡലകുഷ്ഠമാണെന്നറിയണം *

13—ം. ഋഷ്യജിഹ്വാകുഷ്ഠം, പരുഷമായും പുറമെ അരുണവർണ്ണമായും ഉള്ളിൽ കറുവാളിച്ചനിറമായും വ്രണത്തിൽ അവിടവിടെ നീലനിറവും പീതനിറവും ചെമ്പിൻനിറവും ഉള്ളതായും ക്ഷണത്തിൽ ഗതികളും മാംസവ്രണങ്ങളും സംഭവിക്കുന്നതായും ചൊറിച്ചിലും നനവും ക്രിമിയും കുറയുന്നതായും ചുട്ടുനീറലും വിള്ളിച്ചയും കുത്തിനോവലും പഴുപ്പും കലശലായും നെല്ലിന്റെ ഓവു തറച്ചതുപോലെ വേദനയുള്ളതായും നടു പൊന്തിയും വക്ക താണും പരുപരുക്കങ്ങളുമായ കുരു നിറഞ്ഞും മാനിന്റെ നാവിന്റെ ആകൃതിയിൽ ദീർഘപരിമണ്ഡലമായുമിരിക്കുന്ന കുഷ്ഠം ഋഷ്യ(ശ്യ)ജിഹ്വാകുഷ്ഠമാണെന്നറിയണം *

14—ം. പുണ്ഡരീകകുഷ്ഠം, വെളുത്തനിറങ്ങളുള്ളതും വക്കു ചുവന്നതും ചുവന്ന ഞരമ്പുകൾ കെട്ടിപ്പിണഞ്ഞുകിടക്കുന്നതും പൊങ്ങിയുള്ളതും ചോരയും ചലവും കൊഴുത്തവെള്ളവും വളരെ കലശലായൊലിക്കുന്നതും ചൊറിച്ചലും ക്രിമിയുമുള്ളതും ചുട്ടുനീറലും പാകവുമുള്ളതും ക്ഷണത്തിൽ ഗതിയും സമുത്ഥാനവും വിള്ളിച്ചയും വരുന്നതും

ദാഹപാകവന്ത്യാശുഗതിസമുത്ഥാനഭേദീനി പുണ്ഡരീകപലാശസങ്കാശാനി പുണ്ഡരീകാണീതി വിദ്യാൽ. 14

പരുഷാണ്യരുണവിശീർണ്ണബഹിസ്തനൂന്യന്തസ്സ്നിഗ്ധാനി ശുക്ലരക്താവഭാസാനി ബഹൂന്യല്പവേദനാന്യല്പകണ്ഡൂദാഹപൂയലസീകാനി ലഘുസമുത്ഥാനാന്യല്പഭേദക്രിമീണ്യലാബുപുഷ്പസങ്കാശാനി സിദ്ധ്മകുഷ്ഠാനീതി വിദ്യാൽ. 15

കാകണന്തികാവർണ്ണാന്യാദൗ പശ്ചാൽ സർവ്വകുഷ്ഠലിംഗസമ

താമരപ്പൂവിന്റെ ഇതളുപോലെയുള്ള ആകൃതിയോടുകൂടിയതുമായ കുഷ്ഠം പുണ്ഡരീകകുഷ്ഠമാണെന്നറിയണം *

15—ാം. സിദ്ധ്മകുഷ്ഠം, വരണ്ട് പരുഷമായും അരുണവർണ്ണമായും വിശീർണ്ണമായും—പൊട്ടിപ്പൊളിഞ്ഞ് മത്സ്യശകലങ്ങൾപോലെയുള്ള ശകലങ്ങൾ കൊഴിയുന്നതായും കനംകുറഞ്ഞും ഉള്ളിൽ സ്നിഗ്ദ്ധമായും വെളുപ്പും ചുവപ്പും ഉള്ളതായും വളരെയായും (ഉണ്ടാവുന്നു വളരെ വലുതായും, വളരെ സംഖ്യയുള്ളതായും) വേദന ചൊറിച്ചിൽ ചുട്ടുനീറൽ ചലം ലസീക ഇവകൾ വളരെ കുറഞ്ഞതായും സമുത്ഥാനം വളരെ ലഘുവായും ഭേദവും ക്രിമിയും വളരെ കുറഞ്ഞതായും ചുരയുടെ പൂവിന്റെ ആകൃതിയിലിരിക്കുന്നതുമായ കുഷ്ഠം സിദ്ധ്മകുഷ്ഠമാണെന്നറിയണം *

16—ാം. കാകണകകുഷ്ഠം, ഇലഞ്ഞിപ്പഴംപോലെ ചുവന്ന കുന്നിക്കുരുവിന്റെ നിറമായിരിക്കും. പിന്നെ മുൻവിവരിച്ചതായ ആറുതരം കുഷ്ഠങ്ങളുടെ ലക്ഷണങ്ങളെല്ലാം കാണുകയും ചെയ്യും. സർവ്വകുഷ്ഠലിംഗമാവുകനിമിത്തം ഇതിന്നു പല നിറങ്ങളുമുണ്ടാകും. ഇതു മഹാപാപികൾക്കുണ്ടാവുന്നതായ കാകണകകുഷ്ഠമാണെന്നറിയണം. ഇതിനെയാണ് മുൻവിവരിച്ച ഏഴുതരം കുഷ്ഠങ്ങളുടെയും ലക്ഷണങ്ങൾ. ക്ഷുദ്രകുഷ്ഠലക്ഷണങ്ങളും മററും ചികിത്സിതം 7-ാം അദ്ധ്യായത്തിൽ വിവരിക്കുന്നതാകയാൽ ആ വിഷയത്തിലുള്ള ഗ്രന്ഥാ

ന്വിതാനി പാപീയസാം സപ്തകുഷ്ഠലിംഗസംഘാതാവേകമല്ലാനി
കാകണകാനീതി വിദ്യാൽ. 16

താന്യസാധ്യാനി സാധ്യാനി പുനരിതരാണി. തത്ര യദസാ
ധ്യം തദസാധ്യതാം നാതിവർത്തതേ. സാധ്യം പുനഃ കിഞ്ചിൽ സാ
ധ്യതാമതിവർത്തതേ കദാചിദപചാരാൽ. 17

സാധ്യാനീഹ ഷൾ കാകണകവർജ്യാന്യചികിത്സ്യമാനാന്യപ
ചാരതോ വാ ദോഷൈരഭിഷ്യന്ദമാനാന്യസാധ്യതാമുപയാന്തി. 18

നാമങ്ങളെ ഇവിടെ എടുത്തുവിവരിക്കേണ്ടില്ല. എന്നാൽ ധാതാ
ശ്രയങ്ങളായ കുഷ്ഠങ്ങളുടെ ലക്ഷണങ്ങളെക്കുറിച്ചുള്ള വാഗ്ഭടമത
ത്തെ മാത്രം ഇവിടെ വിവരിക്കുകയും ചെയ്യാം. 'തത്ര ത്വചി സ്ഥിതേ
കുഷ്ഠേ തോദവൈവർണ്യരൂക്ഷതാഃ । സ്വേദസ്വാപശ്വയഥവഃ ശോ
ണിതേ, പിശിതേ പുനഃ । പാണിപാദാശ്രിതാഃ സ്ഫോടാഃ ക്ലേദഃ സ
ന്ധിഷു ചാധികം । കൌണ്യം ഗതിക്ഷയോംഗാനാം ദലനം സ്യാച്ച മേ
ദസി । നാസാഭംഗോസ്ഥിമജ്ജസ്ഥേ നേത്രരാഗഃ സ്വരക്ഷയഃ । ഭവേ
ച്ച ക്രിമയഃ, ശുക്ലേ സ്വദാരാപത്യബാധനം । യഥാപൂർവ്വഞ്ച സർവ്വാ
ണി സ്യുർല്ലിംഗാന്യസൃഗാദിഷു' *

17—കാകണകവും തീരെ അസാധ്യമാകുന്നു. മററു കുഷ്ഠ
ങ്ങളും സാധ്യങ്ങളുമാണ്. 'സർവ്വദോഷോൽബണം ത്യജേൽ । രി
ഷ്ടോക്തം യച്ച യച്ചാസ്ഥിമജ്ജശുക്ലസമാശ്രയം । യാപ്യം മേദോഗ
തം, കൃച്ഛ്രം പിത്തദ്വന്ദ്വാസ്രമാംസഗം । അകൃച്ഛ്രം കഫവാതാഢ്യം
ത്വക്സ്ഥമേകമലഞ്ച യൽ' എന്ന് അഷ്ടാംഗഹൃദയം. അസാധ്യമാ
യ കുഷ്ഠം ഒരിക്കലും അസാധ്യമല്ലാതായിത്തീരുകയില്ല. സാധ്യമാ
യ കുഷ്ഠം വേണ്ടതുപോലെ ചികിത്സിക്കാതിരുന്നാൽ ചിലപ്പോൾ അ
സാധ്യമായിത്തീരുകയും ചെയ്യും * 18—കാകണകത്തെ ഒഴിച്ച് ബാ
ക്കിയുള്ള സാധ്യങ്ങളായ ആറുതരം കുഷ്ഠങ്ങളും ചികിത്സിക്കാതിരിക്ക
കയോ തകരാറായി ചികിത്സിക്കുകയോ ദോഷങ്ങൾ കൂടിച്ചേരുക

സാദ്ധ്യാനാമപി ഹ്യുപേക്ഷ്യമാണാനാമേഷാം ത്വങ്മാംസശോണിതലസീകാകോഥക്ലേദസംസ്വേദജാഃ ക്രിമയോഭിമൂർച്ഛന്തി. തേ ഭക്ഷയന്തസ്ത്വഗാദീൻ ദോഷാൻ പുനർദ്ദൂഷയന്ത ഇമാനുപദ്രവാൻ പൃഥക് പൃഥഗുൽപാദയന്തി. 19

തത്ര വാതഃ ശ്യാവാരുണപരുഷത്വമപി ച രൗക്ഷ്യശൂലായാമതോദഭേദഹർഷസങ്കോചായാസസ്തംഭസുപ്തിഭേദഗ്രാഃ. പിത്തം പുനർദ്ദാഹസ്വേദക്ലേദകോഥകണ്ഡൂസ്രാവപാകരാഗാഃ. ശ്ലേഷ്മാ ത്വസ്യ ശ്വൈത്യശൈത്യസ്ഥൈര്യകണ്ഡൂഗൗരവോ

യോ (ത്വഗാദിധാതുക്കളെ പ്രാപിക്കുകയോ) ചെയ്യുന്ന തൃസാദ്ധ്യങ്ങളായിത്തീരും* 19—സാദ്ധ്യങ്ങളായ കുഷ്ഠങ്ങളും വേണ്ടതു പോലെ ചികിത്സിക്കാതിരുന്നാൽ ത്വങ്മാംസശോണിതലസീകകൾക്കു ചീച്ചിലും നനവും സ്വേദവും സംഭവിക്കുകയും അതിൽനിന്നു ക്രിമികളുണ്ടാവുകയും അവ ചീഞ്ഞ ത്വഗാദികളെ ഭക്ഷിച്ചു വലുതാവുകയും ചെയ്യും. അങ്ങിനെ വർദ്ധിച്ച ക്രിമികൾ ദുഷിക്കാത്തയുള്ള ശരീരാവയവങ്ങളിലെ ത്വഗാദികളെക്കൂടെ ഭക്ഷിക്കുകയും വാതാദിദോഷങ്ങളെ പിന്നെയും ദുഷിപ്പിക്കുകയും ചെയ്യും. അങ്ങിനെ ദുഷിച്ച ദോഷങ്ങൾനിമിത്തം ഈ പറയുന്ന പ്രത്യേകോപദ്രവങ്ങളെ ഉണ്ടാക്കുകയും ചെയ്യും*

20—വാതം നിമിത്തം ശ്യാവമായും അരുണമായും പരുഷമായുമുള്ള വർണ്ണങ്ങളും പരുപരുപ്പ് കുത്തിനോവ് നീറ് ചുളുചുളുക്കൽ വിറയൽ തരിപ്പ് അംഗങ്ങൾക്കു സങ്കോചം ആയാസം സ്തംഭനം സുപ്തി വിള്ളിച്ചു മുറിച്ചിൽ ഇതുകളും, പിത്തം നിമിത്തം ചുട്ടുനീറൽ വിയർപ്പ് നനവ് ചീയൽ ചൊറിച്ചിൽ സ്രാവം (ചീഞ്ഞൊലിക്കുക) പഴുപ്പ് ചുവപ്പ് ഇതുകളും, കഫം നിമിത്തം വെളുപ്പ് തണുപ്പ് ഉറപ്പ് ചൊറിച്ചിൽ കനം പൊക്കം ഇവയും സ്നേഹം പുരട്ടിയതുപോലെയും ഏറെനേരിലും അരച്ചുതേച്ചതുപോലെയും (പൊറാൻ

ഭേദസ്ഥാപസ്സ്യന്ദനപാകൌ താൻ. ക്രിമയശ്ച ഗാദ്ഭേദാംഗുലൌ സിരാഃ സ്നായൂന്യസ്ഥീന്യപി ച തരുണാനി ഖാദന്തി. 20

അസ്യാമവസ്ഥായാമുപദ്രവാഃ കുഷ്ഠിനം സ്പൃശന്തി. തദ്യഥാ പ്രസ്രവണാംഗഭേദഃ പതനാന്യംഗാവയവാനാം തൃഷ്ണാജ്വരാതിസാരദാഹദൌർബല്യാരോചകാവിപാകാശ്ച തദ്വിധമസാദ്ധ്യം വിദ്യാദിതി.

ഭവന്തി ചാത്ര

സാദ്ധ്യോ£യമിതി യഃ പൂർവ്വം നരോ രോഗമുപേക്ഷതേ
സ കിഞ്ചിത് കാലമാസാദ്യ മൃത ഏവാവബുദ്ധ്യതേ. 22
യസ്തു പ്രാഗേവ രോഗേഭ്യോ രോഗേഷു തരുണേഷു വാ
ഭേഷജൈഃ കുരുതേ സമ്യക് സ ചിരം സുഖമശ്നുതേ. 23
യഥാ സ്വല്പേന യത്നേന ഛിദ്യതേ തരുണസ്തരുഃ

കെട്ടിയതായും) കാണുക ഇതുകളും സംഭവിക്കും. ക്രിമികൾ ത്വക്കു മാംസലസികകളെയും സിരകളെയും സ്നായുക്കളെയും ചെറിയ അസ്ഥികളെയും കടിച്ചുതിന്നുകയും ചെയ്യും * 21—അസാദ്ധ്യാവസ്ഥയിലും കുഷ്ഠരോഗിക്ക് ഉപദ്രവങ്ങളുണ്ടാകും. അതുകളെന്തെല്ലാമെന്നാൽ, വ്രണങ്ങളിൽനിന്ന് ഒലിച്ചുസ്രവവും ഒരുപോലെ പഴുത്തൊലിക്കുക അംഗങ്ങൾ വിണ്ടുകീറുക വിരൽ മുതലായ അംഗാവയവങ്ങൾ മുറിഞ്ഞുവീഴുക ദാഹം ജ്വരം അതിസാരം ചുട്ടുനീറൽ ബലക്ഷയം അരുചി ദഹനക്ഷയം ഇതുകളായിരിക്കും. ഈ ഉപദ്രവങ്ങൾ കാണുന്ന കുഷ്ഠത്തെ അസാദ്ധ്യമാണെന്നറിയുകയും വേണം.

ഈ വിഷയങ്ങളിൽ താഴെപറയുന്നതുകളെക്കൂടെ ഗ്രഹിക്കുകയും വേണം.

22—കുഷ്ഠരോഗം സംഭവിച്ചാൽ ഈ രോഗം സാദ്ധ്യമാകുന്നതു വെച്ച് ഒരാൾ ഉപേക്ഷിക്കുന്നുവോ അവൻ അല്പം കുറച്ചു കാലം കഴിച്ചുകൂട്ടിയാൽ പിന്നെ മരണതുല്യമായ വേദന സംഭവിക്കുന്നതാകുന്നു. മറ്റുള്ളവർ ഇത് ഈ നിലയിലുള്ളതാണ് എന്ന് അറിയുകയുള്ളൂ * 23—രോഗങ്ങൾ സംഭവിക്കുന്നതിനു മുമ്പുതന്നെയോ രോഗം സംഭവിച്ച ഉടനെയോ വേണ്ടതുപോലെയുള്ള ഔഷധങ്ങളെ സേവിക്കുന്നതായാൽ അവൻ വളരെക്കാലം സുഖിയായിരിക്കുകയും ചെയ്യും * 24—ഈ പറഞ്ഞതുകളോട് ദൃഷ്ടാന്തത്തെ വിവരിക്കുന്നു. ഒരു വൃക്ഷം

സ ഏവാതിപ്രവൃദ്ധസ്തു ന സുഖോപക്രമോ ഭവേൽ. 24
ഏവമേവ വികാരാണാം തേഷാം സാദ്ധ്യത സുഖം
വിവൃദ്ധൌ സാദ്ധ്യതാ കൃച്ഛ്രാ ഽസാദ്ധ്യത്വമപി ജായതേ. 25

തത്ര ശ്ലോകഃ

സംഖ്യാ ദ്രവ്യാണി ദോഷാശ്ച ഹേതവഃ പൂർവ്വലക്ഷണം
രൂപാണ്യുപദ്രവാശ്ചോക്താഃ കുഷ്ഠാനാം കൌഷ്ഠികേ പൃഥക്. 26

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
കുഷ്ഠനിദാനം നാമ പഞ്ചമോദ്ധ്യായഃ.

മുളച്ചുപൊന്തിയ ഉടനെയാണെങ്കിൽ എളുപ്പത്തിൽ മുറിക്കുവാൻ കഴിയും. ഒരു വൃക്ഷത്തിന്നു മുളച്ചു് ശാഖോപശാഖകളോടുകൂടി വളർന്നാൽ എളുപ്പത്തിലൊന്നും മുറിക്കുവാൻ കഴിയുകയുമില്ല. 'നഖാഗ്രച്ഛേദ്യസ്തരോരിവ പരശുച്ഛേദ്യതാമപി ഗച്ഛതി'* 25—ഇതുവിധംതന്നെ രോഗങ്ങളിൽ ചികിത്സിക്കുന്നതായാൽ ഏതുരോഗത്തെയും എളുപ്പത്തിൽ മാറ്റാം. എന്നുതന്നെ സുഖസാദ്ധ്യലക്ഷണങ്ങളോടുകൂടെ തുടങ്ങിയ രോഗവും വർദ്ധിച്ചു പൂർണ്ണാവസ്ഥയിലെത്തിയാൽ കൃച്ഛ്രസാദ്ധ്യമായോ അഥവാ അസാദ്ധ്യമായോ പരിണമിക്കും *

അദ്ധ്യായവിവരണം.

26—കുഷ്ഠനിദാനമെന്ന ഈ അദ്ധ്യായത്തിൽ കുഷ്ഠങ്ങൾ ഇത്രതരത്തിലുണ്ടെന്നും അതുകൾ ഇന്നിന്ന കാരണംനിമിത്തമുണ്ടാകുമെന്നും അതുകളിലെ ദോഷകോപങ്ങളെല്ലാം നിദാനവും പൂർവ്വരൂപവും ലക്ഷണവും ഉപദ്രവങ്ങളും വഴിപോലെ പറയപ്പെട്ടിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
നിദാനസ്ഥാനേ പഞ്ചമോദ്ധ്യായഃ (5)

അദ്ധ്യായം 6. ശോഷരോഗനിദാനം.

അഥാതശ്ശോഷനിദാനം വ്യാഖ്യാസ്യാമഃ.

ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ഇഹ ഖലു ചത്വാരി ശോഷസ്യായതനാനി. തദ്യഥാ—സാഹസം സന്ധാരണം ക്ഷയോ വിഷമാശനമിതി. 1

തത്ര യദുക്തം സാഹസം ശോഷസ്യായതനമിതി തദനുവ്യാഖ്യാസ്യാമഃ. യദാ പുരുഷോ ദുർബ്ബലോ ഹി സൻ ബലവതാ സഹ വിഗൃഹ്ണാത്യതിമഹതാ വാ ധനുഷാ വ്യായച്ഛതി ജല്പതി വാതിമാത്രമതിമാത്രം വാ ഭാരമുദ്വഹത്യപ്സു വാ പ്ലവതേ ചാതിദൂരമുത്സാദനപദാഘാതനേ വാതിപ്രഗാഢമാസേവതേ അതിപ്രകൃഷ്ടം വാധ്വാനം ദ്രുതമഭിപതത്യന്യദ്വാ കിഞ്ചിദേവംവിധം വിഷമമതിമാത്രം

അദ്ധ്യായം 6.

ഇനി ശോഷനിദാനത്തെ പറയാം:—

1—രാജയക്ഷ്മാവ് എന്ന രോഗമുണ്ടാകുവാനുള്ള കാരണം നാലുകൂട്ടമാകുന്നു. അതെന്തെല്ലാമെന്നാൽ—സാഹസം, വേഗസന്ധാരണം, ധാതുക്കൾ ഓജസ്സ് മുതലായവകളുടെ ക്ഷയം, വിഷമാശനം എന്നിവകളാകുന്നു. 'സാഹസം വേഗസംരോധഃ ശുക്രൗജഃസ്നേഹസംക്ഷയഃ। പാനാന്നയമനിയമശ്ചേതി യക്ഷ്മണോ ഹേതവഃ' എന്ന സംഗ്രഹം *

ഇനി സാഹസാദികൾനിമിത്തമുണ്ടാകുന്ന ക്ഷയവ്യത്യാസങ്ങളെ വെവ്വേറെ വിവരിക്കുന്നു: 2—സാഹസം ശോഷകാരണമാണെന്നു പറഞ്ഞുവല്ലോ. ആ സാഹസസ്വഭാവങ്ങളെയും അതുനിമിത്തം സംഭവിക്കുന്ന ശോഷലക്ഷണങ്ങളെയും വിസ്തരിച്ചുപറഞ്ഞേക്കാം. ദുർബ്ബലനായവൻ തന്നെക്കാൾ ബലവാനായവനോടുകൂടെ മല്ലയുദ്ധംചെയ്യുക, അന്നാൽ ദുസ്സാദ്ധ്യരായ വില്ലുകുലയ്ക്കുക, കണക്കിലധികം പ്രസംഗിക്കുക, എടുക്കുവാൻവയ്യാത്ത ചുമടെടുക്കുക, വെള്ളത്തിൽ ചാടുകയും വളരെദൂരം നീന്തുകയും ചെയ്യുക, പിടിച്ചുവലിക്ക

വാ വ്യായാമജാഗരണാദിഭിരതിമാത്രേണ കർമ്മണാ ഉരഃ ക്ഷണ്യ
തേ തസ്യോരഃക്ഷതമുപപ്ലവതേ വായുഃ. സ തത്രാവസ്ഥിതഃ ശ്ലേഷ്മാ
ണമുരസ്യുപസംഗൃഹ്യ ശോണിതേന വിഹരത്യൂർദ്ധ്വമധസ്തിര്യക്ച.
യോംഽശസ്യ ശരീരസന്ധീനാവിശതി തേന ജൃംഭാംഗമർദ്ദ
ജ്വരാശ്ചോപജായന്തേ. യസ്ത്വാമാശയമുപൈതി തേന രോഗാ ഭവന്ത്യ
ന്യാമാശയജാഃ. യഃ കണ്ഠം പ്രപദ്യതേ കണ്ഠോദ്ധ്വംസമതി
സ്വരഭേദമാവഹതി. യഃ പ്രാണവാഹീനി സ്രോതാംസ്യേതി തേന
ശ്വാസഃ പ്രതിശ്യായശ്ചോപജായതേ. യഃ ശിരസ്യവതിഷ്ഠതേ ശിര
സ്തസ്യോപഹന്യതേ. ൮

തതഃ ക്ഷണനാദൂർദ്ധ്വഗതോ വിഷമഗതിർവായുഃ
കണ്ഠസ്യോദ്ധ്വംസനാൽ കാസപ്ലുതോഽയതേ. കാസപ്രസംഗാദുരസി
ക്ഷതേ സ ശോണിതം ഷ്ഠീവതി. ശോണിതാഗമാച്ചാസ്യ ദൌർബ്ബല്യ

കയും കൽക്കകാണ്ഡിക്കുകയും വലിയ ഭാരം പ്രയോഗിച്ചു ചുമക്കുക,
വളരെ ദൂരത്തിൽ ... ശരീരം തന്നാൽ കൂടി എടുത്തുവാൻ പ്രയാസ
മായ വഴി നടന്നതുകൊണ്ടു തടന്നുള്ളതു തുടങ്ങിയ ഉപായങ്ങ
ളും കൊണ്ടും ഉറക്കമിളച്ചു തന്നെ വേറെ സാഹസങ്ങളെയും വിഷമാവ
സ്ഥയിൽ തുടങ്ങുകയും ചെയ്യുമ്പോൾ അതിനാൽ സാഹസകർമ്മനിമി
ത്തം അവന്റെ ഉരസ്സിൽ വ്രണപ്പെടുകയും അവിടെ വായുകോപി
ക്കുകയും ചെയ്യും. അങ്ങിനെ കോപിച്ച വായു ആ വ്രണത്തിലിരു
ന്നുകൊണ്ട് ഉരസ്സിലിരിക്കുന്ന അവലംബകമെന്ന കഫത്തെ ഉണ
ക്കി അതിനെ മേല്പോട്ടും കീഴ്പോട്ടും വിലങ്ങത്തിലും ... ദോഷങ്ങളെ
ക്കൊണ്ടുനടക്കും * 3—വർദ്ധിച്ച ശോണിതത്തോടുകൂടിയ വായു ശരീര
സന്ധികളെ പ്രാപിച്ചാൽ കോട്ടുവായ അംഗമർദ്ദം പനി ഇതുകളു
ണ്ടാകും. ആമാശയത്തെ പ്രാപിച്ചാൽ നെഞ്ഞെരിച്ചൽ വേദനയും അ
ചിക്കയവും സംഭവിക്കും. കണ്ഠത്തെ പ്രാപിച്ച വായുവിനാൽ ക
ണ്ഠോദ്ധ്വംസവും ഒച്ചയടപ്പുമുണ്ടാകും. പ്രാണവായു സഞ്ചരിക്കുന്ന
സിരകളിൽ ചെന്നുകൂടുകയാൽ ഏങ്ങലും പീനസവും സംഭവിക്കും.
ശിരസ്സിൽ ചെന്നതിനാൽ തലവേദനയുമുണ്ടാകും * 4—ഈ രോ
ഗം ശരീരത്തെയും മനസ്സിനെയും അതുപ്രകാരങ്ങളെയും ക്ഷയിപ്പിക്കു
ന്നു. ഇങ്ങനെ കോപിച്ച പ്രധാനദോഷമായ വായു വിഷമഗതിയു

രൂപജായന്തേ. ഏവമേതേ സാഹസസ്യോപദ്രവാസ്സാഹസികസ്യോപദ്രവാഃ
സ്മൃതാഃ. 4

തസ്മാത്സ്വാസ്ഥ്യപരോ ബലമാത്മനഃ സമീക്ഷ്യ ആ
ത്മനോ ഹിതപ്രവൃത്തി. തസ്മാൽ പുരുഷോ മതിമാൻ ബലമാത്മ
നഃ സമീക്ഷ്യ തദനുരൂപാണി കർമ്മാണ്യാരഭേത കർത്തും. ബലസമാ
ധാനം ഹി ശരീരം ശരീരമൂലശ്ച പുരുഷ ഇതി. 5

ഭവതി ചാത്ര.

സാഹസം വർജ്ജയേൽ കർമ്മ രക്ഷൻ ജീവിതമാത്മനഃ
ജീവൻ ഹി പുരുഷസ്ത്വിഷ്ടം കർമ്മണഃ ഫലമശ്നുതേ. 6

ള്ളതാകയാലും കഫത്തിന് ഉദ്രേകം — അതിന് ശക്തികൊണ്ടും കാ
രണമുണ്ടാകും. ഒരു കഫരോഗമായാൽ സ്വഭാവത്തെ തൊണ്ടയിൽ വരു
ത്തുകയും അതിൽനിന്ന് രക്തത്തെ ഉമിണിക്കയും ചെയ്യും. അപ്പോൾ
കരൾച്ചുരുങ്ങുന്നതിൽ ചോര ധാതുക്കൾ ക്ഷയിക്കുന്നു. രക്തപി
ത്തമുണ്ടാകുന്നതും കഫരോഗമായ ശ്വാസമുണ്ടാകും. ഇതൊക്കെയാണ്
സാഹസംനിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങൾ. * 5—
ഈ ലക്ഷണങ്ങളെല്ലാം കണ്ടുതുടങ്ങിയാൽ, ശരീരത്തെ രക്ഷിപ്പി
ക്കുന്നതായ ഈ ഉപദ്രവനിമിത്തം ഒരു രോഗി മൃതനായി കല
ശലായി മരിക്കുകയും ചെയ്യും. ഇങ്ങിനെ കാരണങ്ങളാൽ താൻതന്റെ
ഉള്ളവന് അവനവന്റെ ശരീരബലത്തെ അറിയുകയും അതിന്നനു
രൂപമായവിധത്തിലുള്ള കർമ്മങ്ങളെ മാത്രം ആരംഭിക്കുകയും വേണം.
ബലം നിലനില്ക്കുമ്പോഴെ ശരീരം ആരോഗ്യമായിരിക്കയുള്ളു.
ശരീരം സ്ഥിരമായിരിക്കുമ്പോൾ ആയുസ്സിന്നു ഭംഗം വരികയില്ല *

ഈ വിഷയത്തിൽ ഇതുകൂടെ പറയേണ്ടതുണ്ട്.

6—അവനവന്റെ ജീവനെ രക്ഷിക്കുവാൻ വിചാരിക്കുന്നവൻ
സാഹസപ്രവൃത്തിയെ തീരെ വർജ്ജിക്കണം. സാഹസപ്രവൃത്തിയാ
ലുണ്ടാകുന്ന ജീവഹാനി വന്നുപോകുമെന്ന സാരം. ജീവിച്ചിരിക്കുന്നവന്ന
മാത്രമേ അവനവൻ മോഹിച്ചിട്ടുള്ള പ്രവൃത്തിയുടെ ഫലം അനു
ഭവിക്കുവാൻ സാധിക്കയുള്ളു *

സന്ധാരണം ശോഷസ്യായതനമിതി യദുക്തം തദനുവ്യാഖ്യാസ്യാമഃ. യദാ പുരുഷോ രാജസമീപേ ഭർത്തൃസമീപേ വാ ഗുരോർവ്വാ പാദമൂലേ ദ്യൂതസഭം സതാം സമാജം സ്ത്രീമദ്ധ്യം വാ സമനുപ്രവിശ്യ യാനൈർവ്വാപ്യുച്ചാവചൈരഭിയാതി ഭയാൽ പ്രസംഗാൽ ഹ്രീമത്വാൽ ഘൃണിത്വാദ്വാ നിരുദ്ധാനാഗതാൻ വാതമൂത്രപുരീഷവേഗാൻ തദാ തസ്യ സന്ധാരണാദ്വായുഃ പ്രകോപമാപദ്യതേ. 7

സ പ്രകുപിതഃ പിത്തശ്ലേഷ്മാണൌ സമുദീര്യ്യോർദ്ധ്വമധസ്തിര്യ്യക് ച വിഹരതി. തതശ്ചാംശവിശേഷേണ പൂർവ്വവച്ഛരീരാവയവവിശേഷം പ്രവിശ്യ ശൂലമുപജനയതി. ഭിനത്തി പുരീഷമുച്ഛോഷയതി വാ. പാർശ്വേ ചാതിരുജതി അംസാവവമൃദ്നാതി കണ്ഠമുരശ്ചാവധമതി ശിരശ്ചോപഹന്തി. കാസം ശ്വാസം ജ്വരം സ്വരഭേദം പ്രതിശ്യായഞ്ചോപജനയതി. 8

7— സന്ധാരണം ശോഷകാരണമാകുന്നുവെന്നു പറഞ്ഞുവല്ലോ. അതിന്റെ സംപ്രാപ്തിപ്രകാരങ്ങളേയും വിസ്തരിച്ചുപദേശിക്കാം. ഒരുവൻ രാജാവിന്റെ മുമ്പിലോ തന്റെ പ്രഭുവിന്റെ മുമ്പിലോ ഗുരുസമീപത്തിലോ നിൽക്കുകയോ പലരുംകൂടി ചൂതുകളിക്കുന്ന ദിക്കിലോ അധികം സ്ത്രീകൾ കൂടിയിരിക്കുന്ന ദിക്കിലോ പൂജ്യനായിരിക്കുകയോ അനേകപ്രകാരത്തിലുള്ള യാനങ്ങളിൽകൂടി സഞ്ചരിക്കുകയോ ചെയ്യുമ്പോൾ ഭയംനിമിത്തമോ സംഗതിവശാലോ ലജ്ജനിമിത്തമോ ഘൃണനിമിത്തമോ ('ഘൃണാ ജുഗുപ്സാകൃപയോഃ' എന്നു വിശ്വം) പ്രവൃത്തമാകുന്നവയായ വാതമൂത്രപുരീഷവേഗങ്ങളെ (ഇതു മററു വേഗങ്ങളുടേയും ഉപലക്ഷണമാണ്. പക്ഷെ ഇതുകൾക്കു ബലാധിക്യമുണ്ട്) നിരോധിക്കുന്നതായാൽ വായു കോപിപ്പിക്കുകയും ചെയ്യും ॥ 8— അങ്ങിനെ കോപിച്ച വായു പിത്തകഫങ്ങളെ അതുകളുടെ സ്ഥാനങ്ങളിൽനിന്നെടുത്തു ശരീരത്തിങ്കൽ മേലും കീഴും വിലങ്ങത്തിലും കൊണ്ടുനടക്കുകയും സാഹസജശോഷത്തിൽ പറഞ്ഞപ്രകാരം അംശവിശേഷങ്ങളെക്കൊണ്ട് ആമാശയം, കണ്ഠം, പ്രാണായതനസ്രോതസ്സുകൾ, ശിരസ്സ് എന്ന ശരീരാവയവങ്ങളെ പ്രാപിച്ചു ശൂലവേദനയേയും മലത്തെ ഇളക്കുകയോ വരട്ടുകയോ ചെയ്യുകയും വാരിഭാഗങ്ങളിൽ വേദനയും ചുമലിൽ പിടിച്ചുവലി

അതസ്സാഹസം പ്രശോഷാണാമേകമായതനമിത്യുക്തം ഭവതി ശരീരസ്യോപഘാതമാപ്നോതി. തസ്മാൽ പുരുഷോ മതിമാനാത്മനശ്ശരീരേഷ്വേവ യോഗക്ഷേമകരേഷു പ്രയതേത വിശേഷേണ ശരീരം ഹ്യസ്യ മൂലം ശരീരമൂലശ്ച പുരുഷോ ഭവതി. 9

ഭവതി ചാത്ര.

സർവ്വമന്യൽ പരിത്യജ്യ ശരീരമനുപാലയേൽ
തദഭാവേ ഹി ഭാവാനാം സർവ്വാഭാവഃ ശരീരിണാം. 10

ക്ഷയശ്ശോഷസ്യായതനമിതി യദുക്തം തദനുവ്യാഖ്യാസ്യാമഃ- യദാ പുരുഷോഽതിമാത്രം ശോകചിന്താപരിഗതഹൃദയോ ഭവതി, ഈർഷ്യോൽകണ്ഠാഭയക്രോധാദിഭിർവ്വാ സമാവിശ്യതേ, കൃശോ വാ സൻ രൂക്ഷാന്നപാനസേവീ ഭവതി, ദുർബ്ബലപ്രകൃതിരനാഹാരോല്പാഹാരോ വാ ആസ്തേ തദാ തസ്യ ഹൃദയസ്ഥായീ രസഃ ക്ഷയമുപൈതി.

ങ്ങുകയും കഴുത്തും തോളും (ശ്വാസം മുതലായ രോഗാവസ്ഥനിമിത്തം) വീങ്ങുകയും തലവേദനയും സംഭവിക്കും. ഇതുകൂടാതെ ചുമയും ശ്വാസംമുട്ടലും പനിയും ഒച്ചയടപ്പും പീനസവുമുണ്ടാകും * 9—ശരീരോപഘാതകങ്ങളായ ഈ ഉപദ്രവങ്ങളാൽ ഉപദ്രവിക്കപ്പെട്ടവനായ ഈ രോഗി ക്രമേണ കലശലായി മെലിയുകയും ചെയ്യും. അതിനാൽ ബുദ്ധിമാനായവൻ അവനവന്റെ മനസ്സിനും ശരീരത്തിനും യോഗക്ഷേമത്തെ വരുത്തുന്നതുകളെത്തന്നെ ശീലിക്കണം, ലജ്ജാദികൾ നിമിത്തം വേഗധാരണം ചെയ്തു വെറുതെ ശരീരത്തെ ക്ഷയിപ്പിക്കരുതെന്ന സാരം. രാജസഭാപ്രവേശം മുതലായതിനെല്ലാം കാരണം രോഗമില്ലാത്ത ശരീരമാകുന്നു. ആയുസ്സിന്റെ നിലനില്പിന്നും ശരീരം തന്നെയാണ് കാരണം *

ഈ വിഷയത്തിൽ ഇതുകൂടെ പറയുന്നതാണ്.

10—മറ്റെല്ലാം (രാജസേവാദിസകലവൃത്തികളെയും) ഉപേക്ഷിച്ചും അവനവന്റെ ശരീരത്തെ രക്ഷിക്കണം. മനുഷ്യർക്ക് ശരീര

സ തസ്യാപക്ഷയമേവോപലഭമാനോ പ്രാപ്നോത്യപ്രതികാരാച്ചാനുബ-
ധ്യതേ യക്ഷ്മണാ യഥോപദേക്ഷ്യമാണരൂപേണ ॥ 11

യദാ പുരുഷോഽതിഹർഷാൽ പ്രസക്തഭാവഃ സ്ത്രീഷ്വതിപ്രസംഗമാരഭതേ തസ്യാതിപ്രസംഗാദ്രേതഃ ക്ഷയമുപൈതി ക്ഷയമപി ചോപഗച്ഛതി രേതസി യദി മനഃ സ്ത്രീഭ്യോ നൈവാസ്യ നിവർത്തതേ തത്ര പ്രവർത്തത ഏവ തസ്യാതിപ്രണീതസങ്കല്പസ്യ മൈഥുനമാപദ്യമാനസ്യ ശുക്രം ന പ്രവർത്തതേഽതിമാത്രോപക്ഷീണത്വാൽ. അ

സുഖമില്ലെങ്കിൽ ഒരു യാതൊരു സുഖവും അനുഭവിക്കുവാൻ സാധിക്കുകയുമില്ല ॥

11—ക്ഷയം—ശുക്ലാദിക്ഷയം രോഗത്തിന്നു കാരണമാണെന്നു പറഞ്ഞതിന്റെ സമ്പ്രദായോപദ്രവങ്ങളെയും വിശദമായുപദേശിക്കാം. എപ്പോഴും തവൻ കലശലായി ദുഃഖിക്കുകയോ അസാദ്ധ്യമായ മനോരഥം വിചാരിക്കുകയോ മനസ്സിൽ ഈർഷ്യ അത്യാഗ്രഹം ഭയം ക്രോധം മുതലായവകൾ കലർന്നുകൂടുകയോ കാര്യം സംഭവിച്ചിരിക്കുന്ന സമയം രൂക്ഷങ്ങളായ അന്നപാനങ്ങളെ ശീലിക്കയോ സമ്പ്രതി പട്ടിണികിടക്കുവാൻ ശക്തിയില്ലാത്തവൻ വലിയ ഉപവാസങ്ങൾ തുടർന്നുകയോ ഓരോവസ്ഥയിൽ പാകമാകാതിക്ക ശക്തിയില്ലാത്ത ആഹാരം ശീലിക്കുകയോ—ഹീനമാത്രയിൽ ആഹാരം ശീലിക്കുകയോ ചെയ്യുമ്പോൾ അവന്റെ ഹൃദയത്തിലുള്ള രസം—ധാതുപ്രധാനം ക്ഷയിക്കും. രസധാതുക്ഷയം വന്നാൽ അവന്റെ ശരീരപുഷ്ടി തീരെ നശിക്കുകയും അസാദ്ധ്യരൂപവും അടുത്തു വിവരിക്കുന്നതുമായ രാജയക്ഷ്മാവു ബാധിക്കുകയും ചെയ്യും ॥

12—അതിയായ പ്രഹർഷനിമിത്തം സ്ത്രീകളിൽ അത്യാഗ്രഹം ജനിക്കുകയും രതിമൈഥുനം ശീലിക്കുകയും തുടങ്ങുന്നതായാൽ അപ്പോൾ അതിപ്രസംഗനിമിത്തം അവന്റെ ശുക്ലധാതു തീരെ ക്ഷയിക്കും. ഇങ്ങിനെ ശുക്ലം ക്ഷയിച്ചതിനുശേഷവും ആ ഹർഷനിമിത്തം സ്ത്രീസേവയിൽനിന്നു മനസ്സു നിവൃത്തിക്കാതെ യാതൊരു വി

ഹാസ്യ വായുർവ്യായച്ഛമാനസ്യൈവ ധമനീരനുപ്രവിശ്യ ശോണിത
വാഹിനീസ്താഭ്യഃ ശോണിതം പ്രച്യാവയതി തച്ഛുക്രക്ഷയാച്ഛുക്രമാ
ർഗ്ഗേണ ശോണിതം പ്രവർത്തതേ വാതാനുസൃതലിംഗം. 12

അതഃപരസ്യ ശുക്രക്ഷയാച്ഛോണിതപ്രവർത്തനാച്ച സന്ധയശ്ശി
ഥിലീഭവന്തി, രൌക്ഷ്യമുപജായതേ. ശരീരസ്യ ദൌർബ്ബല്യമാവിശ
തി. വായുഃ പ്രകോപമാപദ്യതേ. സ പ്രകുപിതോ വായുഃ കേവലം ശരീര
മനുസർപ്പൻ പരിശോഷയതി. മാംസശോണിതേ പ്രച്യാവയതി ശ്ലേ
ഷ്മപിത്തേ സംശോഷയതി പാർശ്വേ ചാവരുജതി അംസൌ കണ്ഠമുദ്ധ്വംസ
യതി ശിരഃ ശ്ലേഷ്മാണമുപക്ലിശ്യ പ്രതിപൂരതി ശ്ലേഷ്മണാ സന്ധീം

യമവും കൂടാതെ അത്യാഗ്രഹത്തോടുകൂടെ മൈഥുനം ചെയ്തുകൊണ്ടിരു
ന്ന ധാരാളം ശീലിക്കുന്നതായാൽ ശുക്ലധാതു ക്ഷയിച്ചിരിക്കുക
യാൽ സ്വഭാവത്തിൽ ശുക്ലം സ്രവിക്കുകയേ ഇല്ല. ശുക്ലധാതു ക്ഷയി
ച്ചസമയത്തിലും അതിമൈഥുനം ശീലിക്കുന്നതിനാൽ കോപിച്ച
വായു, ശരീരമാസകലം രക്തത്തെ വഹിച്ചുകൊണ്ടു നടക്കുന്ന ധമ
നികളെ പ്രാപിച്ച് ആ രക്തത്തെ ശുക്ലക്ഷയംനിമിത്തം ഒഴിഞ്ഞുകി
ടക്കുന്ന ശുക്ലവാഹിനികളിൽ കൊണ്ടുവന്ന് അതിനെ സ്വഭാവ
ത്തിൽ സ്രവിപ്പിക്കുകയും ചെയ്യും. ഇങ്ങിനെ സ്രവിക്കുന്ന രക്തം
വായുനിമിത്തം ദുഷിച്ച—'വാതാൽ ശ്യാവാരുണം രൂക്ഷം തനു സ്രാ
വ്യാച്ഛഫേനിലം' ഇത്യാദി വാതാനുസൃതലക്ഷണങ്ങളുള്ളതായിരിക്കുകയും
ചെയ്യും * 12—മേൽവിവരിച്ചപ്രകാരം ശുക്ലം ക്ഷയിക്കുകയും ശുക്ല
ത്തിന്റെ സ്ഥാനത്തു രക്തം സ്രവിക്കുകയും ചെയ്യുകനിമിത്തം സ
ന്ധികൾക്കു ശൈഥില്യം സംഭവിക്കുകയും—തളർകയും ശരീരത്തി
ന്നു രൂക്ഷത്വമേറുകയും—എത്രതന്നെ സ്നിഗ്ദ്ധോപചാരം ചെയ്താലും
ശരിയായ സ്നിഗ്ദ്ധതവരാതിരിക്കുകയും വീണ്ടും ശരീരത്തിന്നു കലശ
ലായ ദൌർബ്ബല്യം സംഭവിക്കുകയും വായു കോപിക്കുകയും ചെയ്യും.
അങ്ങിനെ കോപിച്ച വായു, സ്വതേ അവശനായ—ക്ഷീണിച്ച ശ
രീരമാസകലം സഞ്ചരിച്ചു ശരീരത്തെ ശോഷിപ്പിക്കും. മാംസത്തെ

12 *

ഷ പ്രപീഡയൻ കണ്ഠോരസ്യുർദ്ധ്വംസകോരോചകാവിപാകൗ ച പിത്ത
ശ്ലേഷ്മാണാവുൽക്ലേശ്യ പ്രതിലോമഗതോ വായുർജ്വരം കാസം സ്വ
രഭേദം പ്രതിശ്യായമാപാദയതി. 31

തതഃ സോപ്യുപശോഷണൈരേതൈരുപദ്രവൈരുപദ്രുതഃ
ശനൈഃ ശനൈരുപശുഷ്യതി. തസ്മാൽ പുരുഷോ മതിമാനാത്മനശ്ശ
രീരമനുപാലയൻ ശുക്രമനുരക്ഷേൽ. പരാ ഹ്യേഷാ ഫലനിർവൃത്തിരാ
ഹാരസ്യേതി. 14

ഭവതി ചാത്ര.

ആഹാരസ്യ പരം ധാമ ശുക്രം തദ്രക്ഷ്യമാത്മനഃ

യും ഭക്ഷണത്തെയും സ്വസ്ഥാനങ്ങളിൽനിന്ന തള്ളിക്കളയുകയും കഫപിത്തങ്ങളെ ദുഷിപ്പിക്കുകയും ചെയ്യും. വാരിഭാഗങ്ങളിൽ വേദന ചുമലുകളിൽ കീഴോട്ടു വലിക്കുന്നതുപോലെ തോന്നുക കണ്ഠം വിങ്ങുക കഫം തലയിൽ നിറയുക ഇതുകളെയും കഫത്തെ ശരീരസന്ധികളിലെല്ലാം വ്യാപിപ്പിച്ചു പീഡിപ്പിക്കുകനിമിത്തം അംഗമർദ്ദം അരോചകം ഹനുഗ്രഹം ഇതുകളെയും ഉണ്ടാക്കിത്തീർക്കും. പിത്തകഫങ്ങൾക്ക് ഉൽക്ലേശം വരികനിമിത്തം വായു പ്രതിലോമമായി സഞ്ചരിക്കയാൽ പനി കുര തൊണ്ടയടപ്പ് പീനസം ഈ ഉപദ്രവങ്ങളേയും ഉണ്ടാക്കിത്തീർക്കും. * 14—ഈവകകളെല്ലാം സംഭവിപ്പാൽ മേൽപറഞ്ഞ ക്ഷയകാരണങ്ങളാൽ ഉപദ്രുതനായവൻ ക്രമേണ ശോഷിക്കുകയും—മെലിയുകയും ചെയ്യും. തന്റെ ശരീരത്തെ രോഗരഹിതമായി നിലനിർത്തിവെയ്ക്കേണമെന്നാഗ്രഹിക്കുന്ന ബുദ്ധിമാനായ പുരുഷൻ ശുക്ലത്തെ രക്ഷിക്കുകയും—അതിവിസർഗ്ഗാദിദോഷം സംഭവിക്കാതെ സൂക്ഷിക്കുകയും വേണം. ആഹാരംനിമിത്തം സംഭവിക്കുന്നതായ ഉൽകൃഷ്ടഫലം ഈ ശുക്ലധാതുവാണെന്നറിയുകയും വേണം *

ഈ വിഷയത്തിൽ ഇതുകൂടെ പറയേണ്ടതാകുന്നു.

15—ശുക്ലമെന്നത് ആഹാരത്തിന്റെ ഉൽകൃഷ്ടമായ സാരം

ക്ഷയേ ഹ്യസ്യ ബഹൂൻ രോഗാൻ മരണം വാ നിയച്ഛതി. 15

വിഷമാശനം ശോഷസ്യായതനമിതി യദുക്തം തദനുവ്യാഖ്യാസ്യാമഃ. യദാ പുരുഷഃ പാനാശനഭക്ഷ്യലേഹ്യോപയോഗാൻ പ്രകൃതികരണസംയോഗരാശിദേശകാലോപയോഗസംസ്ഥോപശയവിഷമാനാസേവതേ തദാ തസ്യ വാതപിത്തശ്ലേഷ്മാണോ വൈഷമ്യമാപദ്യന്തേ. തേ വിഷമാശ്ശരീരമനുസൃത്യ യദാ സ്രോതസാം മുഖാനി പ്രതിവാര്യാവതിഷ്ഠന്തേ തദാ ജന്തുര്യദ്യദാഹാരജാതമാഹരതി തത്തസ്യ മൂത്രപുരീഷായൈവോപചീയതേ ഭൂയിഷ്ഠം നാന്യാസ്തഥാ ശരീരധാതവഃ സ പുരീഷോപഷ്ടംഭാദ്വർത്തയതി. 16

ഉണ്ടാകുന്നു. ശരീരസ്ഥിതിക്കാധാരമാണ്; അതിനെ വഴിപോലെ രക്ഷിക്കകയും വേണം. ഇതു അതിക്രമിച്ചാൽ പലപ്രകാരത്തിലുള്ള രോഗങ്ങളോ മരണംതന്നെയോ സംഭവിച്ചേക്കാം. *

16—വിഷമാശനം ശോഷകാരണങ്ങളിൽ ഒന്നാണെന്നു പറഞ്ഞുവല്ലോ. അതിന്റെ സ്വഭാവാദ്യങ്ങളെല്ലാം വിവരിച്ചുപറയുന്നു. പ്രകൃതിവിഷമങ്ങളായും വേണ്ടുംവണ്ണം ഉണ്ടാക്കാത്തവയും അതാതിലെ സംയോഗം തെറ്റിയും ദേശം കാലം ഉപയോഗസംസ്ഥ ഉപശയം ഇതുകൾക്കു വിപരീതങ്ങളുമായ പാനാശനഭക്ഷ്യലേഹ്യങ്ങളായ ചതുർവ്വിധഭക്ഷണസാധനങ്ങളെ ശീലിച്ചാൽ വാതപിത്തകഫങ്ങൾ വിഷമങ്ങളായിത്തീരുകയും ചെയ്യും. അങ്ങിനെ വിഷമങ്ങളായിത്തീർന്ന ദോഷങ്ങൾ ശരീരമാസകലം വ്യാപിക്കകയും ജഠരാഗ്നിയിൽ പചിച്ച ആഹാരത്തിന്റെ രസത്തെ ധാതുക്കളിൽ കൊണ്ടുചെല്ലുന്ന സിരകളുടെ മുഖങ്ങളെ തീരെ അടയ്ക്കുകയും ചെയ്യും. അപ്പോൾ അവൻ എത്രതന്നെ ആഹാരം ഭക്ഷിച്ചാലും അതു മിക്കതും മൂത്രപുരീഷരൂപങ്ങളായിത്തന്നെ പരിണമിക്കും. രസാദിധാതുക്കളായിപ്പരിണമിക്കുകയില്ല. അവന്റെ ശരീരം നിലനില്ക്കുക കേവലം പുരീഷബലംകൊണ്ടു മാത്രവുമായിരിക്കും. ധാതുക്കൾക്കു പോഷകദ്രവ്യമായ ആഹാരരസം കിട്ടായ്കയാൽ ധാതുക്കൾ തീരെ ക്ഷയിച്ചിരിക്കുമെന്നു സാരം. 'ബലം തസ്യ ഹി വിൾബലം'

തസ്മാച്ഛുഷ്യതോ വിശേഷേണ പുരീഷമനുരക്ഷ്യം. തഥാ സർവ്വേഷാമത്യർത്ഥക്ഷീണബലാനാം. തസ്യാനാപ്യായ്യമാനസ്യ വിഷമാശനോപചിതാ ദോഷാഃ പൃഥക് പൃഥഗുപദ്രവൈര്യുഞ്ജന്തോ ഭൂയഃ ശരീരമുപശോഷയന്തി. 17

തത്ര വാതഃ ശൂലമംഗമർദ്ദം കണ്ഠോദ്ധ്വംസനം പാർശ്വസംരോജനമംസാവമർദ്ദനം സ്വരഭേദം പ്രതിശ്യായമേവോപജനയതി. പിത്തം പുനർജ്ജ്വരമതീസാരം അന്തർദ്ദാഹഞ്ച. ശ്ലേഷ്മാ പ്രതിശ്യായം ശിരസോ ഗുരുത്വം കാസമരോചകഞ്ച. 18

സ കാസപ്രസംഗാദുരസി ക്ഷതേ ശോണിതം ഷ്ഠീവതി. ശോണിതഗമനാച്ചാസ്യ ദൗർബ്ബല്യമുപജായതേ. ഏവമേതേ വിഷമാശനോപചിതാ ദോഷാ രാജയക്ഷ്മാണമഭിനിർവ്വർത്തയന്തി. 19

എന്ന വാഗ്ഭടൻ * 17—ഇങ്ങനെ കാരണങ്ങളാൽ ക്ഷയരോഗിയുടെ പുരീഷം പുറത്തുപോകാതെ വിശേഷിച്ചും സൂക്ഷിക്കണം. ക്ഷയരോഗികളെ ഒരിക്കലും വിരേചിപ്പിച്ചുപോകരുതെന്ന സാരം. ഇതുപോലെതന്നെ അത്യന്തം കൃശന്മാരും ദുർബ്ബലന്മാരുമായവരുടെ ചികിത്സയിലും മലശോധന വസ്തികളെക്കൊണ്ടുതന്നെയാകുന്നു. വിഷമാശനം ശീലിക്കുകനിമിത്തം ക്ഷയരോഗം ബാധിച്ചവരെ വേണ്ടതുപോലെ ചികിത്സിക്കാതിരുന്നാൽ വിഷമാശനംനിമിത്തം കോപിച്ച വാതാദികൾ അവരവർക്കുള്ള പ്രത്യേകകോപചിഹ്നങ്ങളെ (ഇതു പറഞ്ഞുകഴിഞ്ഞുവല്ലോ) പ്രകാശിപ്പിക്കുകയും ശരീരത്തെ അത്യന്തം ശോഷിപ്പിക്കുകയും ചെയ്യും * 18—ആ ദോഷങ്ങളുടെ ഉപദ്രവങ്ങളെ വിവരിക്കുന്നു:—വായു, ശൂലവേദന അംഗമർദ്ദം കണ്ഠോദ്ധ്വംസം വാരിഭാഗങ്ങളിൽ വേദന ചുമലിൽ ഞെക്കുംപോലെ തോന്നുക ഒച്ചയടപ്പ് പീനസം ഇവകളെയും, പിത്തമാകട്ടെ പനി അതിസാരം ഉള്ളിൽ ചുട്ടുനീറൽ ഇവകളെയും, കഫം പീനസം തലയ്ക്കു കനം കുര അരുചി ഇവകളെയും ഉണ്ടാക്കും * 19—ഈവക ഉപദ്രവം പൂർത്തിയായാൽ കലശലായി കുരയ്ക്കുകനിമിത്തം നെഞ്ഞത്തു വ്രണമുണ്ടാവുകയും അതിൽനിന്നു പുറപ്പെടുന്ന ചോര തുപ്പുകയും ചെയ്യും. ചോര

സ തൈസ്തൈഃ പ്രകോപണൈർദ്ദോഷൈഃ പ്രകൃതൈർവ്വാ പ്രദുഷ്ടൈർവ്വാ ഭുക്തമുദ്ദിശ്യതി. തസ്മാൽ പുരുഷോ മതിമാൻ പ്രകൃതികരണസംയോഗരാശിദേശകാലോപയോഗസംസ്ഥോപശയാവിഷമാഹാരമാഹരേദിതി. 20

ഭവതി ചാത്ര

ഹിതാശീ സ്യാന്മിതാശീ സ്യാൽ കാലഭോജീ ജിതേന്ദ്രിയഃ
പശ്യൻ രോഗാൻ ബഹൂൻ കഷ്ടാൻ ബുദ്ധിമാൻ വിഷമാശനാൽ.

ഏവമേതേഷു ത്രിഷു ദോഷസ്യാന്നമന്നേ ദുഷ്പ്രസവിതത്വാ ത്പിത്തശ്ലേഷ്മാണോ ഏവ പ്രകോപമാപദ്യന്തേ. തേ പ്രകുപിതാ നാം

പോരുകനിമിത്തം ശരീരബലം തീരെ ക്ഷയിക്കുകയും ചെയ്യും. ഇങ്ങിനെയല്ലാമാണ് വിഷമാശനംനിമിത്തം കോപിച്ച വാതാദിദോഷങ്ങൾ രോഗങ്ങളെ ഉണ്ടാക്കിത്തീർക്കുക. *20—വിഷമാശനംനിമിത്തം ക്ഷയരോഗം ബാധിച്ചവൻ മേൽപറഞ്ഞ ഉപദ്രവങ്ങൾ ബാധിക്കുകയാൽ ക്രമേണ മരിക്കുകയും ചെയ്യും. ഇവക കാരണങ്ങളാൽ ബുദ്ധിമാനായവൻ ശരീരപ്രകൃതിക്കും നിർമ്മാണത്തിനും സംയോഗത്തിനും കണക്കിനും ദേശകാലസമ്പ്രദായങ്ങൾക്കും ഉപയോഗസമ്പ്രദായത്തിനും രോഗസ്വഭാവത്തിനും യോജിച്ചായ ആഹാരങ്ങളെ മാത്രമേ ഭക്ഷിക്കാവൂ *

ഇവിടെ ഇതുകൂടെ ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.

21— വിഷമാശനം ശീലിക്കുന്നതായാൽ അത്യന്തം കഷ്ടതങ്ങളായ അനേകം രോഗങ്ങൾ സംഭവിക്കും. ഈ സംഗതിയെ അറിയുന്നവൻ ശരീരപ്രകൃതി മുതലായതുകൾക്ക് ഹിതമായ പദാർത്ഥത്തെ മിതമായിട്ടുള്ളതിനെ തക്കസമയത്തു മാത്രം സദാ ജിതേന്ദ്രിയനായിട്ട് ഭക്ഷിക്കുകയും വേണം *

22— ഈ പറഞ്ഞ സാത്മ്യസാധാരണം ക്ഷയം വിഷമാശനമെന്ന നാലുതരം ഭോജനങ്ങളെ ശീലിക്കുന്നതായാൽ വാതപിത്തകഫങ്ങൾ കോപിക്കും. അങ്ങിനെ കോപിച്ച ദോഷങ്ങൾ

നാവിധൈരുപദ്രവൈരുപസൃഷ്ടശ്ശരീരമുപശോഷയതി. തം സർവ്വരോഗാണാം കഷ്ടതമം മത്വാ രാജയക്ഷ്മാണമാചക്ഷതേ ഭിഷജഃ. യസ്മാദ്വാ പൂർവ്വമാസീദ്ഭഗവതഃ സോമസ്യോഡുരാജസ്യ തസ്മാദ്വാ രാജയക്ഷ്മേതി. 22

പലപ്രകാരത്തിലുള്ള (മുൻവിവരിച്ച) ഉപദ്രവങ്ങളോടുകൂടെ ശരീരത്തെ ശോഷിപ്പിക്കുകയും ചെയ്യും. ഈ രോഗം മറ്റെല്ലാ രോഗങ്ങളെക്കാളും കഷ്ടതമമാണെന്നറിയുകനിമിത്തം പൂർവ്വാചാര്യന്മാർ ഇതിനെ രാജയക്ഷ്മാവ് (അനേകം രോഗങ്ങളാൽ അകമ്പടിയോടുംകൂടി സേവകന്മാരാലെന്നപോലെ മുമ്പും പിമ്പുമുള്ളതാകയാൽ രാജസദൃശമായ രോഗം. രാജാ ചാസൗ യക്ഷ്മാ ച രാജയക്ഷ്മാ എന്നു വിഗ്രഹം) എന്നു പറയുന്നു. അല്ലെങ്കിൽ ഈ രോഗം ആദ്യമായിട്ടുണ്ടായത് നക്ഷത്രരാജനായ ചന്ദ്രനാണ്. അതുനിമിത്തവും ഇതിനെ രാജയക്ഷ്മാവ് എന്നു പറയാം. ഈ അർത്ഥത്തിൽ 'രാജ്ഞോ യക്ഷ്മാ രാജയക്ഷ്മാ' എന്നു വിഗ്രഹിക്കണം. സൃഷ്ടികർത്താവായ ബ്രഹ്മാവിനാൽ നിയുക്തനായ ദക്ഷപ്രജാപതി ധർമ്മപത്നിയിൽ ജനിപ്പിച്ച പുത്രന്മാരെ സന്തത്യർത്ഥം തപസ്സുചെയ്യുവാനയച്ചു. പക്ഷെ നാരദമഹർഷി ജ്ഞാനോപദേശം ചെയ്ത് അവരെ ജ്ഞാനസമ്പന്നന്മാരും ഉദാസീനന്മാരുമാക്കിച്ചമച്ചു. തന്റെ മനോരഥം നിഷ്ഫലമായതുനിമിത്തം മനസ്താപപ്പെട്ട ദക്ഷപ്രജാപതി പിന്നെയും ബ്രഹ്മാവിന്റെ കല്പനപ്രകാരം അറുപതു പുത്രിമാരെ ജനിപ്പിച്ചു. അവരെ അനുരൂപന്മാരായ വരന്മാർക്ക് വിവാഹം ചെയ്തുകൊടുത്തു. അതിൽ കൃത്തികാദി ഇരുപത്തേഴു മഹാസതിമാരെ ചന്ദ്രനാണ് കൊടുത്തത്. അദ്ദേഹം അവരിൽവെച്ച് രോഹിണിയിൽ അധികം സ്നേഹമുള്ളവനായിത്തീർന്നു. ഈ വിവരം മറ്റു പുത്രിമാർ ദക്ഷനോടു പറഞ്ഞു. അദ്ദേഹം ചന്ദ്രനെ ക്ഷയമുള്ളവനായിപ്പോക എന്നു ശപിച്ചു. ഭർത്താവിനെപ്പറ്റി ദുഷ്യം പറയുകനിമിത്തം അവർക്കും സന്തതിയുണ്ടായില്ല. 'കൃത്തികാദീനി നക്ഷത്രാണീന്ദോഃ പത്ന്യസ്തു ഭാരത । ദ

രാജയക്ഷ്മാദി പൂർവ്വരൂപാദി.

തദ്യഥാ— പ്രതിശ്യായഃ ക്ഷവഥുരഭീക്ഷ്ണം ശ്ലേഷ്മപ്രസേകോ മുഖമാധുര്യമനന്നാഭിലാഷോഽന്നകാലേ ചായാസോ ദോഷദർശനമദോഷേഷ്വപ്യദോഷേഷു വാ ഭാവേഷു പാത്രോദകാന്നസൂപാപൂപോപദംശപരിവേഷകേഷു ഭുക്തവതോ ഹൃല്ലാസസ്തഥോല്ലേഖനമപ്യാഹാരസ്യാന്തരാന്തരാ മുഖപാദസ്യ ശോഫഃ പാണ്യോരവേക്ഷണമത്യർഥ

ക്ഷയോപാൽ സോമപത്ന്യസ്ത്രാസ്യ യക്ഷ്മഗ്രഹാത്തിതഃ । പുനഃ പ്രസാദ്യ തം സോമഃ കലാ ലേഭേ ക്ഷയമയധിതാന്' എന്നു ഭാഗവതം. ഈ കഥ ഭാഗവതാദിപുരാണങ്ങളിൽ വിസ്തരേണ പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തിൽ വാഗ്ഭടാചാര്യൻ ഇങ്ങിനെ പറയുന്നു:— 'അനേകരോഗാനുഗതോ ബഹുരോഗപുരോഗമഃ । രാജയക്ഷ്മാ ക്ഷയശ്ശോഷോ രോഗരാഡിതി ച സ്മൃതഃ । നക്ഷത്രാണാം ദ്വിജാനാം ച രാജ്ഞോഽഭൂദ്യദയം പുരാ । യച്ച രാജാ ച യക്ഷ്മാ ച രാജയക്ഷ്മാ തതോ മതഃ । ദേഹൗഷധക്ഷയകൃതേഃ ക്ഷയസ്തത്സംഭവാച്ച സഃ । രസാദിശോഷണാച്ഛോഷോ രോഗരാട് തേഷു രാജനാത്' *

23— രാജയക്ഷ്മാവിന്റെ പൂർവ്വരൂപങ്ങൾ ഈ പറയുന്നവകളാകുന്നു. അതുകളെന്തെല്ലാമെന്നാൽ, മൂക്കിൽനിന്നു വെള്ളംവരിക കലശലായ തുമ്മൽ കഫം കട്ടകട്ടയായി തുപ്പുക വായില്ക്കു മധുരരസം ഉണ്ടാകുന്നു സമയത്തു ഭക്ഷിക്കുവാനാഗ്രഹം തോന്നായ്ക കാരണംകൂടാതെ ക്ഷീണം തോന്നുക പാത്രം ജലം അന്നം പരിപ്പ് അപൂപം ഉപദംശം വിളമ്പുന്നവൻ ഇതുകളെല്ലാം വളരെ ശുചിയായിട്ടുള്ളതുകളോ അഥവാ അത്യല്പമായ വല്ല ദോഷമുള്ളതുകളോ ആണെങ്കിൽകൂടി വളരെ ചീത്തയാണെന്നു തോന്നുക ഭക്ഷിച്ച ഉടനെ നെഞ്ചുകലിപ്പുണ്ടാവുക ഇടയ്ക്കിടയ്ക്കു ഭക്ഷിച്ച ഉടനെ ഛർദ്ദിയുണ്ടാവുക വായ കാൽ മുഖം ഇവിടങ്ങളിൽ വറപ്പുവരിക എല്ലായ്പോഴും കയ്യിന്മേൽ നോക്കുക കണ്ണ് കലശലായി വിളർക്കുക തന്റെ കയ്യ് നീളവും വണ്ണവും പൂർവ്വസ്ഥിതിയിൽതന്നെ ഉണ്ടോ എന്ന് അ

മാംസേഷ്വാദ്ദ ശകുന്തനാ ബോധേഹാഃ പ്രമാണാദികതോ സ്ത്രീകാമതാതി പ്രയത്നിതാം ബീഭത്സദർശനാ ച കായേ, സ്വപ്നേഷ്വഭീക്ഷ്ണം ദർശനമകോണാ ഭൂമികമ്പനാനാം ശൂന്യാനാമേ ഗ്രാമനഗരനിഗമജനപദാനാം ശുഷ്കശീർണ്ണോപഗാനാനാം വനാനാം കൃകലാസമയൂരവാനരാണസപ്പകാകോലൂകാദിഭിഃ സംസ്പർശനമധിരോഹണം വാ ശാരദാശ്രു പാവാരോഹഹസ്യാനാം। കേശാസ്ഥിഭസ്മതുഷാംഗാരരാശീനാമധിരോഹണമിതി ദോഷപൂർവ്വരൂപാണി ഭവന്തി. 23

ഉന്മാദമാകുന്ന സ്ത്രീസേവയിൽ അത്യാഗ്രഹം കൂടെ കലശലാവുക (ലജ്ജ കലശലാവുക എന്നു പാഠാന്തരം) 'ബീഭത്സരൂപാദ്യദർശനഃ' എന്നതിന്ന അർത്ഥം എത്രതന്നെ നിശ്ചലമായിരുന്നാലും അവിടവിടെ അഴുക്ക പറ്റിയതായി തോന്നുക ഇതുകളെല്ലാം ജാഗ്രാവസ്ഥയിൽ സംഭവിക്കുന്നതാകുന്നു. സ്വപ്നാവസ്ഥയിൽ സംഭവിക്കുന്നതുകളെ വിവരിക്കുന്നു.... സ്വാദുള്ള വെള്ളം നിറഞ്ഞുനിന്നിരുന്ന തടാകം സരസ്സ് മുതലായവ വറ്റിപ്പോവുക ഗ്രാമം നഗരം തുടങ്ങി രാജ്യം ഇതുകളെല്ലാം ജനശൂന്യങ്ങളായി കാണുക വലിയ കാട്ടുകൾ നിറഞ്ഞതും ഉണങ്ങിയതായോ കാട്ടുതീ പിടിച്ചു കത്തിയതായോ വെട്ടിത്തെളിച്ചു പാഴ്പറമ്പാക്കിയതായോ കാണുക ഓന്ത് മയില് വാനരൻ കരടി പാമ്പ് കാക്ക കൂമൻ മുതലായ ജന്തു തൊട്ടതായോ മേൽ കേറിയതായോ തോന്നുക കഴുതപ്പുറത്തും ഒട്ടകപ്പുറത്തും കഴുതപ്പുറത്തും പന്നിപ്പുറത്തും കയറി സവാരിചെയ്യുതായും തലനാർ കെട്ട് എല്ലിൻകൂട്ടം വെണ്ണീറ് ഉമി ഇതുകളെല്ലാം കൂട്ടിയ ദിക്കിൽ ചെന്നു കയറിയതായും തോന്നുക ഇതുകളെല്ലാമാകുന്നു ദോഷങ്ങളുടെ പൂർവ്വരൂപങ്ങൾ. ഈ വിഷയത്തിൽ വാഗ്ഭടാചാര്യൻ ഈ പറഞ്ഞതുകൾക്കു പുറമെ ജാഗ്രാവസ്ഥയിൽ ഭോജനക്ഷയവും അന്നപാനദ്രവ്യങ്ങൾ കഴിക്കുവാൻ ഭാവിക്കുമ്പോഴെല്ലാം അതിൽ ഈച്ച പുൽക്കൊടി തലനാർ മുതലായതു വീഴുകയും കൈകളിലും മുഖത്തും നീരുണ്ടാവുകയും മദ്യപാനത്തിലും മാംസം ഭക്ഷിക്കുന്നതിലും അത്യാഗ്രഹവും തലയിൽ വസ്ത്രാദികൾ ചുറ്റുന്നതിൽ ശ്രദ്ധയും ഉ

അഥ ഊർദ്ധ്വമേകാദശ രൂപാണി ഭവന്ത്യസ്യ. തദ്യഥാ—ശിരസഃ പ്രതിപൂരണം കാസഃ ശ്വാസഃ സ്വരഭേദഃ ശ്ലേഷ്മണഃ ഛർദ്ദനം ശോണിതഷ്ഠീവനം പാർശ്വസംരോജനമംസാവമർദ്ദോ ജ്വരോതിസാരോരോചക ഇതി. 24

തത്രാപരിക്ഷീണമാംസശോണിതോ ബലവാനജാതരിഷ്ടഃ സർവ്വൈരപി ശോഷലിംഗൈരുപേതഃ സാദ്ധ്യോ ജ്ഞേയഃ. 25

ബലവാൻ ഹ്യുപചയോപചിതോ ഹി സഹിഷ്ണുത്വാദ്വ്യാധ്യൗഷധബലസ്യ കാമം ബഹുലിംഗോപ്യല്പലിംഗ ഏവ മന്തവ്യഃ. 26

ങ്ങൾക്കുമെന്നും നഖങ്ങളും തലമുടിയും ക്രമത്തിലധികം വളരുകയും, ഉറക്കത്തിൽ ഞെട്ടിത്തെറിക്കുകയും, സ്വപ്നത്തിൽ പ്രകാരമുള്ള ഗ്രഹനക്ഷത്രങ്ങൾ താഴത്തു വീഴുന്നതായും പർവ്വതങ്ങൾ ഇടിഞ്ഞു പൊളിഞ്ഞുവീഴുന്നതായും വൃക്ഷങ്ങൾ [illegible] കത്തുന്നതായും കാണുകയും ചെയ്യുന്നതുകൂടെ പറയുന്നു.

24—ഇനി ഏതുപ്രകാരം രാജയക്ഷ്മാവിലും ഒരുപോലെ കാണപ്പെടുന്നതായ പതിനൊന്നു ലക്ഷണങ്ങളെയും ഉപദേശ [illegible] ങ്ങളെന്നല്ലാതെന്നാൽ, തലയിൽ കഫംനിറഞ്ഞ [illegible] (തലവിങ്ങുക) കഫ [illegible] [illegible] ങ്ങളുക പാർശ്വങ്ങളും വേദന പുകച്ചിൽ [illegible] ന പനി അതിസാരം അരോചകം ഇതുകളു [illegible] സകലസംസർഗ്ഗം [illegible] ഇവ [illegible] വ്യാധി കൂടി [illegible] പാർശ്വരോഗം [illegible] ഭവതി [illegible] ഇപ്രകാരത്തിലാണ് [illegible] ണ്ട് എന്നാണ് വ്യാഖ്യാനം.

25—ഇങ്ങനെയുള്ള നാലുതരം ക്ഷയരോഗം ബാധിച്ചവരിൽ മാംസവും രക്തവും ക്ഷയിക്കാത്തവരും ശരീരബലം കുറയാത്തവരും മരണലക്ഷണമില്ലാത്തവരുമായ രോഗിക്ക് ഈ പറഞ്ഞ പതിനൊന്നു ലക്ഷണവും പൂർത്തിയായിട്ടുണ്ടെങ്കിൽക്കൂടി അവരുടെ [illegible] സാദ്ധ്യമാണെന്നറിയണം. 26—ഈ പറഞ്ഞതിന്റെ യുക്തിയെ

ദുഷ്ഛലന്തു അതിക്ഷീണമാംസശോണിതമല്പലിംഗമപ്യജാതാരി ഷ്ടമപി ബഹുലിംഗമേവ വിദ്യാൽ സഹി തു ദൌർബല്യാദൌഷധബലസ്യാ താം പരിവർജ്ജയേൽ. 27

ക്ഷീണേ ഹി പ്രാദുർഭവന്ത്യരിഷ്ടാനി. അനിമിത്തശ്ചാരി ഷ്ടപ്രാദുർഭാവ ഇതി. 28

തത്ര ശ്ലോകഃ.

സമൂഢാനാഞ്ച ലിംഗാനി യശ്ച രോഗസ്യാവബുദ്ധ്യതേ.

പറയുന്നു:—ശരീരബലവും വസ്തുപ്രസാദവും പുഷ്ടിയും ധാരാളമു ണ്ടെങ്കിൽ വ്യാധിപീഡയും ഔഷധവീര്യവും സഹിക്കുവാൻ പ്രയാ സമുണ്ടാവുകയില്ല. ഏതുതരം ചികിത്സയും ചെയ്യുവാൻ സാധിക്കു ന്നതു സാരം. അതുനിമിത്തം സകലലക്ഷണങ്ങളുമുണ്ടെങ്കിൽകൂടി അവന്റെ രോഗം സാരമില്ലെന്നു വിചാരിക്കാം * 27—ദുഷ്ഛലനും മാംസരക്തങ്ങൾ അതിയായി ക്ഷയിച്ചവനുമായവൻ വ്യാധിബല ത്തേയും ഔഷധവീര്യത്തേയും സഹിക്കുവാൻ ശക്തനാവുകയില്ലെന്ന തിനാൽ അവന്റെ രോഗം ലക്ഷണപരിപൂർത്തിയില്ലാത്തതും രിഷ്ട ലക്ഷണമില്ലാത്തതുമാണെങ്കിൽകൂടി പരിപൂർണ്ണലക്ഷണമാണെന്നറി യുകയും അവനെ വർജ്ജിക്കുകയും വേണം. 'ലിംഗേഷ്വല്പേഷ്വപി ക്ഷീണം വ്യാധ്യൌഷധബലാക്ഷമം വർജ്ജയേൽ, സാധാരണമേവ സ ർവ്വേഷ്വപി തതോന്യഥാ' എന്നു വാഹടൻ * 28—ശരീരബലാദി കൾ ക്ഷയിച്ചവന്നു ഗുണത്തിൽ രിഷ്ടലക്ഷണങ്ങൾ പ്രകാശിക്കും. അരിഷ്ടപൂർത്തിലക്ഷണം മുൻവിവരിച്ച ഏകാദശലിംഗങ്ങളിൽനി ന്നു വ്യതിരിക്തങ്ങളായിരിക്കുകയും ചെയ്യും *

അദ്ധ്യായവിവരണം.

29—ഈ അദ്ധ്യായത്തിൽ വിവരിച്ചതായ രാജയക്ഷ്മാവിന്റെ

പൂൎവ്വരൂപാണ്യേതാനി സാമാന്യാനി കുഷ്ഠമഹതി. 29

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
ശോഷനിദാനം നാമ ഷഷ്ഠോദ്ധ്യായഃ.

അദ്ധ്യായം 7. ഉന്മാദനിദാനം.

അഥാത ഉന്മാദനിദാനം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.
ഇഹ ഖലു പഞ്ച ഉന്മാദാ ഭവന്തി. തദ്യഥാ—വാതപിത്തക

സമുത്ഥാനം സാദൃശ്യം പൂൎവ്വരൂപം ഇതുകളെ വ്യക്തമായി അറിയുന്നവോ അവൻ രാജാൎഹനായ വൈദ്യനായിത്തീരും *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
നിദാനസ്ഥാനേ ഷഷ്ഠോദ്ധ്യായഃ. (6)

അദ്ധ്യായം 7.

ഇനി ഉന്മാദനിദാനമെന്ന അദ്ധ്യായത്തെ പറയാം:—

ഇതുവരെ പറഞ്ഞതുകളെല്ലാം ശരീരപ്രധാനങ്ങളായ രോഗങ്ങളാകുന്നു. ഇനിമേൽ വിവരിക്കുന്നതായ ഉന്മാദവും അപസ്മാരവും മനോദോഷപ്രധാനങ്ങളും മനസ്സിനെ ബാധിക്കുന്നവയുമാണ്. അതിനാൽ അതുകളെ പ്രത്യേകം വിവരിക്കുകയും ചെയ്യുന്നു. 1—ഉന്മാദം—ഭ്രാന്ത് (ഇൻ_സെനിറ്റി [illegible]) മനുഷ്യരിൽ കണ്ടുവരുന്നത് അഞ്ചുപ്രകാരമാകുന്നു. അതുകളെ [illegible] മെങ്ങിനെയെന്നാൽ, വാതജം പിത്തജം കഫജം [illegible] ങ്ങിനെ ത്രിദോഷാഗന്തുനിമിത്തം നാലുതരം. ആഗന്തുജമായ മ

സന്നിപാതാഗന്തുനിമിത്താസ്സ്യുഃ ദോഷനിമിത്താശ്ചത്വാരഃ । ൩

ത ഏവംവിധാനാം തേ ക്ഷിപ്രമഭിനിർവ്വർത്തന്തേ. ത

ദ്യഥാ ഭീരൂണാമുപക്ലിഷ്ടസത്വാനാമുത്സന്നദോഷാണാം സമലവി

കൃതോപഹിതാന്യനുചിതാന്യാഹാരജാതാനി വൈഷമ്യയുക്തേനോ

പയോഗവിധിനോപയുഞ്ജാനാനാം തന്ത്രപ്രയോഗം വാ വിഷമമാ

ചരതാമന്യാശ്ച വാ ചേഷ്ടാം വിഷമാം സമാചരതാമത്യുപക്ഷീണദേ

ഹാനാഞ്ച വ്യാധിവേഗസമുദ്ഭ്രമിതാനാമുപഹതമനസാം വാ കാ

ളുന്നിമിത്തം ഒരിനം ഉന്മാദമായാണ് അഞ്ചാമതായി പറഞ്ഞത്.*

2—താഴെപ്പറയുന്ന തരക്കാർക്ക് ഉന്മാദരോഗം വേഗത്തിൽ പ്രകാശിച്ചുകാണുക— ക്ഷിപ്രം—വല്ലവർക്കും ഈ രോഗം ബാധിക്കും. എന്നാൽ അവർക്ക് അത്രവേഗം ഇതു പ്രകാശിക്കയില്ല എന്ന സാരം ഒരു വാക്യത്തിനാവശ്യമെന്നാൽ ഭീരുക്കൾ— ഭയപ്പെടുവാനുള്ള കാരണങ്ങൾ പരിപൂർണ്ണമില്ലാതിരിക്കുമ്പോഴും ഭയപ്പെടുന്നവർ രജസ്തമോഗുണങ്ങളാൽ ബാധിച്ചവർ ത്രിദോഷങ്ങൾ കോപിച്ചവർ ഇവരും, അഴുക്കോടുകൂടിയതും അശുചിയും അശക്യവുമായ പതിവില്ലാത്ത ഭക്ഷണസാധനം വേണ്ടതുപോലെയല്ലാത്ത വിധം ഉപയോഗിക്കുന്നവർ ഇന്നിന്നകാലങ്ങളിൽ ഇന്നിന്നചട്ടങ്ങളെ ശീലിക്കേണ്ടതാണെന്നുള്ള തന്ത്രവിധികളെ വിപരീതമായാചരിക്കുന്നവർ മററും പല ദുർന്നടപടികൾ ശീലിക്കുന്നവർ ശരീരം അത്യന്തം തളർന്നവർ, ഏതെങ്കിലും ഒരു വ്യാധി ബാധിച്ചതിൽ തളർന്നവർ എന്തെങ്കിലും വസ്തുവിൽ അത്യാഗ്രഹം കൊണ്ടോ ക്രോധം കൊണ്ടോ ലോഭം തന്നെ ആലോചിക്കാതെ സന്തോഷിക്കുക ഭയപ്പെട്ടിരിക്കുക ഞെട്ടിച്ചു നിലവിളിക്കുക തനിക്ക് അവിതർക്കിതമായി സംഭവിച്ച വല്ല ആപത്തിനെയും വേറെ എങ്ങനെ വിചാരിച്ചു ദുഃഖിക്കുക ജീവിതാപ്ലുതാദി മുതലായ ചിന്തകൾ തലയിൽപ്പിടിച്ചു തേങ്ങുക ഇത്യാദിസംഗതികളാൽ മനസ്സു തകർന്നവർ പഠിച്ചപ്രകാരമായ വിചാരിക്കാതെ അടങ്ങാതെ പഠിച്ചവർ ഇവർക്കെല്ലാം കർത്തവ്യാകർത്തവ്യങ്ങളെ ആലോചിച്ചു നിശ്ചയിക്കുവാനുള്ള ബുദ്ധിശക്തിക്ക

കാമക്രോധലോഭഹർഷഭയശോകചിന്തോദ്വേഗാദിഭിഃ പുനരഭിഘാതാഭ്യാഹതാനാം വാ മനസ്യുപഹതേ ബുദ്ധൌ ച പ്രചലിതായാമത്യർത്ഥം ദോഷാഃ പ്രകുപിതാ ഹൃദയമുപസൃത്യ മനോവഹാനി സ്രോതാംസ്യാവൃത്യ ജനയന്ത്യുന്മാദം. ഉന്മാദം പുനർമ്മനോബുദ്ധിസംജ്ഞാജ്ഞാനസ്മൃതിഭക്തിശീലചേഷ്ടാചാരവിഭ്രമം വിദ്യാൽ. 2

തസ്യേമാനി പൂർവ്വരൂപാണി

തദ്യഥാ— ശിരസഃ ശൂന്യതാ ചക്ഷുഷോരാകുലതാ സ്വനഃ

കേടുതട്ടുകയും ഗ്രാഹ്യത്യാജ്യപദാർത്ഥങ്ങളെ തിരിച്ചറിയുന്നതായ ബുദ്ധി ചലിക്കുകയും ചെയ്യുകയാൽ ഏറ്റവും പ്രകോപിച്ച വാതാദികൾ കോപിച്ച് ഹൃദയത്തിൽ വന്നുകൂടുകയും ശ്രോത്രനേത്രാദി ചക്ഷുരാദി ഇന്ദ്രിയങ്ങളിലെല്ലാം വ്യാപിച്ചുകൊണ്ടു നടക്കുന്നവയും ഹൃദയാശ്രിതകളുമായ സിരകളുടെ മനോവഹമാർഗ്ഗങ്ങളെ തടഞ്ഞ് ഉന്മാദരോഗത്തെ ഉണ്ടാക്കിത്തീർക്കുകയും ചെയ്യും. മനസ്സ്, ബുദ്ധി സംജ്ഞ (ബുദ്ധിവികാസം) ജ്ഞാനം, (ഇന്ദ്രിയജ്ഞാനം) സ്മരണശക്തി ഭക്തി ഇച്ഛ മുതലായവയിലുള്ള ശക്തി സ്വഭാവം കർത്തവ്യാകർത്തവ്യങ്ങളെ തിരിച്ചറിയുന്നതും കർമ്മങ്ങളെ ആചരിക്കുകയും ചെയ്യുവാനുള്ള ശക്തി സദാചാരം ഇതുകളെല്ലാം തെറ്റിച്ചു (ഭേദമായി) കാണുന്നതെന്താണോ അതു ഉന്മാദരോഗമെന്നറിയുകയും വേണം. 'മദയന്ത്യുദ്ധതാ ദോഷാ യസ്മാദുന്മാർഗ്ഗമാഗതാഃ । മാനസോയമതോ വ്യാധിരുന്മാദ ഇതി കീർത്തിതഃ ॥ [illegible] ബുദ്ധിസ്മൃതിഭ്രമേ [illegible] ഏഷ വിശേഷാൽ [illegible] ചേഷ്ടാചാരോ [illegible] ച ।' എന്നു മാധവാചാര്യൻ ●

ഉന്മാദപൂർവ്വരൂപങ്ങളെ ഇപ്പോൾ വിവരിക്കുന്നു. 3— ശിരസ്സിന്നു ശൂന്യത ദൃഷ്ടി ഒരു ദിക്കിൽ ഉറപ്പില്ലാതെയാവൽ ചെവികളിൽ മുഴക്കം—ശ്വാസത്തിനു വിട്ടുവിട്ടു വേഗം അധികമാവുക വായിൽനിന്നു വെള്ളമൊലിക്കുക ഭക്ഷണത്തിൽ അനുഗ്രഹം

കർണ്ണയോരുച്ഛ്വാസസ്യാധിക്യമാസ്യ സംസ്രവണമനന്നാഭിലാഷാരോചകാവിപാകൌ ഹൃദയഗ്രഹോ ധ്യാനായാസസമ്മോഹോദ്വേഗാശ്ചാസ്ഥാനേ സതതം ലോമഹർഷോ ജ്വരശ്ചാഭീക്ഷ്ണമുന്മത്തചിത്തത്വമുദർദ്ദിത്വമർദ്ദിതാകൃതികരണഞ്ച വ്യാധേഃ. സ്വപ്നേ ച ദർശനമഭീക്ഷ്ണം ഭ്രാന്തചലിതാനവസ്ഥിതാനാഞ്ച രൂപാണാമപ്രശസ്താനാഞ്ച തിലപീഡകചക്രാധിരോഹണം വാതകുണ്ഡലികാഭിശ്ചോന്മഥനം നിമജ്ജനം കലുഷാണാമംഭസാമാവർത്തേ ചക്ഷുഷോശ്ചാപസർപ്പണമിതി ദോഷനിമിത്താനാമുന്മാദാനാം പൂർവ്വരൂപാണി. 3

കറയുക അരോചകം ദഹനക്ഷയം എന്നിതെല്ലാം തടവ് കാരണംകൂടാതെ മനോമാന്ദ്യം വിചാരിക്കുകയും ആയാസം വരികയും മറവി സംഭവിക്കുകയും ചെയ്യുക മോഹാലസ്യപ്പെടുക ഞെട്ടുക എല്ലായ്പ്പോഴും രോമാഞ്ചമുണ്ടാവുക ഇടവിടാതെ പനിക്കുക മനസ്സ് ഇളകിക്കൊണ്ടിരിക്കുക ഉൽക്കം (മുണ്ടിവീക്കം) സംഭവിക്കുക അർദ്ദിതം സംഭവിച്ചവരെപ്പോലെ മുഖംകൊണ്ട് കോഞ്ഞനം കാട്ടുക ഇതുകളെല്ലാം ഉന്മാദരോഗത്തിന്റെ ആഗ്രാവസ്ഥയിലുള്ള പൂർവ്വരൂപങ്ങളാകുന്നു. സ്വപ്നാവസ്ഥയിലുണ്ടാകുന്നതുകളേയും വിവരിക്കാം: വട്ടത്തിൽ തിരിയുന്നവയും ഇളകിക്കൊണ്ടിരിക്കുന്നവയും ഉറച്ചുനില്ക്കാത്തവയും ഒട്ടും നില്ക്കാത്തവയുമായ വികൃതരൂപങ്ങളെ കാണുകയും എള്ളാട്ടുന്ന ചക്കിന്റെ പലകമേൽ കയറിയിരുന്നതായും കാററിൻചുഴലിയിൽപെട്ടു വീണതായും കലങ്ങിമറിഞ്ഞ വലിയ ഒഴുക്കുള്ള വെള്ളത്തിലെ ചുഴിയിൽപെട്ട് മുങ്ങിപ്പോയതായും കണ്ണു ചൂന്നെടുത്തതായും സ്വപ്നം കാണുക, ഇതുകളെല്ലാം ത്രിദോഷകോപം നിമിത്തമുണ്ടാകുന്ന നാലുതരം ഉന്മാദങ്ങളുടെ പൂർവ്വരൂപങ്ങളാകുന്നു. ആഗന്തുക്കളുടെ പൂർവ്വരൂപം അടുത്തു വിവരിക്കുകയും ചെയ്യും.

അഭ്യാനന്ദസ്മരാദിനിവൃത്തിസ്സൂത്രജ്ഞമാദവിരോദനം ഭവതി. തദ്യഥാ— പരിസർപ്പണമക്ഷിഭ്രുവോഷ്ഠാംസഹനുഹസ്തപാദവിക്ഷേപണമകസ്മാദനിയതാനാഞ്ച സതതം ഗിരാമുത്സർഗ്ഗഃ ഫേനാഗമനമാസ്യാൽ സ്മിതഹസിതനൃത്യഗീതവാദിത്രാദിപ്രയോഗോഽസ്ഥാനേ വീണാവംശശംഖശമ്യാതാളശബ്ദാനുകരണമസാമ്നാ യാനമയാനൈരലങ്കരണമനലങ്കാരൈഃ ഭക്ഷ്യേഷ്വലബ്ധേഷ്വഭ്യവഹാര്യേ

4— ഈ പറഞ്ഞ പൂർവ്വരൂപങ്ങൾ കണ്ടതിന്നശേഷം ഭോഗോപദ്രലക്ഷണം പൂർത്തിയായി കാണുകയും ചെയ്യും.

അതെങ്ങിനെയെന്നാൽ, കണ്ണുകൾ പുരികം ചിറ്റൂരിക്കുക ചുണ്ട് പുരിക് കവിള് കയ്യ് കാല് ഈ അവയവങ്ങളെ കാരണം കൂടാതെ വിക്ഷേപണം ചെയ്യുക കണ്ടുകൂടാത്തതും വേണ്ടാത്തതുമായ സംസാരവും വായിൽനിന്നു നര ചാടുകയും ചെയ്യുക അസ്ഥാനത്തിങ്കൽ മന്ദസ്മിതം ചെയ്യുക ചിരിക്കുക നൃത്തം വെക്കുക പാട്ടുപാടുക താളംപിടിക്കുക മുതലായതുകളെ ചെയ്യുക. വീണ ഓടക്കുഴൽ ശംഖ് ശമ്യാ ഇലത്താളം ഇതുകളുടെ ശബ്ദങ്ങളെപ്പോലുള്ള ശബ്ദമാണെന്ന പറഞ്ഞു ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുക. പക്ഷെ അതു കേൾക്കുന്നവർക്കു രുചികരമായിരിക്കയുമില്ല. വൃക്ഷം പാറ മുതലായ സ്ഥാവരവസ്തുക്കളിൽ കയറി നില്ക്കുകയും താൻ ഇപ്രകാരം നില്ക്കുന്നത് രഥയാനത്തിന്മേലാണെന്ന നടിക്കുകയും അതുകളെ ദ്രുതഗതിക്കായി ശാസിക്കയും ചെയ്യുക അലങ്കരിക്കുവാൻ കൊള്ളരുതാത്ത കീറത്തുണി കണ്ണൻചിരട്ട മുതലായതുകൾകൊണ്ട് ദേഹമാസകലം അണിയുക കിട്ടുവാൻ പ്രയാസമായ ഭക്ഷണദ്രവ്യത്തിൽ അത്യാഗ്രഹം നടിക്കുകയും അത് ഒരു സമയം കിട്ടിയാൽ വെറുപ്പു നടിക്കുകയും ചെയ്യുക സകല ബന്ധുജനങ്ങളോടും കലശലായ മാത്സര്യം നടിക്കുക ശരീരത്തിന്ന കാർശ്യം സംഭവിക്കുക പരുപരുപ്പുണ്ടാവുക ഹസ്തപാദാദികളിൽ ഉതണ്ടുകയറുക കണ്ണ് അരുണവർണ്ണമാവുക വാതത്തിന്ന് ഉപശയങ്ങളല്ലാത്ത ചില്ലകൾകൊണ്ടു വർദ്ധിക്കുക ഇതെല്ലാമാകുന്നു വാതോന്മാദത്തിൽ സംഭവിക്കുന്ന ലക്ഷ

ഷശ്ചാലഭ്യേഷു, ലബ്ധേഷു ചാവമാനസ്തീവ്രം മാത്സര്യം കാർശ്യം പാരുഷ്യമുത്പിണ്ഡിതാരുണാക്ഷതാ വാതോപശയവിപര്യാസാദനുപശയിതാ ചേതി വാതോന്മാദലിംഗാനി ഭവന്തി. 4

അമർഷഃ ക്രോധഃ സംരംഭശ്ചാസ്ഥാനേ ശസ്ത്രലോഷ്ടകശാകാഷ്ഠമുഷ്ടിഭിരഭിദ്രവണം സ്വേഷാം പരേഷാം വാ പ്രച്ഛായശീതോദകാന്നാഭിലാഷഃ, സന്താപോഽതിവേലഃ, താമ്രഹരിതഹാരിദ്രസംരബ്ധാക്ഷതാ പിത്തോപശയവിപര്യാസാദനുപശയിതാ ചേതി പിത്തോന്മാദലിംഗാനി ഭവന്തി. 5

ണങ്ങൾ. 'അത്ര വാതാൽ കൃശാംഗതാ । അസ്ഥാനേ രോദനാക്രോശഹസിതസ്മിതനർത്തനം । ഗീതവാദിത്രവാഗംഗവിക്ഷേപാസ്ഫോടനാനി ച । അസാമ്നാ വേണുവീണാദിശബ്ദാനുകരണം മുഹുഃ । ആസ്യാൽ ഫേനാഗമോഽജസ്രമടനം ബഹുഭാഷിതാ । അലങ്കാരോഽനലങ്കാരൈരയാനൈർഗമനോദ്യമഃ । ഗൃദ്ധിരഭ്യവഹാര്യേഷു തല്ലാഭേ ചാവമാനതാ । ഉത്പിണ്ഡിതാരുണാക്ഷിത്വം ജീർണേ ചാന്നേ ഗദോദ്ഭവഃ' എന്ന വാഗ്ഭടവചനം.

5— പിത്തോന്മാദലക്ഷണങ്ങളെ വിവരിക്കുന്നു— കാരണംകൂടാതെ പലതിനേയും സഹിക്കാനാവാതാവുകയും ദേഷ്യപ്പെടുകയും ശണ്ഠകൂടുകയും ചെയ്യുകയും തന്റെ ബന്ധുക്കളുടെയോ യും മററുള്ളവരുടെ നേരെയും ആയുധമോ കല്ലോ കട്ട (കല്ലോ കട്ടയോ) സംഹരിച്ചോ കയ്യിലെടുത്തോ ഇടിക്കാനായോ തടം കിട്ടാതെപോയാൽ മുഷ്ടി ചുരുട്ടിപ്പിടിച്ചോ പ്രഹരിക്കാനോടിയടുക്കുകയും നിഴലുള്ള ദിക്കിലിരിക്കുവാനും തണുത്ത വെള്ളം കുടിക്കുവാനും തണുത്ത ഭക്ഷ്യങ്ങളെ ഭക്ഷിക്കുവാനും ആഗ്രഹം ജനിക്കുകയും ചൂടുനിറഞ്ഞ് കലശലായിരിക്കുകയും കണ്ണ് ചെമ്പിച്ച നിറമോ പച്ച നിറമോ മഞ്ഞ നിറമോ ആയിരിക്കുകയും ദേഷ്യപ്പെട്ട ഭാവത്തിലിരിക്കുകയും പിത്തത്തിന് ഉപശയങ്ങളായവയുടെ വിപരീതങ്ങളായ ചര്യകളെ ശീലിച്ചാൽ ഉപശയം വരാതിരിക്കുകയും ചെയ്യും. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം പിത്തകോപം നിമിത്തം സംഭവിച്ചതായ ഉന്മാദത്തിന്റെ ലക്ഷണങ്ങളാണെന്ന് അറിയുകയും വേണം.

സ്ഥാനമേകദേശേ തൂഷ്ണീംഭാവോല്പശശ്ചങ്ക്രമണം ലാലാസിം ഘാണകപ്രസ്രവണമനന്നാഭിലാഷഃ രഹസ്കാമതാ ബീഭത്സത്വം ശൗചദ്വേഷഃ സ്വപ്നനിത്യതാ ശ്വയഥുരാനനേ ശുക്ലസ്തിമിതമലോപദിഗ്ദ്ധാക്ഷത്വം ശ്ലേഷ്മോപശയവിപര്യാസാദനുപശയതാ ചേതി ശ്ലേഷ്മസമുത്ഥസ്യോന്മാദസ്യ ലിംഗാനി ഭവന്തി. 6

ത്രിദോഷലിംഗസന്നിപാതേ തു സാന്നിപാതികം വിദ്യാൽ. തമസാദ്ധ്യമിത്യാചക്ഷതേ കുശലാഃ. 7

സാദ്ധ്യാനാം തു ത്രയാണാം സാധനാനി ഭവന്തി. സ്നേഹസ്വേദവമനവിരേചനാസ്ഥാപനാനുവാസനോപശമന

6— ഒരേ ദിക്കിൽത്തന്നെ ഇരിക്കുകയും മിണ്ടാതിരിക്കുകയും നടക്കുകയാണെങ്കിൽ പതുക്കെപ്പതുക്കെ നടക്കുകയും വായിൽനിന്നും മൂക്കിൽനിന്നും വെള്ളമൊലിക്കുകയും ഭക്ഷണത്തിൽ ആഗ്രഹമില്ലാതിരിക്കുകയും ആരും കാണാതെ തനിച്ചിരിക്കണമെന്നുള്ള ആഗ്രഹവും വൃത്തികേടില്ലായ്മയും മലമൂത്രവിസർജ്ജനത്തിൽക്കൂടി ശൌചംചെയ്യുവാൻ മടുപ്പും ഉറക്കം കൂടുകയും മുഖത്തു നീരുണ്ടാവുകയും കണ്ണിന്നു വിളർത്ത കൺമിഴി ഒരു ദിക്കിൽ ഉറച്ചിരിക്കുകയും പീള കെട്ടുകയും [illegible] കഫത്തെ കോപിപ്പിക്കുന്ന പദാർത്ഥങ്ങൾ കൊണ്ടു രോഗം വർദ്ധിക്കുകയും [illegible] നിമിത്തമുണ്ടാകുന്ന ഉന്മാദത്തിന്റെ ലക്ഷണങ്ങളാകുന്നു. 7— ഈ പറഞ്ഞ മൂന്നുതരം ലക്ഷണങ്ങളും കൂടി ലക്ഷണങ്ങൾ അതു സന്നിപാതകോപം നിമിത്തമുണ്ടായ ഉന്മാദമാണെന്നറിയണം. ആ ഉന്മാദം അസാദ്ധ്യമാണെന്നാണ് പൂർവ്വാചാര്യന്മാരുടെ അഭിപ്രായം.

8— സാദ്ധ്യങ്ങളായ ത്രിദോഷകോപം നിമിത്തമുണ്ടായ മൂന്നുതരം ഉന്മാദങ്ങൾക്കും ഈ പറയുന്ന ചികിത്സ ചെയ്യുകയും വേണം. അതുകളുടെ എല്ലാറ്റിന്നും, സ്നിഗ്ദ്ധ വസ്തുക്കളെ സേവിപ്പിക്കുക, [illegible] വിരേചനം കഷായവസ്തി സ്നേഹവസ്തി [illegible] മൂക്കിൽ പിഴിഞ്ഞുപ്പിക്കുക [illegible] അഞ്ജനം തേക്കുക [illegible] അഭ്യംഗം [illegible] ചെയ്യുക [illegible]

സ്യകർമ്മധൂമധൂപനാഞ്ജനാവപീഡപ്രധമനാഭ്യംഗപ്രദേഹപരി-
ഷേകാനുലേപനവധബന്ധനാവരോധന വിത്രാസനവിസ്മാപനവി
സ്മാരണാപതർപ്പണസിരാവ്യധനാനി. 8

ഭോജനവിധാനഞ്ച യഥാസ്വം യുക്ത്യാ യച്ചാന്യദപി കി
ഞ്ചിന്നിദാനവിപരീതമൌഷധം കാർയ്യം തദപി സ്യാദിതി. 9

ഭവതി ചാത്ര

ഉന്മാദാൻ ദോഷജാൻ സാദ്ധ്യാൻ സാധയേദ്ഭിഷഗുത്തമഃ
അനേന വിധിയുക്തേന കർമ്മണാ യൽപ്രകീർത്തിതം. 10

യസ്തു ദോഷനിമിത്തേഭ്യ ഉന്മാദേഭ്യഃ സമുത്ഥാനപൂർവ്വരൂപലിം-
ഗവേദനോപശയവിശേഷസമന്വിതോ ഭവതി ഉന്മാദസ്തമാഗന്തു-
മാചക്ഷതേ. 11

തടികകൊണ്ടു വരിഞ്ഞുകെട്ടുക, ബന്ധനത്തിലാക്കുക, ചെയ്യുക, ഭയപ്പെടുത്തു-
ക, സന്തോഷിപ്പിക്കുക, ഉന്മാദരോഗമുള്ളവനെ വിസ്മൃതിയുണ്ടാക്കുന്ന-
തായ [illegible] ചെയ്തതിനെ കാര്യം വരുത്തുക, ലംഘനങ്ങൾ
ക [illegible] ദോഷത്തിനും ദേഹപ്രകൃതികൾക്കും അനുസരിച്ചു-
തായ അന്നപാനങ്ങളോടു യുക്തിപോലെ പ്രയോഗിക്കുക ഇതുകളും
സാമാന്യമായി തന്നെ മറ്റു പ്രവൃത്തികളും അതാതുന്മാദം ഉണ്ടാകും ഇട-
ങ്ങളിലുള്ള കാരണങ്ങൾക്കു വിപരീതമായ ഔഷധങ്ങളും പ്രവൃത്തി-
കളും ഉപയോഗിക്കുന്ന ചികിത്സകൾ *

ഇതുകൂടെ ധരിച്ചിരിക്കുകയും വേണം.

10— ഉത്തമനായ വൈദ്യൻ ത്രിദോഷകോപനിമിത്ത-
ങ്ങളായിരുന്ന മൂന്നുതരം ഉന്മാദവും സാദ്ധ്യങ്ങളാണെന്നറിയുകയും
അതുകൾക്ക് ഈ പറഞ്ഞ ചികിത്സകൾ ചെയ്തു ഭേദപ്പെടുത്തുകയും
വേണം.*

11— ആഗന്തുജമായ ഉന്മാദത്തെ വിവരിക്കുന്നു—മുൻവിവരി-
ച്ചതായ വാതജം പിത്തജം കഫജം സന്നിപാതജമെന്ന ഉന്മാദങ്ങ-
ളുടെ നിദാനാദികളിൽനിന്നു വ്യത്യസ്തങ്ങളായ സമുത്ഥാനം പൂർവ്വരൂ-

കേചിൽ പുനഃ പൂൎവ്വകൃതം കൎമ്മാപ്രശസ്തമിച്ഛന്തി. തസ്യ നിമിത്തം പ്രജ്ഞാപരാധ ഏവേതി ഭഗവാൻ പുനൎവ്വസുരാത്രേയ ഉവാച, 12

പ്രജ്ഞാപരാധാദ്ധ്യയം ദേവൎഷിപിതൃഗന്ധൎവ്വയക്ഷരാക്ഷസപിശാചഗുരുവൃദ്ധസിദ്ധാചാൎയ്യപൂജ്യാനവമത്യ അഹിതാന്യാചരത്യന്യദ്വാ കിഞ്ചിൽ കൎമ്മാപ്രശസ്തമാരഭതേ. 13

തമാത്മനോപഹതമുപഘ്നന്തോ ദേവാഃ കുൎവ്വന്ത്യുന്മത്തം. തത്ര ദേവാദിപ്രകോപനിമിത്തേനാഗന്തുകോന്മാദേന പുരസ്കൃതസ്യ ഇമാനി പൂൎവ്വരൂപാണി. തദ്യഥാ—ദേവഗോബ്രാഹ്മണതപസ്വിനാം ഹിംസാരുചിത്വം കോപനത്വം നൃശംസാഭിപ്രായതാ അരതിരോജോ

ടം ആകൃതി വേദന ഉപശയം ഇതുകളോടുകൂടെ യാതൊരു ഉന്മാദമാണോ ഉണ്ടാവുക അതിനെ ആഗന്തുജമായ ഉന്മാദമാണെന്നറിയുകയും വേണം * 12—ചില ആചാൎയ്യന്മാരുടെ പക്ഷം ഈ ആഗന്തുജമായ ഉന്മാദമുണ്ടാകുവാനുള്ള കാരണം ജന്മാന്തരകൃതമായ മഹാപാപമാണെന്നാകുന്നു. ആത്രേയഭഗവാന്റെ സ്വന്തം അഭിപ്രായം പ്രജ്ഞാപരാധം തന്നെയാണെന്നാകുന്നു * 13—പ്രജ്ഞാപരാധം നിമിത്തം ഇവൻ (പ്രജ്ഞാപരാധം ചെയ്യുന്ന മനുഷ്യൻ) ദേവന്മാർ ഋഷിമാർ പിതൃക്കൾ ഗന്ധൎവ്വന്മാർ യക്ഷന്മാർ രാക്ഷസന്മാർ പിശാചന്മാർ ഗുരുജനന്മാർ വൃദ്ധന്മാർ സിദ്ധന്മാർ ആചാൎയ്യന്മാർ പൂജ്യന്മാർ ഇവരെയെല്ലാം ത്രിവിധകരണങ്ങളെക്കൊണ്ട് അവമാനിക്കുകയും ഇവൎക്കും ആത്മാവിന്നും അഹിതങ്ങളായ പ്രവൃത്തികളെ ചെയ്യുകയും കുത്സിതങ്ങളായ മറു മദ്യപാനാദികൾ തുടങ്ങുകയും ചെയ്യും * 14—അവനവന്റെ ദ്രോഹത്തെച്ചെയ്യുന്ന ഇവനെ ദേവന്മാർ—ദേവാദികളായ മുൻവിവരിച്ചവർ കോപിച്ചു പലപ്രകാരവും പീഡിപ്പിക്കുകയും ഉന്മാദമുള്ളവനാക്കിത്തീൎക്കുകയും ചെയ്യും *

ഇങ്ങിനെയുള്ള ആഗന്തുകാരണം ഹേതുവായിട്ടു കോപിച്ച ദേവാദികൾ നിമിത്തം സംഭവിക്കുന്നതായ ഉന്മാദത്തിന്ന് ഈ വരിക്കുന്ന പൂൎവ്വരൂപങ്ങൾ കാണുകയും ചെയ്യും. അതെന്തെല്ലാമെന്നാൽ, ദേവന്മാർ—ദേവലോകങ്ങളിലെ ഭൂപൂജ ഗോബ്രാഹ്മണന്മാർ മുതലായവരുകൾ

ച്ഛായാബലവപുഷാമുപതപ്തിഃ സ്വപ്നേ ച ദേവാദിഭിരഭിഭർത്സനം പ്രവർത്തനം ചേത്യാഗന്തുനിമിത്തസ്യോന്മാദസ്യ പൂർവ്വരൂപാണി ഭവന്തി. തതോനന്തരമുന്മാദാഭിനിർവൃത്തിഃ. 14

തത്രായമുന്മാദകരാണാം ഭൂതാനാമുന്മാദയിഷ്യതാമാരംഭവിശേഷഃ. തദ്യഥാ—അവലോകയന്തോ ദേവാ ജനയന്ത്യുന്മാദം. ഗുരുവൃദ്ധസിദ്ധമഹർഷയോഭിശപന്തഃ പിതരോ ധർഷയന്തഃ സ്പൃശന്തോ ഗന്ധ

പശു [illegible] ബ്രാഹ്മണൻ താപസന്മാർ ഇവരെയെല്ലാം ഉന്മൂലനാശം ചെയ്യുവാനുള്ള ആഗ്രഹം, ഹിംസാസ്വഭാവവും ദേഷ്യം കലശലാവുക ഒന്നിനെ കൊല്ലുവാൻ ഭാവം (നൄൻ ശംസതീതി നൃശംസഃ. ശംസു ഹിംസായാം എന്ന ധാതു) തന്റെ ഓജസ്സ് ശരീരവർണ്ണം കാന്തി ബലം ശരീരം ഇതുകളെല്ലാറ്റിന്നും ക്ഷയമുണ്ടാവുക എല്ലായ്പ്പോഴും ദുഃഖം ('ഉപതാപോ ശരീരതാപഃ' എന്ന രാമചന്ദ്രൻ) ഇതുകളും സ്വപ്നത്തിൽ ദേവപിതൃഗന്ധർവ്വാദികൾ തന്നെ നിന്ദിക്കുന്നതായി തൊട്ടുകൊണ്ടുകൂടെ തന്റെ മുട്ടുകൾ വലിക്കയും അവർ പലതരത്തിലും കുരുപ്പിടുകയും ചെയ്യുന്നതായി സ്വപ്നംകാണുകയുമാണ് ആഗന്തുനിമിത്തമായ ഉന്മാദത്തിന്റെ പൂർവ്വരൂപങ്ങൾ. ഈ പൂർവ്വരൂപലക്ഷണങ്ങളെല്ലാം പൂർത്തിയായാൽ ഉടൻതന്നെ ഉന്മാദവും തുടങ്ങും *

15—ഉന്മാദത്തെ ഉണ്ടാക്കിത്തീർക്കുന്നവരും, ഉന്മാദത്തെ ചെയ്തുകൊണ്ടു ശരീരത്തിൽ അധിവസിക്കുന്നവരുമായ ഭൂതങ്ങൾ ശരീരത്തിൽ പ്രവേശിക്കുന്നത് എങ്ങിനെയെന്നാൽ, ഏതായാലും വിശേഷമായിട്ട് [illegible] നോക്കിക്കൊണ്ടാണ് ദേവന്മാർ ശരീരത്തെ പ്രാപിച്ച് ഉന്മാദത്തെ ചെയ്യുക. അതുപോലെ ഗുരുക്കന്മാർ വൃദ്ധന്മാർ സിദ്ധന്മാർ ഋഷികൾ ഇവരെല്ലാം ശപിച്ചിട്ടാകുന്നു—ശാപംനിമിത്തം അവരിലുള്ള തേജസ്സ് ഉഗ്രരൂപേണ ഇവനിൽ പ്രവേശിക്കുകയാകുന്നു. പിതൃക്കൾ തങ്ങൾക്കുള്ള ശ്രാദ്ധക്രിയകളെ ആചാരപ്രകാരം ചെയ്യാത്തതുനിമിത്തം കോപിക്കുകയാൽ അവരുടെ ദോഷദൃഷ്ടിയെ ഇവനിൽ പ്രവേശിപ്പിച്ച് ഇവനെ ഉന്മത്തനാക്കിത്തീർക്കും. തൊട്ടും സമയവും തൊ

ർവ്വാഃ സമാവിശന്തോ യക്ഷരാക്ഷസാസ്ത്വാത്മഗന്ധമാഘ്രാപയന്തഃ പിശാചാഃ പുനരധിതിഷ്ഠന്ത്യ വാഹയന്തഃ. 15

തസ്യേമാനി രൂപാണി. തദ്യഥാ—അമർത്ത്യബലവീര്യപൗരു

ക്കാതെ സ്പർശിക്കുകയാൽ ചൈത്യാദിസ്ഥാനങ്ങളിൽ അവസര ത്ത് ഏറ്റുമുട്ടുകയാൽ ഗന്ധർവ്വന്മാർ ശരീരത്തിൽകേറി ഉന്മാദത്തെ ഉണ്ടാക്കും. യക്ഷന്മാരും രാക്ഷസന്മാരും വിശേഷകാരണങ്ങളൊന്നും കൂടാതെതന്നെ ശരീരത്തിൽ ഏറ്റ വികാരത്തെ ചെയ്യും. പിശാചന്മാർ പച്ചമാംസത്തിന്റെ ഘ്രാണമുണ്ടാക്കിത്തീർക്കുകയും ആസം ഗതിയായുണ്ടായ ഗന്ധമെന്താണെന്നു ശങ്കിച്ചു മയപ്പെടുന്നസമയം ശരീരത്തിൽ കേറി കൂടുകയും ചെയ്യും. ഇവരെല്ലാം ശരീരത്തിൽ കൂടിയാൽ ഉന്മാദത്തെ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. 16—ഇവരിൽ ദേവാവേശംനിമിത്തം സംഭവിച്ചതായ ഉന്മാദത്തിന്റെ ലക്ഷണമെന്തെന്നാൽ, ബലം വീര്യം പൌരുഷം പരാക്രമം ഗ്രഹണശക്തി ധാരണാശക്തി സ്മരണശക്തി ജ്ഞാനം വാക്ക് വിജ്ഞാനം ഇവകളെല്ലാം ഒരു മനുഷ്യനെക്കാളധികമായി കാണുകയും ഉന്മാദവേഗം തുടങ്ങുന്നതിനും മാറുന്നതിനും കാലനിയമവുമില്ലാതിരിക്കയും ചെയ്യും. ഇതുപോലെ ഓരോ ഗ്രഹാവേശലക്ഷണങ്ങളെ ഗ്രന്ഥാന്തരത്തിൽ ഇങ്ങനെ വിവരിക്കയും ചൊല്ലിയിരിക്കുന്നു. 'സന്തുഷ്ടഃ ശുചിരതിദിവ്യമാല്യഗന്ധോ നിസ്തന്ദ്രിരവിതഥസംസ്കൃതപ്രഭാഷീ । തേജസ്വീ സ്ഥിരനയനോ വരപ്രദാതാ ബ്രഹ്മണ്യോ ഭവതി നരഃ സ ദേവജുഷ്ടഃ * ഉത്സൃഷ്ടോ സ്വിന്നമനാം ശൗചവിഹീനശ്രുചാതഃ । വ്യാഹാരാഹാരരുചിഷു ദ്വേഷാ ദ്വിരാസം തദ്ഗ്രഹം വദേത് * പ്രേതാനാം സ ദദതി സംസ്തരേഷു പിണ്ഡാൻ ശാന്താത്മാ ജലമപി ചാപസവ്യവസ്ത്രഃ । മാംസേപ്സുസ്തിലഗുഡപായസാഭികാമസ്തദ്ഭക്തോ ഭവതി പിതൃഗ്രഹാഭിജുഷ്ടഃ * ഹൃഷ്ടാത്മാ പുലിനവനാന്തരോപസേവീ സ്വാചാരഃ പ്രിയപരിഗീതഗന്ധമാല്യഃ । നൃത്യൻ വൈ പ്രഹസതി ചാരു ചാല്പശബ്ദം ഗന്ധർവ്വഗ്രഹപരിപീഡിതോ മനുഷ്യഃ* മാംസാസൃഗ്വിവിധസുരാവികാരലിപ്സുർന്നിർല്ലജ്ജോ ഭൃശമതിനിഷ്ഠുരോതിശൂരഃ । ക്രോധാലുർവ്വിപുലബലോ നിശാവിഹാരീ

ഷ്ചാചാരശ്ച ഗ്രഹണധാരണസ്മരണജ്ഞാനവചനവിജ്ഞാനാന്യുന്മത്ത
ലക്ഷണാനി ചോക്താനി. 16

ഉന്മാദയിഷ്യതാമപി ഖലു ദേവർഷിപിതൃഗന്ധർവ്വയക്ഷരാക്ഷസപിശാചാനാം ഗുരുവൃദ്ധസിദ്ധാനാം വാ, ഏഷ്വന്തരേഷ്വഭിഗമനീയാഃ പുരുഷാ ഭവന്തി. തദ്യഥാ—പാപസ്യ കർമ്മണഃ സമാരംഭേ പൂർവ്വകൃതസ്യ വാ കർമ്മണഃ പരിണാമകാലേ, ഏകസ്യ

ശൌചാചാരോ ഭവതി സ രാക്ഷസൈർഗൃഹീതഃ। ഹാസ്യനൃത്യപ്രിയം രൗദ്രചേഷ്ടം ഛിദ്രപ്രഹാരിണം। ആക്രോശിനം ശീഘ്രഗതിം ദേവ ദ്വിജഭിഷഗ്ദ്വിഷം। ആത്മാനം കാഷ്ഠശസ്ത്രാദ്യൈർഘ്നന്തം ഭോക്തുമിച്ഛ വാദിനം। ശാസ്ത്രവേദപരം വിദ്യാൽ ഗൃഹീതം ബ്രഹ്മരാക്ഷസൈഃ॥ ഉദ്ധ്വസ്തഃ കൃശോഽത്യർത്ഥമതിപ്രലാപീ ദുർഗന്ധോ ഭൃശമശുചിസ്തഥാതിലോലഃ। ബഹ്വാശീ വിജനവനാന്തരോപസേവീ വ്യാചേഷ്ടൻ ഭ്രമതി രുദൻ പിശാചജുഷ്ടഃ॥ പ്രേതാകൃതിക്രിയാഗന്ധം ഭീതമാഹാര വിദ്വിഷം। തൃണച്ഛിദം ച പ്രേതേന ഗൃഹീതം നരമാദിശേത്॥ അന്യഗ്രഹാദികളാലും ചില ഗ്രഹങ്ങൾനിമിത്തവും ഉന്മാദം സംഭവിക്കും. അവരുടെ ലക്ഷണങ്ങൾ തന്ത്രശാസ്ത്രഗ്രന്ഥങ്ങളിൽനിന്നറിയുകയും വേണം. ഗ്രന്ഥവിസ്തരഭയത്താൽ അവയെ ഇവിടെ ചേർക്കുന്നില്ല* 17—ഉന്മാദത്തെ ഉണ്ടാക്കിത്തീർപ്പാനായി ദേവന്മാർ ഋഷികൾ പിതൃക്കൾ ഗന്ധർവ്വന്മാർ യക്ഷന്മാർ രാക്ഷസന്മാർ പിശാചന്മാർ ഗുരുജനന്മാർ വൃദ്ധന്മാർ സിദ്ധന്മാർ ഇവരുടെ കോപംകൊണ്ടു ഏതുസമയത്താണു മനുഷ്യനിൽ പ്രവേശിക്കുക എന്നുള്ളതിനെയും വിവരിക്കാം: ഹിംസാദ്യന്യായാദി പാപകർമ്മങ്ങൾ ചെയ്യാൻ തുടങ്ങുന്ന സമയം പൂർവ്വജന്മകൃതമായ പാപത്തിന്റെ ഫലാനുഭവകാലാരംഭം ജനസഞ്ചാരമില്ലാത്ത ഗൃഹത്തിൽ ഒറ്റയ്ക്കുതാമസിക്കുക സന്ധ്യാസമയത്തു നാൽക്കൂട്ടുപ്പെരുവഴിയിൽ തനിയെ നില്ക്കുക ഇന്ദ്രിയനിഗ്രഹം ചെയ്യാതിരിക്കുക ഋതുകാലത്തിൽ വെച്ചു സ്ത്രീസേവചെയ്യുക ജനസമ്പാദിഗമനം ചെയ്യുക ആചാരവിരുദ്ധമായ ശാസ്ത്രങ്ങളെ പഠിക്കയും അവയിൽ വിധിക്കുന്നതായ ബലി മംഗളകർമ്മം ഹോമം ഇ

വാ ശൂന്യപ്രവാസേ ചാതുൎമ്മാസ്യാന്തേ വാ സന്ധ്യാവേളയാമ
പ്രമത്തഭാവേ വാ പൎവ്വതസന്ധിഷു വാ ഗ്രഹണ്യാമേവ ജലപ്ലാവി
ഗമനേ വാ വിഷ്ണോ വാദ്യഘോഷാലിമംഗളഹോമപ്രയാഗേ നി
ത്യസ്യനൂതനപ്രാശനചൎവ്വണേ വാ ഭോജനേ വാ ദേശകലാപ്രവിനാ
ശേ വാ മഹോഗ്രഹോപഗമനേ വാ സ്ത്രീണാം പ്രസവകാലേ വിവി
ധശുദ്ധാശുദ്ധസ്പൎശനേ വാ ഭക്ഷ്യാദിഭോജനാദ്യുപരമേ വാ
ചൈത്രപ്രഥമസ്യ വാ ദേവതായതനാദിഗമനേ വാ മാംസമധു
തിലഗുഡമത്സ്യാശനേ വാ സ്ത്രീസംസൎഗ്ഗേ വാ നിശി നഗരനിഗമച
തുഷ്പഥോപവനശ്മശാനായതനാദിഗമനേ വാ ദ്വിജഗുരുദേവപൂജാ

ഇതുകളെ അനുവദിക്കുകയും കലിനാശപ്രകാരമുള്ള നിത്യകർമ്മാദി നി
യമം പ്രതം ഭ്രമിച്ചാലും ഇതുകൾക്ക് ഭംഗം വരുത്തുക പടങ്ങളെ
ത്തിൽ ചെല്ലുക അഗ്നിപർവ്വതം പൊട്ടുക വെള്ളപ്പൊക്കം വരിക മുത
ലായതുകൾ നിമിത്തം നാടുനശിക്കുന്ന സമയം കലിവിനാശസമയം
അഗ്നിബാധാദിനിമിത്തം ഗ്രഹനാശം വരുന്ന സമയം ഗ്രഹണാദി
ഗ്രഹപീഡാസമയം സ്ത്രീകൾ പ്രസവിക്കുന്ന സമയം തീണ്ടാരിപ്പുര
പ്പുതലായ അശുദ്ധവസ്തുക്കളെ തൊടുക സ്നാനം മാറിയും ഭോജനം ത
ളിച്ചില്ലാതെയും വമനമോ വിരേചനമോ കഴിഞ്ഞാലോ ശീലി
ക്കുക (ആസമയത്ത്) സ്നാനം മാറിയും ഭക്ഷിച്ചുടനെയും ചൈത്ര
ത്തിങ്കലോ—അശ്വ്യഗാനം, അരയാൽ, ബുദ്ധവിഹാരം ഇതുകളി
ലോ ക്ഷേത്രത്തിന്റെ ഉള്ളിലോ കടന്നു ചെല്ലുക മാംസമോ
തേനോ എള്ളോ ശർക്കരയോ മത്സ്യമോ കഴിച്ചു സേവിച്ചിട്ടുക സ്ത്രീ
ബന്ധം കൂടാതെ നില്ക്കുക നഗരം അങ്ങാടിമുതൽ (ചന്തസ്ഥലം)
നാൽക്കൂട്ടപ്പെരുവഴി ഉപവനം ചുടുകാട് (ചുടല) ഇവിടങ്ങളിലേക്ക
രാത്രികാലത്തു പോവുക മറ്റൊരുത്തൻ ചെയ്യുന്നതായ ബ്രാഹ്മണ
പൂജ ഗുരുശുശ്രൂഷ ദേവപൂജ ഇതുകളെ മുടക്കുക ധർമ്മശാസ്ത്രവിരു
ദ്ധമായി നടക്കുക മറ്റും ദുഷ്പ്രവൃത്തികൾ ഇങ്ങിനെ ഈ വക സമ
യങ്ങളാകുന്ന അനദ്ധ്യായ ദേവതാസ്വാദ്ധ്യായങ്ങളാവുക പ്രസ്താവിക്കാം

വിധർഷണാ വാ പൂജാഭ്യനുവൃത്തിക്രമേ വാ തേഭ്യഃ കർമ്മണോ പ്രശസ്തസ്യാരംഭേ വാ ഇത്യുന്മാദനകാലാഃ. 17

ത്രിവിധന്തു ഖലൂന്മാദകരാണാം ഭൂതാനാമുന്മാദനേ പ്രയോജനം ഭവതി. തദ്യഥാ ഹിംസാരതിരഭ്യർച്ചനഞ്ചേതി. തേഷാം തൽപ്രയോജനമുന്മത്താചാരവിശേഷലക്ഷണൈർവിദ്യാൽ. തത്ര ഹിംസാർത്ഥിനോന്മാദ്യമാനോഗ്നിം പ്രവിശത്യപ്സു വാ നിമജ്ജതി സ്ഥലാൽ

ഈ പറഞ്ഞതു സകലഗ്രഹങ്ങൾക്കും ബാധിക്കുവാനുള്ള സാമാന്യ സമയവിധിയാകുന്നു. ഇന്നിന്ന ഗ്രഹങ്ങൾ ഇന്നിന്ന സമയത്തു ബാധിക്കുമെന്നതിനെക്കുറിച്ചു വാഗ്ഭടാചാര്യൻ ഇങ്ങിനെ വിവരിച്ചിരിക്കുന്നു: 'ഗൃഹ്ണന്തി ശുക്ലപ്രതിപത്ത്രയോദശ്യോഃ സുരാ നരം । ശുക്ലത്രയോദശീകൃഷ്ണ[illegible] ഗ്രഹാഃ । ഗന്ധർവ്വാസ്തു ചതുർദ്ദശ്യാം ദ്വാദശ്യാം ചോരഗാഃ പുനഃ । പഞ്ചമ്യാം ശുക്ലസപ്തമ്യാ കാദശ്യോസ്തു [illegible]ഹാഃ । ശുക്ലാപഞ്ചമീം പൂർണ്ണമാസീം ച ബ്രഹ്മരാക്ഷസാഃ । [illegible] പിശാചാസ്തു [illegible] ദശപൈവ്വസു । ദോഷാ വാസ്യാം [illegible] ഋതുസന്ധ്യാസമയേഷു പ്രായഃ കാല സന്ധ്യാദ്വയേ [illegible] ॥' — ഉന്മാദത്തെ ഉണ്ടാക്കിത്തീർക്കുവാനായി ശരീരത്തിൽ ആവേശിച്ച് ഉന്മാദിപ്പിക്കുന്ന ദേവാദിഗ്രഹങ്ങൾ ആവേശിക്കുന്നതിന്റെ പ്രയോജനം ഈ ശരീരത്തെ ഹിംസിക്കുവാൻ വേണ്ടിയും ശരീരത്തിൽ സുഖമായി രമിപ്പാൻ വേണ്ടിയും ബലി പൂജാദികൾ കിട്ടുവാൻ വേണ്ടിയും ഇങ്ങിനെ മൂന്നുതരത്തിലാകുന്നു. ഈ മൂന്നുതരം പ്രയോജനങ്ങളുടേയും വ്യത്യാസം ഉന്മത്തന്മാരുടെ ആചാരവിശേഷങ്ങളായ ലക്ഷണവ്യത്യാസംകൊണ്ട് അറിയുകയും വേണം. ഈ പ്രയോജനങ്ങളിൽ ഹിംസാകാമനായ ഗ്രഹം ബാധിക്കുക നിമിത്തം ഉന്മാദം സംഭവിച്ചവൻ തീയ്യിൽ ചാടുകയോ വെള്ളത്തിൽ മുങ്ങുകയോ പൊട്ടക്കിണറ്റിൽ ചാടുകയോ പടിഗോവണി ശസ്ത്രം ചമ്മട്ടി വടി കട്ട മുഷ്ടി ഇതുകളെക്കൊണ്ടു തന്നെത്താൻ താഡിക്കുക ഇതുകളെപ്പോലും ഇപ്പറഞ്ഞതുകളൊഴിച്ചും മരിക്കുവാനുള്ള പ്രവൃത്തിക

ശ്വഭ്രേ വാ പതതി ശസ്ത്രകശാകാഷ്ഠലോഷ്ടമുഷ്ടിഭിർഹന്ത്യാത്മാനമ ന്യച്ച പ്രാണവധാർത്ഥമാരഭതേ. ഹിംസാർത്ഥിനമുന്മത്തമസാദ്ധ്യം വിദ്യാൽ. സാദ്ധ്യൌ പുനർദ്വാവിതരൌ. 18

തയോസ്സാധനാനി. മന്ത്രൌഷധിമണിമംഗളബല്യുപഹാരഹോമനിയമവ്രതപ്രായശ്ചിത്തോപവാസസ്വസ്ത്യയനപ്രണിപാ

ളും ചെയ്യും. 'അത്ര ഹിംസാത്മക ബാലോ മഹാൻ വാ ന്യൂനനാസികഃ । ക്ഷതജിഹ്വഃ കുണൻ വേദമസ്യതി സാശ്രുലോചനഃ । ദ്വേഷ്ടി ഹീനവചനഃ പൂതിഗന്ധിച്ച ജായതേ । ക്രോധനോ മൂത്രപുരീഷം സ്വം മൂർദ്ധ്നി നിക്ഷിപ്യതേ । ഹൈന്യാ ചോദ്യേ സംരബ്ധോ ഹന്ത്യാത്മാനം തഥാ പരം । അഭീക്ഷ്ണം ശസ്ത്രകാഷ്ഠാദ്യൈരഗ്നിം വാ വിശ്യമാവിശേൽ । അപ്സു മജ്ജേൽ പതേൽ കൂപേ കണ്ഠോദ്ബന്ധാച്ച തദ്വിധം । ത്രിംശദ്ദോഷമാഹരൻ പൂയസ്യ രക്തസ്യ ച പ്രവർത്തയേൽ । രക്താക്ഷ സർവ്വമാർഗ്ഗേഭ്യോ ദിശ്യോല്ലുഞ്ചതി ച തം ത്യജേൽ' എന്ന വാഗ്ഭടാചാര്യൻ. ഈ ഹിംസാകാമഗ്രഹപീഡ തീരെ അസാദ്ധ്യമാകുന്നു. രത്യാകാമഗ്രഹാവേശപീഡയും ബലികാമഗ്രഹപീഡയും സാദ്ധ്യങ്ങളുമാണ്. വാഗ്ഭടാചാര്യൻ ഇതുകളുടെ ലക്ഷണങ്ങളേയും ഇങ്ങിനെ വിവരിച്ചിരിക്കുന്നു. 'രഹസ്യേതിസല്ലാപഗന്ധസ്രഗ്ഭൂഷണപ്രിയഃ । ഹൃഷ്ടഃ ശാന്തശ്ച ദുസ്സാദ്ധ്യോ രതികാമേന പീഡിതഃ * ദീനാ ദിശാഞ്ജലിം ഉന്മത്തസ്സ്നാതഃ കാശോഷിതം ചിപാനേ തൃഷിതോ ധ്യായത്യായതി ദീനഃ ബലിസഭക്ഷ്യൈലി തേജനം പ്രതി ഇച്ഛതി । ക്ഷീരം ബലിം ... തം വിദ്യാൽ സ്വാസ്ഥ്യം' ഗ്രന്ഥാന്തത്തിൽ ഗ്രഹാവേശസ്വഭാവത്തെ ഇങ്ങിനെ വിവരിച്ചിരിക്കുന്നു. 'ദർപ്പണാദീൻ യഥാ ഛായാ ശീതോഷ്ണം പ്രാണിനോ യഥാ । സ്വമണിം ഭാസ്കരാച്ചൈവ യഥാ ദേഹം ച ദേഹിനഃ । ... ന ദൃശ്യതേ ഗ്രഹാസ്തു പ്രവിശന്ത്യാശു ...' * 19—ഈ കാരണം ... ഗ്രഹം ബാധിച്ചാൽ മന്ത്രസിദ്ധിക്കുള്ള ... വരും ... ല കളും മണികളും ... ലിക്കുകളും മംഗളബലികളും ... സ്വർ

ആഗന്തൂനി. ഇത്യുന്മാദാഃ പഞ്ചോന്മാദാ വ്യാഖ്യാതാ ഭവന്തി. 19

[illegible] സാധ്യാസാധ്യവിശേഷേണ ച പ്രവിഭജ്യമാനാഃ പുനഃ [illegible] ഭവന്തി. 20

തൌ പരസ്പരമനുബധ്നീതഃ. കദാചിദ്യഥോക്തഹേതുസംസ

നാമിന്ദ്രോമം കഴിക്കുകയും നിയമങ്ങളെ അനുഷ്ഠിക്കുകയും വ്രതങ്ങളെ ശീലിക്കുകയും കർമ്മവിപാകാദി പ്രായശ്ചിത്തം ചെയ്യുകയുംകൂടെ ഉപവാസാദിഉപവാസം ശീലിക്കുകയും വേദവ്യാസാദികൾനിന്ന സ്വസ്ത്യയനം സമ്പാദിക്കുകയും ആതിഥ്യനമസ്കാരാദികൾ ശീലിക്കുകയും തീർത്ഥയാത്ര ചെയ്യുകയും വേണം. ഇതുപോലെ മററു പുണ്യകർമ്മങ്ങളായ കർമ്മങ്ങളെയും ശീലിക്കണം. വാതജം പിത്തജം കഫജം സന്നിപാതജം ആഗന്തുജം എന്നിങ്ങിനെ ഉന്മാദം അഞ്ചുതരമായി പറഞ്ഞതിന്റെ വിവരണം ഇതിനാലാകുന്നു. ഈ വിഷയത്തിൽ കാശ്യപാചാര്യൻ ദേഹപീഡകൊണ്ടും വിഷംകൊണ്ടും കൂടെ ഉന്മാദമുണ്ടാകുന്നതായി പറയുകയും അതുകളെ ഇങ്ങിനെ വിവരിക്കുകയും ചെയ്യുന്നു [illegible] ആഗന്തുജങ്ങളിൽ ചേരുന്നതാകയാൽ ഉന്മാദം അഞ്ചുതരം തന്നെയാകുന്നു * 20—ഉന്മാദരോഗം ഇങ്ങിനെ അഞ്ചുതരത്തിലാണെങ്കിലും നിജം ആഗന്തു എന്നിങ്ങിനെയും സാധ്യം അസാധ്യം എന്നിങ്ങിനെയും നോക്കുന്നതായാൽ പലപ്രകാരത്തിൽ തന്നെയാണെന്നു വിചാരിക്കണം * 21—അവ തമ്മിൽ ചേർന്നുകാണപ്പെടുകയും. നിജം തന്നെ സാധ്യമായിട്ടും അസാധ്യമായിട്ടുമുണ്ട്. ഇതുപോലെതന്നെ

ർദ്ദൃഷ്ട തയോഃ സംസൃഷ്ടമേവ പൂർവ്വരൂപം ഭവതി സംസൃഷ്ടമേവ ലിങ്ഗഞ്ച. തത്രാസാദ്ധ്യസംയോഗം സാദ്ധ്യാസാദ്ധ്യസംയോഗം വാ അസാദ്ധ്യം വിദ്യാൽ. സാദ്ധ്യന്തു സാദ്ധ്യസംയോഗം തസ്യ സാധനം സാധനസംയോഗമേവ വിദ്യാദിതി. 21

ഭവതി ചാത്ര

നൈവ ദേവാ ന ഗന്ധർവ്വാ ന പിശാചാ ന രാക്ഷസാഃ
ന ചാന്യേ സ്വയമക്ലിഷ്ടമുപക്ലിശ്നന്തി മാനവം. 22
യേ ത്വേനമനുവർത്തന്തേ ക്ലിശ്യമാനം സ്വകർമ്മണാ

ആഗന്തുവും. നിജമായ ഉന്മാദവും ആഗന്തുവായ ഉന്മാദവും ഉണ്ടാകുവാനുള്ള കാരണങ്ങൾ ചിലപ്പോൾ സംഗതിവശാൽ ഇടകലൎന്നു വന്നതായാൽ അവയുടെ പൂൎവ്വരൂപവും ലക്ഷണവും ഇടകലൎന്നു വരികയും ചെയ്യും. ഉന്മാദരോഗത്തിൽ അസാദ്ധ്യലക്ഷണമുള്ളതും സാദ്ധ്യാസാദ്ധ്യലക്ഷണങ്ങൾ ഇടകലൎന്നുള്ളതും അസാദ്ധ്യമെന്നു തന്നെ കരുതണം. സാദ്ധ്യലക്ഷണമാത്രമായി കാണുന്നതിനെ മാത്രമേ കേവലം സാദ്ധ്യമായി വിചാരിക്കാവൂ. എന്നാൽ ദോഷജത്തിന്നു പറഞ്ഞ വമനവിരേചനാദികളും ആഗന്തുജത്തിന്നു വിധിച്ച മന്ത്രം ഔഷധി മുതലായതും രണ്ടും അതിന്നു സാധനമാണെന്നറിഞ്ഞിരിക്കയും വേണം. അതിനാൽ മിശ്രതരം ഉന്മാദത്തിലും ചികിത്സയും മന്ത്രവാദാദികളും ഒരുപോലെ ചെയ്യേണ്ടതാണെന്നു സിദ്ധമായിരിക്കുന്നു *

ഈ വിഷയത്തിൽ താഴെ പറയുന്നതുകളെക്കൂടെ ഗ്രഹിക്കുകയും വേണം.

22— മനസ്സിന്നു സ്വയമേ യാതൊരു തകരാറുമില്ലാത്തവനെ ദേവന്മാരോ ഗന്ധൎവ്വന്മാരോ പിശാചന്മാരോ രാക്ഷസന്മാരോ മററു ഗ്രഹങ്ങളോ ഒരുകാലത്തും ബാധിച്ചു യാതൊരു ഉപദ്രവവും ചെയ്യുകയില്ല * 23— അവനവന്റെ പ്രവൃത്തിദോഷംനിമിത്തം ക്ലിശ്യ

ന തന്നിമിത്താഃ ക്ലേശാസ്സ്യുർ ന ഹ്യസ്തി കൃതകൃത്യതാ. 23
പ്രജ്ഞാപരാധജാംസ്ത്വേതാൻ വ്യാധയേ കർമ്മജമാത്മനഃ
നാഭിശംസേദ് ബുധോ ദേവാൻ ന പിതൄന്നാപി രാക്ഷസാൻ. 24
ആത്മാനമേവ മന്യേത കർത്താരം സുഖദുഃഖയോഃ
തസ്മാച്ഛ്രേയസ്കരം മാർഗ്ഗം പ്രതിപദ്യേത നോത്രസേൽ. 25
ദേവാദീനാമപചിതിർഹിതാനാമുപസേവനം
ന ച തേഭ്യോ വിരോധശ്ച സർവ്വമായത്തമാത്മനി. 26

മറ്റൊന്നായ മനസ്സിനെ ഉരങ്ങാം ബാധിക്കയെങ്കിലും ഇവന്നനുഭവിക്കണ്ട കഷ്ടാരിഷ്ടങ്ങളെല്ലാന്നും അവർ നിമിത്തം സംഭവിക്കുന്നതല്ല; അതെല്ലാം ഇവന്റെ കർമ്മദോഷം നിമിത്തം സംഭവിക്കുന്നവതാനായാണ്. ഈ വികർമ്മകരണം ഒരിക്കലും കൃതകൃത്യനായ ചെയ്യുകയുമില്ല * 24— തന്റെതന്റെ കർമ്മദോഷം നിമിത്തം പ്രജ്ഞാപരാധം സംഭവിക്കുകയാൽ ഉണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് അറിവുള്ളവൻ ദേവന്മാരെയോ പിതൃക്കളെയോ രാക്ഷസന്മാരെയോ ഒരിക്കലും കുററം പറയുകയുമില്ല. 'ദൈവവൈപരീത്യത്താൽ വന്നു' എന്ന വാക്യം ഈ ഘട്ടത്തിൽ പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു സാരം*25— തന്റെതന്റെ സുഖദുഃഖങ്ങളുടെ കാരണം അവനവൻ— അവനവന്റെ പ്രവൃത്തി തന്നെയാണെന്നറിയണം. 'ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ' എന്ന ഭഗവദ്വാക്യം. അതിനാൽ, തനിക്ക നല്ലതു വരുവാനുള്ള മാർഗ്ഗത്തെ താൻ തന്നെ ശ്രമിച്ചു കണ്ടുപിടിച്ച് ആചരിക്കുകയും വേണം. ഒരു കാര്യത്തിലും ഭയപ്പെട്ടു പിന്മടങ്ങുകയുമരുത് * 26— ഇഹത്തിലും പരത്തിലും ഒരുപോലെ ഹിതത്തെച്ചെയ്യുന്നവരായ ദേവന്മാരെ— സജ്ജനങ്ങളെ പൂജിക്കുകയും ഭജിക്കുകയും ത്രിവിധകരണങ്ങളെക്കൊണ്ടും യാതൊരു ദ്രോഹം ചെയ്യാതിരിക്കുകയും വേണം. ഇതെല്ലാം തനിക്ക് ആയത്തവുമാണ്— തന്നാൽ സാധിക്കുന്നതാണ്. പരപ്രേരണകൊണ്ടു ചെയ്യുന്നതു പോരാ എന്ന സാരം.

തത്ര ശ്ലോകൗ.

സംഖ്യാ നിമിത്തം ദ്വിവിധം ലക്ഷണം സാദ്ധ്യതാ ന ച।
ഉന്മാദാനാം നിദാനേസ്മിൻ ക്രിയാസൂത്രഞ്ച ഭാഷിതം. 27

ഇതി ചരകസംഹിതായാം
നിദാനസ്ഥാനേ
ഉന്മാദനിദാനം നാമ സപ്തമോദ്ധ്യായഃ.

അദ്ധ്യായം 8. അപസ്മാരനിദാനം.

അഥാതോപസ്മാരനിദാനം വ്യാഖ്യാസ്യാമഃ.
ഇതി ഹ സ്മാഹ ഭഗവാനാത്രേയഃ.

ഇഹ ഖലു ചത്വാരോപസ്മാരാ വാതപിത്തകഫസന്നിപാതനിമിത്താഃ. 1

അദ്ധ്യായവിവരണം.

27— ഉന്മാദനിദാനമെന്ന ഈ അദ്ധ്യായത്തിൽ ഉന്മാദസംഖ്യയും നിജാഗന്തുഭേദേന രണ്ടുപ്രകാരത്തിലുള്ള നിദാനവും ലക്ഷണവും സാദ്ധ്യാസാദ്ധ്യലക്ഷണവും അതുകൾക്കുള്ള ചികിത്സയുടെ ചുരുക്കവും പറയപ്പെട്ടിരിക്കുന്നു *

ഇതി ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
നിദാനസ്ഥാനേ സപ്തമോദ്ധ്യായഃ (7)

അദ്ധ്യായം 8.

ഇനി അപസ്മാരനിദാനമെന്ന അദ്ധ്യായത്തെ പറയാം:—

1— മനുഷ്യന്മാർക്കുണ്ടാകുന്ന അപസ്മാരരോഗം വാതജം പിത്തജം കഫജം സന്നിപാതജം ഇങ്ങിനെ നാലുതരത്തിലാകുന്നു *

ത ഏവംവിധാനാം പ്രാണഭൃതാം ക്ഷിപ്രമഭിനിർവ്വർത്തന്തേ. തദ്യഥാ— രജസ്തമോഭ്യാമുപഹതസത്ത്വാനാമുത്സന്നബഹുദോഷാണാം സമലവികൃതോപഹിതാന്യനുചിതാന്യാഹാരജാതാനി വൈഷമ്യയുക്തേനോപയോഗവിധിനോപയുഞ്ജാനാനാം തന്ത്രപ്രയോഗമപി ച വിഷമമാചരതാമന്യാശ്ച ശരീരചേഷ്ടാ വിഷമാസ്സമാചരതാമത്യുപക്ഷീണദേഹാനാം വാ ദോഷാഃ പ്രകുപിതാ രജസ്തമോഭ്യാമുപഹതചേതസാമന്തരാത്മനഃ ശ്രേഷ്ഠതമമായതനം ഹൃദയമുപസംസൃജ്യ പര്യവതിഷ്ഠന്തേ ഇന്ദ്രിയായതനാനി, തത്ര ചാവസ്ഥിതാ

2— ആ ഉന്മാദരോഗം ഈ പറയുന്ന തരക്കാർക്കാണ് ക്ഷണത്തിൽ ഉണ്ടാവുക. അവരാരെല്ലാമെന്നാൽ, രജോഗുണമോ തമോഗുണമോ കലശലായി വർദ്ധിക്കകനിമിത്തം സംഭവിച്ചതായ മോഹാദിഗുണങ്ങളാൽ മനസ്സു തകരാറായവർ ക്രമത്തിലധികം വർദ്ധിച്ചു സ്വസ്ഥാനം വിട്ടു വഴിക്കുണ്ടിൽക്കൂടി സഞ്ചരിക്കുന്ന വാതാദിദോഷങ്ങളോടുകൂടിയവർ ലേശമെങ്കിലും വേണ്ടതുപോലെയല്ലാതെ ഉണ്ടാക്കിയവയും ശുചിത്വമില്ലാത്തവയും (സ്വന്തം തനിക്ക പഥ്യങ്ങളല്ലാത്തവയും) ആയ ഭക്ഷണപദാർത്ഥങ്ങളെ വേണ്ടതുപോലെയല്ലാതെ ശീലിക്കുന്നവർ മന്ത്രാദിതന്ത്രം മുതലായ അഭ്യാസങ്ങളിൽ വിധിച്ച ചിട്ടകൾ തെറ്റിച്ചും തെറ്റിക്കുന്നവർ ഈ പറഞ്ഞതു കൂടാതെ പുറമെയുള്ള നിന്ദ്യങ്ങളായ ശരീരചേഷ്ടകളെ ചെയ്യുന്നവർ ശരീരം കലശലായി ക്ഷീണിച്ചവർ ഇവർക്കെല്ലാം വാതാദിദോഷങ്ങൾ കോപിക്കും. അങ്ങിനെ കോപിച്ച ദോഷങ്ങൾ രജസ്തമോദോഷങ്ങൾനിമിത്തം ദുഷിപ്പിക്കപ്പെട്ട മനസ്സോടുകൂടിയ അവന്റെ, അന്തരാത്മാവിന്റെ പ്രധാനസ്ഥാനമായ ഹൃദയത്തിലും ചക്ഷുഃശ്രോത്രാദി ഇന്ദ്രിയായതനങ്ങളിലും ചെന്നുകൂടി അവയെ സ്വവ്യാപാരക്ഷമങ്ങളല്ലാതെയാക്കിത്തീർത്തുകൊണ്ട് അവിടങ്ങളിൽ സ്ഥിതിചെയ്യും. മേൽപ്രകാരം ഹൃദയത്തിലും ഇന്ദ്രിയായതനങ്ങളിലും ചെന്നുകൂടിയ ദോഷങ്ങളെ അത്യാഗ്രഹം ക്രോധം ഭയം

സ്രോതോ യദാ ഹൃദയമിന്ദ്രിയായതനാനി ചേരിതാഃ കാമക്രോധഭയ
ലോഭമോഹഹർഷശോകചിന്തോദ്വേഗാദിഭിശ്ച സഹസാഭിപൂരയ
ന്തി തദാ ജന്തുരപസ്മരതി. 2

അപസ്മാരം പുനഃ സ്മൃതിബുദ്ധിസത്ത്വസംപ്ലവാദ് ബീഭത്സ
ചേഷ്ടമാവസ്ഥികം തമഃപ്രവേശമാചക്ഷതേ. 3

തസ്യേമാനി പൂർവ്വരൂപാണി ഭവന്തി. തദ്യഥാ— ഭ്രൂവ്യുദാസ
സ്സതതമക്ഷ്ണോർവ്വൈകൃതമശബ്ദശ്രവണം ലാലാസിംഘാണകപ്രസ്ര
വണമനന്നാഭിലഷണമരോചകാവിപാകൗ ഹൃദയഗ്രഹഃ കുക്ഷേരാ

ലോഭം മോഹം സന്തോഷം ദുഃഖം വിചാരം പേടി മുതലായ (രാ
ജസങ്ങളും താമസങ്ങളുമായ) ഗുണങ്ങളെ പ്രേരിപ്പിക്കുകനിമിത്തം
ഹൃദയത്തെയും നേത്രാദിസ്ഥാനങ്ങളെയും അതിവേഗത്തിൽ നിറച്ചു
കളയും. അപ്പോൾ അവൻ അപസ്മാരിയായിത്തീരുകയും ചെ
യ്യും * 3— അപസ്മാരമെന്നത്, ഓർമ്മശക്തിയും പദാർത്ഥങ്ങളെ
വേർതിരിച്ചറിയുവാനും ഗ്രഹിക്കുവാനുമുള്ള മനശ്ശക്തിയും സത്വ
വും— രജസ്സും ദോഷങ്ങളെക്കൊണ്ടിളകി നശിക്കയാൽ ബീഭത്സ
ചേഷ്ടകളെ ചെയ്യുകയും അന്ധകാരം ബാധിച്ചതുപോലെയാകയും ചെ
യ്യുന്ന ഒരു അവസ്ഥാവിശേഷമാണെന്നാണ് പൂർവ്വാചാര്യന്മാർ
പറയുന്നത് *

4— ആ അപസ്മാരരോഗത്തിന്റെ പൂർവ്വരൂപങ്ങളെന്തെല്ലാ
മെന്നും വിവരിക്കുന്നു. പുരികങ്ങൾ കോട്ടുക എല്ലായ്പോഴും കൺമി
ഴികൾ എല്ലായ്പോഴും മറിഞ്ഞുതിരിഞ്ഞിരിക്കുക ചെവിയിൽ ശബ്ദം തോ
ന്നുക വായിൽനിന്നും മൂക്കിൽനിന്നും വെള്ളമൊലിക്കുക ഭക്ഷണം
കഴിക്കാനുള്ള അരോചകം ദഹനക്ഷയം നെഞ്ഞത്തുള്ള വേദന വയ
റ്റിൽ ഇരയ്ക്കുക ബലക്ഷയം അംഗങ്ങൾക്ക് വേദനയുണ്ടാകുക കുത്തി നുറു
ങ്ങുക ഉറക്കമില്ലായ്ക എല്ലായ്പോഴും തലതിരിച്ചിൽ ഉറക്കത്തിൽ സ്വപ്നത്തിൽ മ
റിക്കുക നൃത്തംവെയ്ക്കുക തന്നെ അന്യന്മാർ പിടിച്ചുകെട്ടുക ഭയപ്പെ
ടുക ദുഃഖിക്കുക വീഴുക മുതലായ സ്വപ്നങ്ങളെ കാണുക ഇവ സ്വപ്ന

ഭോഹാ ദൌർബല്യമംഗമർദ്ദോ മോഹസ്തമസോ ദർശനം മൂർച്ഛാ ഭ്ര മശ്ചാഭീക്ഷ്ണം സ്വപ്നേ മദനർത്തനപീഡനവേപനവ്യഥനപതനാ ദീന്യപസ്മാരപൂർവ്വരൂപാണി ഭവന്തി. തതോഽനന്തരമപസ്മാരാഭിനി ർവൃത്തിഃ 4

തത്രാപസ്മാരവിശേഷലിംഗം ഭവതി. തദ്യഥാ—അഭീക്ഷ്ണ മപസ്മരന്തം ക്ഷണേ ക്ഷണേ സംജ്ഞാം പ്രതിലഭമാനമുൽപിണ്ഡി താക്ഷമസാമ്നാ വാചാ വിലപന്തമുദ്വമന്തം ഫേനമതീവാധ്മാതഗ്രീവ മാവിദ്ധശിരസ്കം വിഷമവിനതാംഗുലിമനവസ്ഥിതസക്ഥിപാണി

കാണുകയും ചെയ്യും. ഇതുകളാണ് അപസ്മാരരോഗത്തിന്റെ പൂർവ്വരൂപങ്ങൾ. ഇതുകളെല്ലാം പൂർത്തിയായാൽ ലക്ഷണവ്യക്തിയോടു കൂടിയ അപസ്മാരവും കണ്ടുതുടങ്ങും. 'ഉൽപത്സ്യമാനേഽസ്മിൻ ഹൃത്കമ്പഃ ശൂന്യതാ ഭ്രമഃ । തമസോ ദർശനം ധ്യാനം ഭ്രൂവ്യുദാസോഽക്ഷിവൈകൃതം । അശബ്ദശ്രവണം സ്വേദോ ലാലാസിംഘാണകസ്രുതിഃ । അവിപാകോഽരുചിർമ്മൂർച്ഛാ കുക്ഷ്യാടോപോ ബലക്ഷയഃ । നിദ്രാനാശോഽംഗമർദ്ദസ്തൃട് സ്വപ്നേ ഗാനം സനർത്തനം । പാനം മദ്യസ്യ തൈലസ്യ തയോരേവ ച മേഹനം' എന്ന വാഗ്ഭടാചാര്യൻ *

5—ഈ പറഞ്ഞ നാലുതരം അപസ്മാരത്തിന്റെയും പ്രത്യേക ലക്ഷണങ്ങൾ എന്തെല്ലാമെന്നാൽ, കൂടക്കൂടെ തന്റേടമില്ലാതാവുകയും അപസ്മാരവേഗം തുടങ്ങിയാൽ ക്ഷണത്തിൽ തന്റേടമുണ്ടാവുകയും, കണ്ണ് മേൽപ്പോട്ടു തിരിഞ്ഞുപോകയും വികൃതസ്വരത്തിൽ കരയുകയും വായിൽനിന്നു നുരയിളകിവന്നു കലശലായി നെഞ്ചുവീർക്കുകയും പിൻകഴുത്തു വിങ്ങുകയും തല ഉരുട്ടുകയും വിരലുകൾ തകരാറായി പിണങ്ങുകയും സക്ഥി (തുട) കയ്യ് കാല് ഇതുകൾ ഒരിടത്തു ഉറയ്ക്കാതെയും (കൂടെ കൂടെ നിലത്തിട്ടടിക്കുകയും) നഖം കണ്ണ് മുഖം ത്വക്ക് ഇതുകൾ നഖത്തിന്റെയും പരുഷമായും കറുപ്പിച്ചും വരികയും ഒരുമിച്ചു നില്ക്കാത്തതും ചപലവും പരുഷവും അതിരൂക്ഷവുമായ ഒരു രൂപത്തെ (അന്യന്മാർക്ക് അദൃശ്യമായ ഒരു രൂപത്തെ)

പാദമർദ്ദനാപത്ഭ്രഷ്ടവ്യാവനാ നയനാവമനതം ചാഥമാവസ്ഥിതമപ്പ
ലാപത്രഷ്ടരുക്ഷരൂപദർശിനൗ ഭൂതങ്ങൾ സ്പർശയം 'വിപരീതോപശയം
വാതജനാപസ്മാരവന്തം വിദ്യാൽ. 5

അഭീക്ഷ്ണമപസ്മരന്തം ക്ഷണേന ക്ഷണേന സംജ്ഞാം പ്രതിലഭമാന
മവകൂജന്തം ആസ്ഫാലയന്തം ച ഭൂമിം ഹരിതഹാരിദ്രതാമ്രനഖനയ
നവദനത്വചം രുധിരോക്ഷിതോഗ്രഭൈരവപ്രദീപ്തരുഷിതരൂപദർശി
നം പിത്തളാനുപശയം വിപരീതോപശയം പിത്തജനാപസ്മാരിണം
വിദ്യാൽ. 6

ചിരാദപസ്മരന്തം ചിരാച്ച സംജ്ഞാം പ്രതിലഭമാനം പതന
മനതിവികൃതചേഷ്ടം ലാലാമുദ്വമന്തം ശുക്ലനഖനയനവദനത്വചം

കാരണങ്ങളും വാതകോപങ്ങളുമായ ചേഷ്ടകളെ ശീലിച്ചാൽ വർദ്ധിക്ക
കയും വാതശമനങ്ങളെക്കൊണ്ടു സുഖംകിട്ടുകയും ചെയ്യുന്നതായിക്ക
ണ്ടാൽ അതു വാതകോപംനിമിത്തം സംഭവിച്ചതായ അപസ്മാരമാ
ണെന്നറിയണം. * 6—പിത്തകോപജാപസ്മാരത്തെ വിവരിക്കുന്നു:—
ഇടയ്ക്കിടയ്ക്കു തൻറടമില്ലാതാവുക തൻറടംകെട്ടുവന്നാൽ ക്ഷണ
ത്തിൽ തൻറടമുണ്ടാവുക തൻറടംകെട്ടുള്ളസമയം മൂളിക്കൊണ്ടിരി
ക്കുക നിലത്തു കയ്യും കാലുമിട്ടടിക്കുക നഖം കണ്ണു് വക്ത്രം തൊലി
ഇതുകൾ പച്ചനിറമോ മഞ്ഞനിറമോ ചെമ്പിച്ചനിറമോ ആയിത്തീ
രുക സർവ്വാംഗവും നിണമണിഞ്ഞതായും ഉഗ്രമായും ഭൈരവമായും
ജ്വലിക്കുന്നതായും ദേഷ്യഭാവത്തോടുകൂടിയുമുള്ള രൂപങ്ങളെ
കാണുക പിത്തകരങ്ങളായ ആഹാരവിഹാരങ്ങൾകൊണ്ടു വർദ്ധിക്കുക ത
ദ്വിപരീതചേഷ്ടകൊണ്ടു സുഖംകിട്ടുക ഇതുകളെല്ലാം പിത്താപസ്മാര
മുള്ളവൻറെ ലക്ഷണമാണെന്നറിയണം. * 7—കഫകോപംനിമിത്തം
അപസ്മാരം ബാധിച്ചവന്നു് ഒരിക്കൽ അപസ്മാരചേഷ്ടയുണ്ടായി
അതു മാറിയാൽ പിന്നെ കുറേദിവസം കഴിഞ്ഞേ രണ്ടാമതുണ്ടാവുക
യുള്ളൂ. ഒരിക്കൽ അപസ്മാരമുണ്ടായാൽ തൻറടമുണ്ടാകുവാൻ വള
രെ താമസവുമായിരിക്കും. വീണുകിടക്കുമ്പോൾ കിടന്നുരുളുക നില
ത്തടിക്കുക മുതലായ ചേഷ്ടകളൊന്നും കലശലായി സംഭവിക്കുക
യില്ല. വായിൽനിന്നു (നുരയും പതയുംകൂടിയ) വെള്ളം ധാരാളമായി

ശുക്ലഹസ്തിശബ്ദരൂപദർശിനം ശ്ലേഷ്മളാനാം സേവിനം വിപരീതോപശയം ശ്ലേഷ്മണാപസ്മാരിതം വിദ്യാൽ. 7

സമവേതസർവ്വലിംഗമപസ്മാരം സാന്നിപാതികം വിദ്യാൽ. തമസാദ്ധ്യമാചക്ഷതേ. ഇതി ചത്വാരോപസ്മാരാഃ. തേഷാമാഗന്തുരനുബന്ധോ ഭവത്യേവ. കദാചിൽ സ ഉത്തരകാല ഉപദേക്ഷ്യതേ. തസ്യ വിശേഷവിജ്ഞാനം യഥോക്തലിംഗേഭ്യോ ലിംഗാധിക്യമദോഷലിംഗാനുരൂപം കിഞ്ചിൽ. തത്രാപസ്മാരിഷ്വിത്യുക്താനി ചൈ

പുറപ്പെടും. ഈ രോഗമുള്ളവൻറെ നഖനയനവദനത്വക്കുകൾ വിളുത്തിരിക്കും. ഇവൻ കാണുന്ന സ്വരൂപം വെളുത്തും തടിച്ചും മിനുമിനുത്തുമിരിക്കും. ശ്ലേഷ്മളങ്ങളായ ചർയ്യകൾകൊണ്ടു സുഖം കിട്ടുകയില്ല. തദ്വിപരീതങ്ങൾ ഉപശയങ്ങളായിത്തീരുകയും ചെയ്യും. ഇതാണ് കഫാപസ്മാരത്തിൻറെ ലക്ഷണം * 8—ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം തികഞ്ഞുകണ്ടാൽ അതു സന്നിപാതകോപനിമിത്തമുള്ള അപസ്മാരമാണെന്നറിയണം. സന്നിപാതാപസ്മാരം അസാദ്ധ്യമാണെന്നതന്നെയാണ് പൂർവ്വാചാർയ്യന്മാരുടെ അഭിപ്രായം. ഈ വിഷയത്തിൽ മാധവാചാർയ്യൻ ഇങ്ങിനെ പറയുന്നു: 'സർവ്വൈരേതസ്സമസ്തൈശ്ച ലിംഗൈർജ്ഞേയസ്ത്രിദോഷജഃ । അപസ്മാരഃ സ ചാസാദ്ധ്യോ യഃ ക്ഷീണസ്യാനവശ്ച യഃ ॥ പ്രസ്ഫുരന്തം സുബഹുശഃ ക്ഷീണം പ്രചലിതഭ്രുവം । നേത്രാഭ്യാം ച വികുർവ്വാണമപസ്മാരോ വിനാശയേൽ । പക്ഷാദ്വാ ദ്വാദശാഹാദ്വാ മാസാദ്വാ കുപിതാ മലാഃ । അപസ്മാരായ കുർവ്വന്തി വേഗം കിഞ്ചിദഥാന്തരം । ദേവേ വർഷത്യപി യഥാ ഭൂമൗ ബീജാനി കാനിചിൽ । ശരദി പ്രതിരോഹന്തി തഥാ വ്യാധിസമുച്ഛ്രയാഃ'. അപസ്മാരം നാലുതരമെന്ന പറഞ്ഞതിൻറെ പ്രത്യേകലക്ഷണം ഇപ്രകാരമാകുന്നു. അപസ്മാരരോഗത്തിലും ഈ നാലുതരത്തിന്നും പുറമെ ആഗന്തുജമായ ഒരുതരംകൂടിയുണ്ടാകും. അതിൻറെ സ്വഭാവം മേലിൽ വിവരിക്കുകയും ചെയ്യും. ആഗന്തുവായ അപസ്മാരത്തിൻറെ വിശേഷവിജ്ഞാനം ആഗന്തുജമായ ഉന്മാദത്തിന്ന പറഞ്ഞമാതിരിയായിരിക്കുകയും ചെയ്യും. ഈ അപസ്മാരത്തിൽ ത്രിദോഷകോപജങ്ങളായ അപസ്മാരങ്ങൾക്കു പറഞ്ഞ

വ സംശോധനാന്യുപക്രമാനാദി യഥാസ്വം മന്ത്രാദീനി ചാസ്യ
സംശയാഃ 8

തസ്മിൻ ഹി ക്ഷോഭലുബ്ധാസ്ത്ര ദേഹിനാം നാനാഭിക്ഷു
വിദ്രവതാമതിസരണപ്ലവനലംഘനാദ്യൈർഗുൽമവിശേഷാദയോ പു
രാ ഗുൽമോല്പത്തിരഭൂൽ. ഹവിഃപ്രാശാന്മേഹകുഷ്ഠാനാം ഭയത്രാസശോ
കൈരുന്മാദാനാം വിവിധഭൂതാശുചിസംസ്പർശാദപസ്മാരാണാം. 9

ജ്വരസ്തു മഹേശലലാടപ്രഭവഃ തത്സന്താപാദ്രക്തപിത്തമ
തിവ്യവായാൽ പുനർനക്ഷത്രരാജസ്യ രാജയക്ഷ്മേതി. 10

ലക്ഷണങ്ങളിൽനിന്ന് അധികരിച്ചതായ ചില ലക്ഷണങ്ങൾകൂടെ കാണാവുന്നതാണ്. ഇങ്ങിനെ ആഗന്തുസംയോഗം വരുന്നേടത്ത് തീക്ഷ്ണങ്ങളായ സംശോധനങ്ങളും ഉപക്രമങ്ങളും അതിനു വിധിച്ച മന്ത്രാദികളും ഹിതമാകുന്നു *

9—പണ്ട് ദക്ഷയാഗത്തെ വീരഭദ്രാദിശിവഭൂതങ്ങൾചെന്ന് തകർത്തസമയം മരണഭയംനിമിത്തം അങ്ങുമിങ്ങും ഓടിപ്പോകുന്ന ജനങ്ങൾ ഓടുക ചാടുക കിടങ്ങും മതിലും കവിച്ചുചാടുക മുതലായ സാഹസങ്ങൾ ചെയ്യുകയാൽ അവർക്ക് ഗുന്മരോഗം തുടങ്ങി. ഇതുപ്രകാരമാണ് ഗുന്മരോഗത്തെന്ന സാരം. ആ യാഗത്തിൽ സദാശിവന് ഹവിർഭാഗം കൊടുക്കുന്നില്ല എന്നറിഞ്ഞുകൊണ്ട് സ്വാംശങ്ങളെ ഭക്ഷിച്ചവർക്കുണ്ടായവയാകുന്നു പ്രമേഹവും കുഷ്ഠവും. അവിടെ ശിവഭൂതങ്ങൾ വന്നകണ്ടപ്പോൾ ഭയപ്പെടുകയും ഞെട്ടുകയും ദുഃഖിക്കുകയും ചെയ്തപ്പോൾ തുടങ്ങിയതാണ് ഉന്മാദം. പലപ്രകാരത്തിലുണ്ടായ നാനാവിധങ്ങളെ തൊട്ടുവാൾ അപസ്മാരരോഗവും സംഭവിച്ചു *

10—ജ്വരമെന്ന രോഗം സദാശിവന്റെ മൂന്നാംതൃക്കണ്ണിൽനിന്നുണ്ടായതാകുന്നു. ആ ജ്വരസന്താപംനിമിത്തം രക്തപിത്തവും തുടങ്ങി. അതിമൈഥുനംനിമിത്തം നക്ഷത്രനാഥനായ ചന്ദ്രനു തുടങ്ങിയ രോഗമാണ് രാജയക്ഷ്മാവ്. ഇങ്ങിനെയാണ് ഈ സ്ഥാനത്തിൽ വിവരിച്ചതായ രോഗങ്ങളെല്ലാം ആദ്യമായി ലോകത്തിൽ തുടങ്ങിയതെന്നു സാരം *

ഭവന്തി ചാത്ര

അപസ്മാരേ വാതേന പിത്തേന ച കഫേന ച
ചതുർത്ഥഃ സന്നിപാതേന പ്രത്യാഖ്യേയസ്തഥാവിധഃ. 11
സാദ്ധ്യാംസ്തു ഭിഷജഃ പ്രാജ്ഞാഃ സാധയന്തി സമാഹിതാഃ
തീക്ഷ്ണൈഃ സംശോധനൈശ്ചൈവ യഥാസ്വം ശമനൈരപി. 12
യദാ ദോഷനിമിത്തസ്യ ഭവത്യാഗന്തുരന്വയഃ
തദാ സാധാരണം കർമ്മ പ്രവദന്തി ഭിഷഗ്വരാഃ. 13
സർവ്വരോഗവിശേഷജ്ഞഃ സർവ്വൗഷധവിശേഷവിത്
ഭിഷക് സർവ്വാമയാൻ ഹന്തി ന ച മോഹം നിയച്ഛതി. 14

ഈ വിഷയത്തിൽ താഴെപറയുന്നതുകളെക്കൂടെ ഗ്രഹിച്ചിരിക്കുകയും വേണം.

11—അപസ്മാരരോഗം വാതം പിത്തം കഫം സന്നിപാതം എന്നിതുകളുടെ കോപനിമിത്തം സംഭവിക്കും. അതിൽ നാലാമതായി പറഞ്ഞ സന്നിപാതകോപജം ലക്ഷണപരിപൂർത്തിയുള്ളതാണെങ്കിൽ തീരെ പ്രത്യാഖ്യേയം തന്നെയായിരിക്കുകയും ചെയ്യും * 12—നല്ല അറിവുള്ള വൈദ്യന്മാർ മനസ്സിരുത്തി വാതജാദികളായ ഏകദോഷകോപജാപസ്മാരങ്ങളെ വേർതിരിച്ചറിയുകയും അതുകൾ സാദ്ധ്യങ്ങളാണെന്നറിയുകയും ചെയ്താൽ അതാതുകൾക്കു പറ്റിയതായ തീക്ഷ്ണസംശോധനൗഷധങ്ങളും ശമനൗഷധങ്ങളും പ്രയോഗിച്ചു ഭേദപ്പെടുത്തുകയും ചെയ്യും * 13—ദോഷനിമിത്തജമായ അപസ്മാരത്തിൽ ആഗന്തുകൂടെ ചേർന്നുകാണുന്നതായാൽ അവിടെ ഏതുദോഷത്തിന്റെ കോപലക്ഷണമാണോ കാണുക അതിനുള്ള ഔഷധം തന്നെയാണ് പ്രയോഗിക്കേണ്ടത് എന്നാണ് പൂർവ്വവൈദ്യന്മാരുടെ അഭിപ്രായം * 14—ഏതുതരം രോഗങ്ങളേയും അതിലെ ദോഷതാരതമ്യാദിവിശേഷത്തെ ദർശനസ്പർശനാദികളെക്കൊണ്ട് അറിയുവാൻ കഴിയുന്നവനും സകല ഔഷധങ്ങളുടേയും രസവീര്യാദികളെ നല്ലവണ്ണം അറിയുന്നവനുമായ വൈദ്യൻ ഏതുരോഗത്തെയും

ഇത്യുക്ത [illegible] നിദാനസ്ഥാനമുത്തമം
നിദാനാര്‍ത്ഥകരോ രോഗോ രോഗസ്യാപ്യുപലഭ്യതേ. 15
തദ്യഥാ ജ്വരസന്താപാദ്രക്തപിത്തമുദീര്യതേ
രക്തപിത്താജ്ജ്വരസ്താഭ്യാം ശോഷശ്ചാപ്യുപജായതേ. 16
പ്ലീഹാഭിവൃദ്ധ്യാ ജഠരം ജഠരാച്ഛോഥ ഏവ ച
അര്‍ശോഭ്യോ ജഠരം ദുഃഖം ഗുല്മശ്ചാപ്യുപജായതേ. 17
പ്രതിശ്യായാദ്ഭവേല്‍ കാസഃ കാസാല്‍ സംജായതേ ക്ഷയഃ
ക്ഷയോ രോഗസ്യ ഹേതുത്വേ ശോഷസ്യാപ്യുപലഭ്യതേ. 18
തേ പൂര്‍വ്വം കേവലാ രോഗാഃ പശ്ചാദ്ധേത്വര്‍ത്ഥകാരിണഃ

ചികിത്സിച്ചുമാറ്റാം. അറിവുള്ള വൈദ്യന് ഒരു വിഷയത്തിലും സംശയംവരികയില്ല * 15—പണ്ട് മഹര്‍ഷികളുടെ സംഭാവിച്ചതായ രോഗങ്ങളുടെ നിദാനാദികളെ പറയുന്നതും വൈദ്യശാസ്ത്രത്തില്‍ പ്രധാനവുമായ നിദാനസ്ഥാനം മുഴുവന്‍—ഈ ദൈവീകവ്യാധികളുടെ വിവരണംമുഴുവന്‍ ഇവിടെ പറയുകയുംചെയ്തു. എന്നാല്‍ ഈ പറഞ്ഞ രോഗങ്ങള്‍തന്നെ ചിലപ്പോള്‍ ചില രോഗങ്ങള്‍ക്കു നിദാനങ്ങളായിത്തീരുകയും ചെയ്യും * 16—അതെങ്ങിനെ എന്നാല്‍, പനിനിമിത്തം രക്തപിത്തമുണ്ടാവും. രക്തപിത്തംനിമിത്തം പനിയും സംഭവിക്കും. ജ്വരംനിമിത്തവും രക്തപിത്തംനിമിത്തവും ശോഷം തുടങ്ങും. 17—പ്ലീഹാവൃദ്ധികൊണ്ടുനിമിത്തം മഹോദരവും മഹോദരംനിമിത്തം നീരും അര്‍ശോരോഗംനിമിത്തം കഷ്ടമായ മഹോദരവും ഗുന്മവും സംഭവിക്കും *18—പീനസംനിമിത്തം കാസവും കാസനിമിത്തം ക്ഷയവും തുടങ്ങും. ക്ഷയം അനേകംരോഗങ്ങള്‍ക്കു കാരണമായതാണ്. എന്നാല്‍ ആദ്യമായുണ്ടാവുക കേവലരോഗംതന്നെയാകുന്നു * 19—ഈ രോഗങ്ങളെല്ലാം തുടങ്ങുമ്പോള്‍ അതാതു പൂര്‍വ്വവ്യാധികളായിട്ടു തന്നെയാണ് കാണുക. നിദാനങ്ങളായോ ഉപദ്രവങ്ങളായോ ആയിരിക്കുകയില്ല. കുറച്ചുദിവസം കഴിഞ്ഞാല്‍ മറ്റുരോഗങ്ങള്‍ക്കു കാരണങ്ങളാവുകയും ചെയ്യും. ചില രോഗങ്ങള്‍ പ്രബലങ്ങളായി.

ഉഭയാർത്ഥകരാ ദൃഷ്ടാസ്തഥൈവൈകാർത്ഥകാരിണഃ. 19
കശ്ചിദ്ധി രോഗോ രോഗസ്യ ഹേതുർഭൂത്വാ പ്രശാമ്യതി
ന പ്രശാമ്യതി ചാപ്യന്യോ ഹേതുത്വം കുരുതേപി ച. 20
ഏവം കൃച്ഛ്രതമാ നൄണാം ദൃശ്യന്തേ വ്യാധിസങ്കരാഃ
പ്രയോഗാപരിശുദ്ധത്വാത്തഥാ ചാന്യോന്യസംഭവാൽ. 21
പ്രയോഗഃ ശമയേദ്വ്യാധിം യോന്യമന്യമുദീരയേൽ
നാസൗ വിശുദ്ധഃ ശുദ്ധസ്തു ശമയേദ്യോ ന കോപയേൽ. 22
ഏകോ ഹേതുരനേകസ്യ തഥൈകസ്യൈക ഏവ ഹി
വ്യാധേരേകസ്യ ചാനേകോ ബഹൂനാം ബഹവോപി ച. 23

നില്ക്കുകയും മററുചില രോഗങ്ങൾക്കു കാരണങ്ങളാവുകയും ചെയ്യും. ചിലത് രോഗികളിൽ സ്വലക്ഷണങ്ങളെ പ്രകാശിപ്പിച്ചുനില്ക്കും. അല്ലങ്കിൽ മററുചില രോഗങ്ങളെ പുറപ്പെടുവിക്കും. 20—വേറെ ചിലത് മററുചില രോഗങ്ങളെ വെളിപ്പെടുത്തിയാൽ യാതൊരു ചികിത്സയുംകൂടാതെ മാറുകയും ചെയ്യും. മററുചിലത് മാറുകയില്ല; മററുവ്യാധികളെ ഉണ്ടാക്കുകയും ചെയ്യും. 21—വൈദ്യദോഷത്താലും മാറാത്ത രോഗം തന്നെ ഹേതുവായി സംഭവിക്കുന്നവിധം ചികിത്സ പ്രയോഗിക്കുന്നതാലും മനുഷ്യർക്ക് അത്യന്തം കൃച്ഛ്രതമങ്ങളായ വ്യാധിക്കൂട്ടങ്ങൾ പിടിപെട്ടു കാണുന്നു. 22—പ്രയോഗമെന്നു പറഞ്ഞതിനെ വിവരിക്കുന്നു—ഒരു ചികിത്സചെയ്യുമ്പോൾ ഒരു വ്യാധി ശമിക്കും. എന്നാൽ മററുചില രോഗങ്ങൾ ഇളകുകയും ചെയ്യും. ഈ ചികിത്സാസമ്പ്രദായം വിശുദ്ധമായതല്ല. പരിശുദ്ധമായ ചികിത്സാപ്രയോഗസമ്പ്രദായമെന്നതെന്നാൽ, ചികിത്സിച്ചാൽ അപ്പോഴുള്ള രോഗങ്ങളെല്ലാം ശമിക്കും. വേറെ യാതൊരു രോഗവും പുതുതായിട്ടുളവാകുകയുമില്ല. ഇതാണ് പരിശുദ്ധപ്രയോഗം. 23—വ്യാധികാരണങ്ങളായിട്ടുള്ളതുകളിൽ, ഒന്ന് പലവ്യാധികളുടെയും കാരണമായും ഒന്ന് ഒരു രോഗത്തിന്റെമാത്രം കാരണമായും

ജ്വരഭ്രമപ്രലാപാദ്യാ ദൃശ്യന്തേ രൂക്ഷഹേതുജാഃ
രൂക്ഷേണൈകേന ചാപ്യന്യോ ജ്വര ഏവോപജായതേ. 24

ഹേതുഭിർബ്ബഹുഭിശ്ചൈകോ ജ്വരോ രൂക്ഷാദിഭിർഭവേൽ
രൂക്ഷാദിഭിർജ്വരാദ്യാശ്ച വ്യാധയഃ സംഭവന്തി ഹി. 25

ലിംഗംചൈകമനേകസ്യ തഥൈകസ്യൈകമുച്യതേ
ബഹൂന്യേകസ്യ ച വ്യാധേർബ്ബഹൂനാം സ്യുർബ്ബഹൂനി ച. 26

വിഷമാരംഭമൂലാനാം ലിംഗമേകം ജ്വരോ മതഃ
ജ്വരസ്യൈകസ്യ ചാപ്യേകഃ സന്താപോ ലിംഗമുച്യതേ. 27

വിഷമാരംഭമൂലൈശ്ച ജ്വര ഏകോ നിരുച്യതേ.
ലിംഗൈരേതൈർജ്വരശ്വാസഹിക്കാദ്യാഃ സന്തി ചാമയാഃ. 28

പലതുംകൂടി ഒരു രോഗത്തിന്റേയും പലതുംകൂടി പലരോഗങ്ങളുടേയും കാരണമായും സംഭവിക്കും * 24—ഈ അർത്ഥംതന്നെ വിവരിക്കുന്നു: പനി തലതിരിച്ചിൽ പ്രലാപം മുതലായതുകൾ ശരീരത്തിന്നു രൂക്ഷതസംഭവിക്കുകനിമിത്തമുണ്ടാകുന്നവയാകുന്നു. എന്നാൽ രൗക്ഷ്യനിമിത്തം പനി ഒന്നുമാത്രമേ സംഭവിക്കുകയുള്ളൂ എന്നും വരാം * 25—അതുപോലെ രൂക്ഷതമുതലായ അനേകം കാരണങ്ങളാൽ പനിയുണ്ടാകും. രൂക്ഷാദികാരണങ്ങളാൽ പനിമുതലായ പലരോഗങ്ങളും സംഭവിച്ചു എന്നും വരാം * 26—അതുപോലെതന്നെ അനേകരോഗങ്ങൾക്കും ആകൃതി ഒന്നായിരിക്കും. ഒരു രോഗത്തിന് ഒരു ലക്ഷണം മാത്രമായി എന്നും വരും. ഒരു രോഗത്തിന്നു വളരെ ലക്ഷണങ്ങളായും വളരെ രോഗങ്ങൾക്കു വളരെ ലക്ഷണങ്ങളായും സംഭവിക്കും * 27—അതെങ്ങിനെയെന്നാൽ, വിഷമാരംഭമൂലങ്ങളായ അനേകം രോഗങ്ങൾക്കും ജ്വരമുണ്ടായിരിക്കും, പനിക്കുള്ള ലക്ഷണം തൊട്ടുനോക്കിയാൽ ചൂടമായിരിക്കും * 28—പനിയിൽ ആരംഭമൂലങ്ങൾക്കു വൈഷമ്യമുള്ള പല രോഗങ്ങളുമുണ്ടായിരിക്കും. അതുകളെല്ലാം പനി എന്നും ഇക്കിളും മുതലായ പലതു

ഏകാ ശാന്തിരനേകസ്യ തഥൈവൈകസ്യ ലക്ഷ്യതേ
വ്യാധേരേകസ്യ ചാനേകാ ബഹൂനാം ബഹ്വ്യ ഏവ ച. 29
ശാന്തിരാമാശയോത്ഥാനാം വ്യാധീനാം ലംഘനക്രിയാ
ജ്വരസ്യൈകസ്യ ചാപ്യേകാ ശാന്തിർല്ലംഘനമുച്യതേ 30
തഥാ ലഘ്വശനാദ്യാശ്ച ജ്വരസ്യൈകസ്യ ശാന്തയഃ
ഏതാ ഏവ ജ്വരശ്വാസഹിക്കാദീനാം പ്രശാന്തയഃ 31
സുഖസാധ്യഃ സുഖോപായഃ കാലേനാല്പേന സാധ്യതേ
സാധ്യതേ കൃച്ഛ്രസാധ്യസ്തു യത്നേന മഹതാ ചിരാൽ. 32
യാതി നാശേഷതാം വ്യാധിരസാധ്യോ യാപ്യസംജ്ഞിതഃ
പരോസാധ്യഃ ക്രിയാഃ സർവ്വാഃ പ്രത്യാഖ്യേയോതിവർത്തതേ. 33

രോഗത്തിലും കാണുകയും ചെയ്യും * 29— അതുപോലെ ഒരു ചികിത്സ അനേകരോഗങ്ങൾക്കു പറ്റിയതായും ഓരോന്നിനു പ്രത്യേകമായും അധികം ഒരു രോഗത്തിന് അനേകവിധമായും വളരെ രോഗങ്ങൾക്കു പലതരം പ്രകാരത്തിലായും കാണാം * 30— അതെങ്ങിനെയെന്നാൽ, ആമാശയത്തിൽനിന്നുണ്ടാവുന്ന സകല രോഗങ്ങൾക്കും ലംഘനക്രിയ ഹിതമാകുന്നു. പനിക്കുള്ള ചികിത്സ ലംഘനം ഒന്നുമാത്രമാകുന്നു. 31— അതുപോലെ ജ്വരത്തിന് ലഘുവായ ഭക്ഷണം ശീലിക്കുക മുതലായ പലതും നല്ലതാകുന്നു. ഈ ലഘ്വശനാദിക്രിയകൾ പനി ശ്വാസംമുട്ടൽ ഇക്കിട്ടം മുതലായ പലതിന്നും നല്ലതുമാണ്. * 32— സാധ്യയാപ്യപരിത്യാജ്യങ്ങളുടെ സ്വഭാവത്തെ വിവരിക്കുന്നു— സുഖകരമായ ചികിത്സകൊണ്ടു ക്ഷണത്തിൽ ഭേദപ്പെടുത്താവുന്ന രോഗം സുഖസാധ്യമാകുന്നു. വളരെ പണിപ്പെട്ടു ചികിത്സിച്ചാൽ കുറെ കാലതാമസംകൊണ്ടു മാറാവുന്നത് കൃച്ഛ്രസാധ്യരോഗമാകുന്നു. 33— എത്രതന്നെ ചികിത്സിച്ചാലും തീരെ വിട്ടുമാറാത്തതായ (ചികിത്സിച്ചുകൊണ്ടിരുന്നാൽ ഉപദ്രവം ചെയ്യാത്തതായ) രോഗം യാപ്യമാകുന്നു. ഇതും അസാധ്യത്തിൽ പെട്ടതുതന്നെയാണ്. വേറെ ഒരുതരം അസാ

നാസാദ്ധ്യഃ സാദ്ധ്യതാം യാതി സാദ്ധ്യോ യാതി ത്വസാദ്ധ്യതാം
പാദാപചാരാദ്ദൈവാദ്വാ യാന്തി ഭാവാന്തരം ഗദാഃ 34
വൃദ്ധിസ്ഥാനക്ഷയാവസ്ഥാം രോഗാണാമുപലക്ഷയേൽ
സുസൂക്ഷ്മാമപി ച പ്രാജ്ഞോ ദേഹാഗ്നിബലചേതസാം. 35
വ്യാധ്യവസ്ഥാവിശേഷാൻ ഹി ജ്ഞാത്വാ ജ്ഞാത്വാ വിചക്ഷണഃ
തസ്യാം തസ്യാമവസ്ഥായാം തത്തച്ഛ്രേയഃ പ്രപദ്യതേ. 36
പ്രായസ്തിര്യഗ്ഗതാ ദോഷാഃ ക്ലേശയന്ത്യാതുരാംശ്ചിരം
തേഷു ന ത്വരയാ കുര്യാദ്ദേഹാഗ്നിബലവിത് ക്രിയാം. 37

ദ്ധ്യരോഗമുണ്ട്. അതിന് എന്തുതന്നെ ചെയ്താലും ഭേദം കിട്ടുകയില്ല എന്നുമാത്രമല്ല ചികിത്സിക്കുന്നതോറും ഉപദ്രവം വർദ്ധിക്കുകയും ചെയ്യും. ഈ അസാദ്ധ്യരോഗം പ്രത്യാഖ്യേയവുമാകുന്നു * 34—ഈ പറഞ്ഞതുകളിൽ അസാദ്ധ്യരോഗം— യാപ്യപ്രത്യാഖ്യേയരോഗങ്ങൾ ഒരിക്കലും സാദ്ധ്യമായിത്തീരുകയില്ല. സാദ്ധ്യരോഗം അസാദ്ധ്യമായി എന്നും വരാം. വൈദ്യാദിപാദപരിപൂർത്തിയില്ലായ്കയോ പാദങ്ങൾക്ക സദ്ഗുണപൂർത്തിയില്ലായ്കയോ ദൈവകോപം വരികയോ സംഭവിച്ചാൽ രോഗങ്ങൾ ഭാവാന്തരത്തെ പ്രാപിക്കും. സാദ്ധ്യമായ രോഗങ്ങൾകൂടി അസാദ്ധ്യങ്ങളായിത്തീരുമെന്ന സാരം * 35— അറിവുള്ള വൈദ്യൻ വാതാദിദോഷങ്ങളുടെയും രോഗിയുടെ ശരീരബലം അഗ്നിബലം മനസ്സ് ഇതുകളുടെയും അതിസൂക്ഷ്മങ്ങളായ വൃദ്ധി സ്ഥാനം ക്ഷയം എന്ന അവസ്ഥാവിശേഷങ്ങളെ മനസ്സിലാക്കി അറിയുകയും വേണം * 36— സമർത്ഥനായ വൈദ്യൻ വ്യാധികളുടെ അവസ്ഥാവിശേഷങ്ങളെ തത്താത്സമയം നല്ലവണ്ണം അറിയുകയും അതാതിനുള്ള ചികിത്സ ചെയ്യുകയും ചെയ്താൽ തത്സമയം തന്നെ സുഖം കിട്ടുകയും ചെയ്യും* 37— ദോഷങ്ങൾ കോപിച്ച സ്വസ്ഥാനത്തിൽനിന്നിളകി ശരീരത്തിൽ വ്യാപിക്കുന്ന സമയത്ത് കാരണാന്തരത്താൽ വിലങ്ങടിച്ച സഞ്ചരിച്ച എന്നുവരികിൽ ആ രോഗം രോഗിയെ കാലമായി

ക്രിയാഭിസ്താഭിഃ പാചയേദ്വാ താൻ സ്വയം വാ കോഷ്ഠമാനയേൽ
ജ്ഞാത്വാ കോഷ്ഠപ്രപന്നാംസ്തു യഥാസന്നം ഹരേൽ ബുധഃ. 38
ജ്ഞാനാർത്ഥം യാനി ചോക്താനി വ്യാധിലിംഗാനി സംഗ്രഹേ
വ്യാധയസ്തേ തദാത്വേ തു ലിംഗാനീഷ്ടാനി നാമയാഃ. 39
വികാരാഃ പ്രകൃതിശ്ചൈവ ദ്വയം സർവ്വം സമാസതഃ
തദ്ധേതുവശഗം ഹേതോരഭാവാന്നാനുവർത്തതേ. 40

തത്ര ശ്ലോകാഃ.

ഹേതവഃ പൂർവ്വരൂപാണി രൂപാണ്യുപശയസ്തഥാ
സംപ്രാപ്തിഃ പൂർവ്വമുൽപത്തിഃ സൂത്രമാത്രം ചികിത്സിതം. 41

അധികകാലം ക്ലേശിപ്പിക്കും. ഹേതുബലത്തെയും അഗ്നിബലത്തെയും തിരിച്ചറിവാൻ സാമർത്ഥ്യമുള്ള വൈദ്യൻ ഈ തിര്യഗ്ഗതദോഷങ്ങൾ നിമിത്തമുണ്ടായ വ്യാധികളിൽ ധൃതിപ്പെട്ടു ചികിത്സിക്കരുത്. 38— തിര്യഗ്ഗതങ്ങളായ ദോഷങ്ങളെ എന്തു ചെയ്യേണമെന്ന പറയുന്നു— ശമനചികിത്സ ചെയ്തു് അതാതു സ്ഥാനങ്ങളിൽവെച്ചു തന്നെ അതുകളെ ശമിപ്പിക്കുകയോ— ശോധനമാക്കുകയോ അതിന്നു സാധിക്കാത്തവിധം വർദ്ധിച്ചിട്ടുണ്ടെങ്കിൽ സ്നേഹസ്വേദാദികളെ ശീലിപ്പിച്ചു കോഷ്ഠത്തിൽ കൊണ്ടുവരികയോ ചെയ്തതിന്നശേഷം ബുദ്ധിമാനായ വൈദ്യൻ അതുകളെ ശമനാർഹങ്ങളോ വിരേചനാർഹങ്ങളോ എന്നു മനസ്സിലാക്കി അതതുവിധം പുറത്തുകളയുകയുമാണ് ചെയ്യേണ്ടതു് * ഈ സ്ഥാനത്തിൽ പറഞ്ഞതായ എട്ടു തരം വ്യാധികളും ഇതുകളൊഴിച്ചു ബാക്കിയുള്ള വ്യാധികളും അതാതുകളുടെ പൃഥക്കായ ലക്ഷണങ്ങളോടുകൂടെ സൂത്രസ്ഥാനത്തിലെ രോഗാദ്ധ്യായചതുഷ്കത്തിൽ സംഗ്രഹിച്ചുപറഞ്ഞിട്ടുണ്ട്. അതാതു ലക്ഷണങ്ങൾ കാണുമ്പോൾ അതാതു വ്യാധികൾക്ക് ആ നാമങ്ങളെ പറയുകയും വേണം * 40— രോഗങ്ങളും അതുകളുടെ സ്വഭാവങ്ങളും മൂലം/ ഇങ്ങിനെ ചുരുക്കത്തിൽ പറയപ്പെട്ടിട്ടുള്ള വ്യാധികളെല്ലാം നിദാനത്തെ ആശ്രയിച്ചിരിക്കുകയും ചെയ്യും. ഹേതുകൂടാതെ യാതൊന്നും അനുവർത്തിച്ചുനില്ക്കുകയുമില്ല— നിദാനംകൂടാതെ രോഗം സംഭവിക്കുകയുമില്ല *

അദ്ധ്യായവിവരണം.

41-43—അപസ്മാരനിദാനമെന്ന ഈ അദ്ധ്യായത്തിൽ അപസ്മാരത്തിന്റെ നിദാനം പൂർവ്വരൂപങ്ങൾ രൂപം ഉപശയം സം

ജ്വരാദീനാം വികാരാണാമഷ്ടാനാം സാധ്യതാ ന ച
പൃഥഗേകൈകശശ്ചോക്താ ഹേതുലിംഗോപശാന്തയഃ. 42
ഹേതുപര്യായനാമാനി വ്യാധീനാം ലക്ഷണസ്യ ച
നിദാനസ്ഥാനമേതാവത്സംഗ്രഹേണോപദിശ്യതേ. 43
അഗ്നിവേശകൃതേ തന്ത്രേ ചരകപ്രതിസംസ്കൃതേ
നിദാനസ്ഥാനമേതാവദിതിയം സമ്പ്രകാശിതം. 44

ഇത്യഗ്നിവേശകൃതേ ചരകപ്രതിസംസ്കൃതേ
ചരകസംഹിതായാം
നിദാനസ്ഥാനേ
അപസ്മാരനിദാനം നാമ
അഷ്ടമോദ്ധ്യായഃ.

പ്രാപ്തി അപസ്മാരത്തിന്റെ അത്യുല്പത്തി ഇതുകളും ചികിത്സാ സൂത്രവും, ജ്വരം മുതലായ എട്ടു വ്യാധികളുടെയും സാദ്ധ്യാസാദ്ധ്യ വിഭാഗവും ഓരോന്നിനുമുള്ള ഹേതു ലിംഗം ഉപശാന്തി ഇതുകളും വ്യാധികളുടെയും ലക്ഷണങ്ങളുടെയും ഹേതുപര്യായനാമങ്ങളും പറയപ്പെട്ടിരിക്കുന്നു. ഈ എട്ട് അദ്ധ്യായങ്ങളെക്കൊണ്ടു നിദാനസ്ഥാനം ചുരുക്കത്തിൽ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു.

44— അഗ്നിവേശമഹർഷി ഉണ്ടാക്കിയതായ ആദ്യതന്ത്രത്തെ ചരകമഹർഷി കാലാനുരൂപമായ വിധം പരിഷ്കരിച്ചു. അങ്ങിനെയുള്ള ചരകസംഹിതയിൽ ഇതുവരെ പറഞ്ഞ ഗ്രന്ഥംകൊണ്ടു രണ്ടാമത്തെ സ്ഥാനമായ നിദാനസ്ഥാനം മുഴുമിക്കുകയും ചെയ്തിരിക്കുന്നു.

ഇതി അഭിനവവാചസ്പതി
ടി. സി. പരമേശ്വരശർമ്മണാ
തത്ഭാഗിനേയേന
പണ്ഡിത സി. കെ. വാസുദേവശർമ്മണാ ച കൃതേ
ചരകസംഹിതാവ്യാഖ്യാനേ
വാചസ്പത്യേ
നിദാനസ്ഥാനേ അഷ്ടമോദ്ധ്യായഃ. (൮)

ചരകസംഹിതയിൽ
—ദാനസ്ഥാനം
സമ്പൂർണ്ണം.